അധികാരം ജനങ്ങളിലേക്ക്
25-ാം വർഷം

ഈരാറ്റുപേട്ട
നഗരസഭ





# ഈരാറ്റുപേട്ട നഗരസഭ
# 14-ാം പഞ്ചവത്സര പദ്ധതി
# 2026 - 2027
# വാർഷിക പദ്ധതി



# സ്റ്റാറ്റസ് റിപ്പോർട്ട്







# ഈരാറ്റുപേട്ട നഗരസഭ ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പേര് | : | ഈരാറ്റുപേട്ട നഗരസഭ |
| ഗ്രേഡ് | : | 3 |
| താലൂക്ക് | : | മീനച്ചിൽ |
| പാർലമെന്റ് മണ്ഡലം | : | പത്തനംതിട്ട |
| പാർലമെന്റ് അംഗം | : | ശ്രീ. ആന്റോ ആന്റണി |
| അസംബ്ലി മണ്ഡലം | : | പൂഞ്ഞാർ |
| നിയമസഭാ അംഗം | : | അഡ്വ. സെബാസ്റ്റ്യൻ കുളത്തിങ്കൽ |

**അതിരുകൾ**

| | | |
|---|---|---|
| കിഴക്ക് | : | തീക്കോയി ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | തിടനാട് ഗ്രാമപഞ്ചായത്ത് |
| വടക്ക് | : | തലപ്പുലം ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് |
| വിസ്തീർണ്ണം | : | 7.5 ച.കി.മീ |
| ജനസംഖ്യ | : | 34245 |
| പുരുഷൻമാർ | : | 16697 |
| സ്ത്രീകൾ | : | 16453 |
| പട്ടികജാതി | : | 126 |
| പട്ടികവർഗ്ഗം | : | 42 |
| ആകെ വാർഡുകൾ | : | 29 |
| വനിതാ വാർഡുകൾ | : | 15 |
| പട്ടികജാതി സംവരണവാർഡ് | : | 8 |
| പ്രധാനറോഡുകൾ | : | ഏറ്റുമാനൂർ – പൂഞ്ഞാർ സ്റ്റേറ്റ് ഹൈവേ (SH-32)<br>ഈരാറ്റുപേട്ട – വാഗമൺ – പീരുമേട് സ്റ്റേറ്റ് ഹൈവേ (SH-14)<br>കാഞ്ഞിരപ്പള്ളി – മുട്ടം സ്റ്റേറ്റ് ഹൈവേ (SH-44) |



പ്രിയമുള്ളവരേ,

14–ാം പഞ്ചവത്സര പദ്ധതിയുടെ അവസാന ഘട്ടത്തിലേക്ക് കടന്നിരിക്കുന്നു. 2022–2027 കാലയളവിലേക്കുള്ള വികസന രൂപ രേഖ നാം തയ്യാറാക്കുമ്പോൾ നഗരസഭാപ്രദേശത്തിൻറെയും ഇവിടുത്തെ ജനങ്ങളുടെയും സമഗ്ര വികസനവും, പുരോഗതിയുമാണ് പദ്ധതി ആസൂത്രണത്തിൻറെ മുഖ്യലക്ഷ്യം.

ലോകമാകെ ശ്രദ്ധയാകർഷിച്ച കേരളത്തിന്റെ ജനകീയാസൂത്രണ പ്രസ്ഥാനം രജതജൂബിലിയുടെ നിറവിൽ തലയെടുപ്പോടുകൂടി നിൽക്കുകയാണ്. വികസനകാര്യങ്ങളിൽ താൽപര്യമുള്ള നമ്മുടെ നാട്ടിലെ ജനങ്ങളുടെ പങ്കാളിത്ത്വവും പിൻതുണയും ഉറപ്പാക്കിക്കൊണ്ട് വികസനം സർവ്വതല സ്പർശിയാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് വികേന്ദ്രീകൃതാസൂത്രണപ്രക്രീയ. അധികാര വികേന്ദ്രീകരണത്തിന്റെ ഈ കേരളാ മാതൃക രാജ്യത്ത് വേറിട്ട് നിൽക്കുന്ന ഒന്നാണ്. ഇത് പ്രകാരം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന്റെ മൂന്നിൽ ഒന്ന് സമ്പൂർണ്ണ ആസൂത്രണ അധികാരത്തോട് കൂടി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുവാനുള്ള തീരുമാനം ചരിത്രത്തിന്റെ ഏടുകളിൽ തങ്കലിപികളിൽ എഴുതപ്പെട്ടിട്ടുള്ളതാണ്. 1996 ൽ തുടങ്ങിവെച്ച അധികാരവികേന്ദ്രീകരണം നമ്മുടെ നാട്ടിലെ ജനപങ്കാളിത്തമുള്ള ആസൂത്രണത്തിന് നിയമപരമായ ചട്ടക്കൂടൊരുക്കി. പദ്ധതികളുടെ ആസൂത്രണത്തിലും നർവ്വഹണത്തിലും ജനകീയ താൽപര്യം ഉറപ്പുവരുത്തിയ ജനകീയ പദ്ധതിയായി മാറി 9–ാം പഞ്ചവത്സരപദ്ധതി. ആസൂത്രണ വാർഡ്സഭ, കർമ്മസമിതികൾ, ജില്ലാ ആസൂത്രണസമിതി, എന്നിവയടങ്ങുന്ന ആസൂത്രണ ചട്ടക്കൂട് – ജനകീയാസൂത്രണത്തിന്റെ ഘടനാപരമായ അസ്ഥിവാരം ബലപ്പെടുത്തി. പദ്ധതി വിഹിതത്തിന്റെ 10% സ്ത്രീകൾക്കായി മാറ്റിവെച്ച് രാജ്യത്തിന് തന്നെ ഉദാത്ത മാതൃകയാവാൻ നമുക്ക് സാധിച്ചു. വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ ആരംഭിച്ചപ്പോൾ മുന്നോട്ടുവെച്ച പ്രാദേശിക വികസനമെന്ന ലക്ഷ്യത്തിൽ നിന്നും കൂടുതൽ വിപുലമായി ചിന്തിക്കുവാനും ആസൂത്രണം നടത്തുവാനും സാധിക്കുന്നവിധത്തിൽ നമ്മുടെ നഗരസഭയും വളർന്നിട്ടുണ്ട് എന്നത് ശ്ലാഘനീയമാണ്. ഈ ശാക്തീകരണത്തിന്റെ ഭാഗമായി രണ്ട് മഹാപ്രളയത്തെയും കോവിഡ് മഹാമാരിയെയും ഫലപ്രദമായി നേരിടുവാൻ നമുക്ക് സാധിച്ചത്. മികച്ച ജനപങ്കാളിത്തത്തോടെ കോവിഡ് മഹാമാരി ഉയർത്തിയ വെല്ലുവിളികളെ നേരിടുന്നതിലും ജനങ്ങളുടെ ആരോഗ്യസുരക്ഷയും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുന്നതിലും പ്രശംസനീയമായ സംഭാവനകൾ നൽകുന്നതിന് നമുക്കായത് ജനകീയാസൂത്രണത്തിലൂടെ വളർത്തിയെടുത്ത ജനകീയ പിൻബലം മൂലമാണ്. 13–ാം പദ്ധതി കാലത്തെ നവകേരള മിഷൻ പ്രവർത്തനത്തിലൂടെ പ്രാദേശിക വികസന കാഴ്ചപ്പാടുകളിൽ വരുത്തിയ മാറ്റത്തിലൂടെ പ്രാദേശിക വികസനം എന്ന ലക്ഷ്യത്തിൽ നിന്നും സുസ്ഥിര വികസനം എന്ന ലക്ഷ്യത്തിലേക്ക് ചുവട് വെയ്ക്കുവാൻ നമുക്കായി. ഇത്മൂലം വികേന്ദ്രീകൃതാസൂത്രണത്തിന് പുതിയ ദിശാബോധം കൈവരിക്കുവാനായി. "നവകേരളത്തിന് ജനകീയാസൂത്രണം" എന്ന മുദ്രാവാക്യമാണ്13–ാം പദ്ധതിയിൽ മുന്നോട്ട് വെച്ചത്. അധികാരവികേന്ദ്രീകരണത്തിലൂടെ കുടുംബശ്രീയുടെ രൂപീകരണവും അതുവഴി സ്ത്രീശാക്തീകരണത്തിനും നമുക്കായി. ദാരിദ്ര്യനിർമ്മാർജ്ജനത്തിനുവേണ്ടി പ്രവർത്തിക്കുന്ന രാജ്യത്തെ ഏറ്റവും വലിയ സ്വയംസഹായ ശ്യംഖലയായി കുടുംബശ്രീ ഉയർന്നു എന്നന്നത് ഏറെ അഭിമാനനകരമാണ്. ഇപ്പോൾ 14–ാം പഞ്ചവത്സര പദ്ധതിയുടെ അവസാന ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ആസൂത്രണകമ്മറ്റി വിളിച്ച് ചേർത്ത് വർക്കിംഗ് ഗ്രൂപ്പുകൾ പുതുക്കി വിഷയമേഖലാടിസ്ഥാനത്തിൽ അവസ്ഥാരേഖ തയ്യാറാക്കിയിട്ടുള്ളതാണ്. ഈ അവസരത്തിൽ പുതിയ പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുക്കുന്ന പദ്ധതികളുടെ ഗുണനിലവാരവും ഫലപ്രാപ്തിയും ഉറപ്പാക്കുവാനും വികസന പ്രശ്നങ്ങളെ വിശാലമായ കാഴ്ചപ്പാടിൽ നോക്കിക്കാണുവാനും നഗരവൽക്കരണം, മാലിന്യസംസ്കരണം, വയോജനസംരക്ഷണം യുവതലമുറയുടെ വികസനപ്രശ്നങ്ങൾ, ദുരന്തനിവാരണം, വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങൾക്ക് പ്രാദേശികതലത്തിൽ തന്നെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനൊപ്പം നേരത്തെ അഭിമുഖീകരിച്ച കുറവുകൾ പരിഹരിച്ച് ഗുണമേൻമയുള്ളതും സുസ്ഥിരവും സർവ്വതല സ്പർശിയുമായ പദ്ധതി രൂപീകരണവും നിർവ്വഹണവും ഉറപ്പുവരുത്തുവാനും നമുക്ക് സാധിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ പരിപ്രേഷ്യം ഈ സ്റ്റാറ്റസ് റിപ്പോർട്ടിലൂടെ ഉള്ളടക്കം ചെയ്ത് സമർപ്പിക്കുന്നു.

അഡ്വ. വി.പി. നാസർ
ചെയർപേഴ്സൺ
ഈരാറ്റുപേട്ട നഗരസഭ

ഈരാറ്റുപേട്ട
നഗരസഭ

വൈസ് ചെയർപേഴ്സൺ
ധനകാര്യ സ്ഥിരം സമിതി ചെയർമാൻ



ശ്രീമതി ഫാത്തിമ അൻസർ
വാർഡ് 24

സെക്രട്ടറി
ഈരാറ്റുപേട്ട നഗരസഭ



മുഹ്സിൻ പി.എം.



മുനിസിപ്പൽ ചെയർപേഴ്സൺ
അഡ്വ. വി.പി. നാസർ
വാർഡ് – 17



# സാമൂഹ്യ സാംസ്കാരിക ചരിത്രം

ഈ ഗ്രാമത്തിലെ ജനങ്ങളുടെ ദീർഘനാളത്തെ മുറവിളികൾക്ക് ശേഷമാണ് തലപ്പുലം, പൂഞ്ഞാർ, തിടനാട് പഞ്ചായത്തുകളിലായി ചിതറിക്കിടക്കുന്ന ഭൂവിഭാഗത്തിൽ കൂട്ടിച്ചേർത്ത് ഇപ്പോഴത്തെ ഈരാറ്റുപേട്ട നഗരസഭ (അന്ന് പഞ്ചായത്ത്) 1962-ൽ രൂപീകൃതമായത്. ഇവിടെ ജനജീവിതം എന്നു തുടങ്ങിയെന്നതിന് ലിഖിത ചരിത്രങ്ങളൊന്നുമില്ല. വായ്മൊഴികളിലൂടെ തലമുറകൾ കൈമാറി ലഭ്യമാകുന്ന നിഗമനങ്ങളിൽ നിന്നും ഒന്നാം നൂറ്റാണ്ടു മുതൽ ഇവിടെ ജനവാസം ആരംഭിച്ചിരുന്നുവെന്നും ഇവിടങ്ങളിൽ ഇന്നും കാണുന്ന 'ചെട്ടിയാന്മാർ' ആയിരുന്നു ഇവിടുത്തെ അടിസ്ഥാന ജനവിഭാഗമെന്നും വിശ്വസിക്കപ്പെടുന്നു.

മീനച്ചിലാറിന്റെ ഉത്ഭവകേന്ദ്രങ്ങളായ കിഴക്കൻ മലനിരകൾ നിബിഢവനപ്രദേശമായിരുന്നു എന്നും ഈ മലകളിലുള്ള മരങ്ങളും ചെടികളും മറ്റും 'ഉഴവു വെട്ടുകയും' 'ഉഴവു ചുടുകയും' ചെയ്ത് കൃഷി ചെയ്തിരുന്നതായും പൗരാണിക ഗ്രന്ഥങ്ങളിൽ പരാമർശിക്കുന്നുണ്ട്. ഈ പ്രദേശത്ത് മീനച്ചിലാറിന്റെ നദീതടങ്ങളിൽ പുരാതന സാമൂഹ്യ ജീവിത സംസ്കൃതിയുടെ ശേഷിപ്പുകൾ അടുത്തകാലത്ത് പുരാവസ്തുഗവേഷകർ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പണ്ട്കാലത്ത് ഈ പ്രദേശം "ഈരാപ്പൊലി" എന്നറിയപ്പെട്ടു. ഈ മലനിരകളുടെയും സമതലങ്ങളുടെയും പ്രവേശനകവാടമെന്ന നിലയിൽ 'ഈരാപ്പൊലി' എന്ന നദീതടത്തിലും ഒന്നാം നൂറ്റാണ്ടിനു മുമ്പു തന്നെ ജനവാസം ഉണ്ടായിരുന്നു എന്നും അനുമാനിയ്ക്കേണ്ടിയിരിക്കുന്നു.

നഗരത്തിൽ പൗരാണിക ക്രിസ്ത്യൻ ദേവാലയമായ അരുവിത്തുറ പള്ളിയിലുള്ള വട്ടെഴുത്തുരേഖകളിലും "അരുവിത്തുറ പള്ളിയുടെ ചരിത്രം എന്ന ലഘു ഗ്രന്ഥത്തിലും എ.ഡി. 56 -70 കാലഘട്ടങ്ങളിൽ ജനനിബിഡമായ പ്രദേശങ്ങളിൽ എത്തി സുവിശേഷ പ്രസംഗങ്ങൾ നടത്തിയിരുന്ന വി. തോമ്മാശ്ലീഹാ "ഈരാപ്പൊലിയും, (പഴയ പേര്) സന്ദർശിച്ചിരുന്നുവെന്നും വിഖ്യാതമായ ഏഴരപ്പള്ളിയുടെ ഗണത്തിൽപ്പെടാതെ അദ്ദേഹത്തിന്റെ കാലത്ത് ഉയർന്നുവന്ന ആരാധനാലയങ്ങളിൽ ഒന്നാണ് അരുവിത്തുറപ്പള്ളിയെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഏതായാലും അടിസ്ഥാനവർഗ്ഗങ്ങളും, മതപരിവർത്തനത്തിന് വിധേയരായ ഒരു ക്രിസ്ത്യൻ ജനവിഭാഗവും അവരുടെ ആരാധനാലയങ്ങളും ഒന്നാം നൂറ്റാണ്ടിൽത്തന്നെ ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. അയൽപഞ്ചായത്തായ പൂഞ്ഞാറിലുള്ള പൂർവ്വ രാജവംശം 11-ാം നൂറ്റാണ്ടിൽ മധുരയിൽ നിന്ന് വന്നവരായി അറിയപ്പെടുന്നു. തെക്കുംകൂർ രാജാവിന്റെ അധീനതയിൽപ്പെട്ടിരുന്ന ഈ പ്രദേശം മധുരയിൽ നിന്നും ഇവിടെയെത്തിയ മാനവിക്രമകുലശേഖര പെരുമാളിന് കൈമാറി എന്നും തെക്കുംകൂർ രാജാവിന്റെ സാന്നിദ്ധ്യത്തിൽ ഭരണാധി



കാരം കല്പിച്ചുകൊടുത്ത് സ്ഥാനാരോഹണം നടത്തിയിരുന്നതായും കരുതപ്പെടുന്നു. അന്നത്തെ ഭരണസംവിധാനത്തിന്റെ സുരക്ഷയ്ക്കായി കരുത്തും വിശ്വാസ്യതയുമുള്ള ഏതാനും തമിഴ് മുസ്ലീം പ്രമാണികളെ കൊട്ടാരത്തിലേയ്ക്ക് ക്ഷണിയ്ക്കപ്പെട്ടു എന്നും പ്രത്യേകാവകാശങ്ങളും ആരാധനാസൗകര്യങ്ങളും നൽകി പൂഞ്ഞാർ രാജാധികാരത്തിന്റെ പ്രവേശന കവാടമായ ഈരാറ്റുപേട്ടയിൽ അവരെ അധിവസിപ്പിച്ചിരുന്നു എന്നും വിശ്വസിക്കപ്പെടുന്നു. ഇവരുടെ പിൻതലമുറക്കാരിൽപ്പെട്ടവരാണ് ഇന്ന് ഈരാറ്റുപേട്ടയിലെ പ്രമുഖ കുടുംബക്കാരിൽ ഒന്നായ 'ഖാൻ'മാർ.

ജാതികളും ഉപജാതികളുമായി പോരടിച്ചുകഴിഞ്ഞിരുന്ന അടിസ്ഥാനവർഗ്ഗങ്ങൾക്കിടയിൽ ക്രൈസ്തവമുസ്ലീം സുവിശേഷകരുടെ കടന്നുകയറ്റം ഏതാണ്ട് ഇതേ കാലഘട്ടത്തിലായിരുന്നു. സ്വാഭാവികമായും വ്യാപകമായ മതപരിവർത്തനത്തിന് ഇത് വഴിയൊരുക്കുകയും ചെയ്തു. ക്രമേണ വിശാലമായ കൃഷിയിടങ്ങൾ അന്വേഷിച്ച് ക്രൈസ്തവർ ഗ്രാമത്തിന് പുറത്തേയ്ക്ക് ചേക്കേറിയപ്പോൾ വിശ്വാസപരമായ ജീവിതസൗകര്യങ്ങളുടെയും വാണിജ്യസൗകര്യങ്ങളുടെയും ലഭ്യത കേന്ദ്രീകരിച്ച് മുസ്ലീം വിഭാഗം നദീതടങ്ങളിൽ താവളമുറപ്പിച്ചു. നാഴികകളോളം നടന്ന് ഈരാറ്റുപേട്ടയിലെത്തി ഉപ്പും പലവ്യഞ്ജനങ്ങളും വാങ്ങി തലച്ചുമടായി സമീപ പ്രദേശങ്ങളിലേയ്ക്കു കൊണ്ടുപോയിരുന്ന 'കുളപ്പുറത്തു ഭീമനെ'ക്കുറിച്ച് കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽ പരാമർശിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ ഈ പ്രദേശത്തിന് മധുര തുടങ്ങിയ തമിഴ്നാട് പ്രദേശങ്ങളുമായി കച്ചവടബന്ധങ്ങളുണ്ടായിരുന്നു. കച്ചവടാവശ്യത്തിനുപയോഗിച്ചിരുന്ന സമീപപ്രദേശങ്ങളിലെ നടപ്പുവഴിയിലെ പാറകളിൽ കൊത്തിയിരിക്കുന്ന നടകളും മറ്റും ഇപ്പോഴും നിലനിൽക്കുന്നു.

പുതിയ മേച്ചിൽപ്പുറങ്ങളന്വേഷിച്ച് ഇവിടെയെത്തിയ, പിൽക്കാലത്ത് 'മേത്തർ' എന്നറിയപ്പെടുന്ന, ഒരു വിഭാഗം മുസ്ലീം വണിക് പ്രമുഖരും ഗ്രാമാതിർത്തിക്കുള്ളിൽ ആധിപത്യം ഉറപ്പിച്ചു. ഈരാറ്റുപേട്ട പുത്തൻപള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന, സൂഫിവര്യനും അമാനുഷിക സിദ്ധിവൈഭവത്തിനുടമയെന്ന് വിശ്വസിക്കപ്പെടുകയും ചെയ്യുന്ന ഷൈക് ഫരീദ് ഔലിയായുടെ മതപ്രബോധനങ്ങളും, ഇന്ന് 'ലബ്ബ'മാർ എന്ന് വിളിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ പൂർവ്വപിതാവും, 13-ാം നൂറ്റാണ്ടിൽ അന്ത്രോത്ത് ദ്വീപിൽ നിന്നെത്തി മതാധ്യായനങ്ങളും പ്രഭാഷണങ്ങളും നടത്തി ഒടുവിൽ ഈരാറ്റുപേട്ട നൈനാർ പള്ളി അങ്കണത്തിൽ നിത്യനിദ്രതയിലെത്തിയ പ്രവാചകപരമ്പരയിലെ കണ്ണിയായിരുന്ന 'സഈദ്ബാവാവലിയുല്ല' യുടെ സ്വാധീനങ്ങളും, മേൽസാഹചര്യങ്ങളുടെ പ്രേരണയിൽ വിവിധ കാലങ്ങളിൽ വിവിധ പ്രദേശങ്ങളിൽ നിന്ന് കുടിയേറിപ്പാർത്ത മറ്റനേകം കുടുംബങ്ങളും ഒത്തുചേർന്നപ്പോൾ ഈരാറ്റുപേട്ട തെക്കൻ കേരളത്തിലെ ഏക മുസ്ലീം ഭൂരിപക്ഷപ്രദേശമായി വളർന്നുവന്നു. ചുരുക്കത്തിൽ സനാതന ഹൈന്ദവ സംസ്കൃതിയുടെ പ്രഭവകേന്ദ്രമായ അങ്കാളമ്മൻകോവിലും, എ.ഡി. ഒന്നാം ശതകം തുടങ്ങിയതായുള്ള ചരിത്രഗതയിക്ക് സാക്ഷ്യം വഹിച്ച അരുവിത്തുറപ്പള്ളിയും മുസൽമാന്റെ അസ്തിത്വം വിളിച്ചോതുന്ന പള്ളി മിനാരങ്ങളും ഗതകാലസമൂഹത്തിന്റെ സഹിഷ്ണുതയുടെയും സഹവർത്തിത്വത്തിന്റെയും നിത്യസ്മാരകങ്ങളായി ഇവിടെ നിലനിൽക്കുന്നു.

പേരിനെ അന്വർത്ഥമാക്കുംവിധം രണ്ടു ചെറുനദികൾ ഒത്തുചേർന്ന് മീനച്ചിൽ നദി ഇവിടെ ഉത്ഭവിക്കുന്നു. ചരിത്രാതീതകാലം മുതലുള്ള ഈരാറ്റുപേട്ടയുടെ വളർച്ചയിലും വികാസത്തിലും മീനച്ചിൽനദിയും പോഷകനദികളും അവിഭാജ്യമായി ബന്ധപ്പെട്ടിരിക്കുന്നു. റോഡുകളോ മോട്ടോർ വാഹനങ്ങളോ ഇല്ലാതിരുന്ന കടന്നുപോയ നൂറ്റാണ്ടുകളിൽ യാത്രയ്ക്കും ചരക്കുഗതാഗതത്തിനുമെല്ലാമുള്ള ഏക ആശ്രയം ഈ നദിയൊന്നുമാത്രമായിരുന്നു. പടിഞ്ഞാറൻ പ്രദേശങ്ങളായ അതിരമ്പുഴ, കോട്ടയം, ആലപ്പുഴ ഭാഗങ്ങളിൽ നിന്ന് ഭക്ഷ്യവസ്തുക്കൾ കയറ്റിവരുന്ന കെട്ടുവള്ളങ്ങൾ നദീസംഗമമായ 'മുക്കട'യിൽ തമ്പടിച്ച് ഇവിടെനിന്നും സുലഭമായി ലഭിക്കുന്ന മരഞ്ചരക്കുകളും കയറ്റി മടങ്ങുന്ന ജലഗതാഗതത്തിന്റെ സുവർണ്ണനാളുകൾ ഇന്നും പഴമനസ്സുകളിൽ ഹൃദ്യമായ ഓർമ്മകളായി അവശേഷിക്കുന്നു. പുഴയിൽനിന്നുള്ള മത്സ്യബന്ധനവും ഇടവപ്പാതിയിലും തുലാമഴയിലും ആർത്തലച്ച് ഒഴുകുന്ന പുഴയിലൂടെ എത്തുന്ന വനവി

ഭവങ്ങളുടെ ശേഖരണവും ഒരുവിഭാഗം ജനങ്ങളുടെ ജീവനോപാധിയായിരുന്നു. കാലവർഷാവസാനത്തോടെ നദിയിലെ ജലവിതാനം താഴ്ന്നു തുടങ്ങുമ്പോൾ 'മുക്കട' പ്രദേശത്ത് ഉയർന്നുവരുന്ന മണൽപ്പരപ്പ് വാണിജ്യകേന്ദ്രവും രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളുടെ കേളീരംഗവുമായി രൂപാന്തരപ്പെട്ടിരുന്നു. ഉൽസവാഘോഷങ്ങൾക്കും കലാകായിക പ്രവർത്തനങ്ങൾക്കും ഒത്തുചേർന്നതോടൊപ്പം ഈ നൂറ്റാണ്ടിലെ ആദ്യദശകത്തിൽ ഉയർത്തെഴുന്നേറ്റ ദേശീയ പ്രസ്ഥാനങ്ങളിലെ നൂതനചിന്താധാരകളോട് ഈരാറ്റുപേട്ട നിവാസികൾ പ്രതികരിച്ചിരുന്നതും ഇതേ മണൽപ്പരപ്പിലായിരുന്നു. രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യവും ക്ഷേമരാഷ്ട്രത്തിന്റെ പുനഃസൃഷ്ടിയും സംബന്ധിച്ച് ജനങ്ങളെ ആവേശഭരിതരാക്കുന്നതിന് ഇവിടെ എത്തിയിട്ടുള്ള അഭിവന്ദ്യ നേതാക്കളായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി, അശോക് മേത്ത, രാജാജി, എ.കെ. ഗോപാലൻ, ഭൂപേഷ് ഗുപ്ത, റാം മനോഹർ ലോഹ്യ തുടങ്ങി എത്രയോ പ്രതിഭാശാലികൾക്ക് ആതിഥ്യം നൽകിയിട്ടുള്ളതും മുക്കട മണൽപ്പുറത്തെ മണൽത്തരികളെ സാക്ഷ്യപ്പെടുത്തിക്കൊണ്ടായിരുന്നു. പാറക്കെട്ടുകൾ നിറഞ്ഞ നിരവധി കുന്നുകളും നദികളിലൂടെ ഒഴുകിയെത്തുന്ന എക്കൽമണ്ണ് അടിഞ്ഞുകൂടിയ ചെമ്മൺ താഴ്വരകളും കൊണ്ട് ഈ പ്രദേശം ഫലപുഷ്ടിയാൽ അനുഗൃഹീതമായിരുന്നു. പ്രകൃതികോപങ്ങളോടും വന്യമൃഗങ്ങളോടും പടവെട്ടി ഭക്ഷ്യവിളകളും നാണ്യവിളകളും കൃഷി ചെയ്യുന്നതിന് സമർപ്പണബോധത്തോടെ അത്യദ്ധ്വാനം ചെയ്ത മൺമറഞ്ഞ കാരണവൻമാരെ, പ്രത്യേകിച്ചും ക്രൈസ്തവപൂർവ്വപിതാക്കളെ ഇന്നാട്ടുകാർ ഇന്നും ആദരപൂർവ്വം സ്മരിക്കുന്നു. സാമൂഹിക, സാമുദായിക അതിർവരമ്പുകൾ പരസ്പരം അംഗീകരിച്ചുകൊണ്ട് മുൻതലമുറ അനുവർത്തിച്ചിരുന്ന സഹവർത്തിത്വത്തിന്റെ പാത ഇന്നും ഇവിടെ നിലനിൽക്കുന്നു.

സ്വാതന്ത്ര്യസമരത്തിലും സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിലെ ബഹുജനപ്രസ്ഥാനങ്ങളിലും സമഗ്രപുരോഗതിക്കുള്ള കാൽവയ്പുകളിലും ഈ ജനത അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്. വൈദേശികാധിപത്യത്തിൽ നിന്നുള്ള മോചനത്തിനായി ഭാരതജനഹൃദയങ്ങൾ ത്രസിച്ചിരുന്ന 1930-50 കാലഘട്ടങ്ങളിൽ ഈ കൊച്ചു ഗ്രാമത്തിലെ ഒറ്റയടിപ്പാതകളിലൂടെ ഗാന്ധിത്തൊപ്പിയണിഞ്ഞ് ഭാരതമാതാവിന് ജയ് വിളിച്ചു കടന്നുപോയ പരേതരായ സർവ്വശ്രീ വി.എൽ. പരീതു മേത്തർ, വാച്ചുത്തമ്പി റാവുത്തർ, തട്ടാപറമ്പിൽ എന്നിവർ ഗ്രാമത്തിന്റെ അമൂല്യ സംഭാവനകളായി അംഗീകരിക്കപ്പെടുന്നു. ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസരംഗത്തെ മൗലികപരിഷ്കാരങ്ങൾ, മർദ്ദിതവിഭാഗങ്ങളുടെ അവകാശസമരങ്ങൾ എന്നിവയിലെല്ലാം ഈ നാട്ടിലെ ജനതയുടെ സജീവസാന്നിദ്ധ്യം നിറഞ്ഞു നിന്നു.

നൂറ്റാണ്ടുകളുടെ സാംസ്കാരികപാരമ്പര്യം അവകാശപ്പെടുന്ന ഈ നഗരം ഈ നൂറ്റാണ്ടിന്റെ ആദ്യദശകം വരെയും തീർത്തും അവികസിതമായിരുന്നു. ജലഗതാഗതത്തിലൂന്നിയ വാണിജ്യങ്ങൾ ഒഴികെ സാമൂഹിക വളർച്ചയ്ക്കാവശ്യമായ മറ്റ് സൗകര്യങ്ങളൊന്നും ഈ പ്രദേശത്ത് ഉണ്ടായിരുന്നില്ല. പാരമ്പര്യ നാട്ടുവൈദ്യന്മാരും മന്ത്രതന്ത്രങ്ങളുമൊക്കെയായിരുന്നു ആദ്യകാല ആതുരശുശ്രൂഷാരംഗം കയ്യടക്കിയിരുന്നത്. ആദ്യമായി വൈദ്യശാസ്ത്രത്തിൽ ബിരുദമെടുത്ത് ഈ ഗ്രാമത്തിൽ ഒരു അലോപ്പതി ക്ലിനിക്ക് ആരംഭിച്ചത് 1936-ൽ ആയിരുന്നു. അന്തരിച്ച ഡോ. പി. മത്തായി പുളിക്കലിന്റെ പ്രസ്തുത ക്ലിനിക്ക് ഈ പ്രദേശവാസികൾ എന്നും കടപ്പെട്ടിരിക്കുന്ന ഒരു മഹത് സ്ഥാപനമായിരുന്നു. ഈ പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് നിർണ്ണായകമായ പങ്കുവഹിച്ച പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചത് 1950-55 കാലഘട്ടത്തിലായിരുന്നു. പരേതനായ മുൻ മുഖ്യമന്ത്രി എ.ജെ. ജോണിന്റെ മന്ത്രിസഭാവാഴ്ചക്കാലത്ത് നദികളാൽ വിഭജിക്കപ്പെട്ടിരുന്ന കരകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലങ്ങളും, പൊതുജനാരോഗ്യ കേന്ദ്രങ്ങളും, ഹൈസ്ക്കൂൾ എന്നിവയും ഇക്കാലത്ത് സ്ഥാപിക്കപ്പെട്ടു. 1950-ലെ തിരു-കൊച്ചി പഞ്ചായത്ത് ആക്ടിന്റെ അടിസ്ഥാനത്തിൽ 1953 ആഗസ്റ്റ് 15-ന് തിരു-കൊച്ചിയിൽ പഞ്ചായത്തുകൾ രൂപം കൊണ്ടപ്പോൾ ഈരാറ്റുപേട്ടയുടെ ചില പ്രദേശങ്ങളും അതിന്റെ കിഴക്കുള്ള ഇന്നത്തെ പൂഞ്ഞാർ, തീക്കോയി, തലനാട്, മൂന്നിലവ് എന്നീ പഞ്ചായത്തുപ്രദേശങ്ങളും ഒരു പഞ്ചായത്തിലും ഉൾപ്പെടാതെ അവഗണിയ്ക്കപ്പെട്ടുകിടന്നു. ഇന്നത്തെ ഈരാറ്റുപേട്ട നഗരസഭയിലെ പഞ്ചാ

യത്തിലെ കൊണ്ടൂർ വില്ലേജിൽ ഉൾപ്പെട്ട ഭാഗങ്ങൾ തിടനാടു പഞ്ചായത്തിന്റെയും തലപ്പുലം പഞ്ചായത്തിന്റെയും ഭാഗങ്ങളായിരുന്നു. 1949-ൽ നിയോഗിയ്ക്കപ്പെട്ട ചന്തുമേനോൻ കമ്മീഷൻ മുമ്പാകെയും ഗവൺമെന്റിലും ഈരാറ്റുപേട്ട പഞ്ചായത്തിന്റെ രൂപീകരണത്തിനുവേണ്ടി നിവേദനങ്ങൾ സമർപ്പിക്കുകയും അശ്രാന്ത പരിശ്രമം നടത്തുകയും ചെയ്തതിന്റെ ഫലമായി ചന്തുമേനോൻ കമ്മീഷൻ റിപ്പോർട്ടിൽ ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തും സ്ഥാനം പിടിച്ചു. പ്രഥമ പ്രസിഡന്റ് ശ്രീ. പി.പി. ഈസാഖാൻ ആയിരുന്നു. അഡ്വ. എം. ഫരീദ്, ഹാജി വി.എം.എ. കരീം സാഹിബ് എന്നിവരായിരുന്നു ഈ പരിശ്രമങ്ങൾക്കു നേതൃത്വം നൽകിയത്. 1955 ൽ ശ്രീ പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള പി.എസ്.പി. ഗവൺമെന്റ് അധികാരത്തിലേറിയപ്പോൾ പഞ്ചായത്തു വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി.കെ. കുഞ്ഞുസാഹിബ് ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് അനുവദിച്ച് ഉത്തരവായി. എങ്കിലും അകാലത്തിൽ പി.എസ്.പി. ഗവൺമെന്റ് നിലംപതിക്കുകയും ശ്രീ. പനമ്പള്ളിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരമേൽക്കുകയും ചെയ്ത സാഹചര്യത്തിൽ തിരഞ്ഞെടുപ്പു നടത്തുവാനും പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുവാനും സാധിച്ചില്ല.

പിന്നീട് ശ്രീ പട്ടം താണുപിള്ളയുടെ തന്നെ നേതൃത്വത്തിൽ വന്ന ഐക്യകക്ഷിമന്ത്രിസഭ 01-01-1962-ൽ ഈരാറ്റുപേട്ട പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ അനുവദിച്ചു.

ഇപ്രകാരം 1-1-1962 ൽ നിലവിൽ വന്ന ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 3.85 ചതുരശ്രമൈലായിരുന്നു. 1971 ലെ സെൻസസ് പ്രകാരം 12923 ആയിരുന്നു ജനസംഖ്യ. മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വികസനപരമായി പത്തുകൊല്ലം പിന്നിലായിപ്പോയ ഈ പഞ്ചായത്ത് പടിപടിയായി വളരുകയായിരുന്നു.

ആരംഭത്തിൽ തേർഡ് ഗ്രേഡായിരുന്ന ഈ പഞ്ചായത്ത് സെക്കൻഡ് ഗ്രേഡായും ഫസ്റ്റ് ഗ്രേഡായും സ്പെഷ്യൽ ഗ്രേഡായും ഉയർന്നുവന്നു. 1973 ലാണ് സ്പെഷ്യൽ ഗ്രേഡ് പദവി ലഭിച്ചത്. ഇന്ന് വികസനത്തിന്റെ രംഗത്ത് സമീപ പഞ്ചായത്തുകൾക്ക് മാതൃകയായി ഈരാറ്റുപേട്ട പഞ്ചായത്ത് വളരുകയും 2015ൽ നഗരസഭയായി ഉയർത്തുകയും ചെയ്തു. ശ്രീ.റ്റി.എം.റഷീദായിരുന്നു ആദ്യ ചെയർമാൻ. ഗ്രാമത്തിലെ ഉയർന്ന പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി 1969-ലും 1972 ലും ഈരാറ്റുപേട്ട മുക്കട ഭാഗത്തും തേവരുപാറ ഭാഗത്തും ടാങ്കുകൾ സ്ഥാപിച്ച് ശുദ്ധജലവിതരണപദ്ധതികളും ആരംഭിച്ചു. 1984 കാലത്ത് ഉദ്ഘാടനം ചെയ്യപ്പെട്ട ഈരാറ്റുപേട്ട പ്രൈവറ്റ് ബസ്സ്റ്റാന്റും 1984 ൽ പ്രവർത്തനം ആരംഭിച്ച കെ.എസ്.ആർ.ടി.സി സ്റ്റാന്റും ഈ നാടിന്റെ വികസന പ്രക്രിയക്കുള്ള അടിത്തറയായി പരിഗണിക്കപ്പെടുന്നു. ശുദ്ധജലവിതരണം, പ്രൈവറ്റ് ബസ് സ്റ്റാൻഡ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുൾപ്പെടെ സ്ഥാപിച്ച ഈരാറ്റുപേട്ടയുടെ വികസനത്തിൽ നിർണ്ണായകമായ പങ്കുവഹിച്ച മുൻപഞ്ചയത്തു പ്രസിഡന്റ് പരേതനായ ഹാജി വി. എം.എ. കരീം സാഹിബിന്റെ സേവനം പ്രത്യേകം സ്മരിക്കേണ്ടിയിരിക്കുന്നു.

എൻ.ഇ.എസ്. ബ്ലോക്ക്, സബ് ട്രഷറി, സബ് രജിസ്ട്രാർ ആഫീസ്, എ.ഇ.ഒ. ഓഫീസ്, പി.ഡബ്ല്യു.ഡി ഓഫീസ്, പി.എച്ച്.സി., മൃഗാശുപത്രി, വി.ഇ.ഒ. ഓഫീസ്, കൃഷിഭവൻ, കെ.എസ്.ആർ.ടി.സി., കോഫി ബോർഡ് ഓഫീസ്, റബർ ബോർഡ് ഓഫീസ്, പോലീസ് സ്റ്റേഷൻ, സർക്കിൾ ഓഫീസ്, ടെലിഫോൺ എക്സ്ചേഞ്ച്, കെ.എസ്.ഇ.ബി ഓഫീസ്, പോസ്റ്റ് ഓഫീസുകൾ, മജിസ്ട്രേറ്റ് കോടതി തുടങ്ങിയ വിവിധ സർക്കാർ ഓഫീസുകളും ക്രമേണ ഈ നഗരത്തിന്റെ വികസനപാതയിൽ നാഴികക്കല്ലുകളായി.

മുൻതലമുറ അഭിമുഖീകരിച്ചിരുന്ന മുഖ്യപ്രശ്നം കൃഷിയും അതുവഴിയുള്ള ഉൽപ്പന്നങ്ങളുടെ ക്രയവിക്രയവുമായിരുന്നെങ്കിൽ ഇന്ന് ഈ നഗരത്തിന്റെ പ്രശ്നങ്ങൾ തീർത്തും വ്യത്യസ്തമായിരിക്കുന്നു. 1990 മുതൽ ഹ്രസ്വകാലം മുൻസിപ്പാലിറ്റി ആയിത്തീരുകയും വീണ്ടും പഞ്ചായത്തായി മാറുകയും ചെയ്ത ഈ പഞ്ചായത്ത് വിസ്തീർണ്ണാനുപാതത്തിൽ പരിശോധിച്ചാൽ

കേരളത്തിലെ എന്നല്ല ഇൻഡ്യയിലെ തന്നെ ഏറ്റവും ജനസാന്ദ്രതയുള്ള (ഒരു ച.കി. മീറ്ററിന് 4000) നഗരമായി വളർന്നിരിക്കുന്നു. മേൽസൂചിപ്പിച്ച ചരിത്രപരമായ കാരണങ്ങളാൽ 90% വരുന്ന മുസ്ലീം സമുദായംഗങ്ങൾ അവരുടെ വിശ്വാസപരമായ അടിസ്ഥാനസൗകര്യങ്ങളിൽ കേന്ദ്രീക രിച്ച് നഗരത്തിന് പുറത്തുള്ള കുടിപ്പാർപ്പ് താൽപ്പര്യപ്പെടാത്തതാണ്, ജനസാന്ദ്രതാവർദ്ധനവിന്റെ അടിസ്ഥാനകാരണമെന്നതും പ്രത്യേകം എടുത്ത് പറയേണ്ടതാണ്.

എന്തായാലും സസ്യലതാദികൾ നിറഞ്ഞ വിജനമായ ഗ്രാമന്തരീക്ഷവും വിസ്തൃതമായ വളപ്പുകളും ഇന്ന് ഈ നഗരത്തെ സംബന്ധിച്ചിടത്തോളം അന്യമായി കഴിഞ്ഞിരിക്കുന്നു. നമ്മുടെ നഗരവും പരിസരപ്രദേശങ്ങളെപ്പോലെ മിശ്ര കൃഷിരീതികളായിരുന്നു അനുവർത്തിച്ചിരുന്നത്. കപ്പയും ചക്കയും കാച്ചിലും ചേമ്പും വാഴയും മറ്റും ഭക്ഷ്യവസ്തുക്കളുടെ സ്വയംപര്യാപ്തത നൽകി പട്ടിണി മാറ്റിയിരുന്നു. ഈ പാരമ്പര്യഭക്ഷ്യവസ്തുക്കൾപോലും പുതിയ തലമുറയ്ക്ക് ഇന്ന് അന്യമായിരിക്കുന്നു. നാട്ടുമാങ്ങയുടെ നാവിലൂറുന്ന രുചിഭേദങ്ങളും ഇന്ന് പഴമനസ്സുക ളിലെ ഓർമ്മച്ചെപ്പുകളിലൊതുങ്ങിപ്പോയിരിക്കുന്നു.

ഈ നഗരം ഇന്ന് നേരിടുന്ന മുഖ്യ പ്രശ്നങ്ങൾ നിരവധിയാണ്. നദികളാൽ വിഭജിക്ക പ്പെട്ടിരിക്കുന്ന കരകളെ തമ്മിൽ ബന്ധിപ്പിച്ചിട്ടുള്ള പാലങ്ങളിലൂടെ മാത്രം ഗതാഗതം പരിമിത പ്പെട്ടിരിക്കുന്നതിനാലും, ആദ്യകാലം തുടങ്ങിയ റോഡുകളും ജംഗ്ഷനുകളും, നിലവിലുള്ള ജനസാന്ദ്രതയ്ക്ക് അപര്യാപ്തമാകയാലും നഗരമദ്ധ്യത്തിലെ ഗതാഗതവികസനം അനിവാര്യമാ യിരിക്കുന്നു. ജനസാന്ദ്രതകൂടിയ ഒരു നഗരമെന്ന നിലയിൽ സുഗമമായ ഗതാഗതസൗകര്യ ങ്ങൾക്കുള്ള പുതിയ സംവിധാനങ്ങൾ ഈ നഗരസഭയെ സംബന്ധിച്ചിടത്തോളം അടിയന്തിര പ്രാധാന്യം അർഹിക്കുന്നു.

ഋതുഭേദങ്ങളിലെ ഒളിച്ചുകളിയും അസന്തുലിത പരിസ്ഥിതി പ്രശ്നങ്ങളും നഗരസഭയിലെ ഉയർന്ന പ്രദേശങ്ങളിൽ അധിവസിക്കുന്നവരിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമവും നഗരം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഒന്നാണ്. നിലവിലുള്ള ശുദ്ധജല വിതരണപദ്ധതികൾ വിപു ലീകരിക്കുകയും പുതിയ സ്രോതസ്സുകൾ കണ്ടെത്തി പ്രായോഗികമാക്കുന്നതിനുള്ള നടപടി കൾ സ്വീകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ജസംഖ്യയിൽ 40 ശതമാനത്തോളം പേർ ദാരി ദ്ര്യരേഖയ്ക്ക് തഴെയുള്ളവരാണ്. പരമ്പരാഗതരീതിയിലുള്ള നാമമാത്ര ദരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളാണ് നിലവിലുള്ളത്. കേവല സാമ്പത്തിക മാനദണ്ഡങ്ങൾക്കപ്പുറത്ത് ദാരിദ്ര്യ ത്തിന്റെ തോതു നിർണ്ണയിക്കുന്ന മുഴുവൻ 'ക്ലേശഘടകങ്ങളും പരിഗണിയ്ക്കപ്പെടണം. പാർപ്പി ടം, ശുചിത്വം, സാമ്പത്തിക സ്വാശ്രയത്വം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെല്ലാം ഉൾപ്പെ ടുന്ന സമ്പൂർണ്ണ ദാരിദ്ര്യനിർമ്മാർജ്ജനപരിപാടികൾ ആസൂത്രണം ചെയ്യേണ്ടിരിക്കുന്നു. വനിത കളുടെ തൊഴിൽ പങ്കാളിത്തനിരക്ക് ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

രാജ്യം നേരിടുന്ന ദേശീയ പ്രശ്നങ്ങളായ തൊഴിലില്ലായ്മ, പരിസരമലിനീകരണം, പരി സ്ഥിതി പ്രശ്നങ്ങൾ, സാംസ്കാരികാപചയം എന്നിവയുടെയെല്ലാം പ്രതിഫലനങ്ങൾ ഈ നഗരത്തെയും ഏറിയും കുറഞ്ഞും സ്പർശിച്ചുകൊണ്ടിരിക്കുന്നു. പൊയ്പ്പോയ ഗ്രാമമനസ്സുക ളുടെ നിഷ്ക്കളങ്കത വീണ്ടെടുത്തുകൊണ്ട് എവിടെയോ നഷ്ടമായ ഐക്യബോധത്തിന്റെയും സംഘടിതാധ്വാനശക്തിയുടെയും പുനഃസൃഷ്ടി ഇനി സാധ്യമാകുമോ എന്ന കാര്യത്തിൽ സംശ യമുണ്ട്. ആധുനികവൽക്കരണത്തിന്റെ ചടുലതാളത്തിൽ സാമൂഹ്യജീവിതം യാന്ത്രികമായിരി ക്കുന്നു. വിഭജിക്കപ്പെടുന്ന കുടുംബങ്ങളിൽ നിന്നും പുനർസൃഷ്ടിക്കപ്പെടുന്ന അണുകുടുംബ ങ്ങളുടെ നിരക്ക് നമ്മുടെ നഗരത്തിൽ വളരെ കൂടുതലാണ്. സമയത്തിന്റെ അപര്യാപ്തതയിൽ, ജീവിയ്ക്കുവാനുള്ള തത്രപ്പാടിൽ വ്യക്തിബന്ധങ്ങളും അയൽപ്പക്ക ബന്ധങ്ങളും ഔപചാരിക മാവുന്നു. സാമൂഹ്യശാസ്ത്രങ്ങളിൽ Social Bondage എന്നു വിളിക്കുന്ന ഈ പ്രതിഭാസം ശിഥി ലമാവുന്നത് സാമൂഹ്യഘടനയെ പ്രതികൂലമായി ബാധിക്കുന്നതാണ്. സ്നേഹത്തിന്റെയും സഹ നത്തിന്റെയും സൗഹാർദ്ദത്തിന്റെയും നൂലിഴകളിൽ പാകിയ ഒരു നഗരസങ്കല്പം ഇന്ന് പഴയ തലമുറയുടെ ഗതകാലസ്മൃതികളിൽ മാത്രമവശേഷിക്കുന്ന പഴങ്കഥയായി മാറിയിരിക്കുന്നു.

## ഭൂപ്രകൃതിയും ജനപ്രകൃതിയും

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിന്റെ കിഴക്കൻ പ്രദേശങ്ങളായ അടിവാരം, കുന്നോന്നി, അടുക്കം, തലനാട് തുടങ്ങിയ സ്ഥലങ്ങളിലേക്കും ഇടുക്കി ജില്ലയിലെ ഒരു പ്രധാന തീർത്ഥാടനകേന്ദ്രമായ കോലാഹലമേട്, വാഗമൺ മുതലായ സ്ഥലങ്ങളിലേക്കുമുള്ള കവാട മായി പാലായിൽ നിന്നും 12 കിലോമീറ്റർ കിഴക്കുമാറി, ഈരാറ്റുപേട്ട നഗരം സ്ഥിതി ചെയ്യുന്നു. 7.5 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ നഗരസഭ കോട്ടയം ജില്ലയിലെ ഏറ്റവും വിസ്തൃതി കുറഞ്ഞ നഗരസഭയാണ്. ഈ നഗരത്തിനെ തെക്കേക്കര, വടക്കേക്കര, കഴക്കേക്കര എന്നീ മൂന്നു കരകളായി വിഭജിച്ചുകൊണ്ട് മീനച്ചിലാറിന്റെ രണ്ടു കൈവഴികൾ (തെക്കനാറ്, വടക്കനാറ്) ഒഴുകിയെത്തി ഈരാറ്റുപേട്ടയിലെ മുക്കടഭാഗത്ത് "ഈരാറ്റുപേട്ട" എന്ന പേരിനെ അന്വർത്ഥമാക്കിക്കൊണ്ട് സംഗമിക്കുന്നു. കിഴക്ക് തീക്കോയി പഞ്ചായത്തും പടിഞ്ഞാറും തെക്കും തിടനാട് പഞ്ചായത്തും വടക്ക് തലപ്പുലം പഞ്ചായത്തും സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തിൽ തേവരുപാറ, മുല്ലൂപ്പാറ, മന്തക്കുന്ന്, മുത്താരംകുന്ന്, മറ്റക്കാടുമല, കാട്ടാമല, കൊണ്ടൂർമല, പേഴു ങ്കാട്ടുമല തുടങ്ങിയ കുന്നിൻപ്രദേശങ്ങളും അവയുടെ ചരിവുകളും, ആറിനോടു ചേർന്നുള്ള സമതല പ്രദേശങ്ങളുമാണ് ഉള്ളത്. ഈരറ്റുപേട്ട നഗരസഭ വളരെ ഉയർന്ന പ്രദേശമല്ലെങ്കിലും ലാൻഡി റിസോഴ്സസ് ഓഫ് കേരളായിൽ ഹൈലാൻഡ് മേഖലയിലാണ് ഉൾപ്പെടുത്തിയിട്ടു ള്ളത്. ഈരാറ്റുപേട്ട വില്ലേജിന്റെ പരിധിക്കുള്ളിൽ ഉൾപ്പെടുന്ന ഈ നഗരസഭയിൽ 28 വാർഡു കളാണ് നിലവിലുണ്ടായിരുന്നത്. പുതിയ വാർഡ് വിഭജനത്തിൽ ഒരു വാർഡുകൂടി രൂപീകരിച്ച് നിലവിൽ 29 വാർഡുകളാണുള്ളത്.

## ഭൂപ്രകൃതി

തീക്കോയി പുഴയും (വടക്കനാറ്) പൂഞ്ഞാർ പുഴയും (തെക്കനാറ്) സംഗമിക്കുന്ന ഈ നഗരത്തിൽ ചില വാർഡുകളിൽ ചെറിയ കുന്നുകൾ കാണപ്പെടുന്നു. അവയുടെ ചരിവുകളും തുടർന്നുള്ള നിരപ്പായ പ്രദേശങ്ങളുമായി ഭൂമി സ്ഥിതി ചെയ്യുന്നു. ജനസാന്ദ്രത താരതമ്യേന കുറവായ കുന്നിൻമുകളിലും, ചരിവുകളിലുമാണ് കൃഷിഭൂമിയുള്ളത്. പാറക്കെട്ടുകൾക്കിടയിൽ കാണുന്ന മണ്ണ് കറുത്തതാണ് (വെർജിൻ സോയിൽ). ഈരാറ്റുപേട്ട പഞ്ചായത്തിൽ പൊതുവെ ചെമ്മണ്ണു കലർന്ന മണ്ണാണുള്ളത് (ലാറ്ററൈറ്റ് സോയിൽ). എന്നിരുന്നാലും കുന്നിൻചരിവുകളി ലും, താഴ്വരകളിലും കല്ലുകലർന്ന ചെമ്മണ്ണ് കാണുന്നുണ്ട്. തേവരുപാറ, മുത്താരംകുന്ന്, മറ്റ ക്കാട് മല തുടങ്ങിയ കുന്നിൻമുകളുകളിൽ വലിയ പാറകൾ സ്ഥിതി ചെയ്യുന്നു. പാറക്കൂട്ടങ്ങ ളോടു ചേർന്നുകിടക്കുന്ന മണ്ണിന് പൊതുവെ കനം കുറവാണുതാനും. അതുകൊണ്ട് വർഷകാ ലത്ത് നീരുറവകൾ ധാരാളമായി ഉണ്ടാവുകയും മണ്ണൊലിപ്പു രൂക്ഷമാവുകയും ചെയ്യുന്നു. വേനൽക്കാലത്താകട്ടെ അതികഠിന ജലക്ഷാമവും അനുഭവപ്പെടുന്നു. പൊതുവെ എല്ലാത്തരം കൃഷിക്കും അനുയോജ്യമായ മണ്ണാണ് ഈ നഗരത്തിൽ കാണപ്പെടുന്നത്.

## കാലാവസ്ഥ

ഈ നഗരസഭാ പ്രദേശത്ത് ജൂൺമാസം പകുതിയോടെ ശക്തമാകുന്ന കാലവർഷം ആഗസ്റ്റ് അവസാനം വരെ തുടരുന്നു. സെപ്റ്റംബറിൽ ആരംഭിക്കുന്ന തുലാവർഷം നവംബർ അവസാനം വരെ നിലനിൽക്കുകയും ചെയ്യുന്നു. ഡിസംബർ, ജനുവരി, മാസങ്ങളിൽ മരംകോ ച്ചുന്ന തണുപ്പിനോടൊപ്പം ചെറിയ വരണ്ട കാറ്റും ഇവിടെ അനുഭവപ്പെടുന്നു. ഫെബ്രുവരിയോടെ വേനൽക്കാലം ആരംഭിക്കുകയായി. മെയ് വരെയുള്ള മാസങ്ങൾ ഈ പഞ്ചായത്തിനെ സംബ ന്ധിച്ചിടത്തോളം തീഷ്ണ പ്രപാതത്തിന്റെയും ജലദൗർലഭ്യത്തിന്റെയും മാസങ്ങളാണ്. എന്നാൽ ഒന്നുരണ്ടു വർഷങ്ങളായി കാണപ്പെടുന്ന കാലാവസ്ഥാവ്യതിയാനങ്ങൾ ഇവിടെയും അനുഭവ പ്പെടുന്നുണ്ട്.




കഴിഞ്ഞ 12 വർഷത്തിനിടയിൽ നഗരസഭയുടെ വൃഷ്ടി പ്രദേശത്ത് ഏറ്റവും അധികം മഴ പെയ്തത് 2018ൽ




ജൂൺ ജൂലൈ മാസങ്ങളിലാണ് നഗരസഭാ പ്രദേശത്ത് ഏറ്റവും അധികം മഴ ലഭിക്കുന്നത് എന്നാൽ ഇപ്പോൾ കാലാവസ്ഥാ . വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്




ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ ചെറിയ തോതിൽ മഞ്ഞ് വീഴ്ച അനുഭവപ്പെടുന്നുണ്ട്




ജനുവരി മാസത്താണ് നഗരസഭാ പ്രദേശത്ത് ഏറ്റവും അധികം അന്തരീക്ഷ മർദ്ദം അനുഭവപ്പെടുന്നത് മെയ്മാസത്തിലാണ് ഏറ്റവും കുറവ് അന്തരീക്ഷ മർദ്ദം




കഴിഞ്ഞ കുറേ വർഷങ്ങളായി ഒട്ടുമിക്ക ദിവസങ്ങളിലും മഴയുണ്ട് ഇത് കാലാവസ്ഥയിൽ വന്ന വലിയ മാറ്റമാണ് .ഏപ്രിൽ മുതൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ 5 ദിവസത്തിൽ താഴെ മാത്രമാണ് വെയിൽ ഉള്ളത്




ജനുവരി മാസത്താണ് നഗരസഭാ പ്രദേശത്ത് ഏറ്റവും അധികം അന്തരീക്ഷ മർദ്ദം അനുഭവപ്പെടുന്നത് മെയ്മാസത്തിലാണ് ഏറ്റവും കുറവ് അന്തരീക്ഷ മർദ്ദം




നഗരസഭാ പ്രദേശത്ത് ജനുവരി മാസം 11.6 മണിക്കൂർ പകൽ സമയം ഉണ്ട് എന്നാൽ ജൂൺ മാസം അത് 12.7 മണിക്കൂറായി വർദ്ധിക്കുന്നു സൂര്യപ്രകാശം ഏറ്റവും അധികം ലഭിക്കുന്നത് ഡിസംബർ മാസത്തിലും ഏറ്റവും കുറവ് ജൂൺ മാസ ത്തിലുമാണ്



## ഭൂപ്രകൃതി

കാലാവസ്ഥാ വ്യതിയാനംഈരാറ്റുപേട്ട ശരാശരി മഴ

| മാസം | പകൽ | രാത്രി | മഴദിവസങ്ങൾ | മില്ലീമീറ്റർ |
|---|---|---|---|---|
| ജനുവരി | 33 ഡിഗ്രി.സെ. | 23 ഡിഗ്രി.സെ. | 8 | 18.50 ാാ |
| ഫെബ്രുവരി | 34 ഡിഗ്രി.സെ. | 23 ഡിഗ്രി.സെ. | 10 | 14.05 ാാ |
| മാർച്ച് | 35 ഡിഗ്രി.സെ. | 25 ഡിഗ്രി.സെ. | 18 | 53.15 ാാ |
| ഏപ്രിൽ | 34 ഡിഗ്രി.സെ. | 26 ഡിഗ്രി.സെ. | 26 | 89.09 ാാ |
| മെയ് | 33 ഡിഗ്രി.സെ. | 26 ഡിഗ്രി.സെ. | 28 | 179.77 ാാ |
| ജൂൺ | 30 ഡിഗ്രി.സെ. | 25 ഡിഗ്രി.സെ. | 27 | 297.61 ാാ |
| ജൂലൈ | 29 ഡിഗ്രി.സെ. | 24 ഡിഗ്രി.സെ. | 27 | 240.21 ാാ |
| ഓഗസ്റ്റ് | 29 ഡിഗ്രി.സെ. | 24 ഡിഗ്രി.സെ. | 27 | 198.37 ാാ |
| സെപ്റ്റംബർ | 30 ഡിഗ്രി.സെ. | 24 ഡിഗ്രി.സെ. | 24 | 154.77 ാാ |
| ഒക്ടോബർ | 31 ഡിഗ്രി.സെ. | 24 ഡിഗ്രി.സെ. | 26 | 165.75 ാാ |
| നവംബർ | 32 ഡിഗ്രി.സെ. | 24 ഡിഗ്രി.സെ. | 22 | 119.91 ാാ |
| ഡിസംബർ | 32 ഡിഗ്രി.സെ. | 23 ഡിഗ്രി.സെ. | 15 | 40.18 ാാ |

## ജനസംഖ്യാ വളർച്ചാനിരക്ക്

ഈരാറ്റുപേട്ട നഗരസഭയിലലെ 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യാ വർദ്ധനവിന്റെ നിരക്ക് 17% ആണ്. കോട്ടയം ജില്ലയുമായും സമീപപഞ്ചായത്തുകളുമായും താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലാണ്. നഗരസഭയിൽ നിന്നും മറ്റ് സ്ഥലങ്ങളിലേക്കുമുള്ള കുടിയേറ്റം വളരെക്കുറവെന്നാണ് മനസ്സിലാക്കുന്നത്. ഇവിടുത്തെ ജനസാന്ദ്രത 2011 ലെ സെൻസസ് പ്രകാരം ച.കി.മീ. ന് 4000 ആണെങ്കിൽ ഇപ്പോഴത്തെ സ്ഥിതി വിവരക്കണക്കുകൾ വെച്ച് 5000 ന് മുകളിലാണ് എന്നാൽ ഓരോ പ്രദേശങ്ങളിലും ഇത് വ്യത്യസ്തമാണ്.

## സ്ത്രീപുരുഷ അനുപാതം

കേരളത്തിലെ സ്ത്രീ പുരുഷ അനുപാതവും കോട്ടയം ജില്ലയിലെ സ്ത്രീപുരുഷ അനുപാതവും ആയിരത്തിന് മുകളിലുള്ളപ്പോൾ ഈരാറ്റുപേട്ടയിലെ 962 മാത്രമാണ്.

## ജലലഭ്യത

തെക്കനാറും വടക്കനാറും കൂടിച്ചേർന്ന് മീനച്ചിലാർ രൂപം കൊള്ളുന്നത് ഈരാറ്റുപേട്ടയിലാണ്. ഈ പഞ്ചാത്തിൽ 6 കിലോമീറ്റർ നീളത്തിൽ പുഴയോരങ്ങളുണ്ട്. വേനൽക്കാലത്തുപോലും ഇരുകരകളിലും മുറ്റി, മണൽനിറഞ്ഞ തെളിഞ്ഞ അടിത്തട്ടുമായി പുഴയൊഴുകിയിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് അവയെല്ലാം ഗതകാലസ്മരണകൾ മാത്രം.

വേനൽ ആരംഭിക്കുന്നതോടെ പുഴ ഇടമുറിയുകയും മലിന ജലത്തുരുത്തുകളായി മാറുകയും ചെയ്യുന്നു. വർഷത്തിൽ ശരാശരി 30 സെന്റീമീറ്ററിനു മുകളിൽ മഴ ലഭിക്കുന്നുണ്ട്. എങ്കിലും ജലം വേണ്ടവിധം മണ്ണിൽ താഴാതെ ഒഴുകി പോകുന്നു. മുല്ലൂപ്പാറത്തോട്, കൊട്ടുകാപ്പള്ളിത്തോട്, മാതാക്കൽ തോട്, ഈഴേലി തോട്, പാറത്തോട്, മാന്തത്തോട്, ചിറപ്പാറത്തോട്, മുളന്താനം തോട്, കടുവാമുഴി തോട്, ഇരുപ്പാംകുഴി തോട് തുടങ്ങിയ തോടുകളിലൂടെ ഒഴുകി മീനച്ചിലാറ്റിൽ ചെന്നു ചേരുന്നു. ഫലത്തിൽ കാർഷികാവശ്യത്തിനുപോയിട്ട് കുടിക്കുന്നതിനുപോലും ജലം ലഭിക്കാത്ത അവസ്ഥയാണുള്ളത്.

## പരിസ്ഥിതി പ്രശ്നങ്ങൾ

1991-ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ജനസാന്ദ്രത 2830/ച.കി. ആണ്. ഇപ്പോഴത് 4000-ൽ ചെന്ന് നിൽക്കുന്നു. ഇത്രയധികം ജനസാന്ദ്രതയുള്ള ഈ പഞ്ചായത്തിൽ നഗരവൽക്കരണത്തിന്റെ സന്തതസഹചാരികളായ പൊടിപടലങ്ങളും പുകയും, ഹോട്ടലുകളിൽ

നിന്നും കശാപ്പുശാലകളിൽ നിന്നും പുറന്തള്ളപ്പെടുന്ന അഴുക്കുകളുമൊക്കെ ജനജീവിതത്തെ അസ്വസ്ഥമാക്കുന്നു. കുന്നിൻചെരുവുകളിലാകട്ടെ മണ്ണൊലിപ്പും അനുഭവപ്പെടുന്നു. പുഴയിൽ അമിതമായി മണ്ണടിഞ്ഞ് കൂടി സ്വാഭാവിക നീരൊഴുക്കിന് തടസ്സം നേരിടുന്നു ഇത് പുഴയുടെ ആഴം കുറയുന്നതിനും വെള്ളപ്പൊക്കത്തിനും കാരണമാകുന്നു ഇതാണ് ഇവിടെ അനുഭവിക്കുന്ന പ്രധാന പ്രശ്നം.

## ജനപ്രകൃതി

നഗരത്തിൽ 17259 പുരുഷന്മാരും 12352 സ്ത്രീകളുമടക്കം ആകെ 34814 ജനസംഖ്യയാണുള്ളത്. 4474 പേർ (12.85%) ആറുവയസ്സിൽ താഴെയുള്ള കുട്ടികളാണ്. (2002 ജൂൺ) ഇവരിൽ ചുരുങ്ങിയ ശതമാനം മാത്രമേ കൃഷിയെ ആശ്രയിച്ചു കഴിയുന്നുള്ളു. 80% ആളുകളും വാണിജ്യകാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. സ്ത്രീകളാവട്ടെ ഗാർഹിക ജോലികളിലല്ലാതെ മറ്റു തൊഴിൽമേഖലകളിൽ അധികം പങ്കെടുത്തു കാണുന്നില്ല. ചുരുക്കം സ്ത്രീകൾ മാത്രം വരുമാനമുള്ള തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. കൃഷിഭൂമിയുടെ നല്ല ശതമാനവും ഭവനനിർമ്മാണാവശ്യത്തിന് തുണ്ടുകളാക്കി മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ പ്രവണത സൂചിപ്പിക്കുന്നത് സമീപഭാവിയിൽ കൃഷിഭൂമി നഗരത്തിൽ നിന്നും പാടേ അപ്രത്യക്ഷമായേക്കാമെന്നതാണ്. അതുകൊണ്ട് കൃഷിയെ ആശ്രയിക്കുന്ന ആളുകൾതന്നെ ഇല്ലാതാവാനും സാധ്യതയുണ്ട്.

# വിഷയമേഖലകൾ

- പൊതുഭരണം, ധനകാര്യം
- പ്രാദേശിക സാമ്പത്തിക വികസനം
- കൃഷിയും അനുബന്ധ മേഖലകളും
- വിദ്യാഭ്യാസം സംസ്കാരം യുവജന ക്ഷേമം
- കുടിവെള്ളം
- പാർപ്പിടം
- സാമൂഹ്യ നീതി
- (ഭിന്നശേഷി, വൃദ്ധർ, ട്രാൻസ് ജെന്റേഴ്സ്)
- ജെൻഡർ വികസനവും, കുട്ടികളുടെ വിവകസനവും
- പൊതുമരാമത്ത് ഊർജ്ജം
- നഗരാസൂത്രണം
- ദാരിദ്ര്യ ലഘൂകരണം
- ശുചിത്വ മാലിന്യ സംസ്കരണം
- ആരോഗ്യം
- പട്ടികജാതി– പട്ടികവർഗ്ഗ വികസനം
- മൃഗസംരക്ഷണം ക്ഷീരവികസനം
- ജൈവ വൈവിദ്ധ്യ മാനേജമെന്റ്
  - – കാലാവസ്ഥാ വ്യതിയാനം
  - – ദുരന്ത നിവാരണം




## വർക്കിംഗ് ഗ്രൂപ്പ് പൊതുഭരണവും ധനകാര്യവും

| ക്ര.ന | പേരും വിലാസവും | ഫോൺ ഇ-മെയിൽ ഐ.ഡി. | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/ പുരുഷൻ | എസ്.സി./ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം / പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1. | ഫാത്തിമ അൻസർ | 9447104955 | ചെയർപേഴ്സൺ | | | | | |
| 2. | മുഹസിൻ പി.എം. | 9400970502 | കൺവീനർ | | | | | |
| 3. | അജ്മൽ | 9847600955 | അംഗം | | | | | |
| 4. | സജീവ് | 9947700275 | അംഗം | | | | | |
| 5. | സത്താർ | 9947423292 | അംഗം | | | | | |
| 6. | ഹബീബ് കപ്പിത്താൻ | 8075841321 | അംഗം | | | | | |
| 7. | ഹാഫീസ് പി.ആരിഫ | 8848691826 | അംഗം | | | | | |
| 8. | അഷറഫ് വടക്കേതിൽ | 9495616085 | അംഗം | | | | | |
| 9. | സലിം വെട്ടുകല്ലുങ്കൽ | 9061245000 | അംഗം | | | | | |
| 10. | നൂർജഹാൻ | 9747556849 | അംഗം | | | | | |
| 11. | ബഷീർകുട്ടി പുളിക്കച്ചാലിൽ | 9744265824 | അംഗം | | | | | |
| 12. | കെ.എം.ജാഫർ, കോന്നച്ചാടത്ത് | 9400975003 | അംഗം | | | | | |
| 13. | ഹിബ കൊട്ടുകാപ്പള്ളിൽ | 9947002389 | അംഗം | | | | | |
| 14. | ഫൈസൽ കന്നാംപറമ്പിൽ | 9447930447 | അംഗം | | | | | |
| 15. | റിയാസ് | 9562741261 | അംഗം | | | | | |

## നഗരസഭാ ഓഫീസ് കൂടുതൽ ജനസൗഹൃദമാക്കണം

നമ്മുടെ നഗരസഭാ ഓഫീസ് കൂടുതൽ ജനസൗഹൃദമാക്കണം. പൊതുജനങ്ങൾക്ക് യഥാസമയം സേവനം നൽകുക എന്നതിനൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് അവരോടുള്ള പെരുമാറ്റവും. ഒരു സേവനത്തിനായി നഗരസഭാ ഓഫീസിൽ എത്തുന്നവരോടുള്ള മാന്യമായ പെരുമാറ്റം അവർക്ക് നഗരസഭാ ഓഫീസിനോടും ഉദ്യോഗസ്ഥരോടും ജനപ്രതിനിധികളോടുമുള്ള മതിപ്പ് വർദ്ധിപ്പിക്കും. മാത്രവുമല്ല നഗരസഭകളിൽ എത്തുന്ന പൊതുജനങ്ങളിലധികവും സമൂഹത്തിൽ - ഏറെ താഴെത്തട്ടിലുള്ളവരും നിരാലംബരും, അഗതികളുമായിട്ടുള്ളവരാണ് എന്ന് ഓരോരുത്തരും പ്രത്യേകം ഓർക്കണം. നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും വ്യാഖ്യാനിക്കപ്പെടുന്നത് ഒരു സേവനം ഏറ്റവും വേഗത്തിൽ - എങ്ങനെ നൽകുവാൻ കഴിയുമെന്ന തരത്തിലാവണം. അപ്രകാരമല്ലാതെ വ്യാഖ്യാനിക്കപ്പെടുന്നത് ഒരാവശ്യവുമായി എത്തുന്ന സാധാരണക്കാരന് കൂടുതൽ തവണ ഓഫീസിൽ കയറിഇറങ്ങേണ്ട സാഹചര്യം സൃഷ്ടിക്കും.

സമ്പൂർണ്ണ വ്യവസായ സൗഹൃദസംസ്ഥാനമായി മാറുകയാണ് നമ്മുടെ സംസ്ഥാനം. ഒപ്പം 70% കച്ചവടക്കാരുള്ള നമ്മുടെ നാടും ഇതിനായി നിയമങ്ങളിലും ചട്ടങ്ങളിലും വലിയ ഇളവുകൾ നൽകിവരുന്നു. ഈ നയത്തിനനുസരിച്ച് നമ്മുടെ നാടും നഗരസഭാ ഓഫീസും മാറണം. വാണിജ്യവ്യവസായ സ്ഥാപനങ്ങളുടെയും മറ്റും ലൈസൻസിനായി സമീപിക്കുന്ന സംരംഭകന് അത് വളരെ വേഗം നൽകുവാൻ കഴിയണം. അനാവശ്യ നൂലാമാലകളുടെ കുരുക്കിൽ സംരംഭക

രുടെ മനസ്സ് മടുപ്പിക്കാതിരിക്കുവാൻ ശ്രദ്ധിക്കണം. കെ-സ്മാർട്ട് സംവിധാനം നഗരസഭയിൽ ഏർപ്പെടുത്തിയതിലൂടെ പൊതുജനങ്ങൾക്ക് സേവനം വളരെ വേഗത്തിൽ ലഭ്യമാക്കുവാൻ സാധിക്കേണ്ടതാണ്. ആവശ്യമായ എല്ലാ രേഖകളും സഹിതം വ്യക്തികൾക്ക് സ്വന്തമായി മൊബൈൽ ഫോണിലൂടെയോ അക്ഷയസെന്ററുകൾ മുഖേനയോ അപേക്ഷ സമർപ്പിക്കാവുന്നതും ഈ അപേക്ഷകൾ നഗരസഭയിൽ ലഭിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പു ജീവനക്കാർക്ക് അത് ഓൺലൈനായിതന്നെ നടപടികൾക്കായി അയയ്ക്കാവുന്നതാണ്. ഓഫീസുകൾ കഴിവതും പേപ്പർരഹിതം ആക്കുന്നതിനും സേവനങ്ങൾ വേഗത്തിലും കൃത്യമായും നല്കുന്നതിനും എല്ലാ ജീവനക്കാരും ശ്രമിക്കേണ്ടതാണ്.

ടാക്സടയ്ക്കുവാൻ നഗരസഭയിൽ എത്തുന്ന ആളുകൾ നിരന്തരമായി പരാതി പറയുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. ഇത് വലിയ രീതിയിലുള്ള പ്രശ്നങ്ങൾ തന്നെ സൃഷ്ടിക്കുന്നുണ്ട്. മുൻപ് ടാക്സ് അടച്ച പലരുടെയും നമ്പരുകൾ കമ്പ്യൂട്ടറിൽ കാണുന്നില്ല എന്ന ആക്ഷേപമുണ്ട്. ഇത് കമ്പ്യൂട്ടറിലെ പിഴവോ ക്ലറിക്കൽ മിസ്റ്റേക്കോ, സോഫ്റ്റ്വെയർ കംപ്ലയിന്റോ ആയിരിക്കാം. ഈ പ്രശ്നം അടിയന്തിരമായി പരിഹരിച്ച് മികച്ച രീതിയിലുള്ള സേവനം പൊതുജനങ്ങൾക്ക് ലഭ്യമക്കണം.

നഗരസഭയിൽ ക്ഷേമപെൻഷനായി എത്തുന്ന സാധാരണക്കാരായ ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ പരമാവധി വേഗത്തിൽ ആനുകൂല്യം അനുഭവവേദ്യമാക്കണം.

സ്ത്രീ സുരക്ഷാ പെൻഷന് അർഹരായ എല്ലാ സ്ത്രീകളിലും എത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വിവാഹ, ജനന, മരണ രജിസ്ട്രേഷന് വരുന്നവർക്ക് കഴിയുന്നത്ര വേഗത്തിൽ ലഭ്യമാക്കണം.

## നഗരസഭയിലെ 2023-24, 24-25 വർഷത്തെ വരവ് ചിലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

**നഗരസഭയുടെ തനതു വരുമാനം2023-24**

| | |
|---|---|
| വസ്തുനികുതി - തൻവർഷം | 8234550 |
| കുടിശ്ശിക | 4000716 |
| തൊഴിൽകരം - സ്ഥാപനം - തൻവർഷം | 8,01,035 |
| കുടിശ്ശിക | 1,58,850 |
| പരസ്യനികുതി (കുടിശ്ശിക) | 2,505 |
| ലൈസൻസ് ഫീസ് - തൻവർഷം | 440,526 |
| ലൈസൻസ് ഫീസ് - കുടിശ്ശിക | 97,945 |
| വാടക - നഗരസഭ - കെട്ടിടം - തനതുവർഷം | 99,55,516 |
| - നഗരസഭ - കെട്ടിടം - കുടിശ്ശിക | 661,309 |
| സ്വകാര്യ ആശുപത്രി | 1800 |

**നഗരസഭയുടെ തനതു വരുമാനം 2020-21**

| | |
|---|---|
| വസ്തുനികുതി - തൻവർഷം | 23664998 |
| കുടിശ്ശിക | 24462838 |
| തൊഴിൽകരം - സ്ഥാപനം - തൻവർഷം | 1534509 |
| ലൈസൻസ് ഫീസ് - തൻവർഷം | 880500 |
| കുടിശ്ശിക | 114,400 |
| വാടക - നഗരസഭ കെട്ടിടം- തൻവർഷം | 2410748 |
| കുടിശ്ശിക | |
| സ്വകാര്യആശുപത്രി & പാരാമെഡിക്കൽ സ്ഥാപനരജിസ്ട്രേഷൻ ഫീസ് | 9200 |

| | |
|---|---|
| കെട്ടിടനിർമ്മാണ ഇനത്തിലുള്ള ഫീസ് | 1107504 |
| പെർമിറ്റ് അനുവദിച്ച ഇനത്തിലുള്ള ഫീസ് | 89183 |

മേൽ സൂചിപ്പിച്ച വരുമാനത്തിൽ നിന്നും മനസ്സിലാകുന്നത് വസ്തുനികുതി തന്നെയാണ് നഗരസഭയുടെ ഏറ്റവും വലിയ തനത് വരുമാനമാർഗ്ഗം. അതിനാൽ തന്നെ അനധികൃതമായി നിർമ്മിച്ചിരിക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും നോട്ടീസ് നൽകി ക്രമവൽക്കരിച്ച് നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. രണ്ടാമതായി തൊഴിൽ നികുതിയാണ്,നഗരത്തിലെ തൊഴിൽ ചെയ്യുന്ന എല്ലാ ട്രേഡേഴ്സിനും പ്രൊഫഷൻ ടാക്സ് അസസ്സ് ചെയ്ത് ട്രേഡ് ലൈസൻസ് നൽകി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടിയും 14-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷം തന്നെയുണ്ടാവേണ്ടിയിരിക്കുന്നു. നഗരസഭയിലെ സിവിക് അമിനിറ്റീസ് (വാടക കെട്ടിടങ്ങൾ) നിന്നുള്ള വരുമാനത്തിൽ വൻ ഇടിവാണ് വന്നിട്ടുള്ളത്. മുൻപ് നഗരസഭയ്ക്ക് വരുമാനം നേടിത്തന്നിരുന്ന പ്രൈവറ്റ് ബസ്സ്റ്റാന്റ് കോംപ്ലക്സ് കെട്ടിടം കാലപ്പഴക്കത്താൽ പൊളിക്കുകയും പുതിയത് പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. തിയേറ്ററിൽ നിന്നും, പരസ്യനികുതിയിൽ നിന്നും, വിനോദ നികുതിയിൽ നിന്നും ലഭിച്ചിരുന്ന വരുമാനവും GST യുടെ കടന്നുവരവോടുകൂടി നഷ്ടപ്പെട്ടു. നഗരസഭയ്ക്ക് സ്വന്തമായി സ്റ്റേഡിയം, മുനിസിപ്പൽ പാർക്ക്, കമ്മ്യൂണിറ്റിഹാൾ, ഓഡിറ്റോറിയം, ടൗൺഹാൾ, വനിതാഹോസ്റ്റൽ, ബങ്കുകൾ എന്നിവ ഇല്ലാത്തതും തനത് വരുമാനവർദ്ധനവിന് തടസ്സം നേരിടുന്നു. ആയതിനാൽ 14-ാം പഞ്ചവത്സരപദ്ധതിയിൽ മേൽപറഞ്ഞ സൗകര്യങ്ങൾക്ക് നഗരസഭാപ്രദേശത്ത് സ്ഥലം കണ്ടെത്തി യാഥാർത്ഥ്യമാക്കേണ്ടിയിരിക്കുന്നു. തനത് വരുമാനത്തിലെ ഇടിവുമൂലം പശ്ചാത്തലസേവന മേഖലകളിൽ കൂടുതൽ തനത്ഫണ്ട് വകയിരുത്തുവാൻ സാധിച്ചിരുന്നില്ല. ലഭ്യമാകുന്ന വാർഷിക പദ്ധതിവിഹിതം കോവിഡിന്റെയും മഹാമാരികളുടെയും അടിസ്ഥാനത്തിൽ വലിയ കുറവാണ് വരുത്തിയിട്ടുള്ളത്. തുക മാറ്റിയത് ശേഷം ബാക്കി തുക വളരെ തുച്ഛമാണ്. ഇത് വാർഷികപദ്ധതികളുടെ സുഗമമായ നടത്തിപ്പിനെ സാരമായി ബാധിക്കുന്നു. ഈ സാഹചര്യത്തിലാണ് തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാകുന്നത്. ആയതിനാൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നയസമീപനമാണ് 14-ാം പഞ്ചവത്സരപദ്ധതിയിൽ മുന്തിയ പരിഗണന നൽകേണ്ടത്. വസ്തുനികുതി കുടിശ്ശിക പരമാവധി പിരിച്ചെടുക്കുന്നതിനും, എല്ലാ വ്യാപാരസ്ഥാപനങ്ങൾക്കും ലൈസൻസ് എടുപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## നഗരസഭാ ഓഫീസ് നാൾവഴി

1962 ജനുവരി 1 ന് ആണ് ഈരാറ്റുപേട്ട പഞ്ചായത്ത് രൂപീകരിച്ചത്. പല സ്ഥലങ്ങളിലായി മാറി മാറി പ്രവർത്തിച്ച പഞ്ചായത്ത് ഓഫീസിനായി ശ്രീ. പി.പി. ഈസാമാൻ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്നപ്പോൾ പുതുപ്പറമ്പിൽ പി.എ. ഹസൻ സാഹിബിന്റെ 20 സെന്റ് സ്ഥലം 20000/- രൂപയ്ക്ക് വാങ്ങി. 1970 ൽ ആഫീസ് കെട്ടിടനിർമ്മാണം ആരംഭിച്ചു. 1978 ഓഗസ്റ്റ് 8-ന് പഞ്ചായത്ത് വകുപ്പ് മന്ത്രി ശ്രീ. ഔഖാദർകുട്ടി നഹാ ഓഫീസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. എല്ലാവിധ സൗകര്യവും ഉള്ള ഇരുനില കെട്ടിടമാണ് പണിതത്. ഈ കെട്ടിടമാണ് ഇപ്പോഴത്തെ നഗരസഭയുടെ ആസ്ഥാനമന്ദിരം. 44 വർഷം പഴക്കമുള്ള ഈ കെട്ടിടം 2015-ൽ പുതുക്കി പണിതു. എന്നിരുന്നാൽ തന്നെ വലിയ ജനസംഖ്യയുള്ള നഗരസഭയിൽ അസൗകര്യങ്ങൾകൊണ്ട് വീർപ്പ് മുട്ടുകയാണ് നഗരസഭാ ഓഫീസ്. സ്ഥലപരിമിതി മൂലം കൃത്യവും കാര്യക്ഷമവുമായ ഫ്രണ്ട് ഓഫീസ് സംവിധാനം ഇല്ലാ എന്നുള്ളത് വലിയ കുറവ് തന്നെയാണ്. നഗരസഭയിലെ സ്ഥലപരിമിതി മൂലം

പൊതുജനങ്ങൾക്കോ ജീവനക്കാർക്കോ ആവശ്യമായ ടോയ്‌ലറ്റ് സൗകര്യംപോലും ലഭ്യമാക്കുവാൻ സാധിച്ചിട്ടില്ല. പഴയ സ്ലോട്ടർ ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പുതിയ നഗരസഭാ ഓഫീസ് പണിയുവാൻ കിഫ്ബിയിൽ നിന്നും 8.5 കോടി രൂപാ അനുവദിച്ചിട്ടുള്ളതും നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞതുമാണ്. അത്യാധുനിക സൗകര്യത്തോടെ ഈ ഓഫീസ് കെട്ടിടം പണിതാൽ ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ സാധിക്കും എന്ന് പ്രത്യാശിക്കുന്നു.

## സ്ത്രീ സൗഹൃദം

നഗരസഭാ ഓഫീസ് സ്ത്രീ സൗഹൃദമാക്കുന്നതിന് ഷി ടോയ്‌ലറ്റുകളും ഫീഡിംഗ് റൂമുകളും വനിതാ വിശ്രമമുറികളും ആവശ്യമാണ്. എന്നാൽ നിലവിലെ സാഹചര്യത്തിൽ ഇതൊന്നും നഗരസഭാ ഓഫീസിൽ ലഭ്യമല്ല. 14-ാം പഞ്ചവത്സരപദ്ധതി കാലയളവിൽ ഓഫീസ് കൂടുതൽ സ്ത്രീ സൗഹൃദമാക്കും.

## കെ. സ്മാർട്ട്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മികച്ച വിപ്ലവം.

തദ്ദേശ സ്വയംഭരണ വകുപ്പിനായുള്ള ഇൻഫർമേഷൻ കേരള മിഷനാണ് ആപ്ലിക്കേഷൻ വികസിപ്പിച്ചിരിക്കുന്നത്.

സാങ്കേതിക മുന്നേറ്റങ്ങൾ വ്യക്തികൾക്കുള്ളിൽ രൂപാന്തരപ്പെടുത്തുന്ന മാറ്റങ്ങൾക്കും ഭരണത്തിന്റെ ഭൂപ്രകൃതിയെ പുനർനിർമ്മിക്കുന്നതിനും സ്ഥിരമായി വഴിയൊരുക്കുന്നു. ഇ-ഗവേണൻസ് സംരംഭങ്ങളും സ്മാർട്ട് ഗവൺമെന്റ് ഓഫീസുകളും പൊതു-സർക്കാർ ഇടപെടലുകൾ കൂടുതൽ തടസ്സരഹിതവും സുതാര്യവുമാക്കി. അത്തരം ദ്രുതഗതിയിലുള്ള മാറ്റങ്ങളെ അതിവേഗം സ്വീകരിക്കുന്നതിൽ കേരളം എല്ലായ്പ്പോഴും ഒരു പ്രധാന സ്ഥാനം വഹിക്കുന്നു. "K-SMART" (കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റിഫോർമേഷൻ ആൻഡ് ട്രാൻസ്ഫോർമേഷൻ) പ്രോജക്ട്, ഒരു വ്യക്തിക്ക് ജനനം മുതൽ മരണം വരെ പരമാവധി സേവനങ്ങൾ ഒരു ഓൺലൈൻ പ്ലാറ്റ്ഫോം വഴി നൽകുന്നതിന് രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. സേവനങ്ങൾ എത്തിക്കുന്നതിലും അവരുടെ ദൈനംദിന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലുടനീളം കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനാണ് ഇത് ലക്ഷ്യമിടുന്നത്.

ഈരാറ്റുപേട്ട മുൻസിപ്പാലിറ്റിയിൽ ജനങ്ങൾക്കുവേണ്ടി കെ.സ്മാർട്ട് സജ്ജമാണ്.

## നിലവിലെ ഓൺലൈൻ സേവനങ്ങൾ

| | | |
|---|---|---|
| ക്ഷേമപെൻഷനുകൾ | - | അതെ |
| തൊഴിൽ നികുതി | - | അതെ |
| കെട്ടിടനികുതി | - | അതെ |
| പെർമിറ്റ് | - | അതെ |
| പാർപ്പിട പദ്ധതികൾ | - | അതെ |
| ട്രേഡ് ലൈസൻസ് | - | അതെ |
| സ്ത്രീസുരക്ഷാ പെൻഷൻ | - | അതെ |
| വിവാഹ-ജനന-മരണ രജിസ്ട്രേഷൻ | - | അതെ |

## ഭൗതിക സൗകര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.

പൊതുജനങ്ങൾക്ക് ഇരിപ്പിടങ്ങൾ, കുടിക്കുവാനുള്ള ശുദ്ധജലം, പത്രമാസികകൾ, ടി.വി. കാണുവാനുള്ള സൗകര്യം, പരാതിപ്പെട്ടി, പരാതി പുസ്തകം, സ്ത്രീകൾക്കു പുരുഷന്മാർക്കും സൗകര്യങ്ങളോടുകൂടിയതും വൃത്തിയുള്ളതുമായ പ്രത്യേകം പ്രത്യേകം ബാത്റൂമുകൾ, ഫീഡിംഗ് റൂം, എന്നിവ ഏർപ്പെടുത്തണം. കൂടാതെ പൗരാവകാശരേഖയും ലഭ്യമാക്കണം.

## ഓഫീസ് ക്രമീകരണങ്ങൾ

ഓഫീസിനകത്ത് എല്ലാ ജീവനക്കാർക്കും പരസ്പരം കാണാൻപാകത്തിന് ഇരിപ്പിടങ്ങൾ ക്രമീകരിക്കണം. ആവശ്യമായ മേശ, കസേര, കമ്പ്യൂട്ടർ, മറ്റ് അത്യാവശ്യ സ്റ്റേഷനറികളും നൽകിയിരിക്കണം. ജീവനക്കാരുടെ പേര്, സീറ്റ് നമ്പർ എന്നിവയും ഇരിപ്പിടങ്ങളിൽ പ്രദർശിപ്പിക്കണം.

## ബോർഡുകൾ

നഗരസഭാ കാര്യാലയത്തിനു പുറത്തുള്ള നോട്ടീസ് ബോർഡ്, വിവിധ മീറ്റിംഗ് ബോർഡുകൾ, (വാർഡ്സഭാ യോഗം, കൗൺസിൽ യോഗം, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ യോഗം) ജീവനക്കാരുടെ ഹാജർ നിലവാരം, കൗൺസിലർമാരുടെ ഫോൺ നമ്പർ, ജനനമരണ, വിവാഹ രജിസ്ട്രേഷൻ, വിവരാവകാശ നിയമം, സേവനാവകാശ നിയമം, ഓഫീസ് പ്രവർത്തനസമയം, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ എന്നീ സ്ഥാപനങ്ങളുടെ വിലാസം, ഫോൺ നമ്പർ എന്നിവ പ്രദർശിപ്പിച്ചിരിക്കണം.

1. റിക്കാർഡുകൾ സൂക്ഷിക്കാനും സൗകര്യത്തിലും എളുപ്പത്തിലും എടുക്കാനും സാധിക്കുന്ന രീതിയിൽ റിക്കാർഡ് റൂം സജ്ജീകരിക്കുക.
2. ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങൾ ജീവനക്കാരുടെ അഭിപ്രായനിർദ്ദേശങ്ങൾ സ്വീകരിച്ചശേഷം നടപ്പാക്കണം.
3. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി നടക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിക്കുക.
4. ആവശ്യമായ രജിസ്റ്ററുകൾ, സ്റ്റേഷനറി, ഫോറങ്ങൾ, ഉപകരണങ്ങൾ എന്നിവ ഫ്രണ്ട് ഓഫീസിൽ സജ്ജമാക്കുക.
5. ഇൻഫർമേഷൻ കേരള മിഷന്റെ സോഫ്റ്റ് വെയറുകൾ സ്ഥാപിക്കുകയും പരസ്പരം ബന്ധിപ്പിച്ച് പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കുകയും ചെയ്യുക.
   - ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള റാമ്പ്
   - പൊതുജനങ്ങൾക്ക് ഇരിക്കാനും എഴുതാനുമുള്ള സൗകര്യങ്ങളും ആവശ്യമായ സ്റ്റേഷനറിയും
   - കുടിവെള്ളം, ശുചിമുറി, ടെലിവിഷൻ, വായനാ കോർണർ, തപാൽ, പരാതിപ്പെട്ടികൾ
   - സ്ത്രീകൾക്ക് പ്രത്യേക ശുചിമുറി
   - മുലയൂട്ടുന്ന അമ്മമാർക്കുള്ള സ്വകാര്യത ഉറപ്പാക്കിയുള്ള സൗകര്യങ്ങൾ
   - പ്രഥമ ശുശ്രൂഷാ കിറ്റ്
   - ടച്ച് സ്ക്രീൻ സംവിധാനം (സേവനങ്ങളുടെ/അപേക്ഷകളുടെ നിലവിലെ അവസ്ഥ അറിയാൻ)
   - അപേക്ഷകൾക്ക് കൈപ്പറ്റ് രശീതി നൽകുന്നതിനുള്ള സംവിധാനം
   - തിരക്കുള്ള സമയത്ത് ഇലക്ട്രോണിക് ടോക്കൺ സംവിധാനം

7. കേരള മുനിസിപ്പാലിറ്റി പൗരാവകാശരേഖാ ചട്ടങ്ങൾ 2000-ൽ നിഷ്കർഷിച്ച പ്രകാരം നഗരസഭയുടെ കാഴ്ചപ്പാടും ഗുണമേന്മ നയവും വ്യക്തമാക്കി തയ്യാറാക്കുന്ന പൗരാവകാശരേഖ ബോർഡ് പ്രദർശിപ്പിക്കുക.

8. കൗൺസിൽ യോഗങ്ങൾ സംബന്ധിച്ച ബോർഡ്, വാർഡ്സഭാ ബോർഡ് എന്നിവ പ്രദർശിപ്പിക്കുക.
9. ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും ഹാജർ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസവും രാവിലെ 10.30 മണിക്ക് മുമ്പായി പുതുക്കി പ്രദർശിപ്പിക്കുകയും ചെയ്യുക.
10. നഗരസഭയിലെ ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനസമയം പ്രദർശിപ്പിക്കുക.
11. നിയമാനുസരണം നിഷ്കർഷിച്ചിട്ടുള്ള മറ്റ് ബോർഡുകൾ സ്ഥാപിക്കുകയും കാലാനുസൃതമാണെന്ന് ഉറപ്പാക്കുകയും ചെയ്യുക
12. റെക്കോർഡ് മാനേജ്മെന്റ് കൃത്യമായി നടപ്പിലാക്കുക.

## ഇ-ഗവേണൻസ്

പ്രാദേശിക ഭരണം കാര്യക്ഷമമാക്കുന്നതിനും, പൗര സേവനം സുഗമമാക്കുന്നതിനുമായി ഇ-ഗവേണൻസ് സംവിധാനം ഇന്ന് വളരെ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. ഇ-ഗവേണൻസ് ഫലപ്രദമാകണമെങ്കിൽ പൗരസമൂഹത്തിന്റെ പങ്കാളിത്തവും സജീവമായ ഇടപെടലും അനിവാര്യമാണ്. ഇന്റർനെറ്റ്, വെബ്സൈറ്റുകൾ തുടങ്ങിയവയുടെ ഉപയോഗം ഇതിൽ പ്രധാനമാണ്. ലളിതവും ഉത്തരവാദിത്വപൂർണ്ണവും, പ്രതികരണാത്മകവും സുതാര്യവും ആയ രീതിയിൽ ഭരണം കൈകാര്യം ചെയ്യുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുക.

1. നഗരസഭയിലെ വിവരങ്ങൾ സുതാര്യവും സുരക്ഷിതവും ആധികാരികവുമായി വിവിധ വകുപ്പുകളിലേക്കും പൊതുജനങ്ങൾക്കും കൈമാറുന്നതിനും, അതുവഴി പൊതുജനങ്ങൾക്ക് കാര്യക്ഷമമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനു കഴിയും.
2. നഗരസഭയ്ക്ക് വെബ്സൈറ്റ് നിലവിലുണ്ട്. വെബ്സൈറ്റിൽ നിലവിലുള്ള വിവരങ്ങൾ ദൈനംദിനം പുതുക്കണം. നഗരസഭയിലെ എല്ലാ വിവരങ്ങളും വെബ്സൈറ്റിൽ നൽകി. ഇതൊരു പ്രധാന മാധ്യമമായി വികസിപ്പിക്കുകയും ആയത് ജനങ്ങളെ അറിയിക്കുകയും ചെയ്യണം.
3. നഗരസഭയിലെ ജനനമരണ, വിവാഹരജിസ്ട്രേഷനുകൾ, വിവരങ്ങൾ, ഫയൽ വിവരങ്ങൾ, തുടങ്ങിയവ ഇപ്പോൾ വെബ്സൈറ്റിൽ ലഭ്യമാക്കാൻ കഴിയും. ഇമെയിൽ, ഇഫയലിംഗ്, ഇപെയ്മെന്റ് തുടങ്ങിയവ കാര്യക്ഷമമാക്കി പരമാവധി ഇന്റർനെറ്റ് സംവിധാനം ഉപയോഗിച്ച് നിർവ്വഹിക്കണം. അക്ഷയകേന്ദ്രങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തണം.

നഗരസഭയിൽ ഇഗവേണൻസ് നടപ്പാക്കുന്നതിനാണ് സംസ്ഥാന സർക്കാർ ഇൻഫർമേഷൻ കേരളമിഷൻ (ഐ.കെ.എം) രൂപീകരിച്ചിട്ടുള്ളത്. നഗരസഭയുടെ ഭരണനിർവ്വഹണം, അക്കൗണ്ടിംഗ്, പൊതുമരാമത്ത് പണികൾ, യോഗനടപടിക്രമങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങൾ ഇലക്ട്രോണിക്കായി നിർവ്വഹിക്കുന്നതിനായി ഐ.കെ.എം. വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്വെയറുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇത് പൂർണ്ണമായും ഉപയോഗിക്കേണ്ടതാണ്.

# ധനകാര്യം

2015 ജനുവരിയിലാണ് സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായിരുന്ന ഈരാറ്റുപേട്ട പഞ്ചായത്ത് നഗരസഭയാക്കി ഉയർത്തിയത്. ജനങ്ങൾ 2-3 സെന്റു സ്ഥലങ്ങളിൽ തിങ്ങിപ്പാർക്കുന്ന നഗരസഭയിലെ പ്രധാന വരുമാനമാർഗ്ഗങ്ങൾ കെട്ടിടനികുതിയും തൊഴിൽ നികുതിയുമാണ്. അധികാര വികേന്ദ്രീകരണം തുടങ്ങുന്ന 1996-ന് മുൻപ് നമ്മുടെ തദ്ദേശ സ്ഥാപനത്തിലെ ദൈനംദിന കാര്യങ്ങളും വികസന പ്രവർത്തനങ്ങളും നടന്നിരുന്നത് ലഭ്യമാകുന്ന തനത് ഫണ്ടുകൾ ഉപയോഗിച്ചായിരുന്നു. ഇത് പഞ്ചായത്തിനെ സാമ്പത്തികമായി വളരെ പിന്നോട്ടടിച്ചു. എന്നാൽ 1996-ലെ

അധികാര വികേന്ദ്രീകരണം വഴി സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിന്റെ 30–40% തുക സമ്പൂർണ്ണ ആസൂത്രണ അധികാരത്തോട് കൂടി നമുക്ക് ലഭിച്ചതോടുകൂടി വിഭവ സ്രോതസ്സുകൾ, ഉദ്യോഗസ്ഥസ്ഥാപന സംവിധാനങ്ങൾ, എന്നിവയെല്ലാം പ്രത്യേകം നിർമ്മിച്ച് നൽകിയതോടു കൂടി പ്രാദേശിക ആസൂത്രണത്തിലും, നിർവ്വഹണത്തിലും, മോനിട്ടറിംഗിലും കൂടുതൽ മാനം കൈവരിക്കുവാൻ നമുക്ക് സാധിച്ചു എന്ന് മാത്രമല്ല. നമ്മുടെ ധനകാര്യ മാനേജ്മെന്റ് കൂടുതൽ സുദൃഢമാക്കുവാനും സാധിച്ചു. എന്നിരുന്നാൽ തന്നെയും നമ്മുടെ നഗരസഭയിൽ പല തരത്തിലും ലഭിക്കേണ്ട തനത് വരുമാനമാർഗ്ഗങ്ങൾക്കിടിവ് വന്നിട്ടുണ്ട്. പുതിയ ആസ്തികളും വരുമാനമാർഗ്ഗങ്ങളും സൃഷ്ടിക്കുന്നതിന് 14–ാം പഞ്ചവത്സര പദ്ധതിയിൽ മുന്തിയ പരിഗണന നൽകേണ്ടതായിട്ടുണ്ട്.

## കെട്ടിടനികുതി

നഗരസഭടെയുടെ ഏറ്റവും വലിയ വരുമാനമാർഗ്ഗം കെട്ടിടനികുതിയാണ്. പാർപ്പിടാവശ്യത്തിനും, വാണിജ്യ ആവശ്യത്തിനുമായി നഗരസഭയിൽ എണ്ണായിരത്തിലധികം കെട്ടിടങ്ങളുണ്ട്. എന്നാൽ നിലവിലുള്ള കെട്ടിടത്തിന് മുകളിലും പഴയ കെട്ടിടങ്ങൾ പൊളിച്ച് കളഞ്ഞ് പുതിയ കെട്ടിടങ്ങളും അനധികൃതമായി പലയിടത്തും നിർമ്മിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ നടത്തുന്നവർക്ക് ലൈസൻസ് പോലും നൽകിയിട്ടില്ല. ഈ കെട്ടിടങ്ങൾ എല്ലാം അതാത് വാർഡിലെ കൗൺസിലർമാരും ജീവനക്കാരും കൂടി ഇടപെട്ട് ക്രമപ്പെടുത്തി വ്യാപാരികൾക്ക് ലൈസൻസ് എടുപ്പിക്കുകയും ചെയ്തെങ്കിൽ ഇപ്പോൾ ലഭിക്കുന്ന കെട്ടിടനികുതികളുടെ ഇരട്ടി വർദ്ധനവ് നടത്തുവാൻ സാധിക്കും. കൂടാതെ മുൻപ് നമ്പരുണ്ടായിരുന്ന പല കെട്ടിടങ്ങൾക്കും കമ്പ്യൂട്ടറിൽ ഇപ്പോൾ നമ്പറില്ല. ഈ സാങ്കേതികപ്രശ്നം അടിയന്തിരമായി പരിഹരിച്ച് കെട്ടിട നികുതി ഓൺലൈൻ സംവിധാനത്തിൽ അടയ്ക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തണം. എങ്കിൽ ഒരു പരിധിവരെ ഈ ഇനത്തിൽ നിന്നുള്ള വരുമാനമാർഗ്ഗങ്ങൾ നമുക്ക് നേടിയെടുക്കുവാൻ സാധിക്കും.

## തൊഴിൽ നികുതി

ഈരാറ്റുപേട്ട നഗരസഭയിൽ നിരവധി സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളുണ്ട്. ഇവിടെ ജോലി ചെയ്യുന്നവരിൽ നിന്നുമാണ് തൊഴിൽകരം പിരിക്കുന്നത്. നിശ്ചിത ശമ്പളമായതിനാൽ ഈ നികുതി കൃത്യമായി ജീവനക്കാരിൽ നിന്നും പിരിച്ചെടുക്കുവാൻ സാധിക്കുന്നു. എന്നാൽ നഗരസഭയിലെ സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും ട്രേഡേഴ്സിൽ നിന്നും തൊഴിൽനികുതി കൃത്യമായി പിരിച്ചെടുക്കുവാൻ സാധിക്കുന്നില്ല. ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവാണ് ഇതിന് പ്രധാന കാരണം. കാലോചിതമായി തൊഴിൽ നികുതി രജിസ്റ്ററുകൾ പരിഷ്കരിച്ച് അരിയർ ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ച് പുതിയതായി ചേർക്കുവാനുള്ളവരെ ചേർത്ത് കഴിഞ്ഞാൽ ഇപ്പോൾ ലഭിക്കുന്ന തൊഴിൽനികുതിയുടെ 40% ലധികം വർദ്ധിപ്പിക്കുവാൻ നമുക്ക് സാധിക്കും. മാത്രമല്ല, തൊഴിൽനികുതി ഓൺലൈനാക്കിയാൽ നികുതിദാതാക്കളുടെ കൃത്യമായ എണ്ണം നമുക്ക് ലഭ്യമാക്കുവാനും സാധിക്കും. ആളുകൾക്ക് ഓഫീസിൽ വരാതെ നികുതി അടയ്ക്കുവാനും സാധിക്കും.

## വിനോദനികുതി

GST വന്നതോടുകൂടി നഗരസഭയുടെ വിനോദനികുതിയിൽ വൻ ഇടിവ് വന്നിട്ടുണ്ട്. സർക്കാർ ഈ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു. നഗരസഭയുടെ വരുമാനത്തിന്റെ ഏകദേശം 25% ആണ് ഇതുമൂലം നഷ്ടമായിരിക്കുന്നത്. നഗരസഭയിൽ മുനിസിപ്പൽ പാർക്കില്ലാത്തതും, അതുവഴിയുള്ള വരുമാനമില്ലാതാക്കുന്നു. വാഗമൺ, ഇലവീഴാപൂഞ്ചിറ, ഇല്ലിക്കക്കല്ല് തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് പോകുന്ന പ്രധാന പാതയാണ് ഈരാറ്റുപേട്ട. ആയതിനാൽ നഗരസഭയിലെ ടൂറിസത്തിന് സാധ്യതയുള്ള മേഖലകളിൽ ബോട്ടിംഗ് ഉൾപ്പെ

# കഴിഞ്ഞ 25 വർഷത്തെ വാർഷിക പദ്ധതി ചിലവുകൾ

## 9, 10 പഞ്ചവത്സരപദ്ധതികൾ വരവ് ചെലവ് സംബന്ധിച്ച കണക്കുകൾ

| | പദ്ധതി വിഹിതം ലഭിച്ചത് | | | പ്രതീക്ഷിച്ചത് | | | | | ചെലവഴിച്ച തുക | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | മുൻവർഷം നീക്കിയിരിപ്പ് | തൻവർഷം അലോട്ടുമെന്റ് | ആകെ | തനതുഫണ്ട് | സംസ്ഥാന/ കേന്ദ്ര ഫണ്ടുകൾ | ഗുണഭോക്തൃ വിഹിതം ബാങ്ക് വായ്പ | സന്നദ്ധസേവനം മറ്റുള്ളവ | ആകെ | പ്ലാൻ ഫണ്ട് | തനതുഫണ്ട് | സംസ്ഥാന/ കേന്ദ്ര ഫണ്ടുകൾ | ഗുണഭോക്തൃ വിഹിതം ബാങ്ക് വായ്പ | സന്നദ്ധ സേവനം മറ്റുള്ളവ | ആകെ |
| 97 - 98 | ........ | 2668000 | 2668000 | 92200 | ......... | 10000 | 75000 | 2845200 | 2579968 | 46100 | ...... | 2000 | 20000 | 2628068 |
| 98-99 | 88032 | 3350000 | 3438032 | 1775500 | 1180000 | ..... | ...... | 6393532 | 2677203 | 954098 | 1128 | ...... | ........ | 3632429 |
| 99-00 | 760829 | 3777000 | 4537829 | 1625000 | 1199634 | 450000 | 100000 | 7912463 | 3545554 | 701292 | 306574 | .... | ........ | 4553425 |
| 2000-01 | 992275 | 2837250 | 3829525 | 2780000 | 2287500 | 225000 | 100000 | 9222025 | 2930006 | 842800 | 100336 | 109908 | ......... | 3983050 |
| 2001-02 | 899519 | 2342250 | 3241769 | 8108150 | 765353 | 767800 | ...... | 12383072 | 2482696 | 922200 | 2038300 | 90770 | ...... | 5533966 |
| 2002-03 | 100226 | 5569433 | 5669659 | 7128461 | 1647900 | 2717071 | ..... | 19263091 | 3102512 | 2023169 | 220160 | 1005000 | ....... | 6350841 |
| 2003-04 | 1255510 | 3768500 | 5024010 | 9710650 | 468375 | 948075 | 1126220 | 17277330 | 4527747 | 7027965 | 319794 | 948075 | 1126220 | 13949801 |
| 2004-05 | ..... | 3797000 | 3797000 | 9526195 | 2845000 | 3903000 | 45288 | 20672483 | 3629556 | 1801557 | 2278176 | 653000 | 25000 | 8387289 |
| 2005-06 | ..... | 4420439 | 4420439 | 7881905 | 3000458 | 1233000 | ....... | 16643363 | 4009798 | 3076913 | 2779509 | 1142600 | ........ | 11008820 |
| 2006-07 | ...... | 4377000 | 4377000 | 13061017 | 4853692 | 568000 | ...... | 22859709 | 3305368 | 2047781 | 848300 | 483000 | ...... | 6684449 |
| Total | ..... | 36906872 | ....... | 61689078 | 18247912 | 10321946 | 1171508 | 132731613 | 32790408 | 19443875 | 8892282 | 4434353 | 1171220 | 6575366 |

# 11-ാം പഞ്ചവത്സര പദ്ധതി ചിലവ് കണക്കുകൾ

## 11-ാം പഞ്ചവത്സരപദ്ധതി ഉല്പാദനമേഖലയിലെ ചെലവുകൾ

| വർഷം | വികസനഫണ്ട് | മറ്റ് സ്രോതസ്സുകൾ | ആകെ |
|---|---|---|---|
| 2007 - 08 | 1113111 | 0 | 1113111 |
| 2008- 09 | 1922692 | 753184 | 2675876 |
| 2009 - 10 | 1357977 | 579231 | 1937208 |
| 2010 - 11 | 879860 | 385274 | 1265134 |
| 2011 - 12 | 975794 | 842168 | 1817962 |

## 11–ാം പഞ്ചവത്സര പദ്ധതി സേവനമേഖലയിലെ ചെലവുകൾ

| വർഷം | വികസനഫണ്ട് | മറ്റ് സ്രോതസ്സുകൾ | ആകെ |
|---|---|---|---|
| 2007 - 08 | 1633918 | 1826653 | 3460571 |
| 2008- 09 | 637475 | 1210695 | 1848170 |
| 2009 - 10 | 2351139 | 1471319 | 3822458 |
| 2010 - 11 | 1632075 | 3116951 | 4749026 |
| 2011 - 12 | 1222961 | 4480499 | 5703460 |
| **ആകെ** | **7477568** | **12106117** | **19583685** |

## 11–ാം പഞ്ചവത്സര പദ്ധതി പശ്ചാത്തലമേഖലയിലെ ചെലവുകൾ

| വർഷം | വികസനഫണ്ട് | മറ്റ് സ്രോതസ്സുകൾ | ആകെ |
|---|---|---|---|
| 2007 - 08 | 253243 | 100000 | 353243 |
| 2008- 09 | 869595 | 1042858 | 1912453 |
| 2009 - 10 | 0 | 1777229 | 1777229 |
| 2010 - 11 | 763605 | 2770352 | 3533957 |
| 2011 - 12 | 975794 | 842168 | 1817962 |
| **ആകെ** | **4266580** | **11289041** | **1555562** |

## 12–ാം പഞ്ചവത്സരപദ്ധതി ഉൽപ്പാദനമേഖല

| വർഷം | വികസനഫണ്ട് | മറ്റു സ്രോതസ്സ് | ആകെ |
|---|---|---|---|
| 2012–13 | 1113111 | – | 1113111 |
| 2013–14 | 1922692 | 753184 | 2675876 |
| 2014–15 | 13579777 | 579231 | 1937208 |
| 2015–16 | 879860 | 385274 | 1265134 |
| 2016–17 | 975794 | 842168 | 1817962 |

## സേവനമേഖല ചിലവുകൾ

| വർഷം | വികസനം | മറ്റു സ്രോതസ്സ് | ആകെ |
|---|---|---|---|
| 2012–13 | 1633918 | 1826653 | 3460571 |
| 2013–14 | 637475 | 1210695 | 1848170 |
| 2014–15 | 2351139 | 1471319 | 3822458 |
| 2015–16 | 1632075 | 3116951 | 4749026 |
| **ആകെ** | **7477568** | **12106117** | **19583685** |

## 12–ാം പഞ്ചവത്സരപദ്ധതി പശ്ചാത്തലമേഖല ചെലവുകൾ

| വർഷം | വികസനം | മറ്റു സ്രോതസ്സ് | ആകെ |
|---|---|---|---|
| 2012–13 | 253243 | 100000 | 353243 |
| 2013–14 | 869595 | 1042858 | 1921453 |
| 2014–15 | – | 1777229 | 1777229 |
| 2015–16 | 763605 | 2770352 | 3533957 |
| 2016–17 | 975794 | 842168 | 1817962 |
| **ആകെ** | **4266580** | **11289041** | **1555562** |

| 2015–2016 | | | 31–3–2016 | | |
|---|---|---|---|---|---|
| ഇതിൽ കാരിഓവർ–1.1 | സാധാരണ വിഹിതം | 2016 ലഭിച്ച തുക | വകയിരുത്തിയ തുക | വരെ ചിലവ് | ബാലൻസ് |
| 1.1 പൊതുവിഭാഗം | 923460 | 11608513 | 13577547 | 11660980 | 1916567 |
| 1.2 ധനകാര്യകമ്മീഷൻ | 200019 | 3928645 | 5598019 | 4078245 | 1519774 |
| 1.3 ലോകബാങ്ക് | 3505909 | – | 3505905 | 933340 | 2572569 |
| **ആകെ** | **46229388** | **20166546** | **22681475** | **16672565** | **6008910** |

| 2016-17 ലഭ്യമായ തുകയും ചെലവും | | | | |
|---|---|---|---|---|
| | 2016-17 | പദ്ധതിയിൽ വകയിരുത്തിയത് | 31-3-2017 വരെ | ബാലൻസ് |
| 1. പൊതു | | | | |
| 1.1 സാധാരണ വിഹിതം | 13078397 | 13078397 | 8273573 | 4804824 |
| 1.2 ധനകാര്യകമ്മീഷൻ | 6667222 | 7411474 | 2264776 | 5146698 |
| 6 | M.M.M.M.U.P.S | 2 | 126 | 786 | _ | _ | 4 | 31 | _ | _ | 32;1 | 25;1 | _ | _ | Kerala | Aided |
| 7 | Gov.Muslim.L.P.S | 1 | 181 | 311 | _ | _ | 4 | 14 | _ | _ | 45;1 | 22;1 | _ | _ | Kerala | Gov. |
| 8 | P.M.S.A.P.T.M.L.P.S | 1 | 14 | 28 | _ | _ | 1 | 5 | _ | _ | 14;1 | 6;1 | _ | _ | Kerala | Aided |
| 9 | Karimsahib boysH.S | 3 | _ | _ | 171 | _ | _ | _ | 9 | _ | _ | 19;1 | _ | _ | Kerala | Unaided |
| 10 | St.Alphonsa H.S.S | 4 | 294 | 508 | 287 | 26 | 9 | 23 | 12 | H.S T | 33;1 | 22;1 | 24;1 | _ | C.B.S.E | Unaided |
| 11 | AL Manar H.S.S | 4 | 229 | 410 | 418 | 50 | 9 | 22 | 16 | 4 | 33;1 | 22;1 | 24;1 | _ | C.B.S.E | Unaided |
| 12 | Hayathudeen H.S | 3 | 195 | 503 | 43 | _ | 5 | 18 | 5 | _ | 39;1 | 28;1 | 9;1 | _ | Kerala | Unaided |
| 13 | Thanmiya School | 1 | 91 | 146 | _ | _ | 5 | 7 | | | 18;1 | 21;1 | _ | _ | C.B.S.E | Un recognised |

## വിദ്യാഭ്യാസ സ്ഥാപനങ്ങളും എണ്ണവും

| category | Govt | Aided | Unaided | Total |
|---|---|---|---|---|
| Primary | 1 | 3 | 1 | 5 |
| High School | 0 | 1 | 2 | 3 |
| Higher Secondary | 1 | 2 | 2 | 5 |
| VHSS | 0 | 0 | 0 | 0 |
| ITI | 0 | 0 | 0 | 0 |

## വിദ്യാഭ്യാസ നിലവാരം

| Type | Illiterate | Primary | High School | Plus Two | Degree | Post Graduate | Technical | Professional Graduate | Others |
|---|---|---|---|---|---|---|---|---|---|
| Percentage | 2.76 | 34.24 | 30.64 | 15.31 | 9.53 | 2.51 | 2.11 | 2.47 | 0.43 |

*Source: Socio Economic Survey 2016*

ജനകീയാസൂത്രണം തുടങ്ങിയകാലത്ത് S.S.L.C. വിജയശതമാനത്തിൽ സംസ്ഥാന തല

ത്തിൽ ഏറ്റവും പിന്നിൽ നിന്നിരുന്നത് കുറ്റിപ്പാറ സ്കൂൾ ആയിരുന്നു. ഇന്ന് വളരെ ഏറെ മെച്ചപ്പെട്ടു. 90% മുകളിൽ കുട്ടികൾ സ്ഥിരമായി ഉന്നത് വിദ്യാഭ്യാസത്തിന് യോഗ്യത നേടുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നേടിയെടുത്ത പുരോഗതി വിജയശതമാനത്തെ സ്വാധീനിച്ചിട്ടുണ്ട്.




ഗവ.എച്ച്.എസ്.എസ്.ഈരാറ്റുപേട്ട

## സാംസ്കാരികം

20-ാം നൂറ്റാണ്ടിന്റെ തുടക്കം മുതൽക്കെ ദേശീയ വിമോചന പ്രസ്ഥാനങ്ങളും നവോത്ഥാനപ്രസ്ഥാനങ്ങളും ഈരാറ്റുപേട്ടയിൽ പുതിയൊരവബോധം സൃഷ്ടിച്ചിരുന്നു. അക്ഷരങ്ങൾ കൂട്ടിവായിക്കാനറിയാവുന്നവരൊക്കെത്തന്നെ പത്രമാധ്യമങ്ങളിൽ തൽപരരായിരുന്നു. പുസ്തകങ്ങളും പത്രങ്ങളും കൈമാറുന്ന സമ്പ്രദായം സ്ഥാപനവൽക്കരിക്കപ്പെട്ടപ്പോഴാണ് ഗ്രന്ഥശാലകൾ പിറവിയെടുത്തത്. 1945-ൽ രൂപംകൊണ്ട ഇഖ്ബാൽ മെമ്മോറിയൽ ലൈബ്രറിയായിരുന്നു ഈരാറ്റുപേട്ടയിലെ ആദ്യ ലൈബ്രറി. എന്നാൽ പിന്നീട് ഇതിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും പ്രവർത്തനം നിലയ്ക്കുകയുമാണുണ്ടായത്.

ഒരുലക്ഷത്തോളം പ്രസിദ്ധീകരണങ്ങൾ ഇവിടെ വിറ്റഴിക്കപ്പെടുന്നുണ്ടെങ്കിലും താരതമ്യേന ഉന്നതനിലവാരം പുലർത്തുന്ന മാതൃഭൂമി, കലാകൗമുദി, മാധ്യമം, പ്രബോധനം, തുടങ്ങിയ പ്രസിദ്ധീകരണങ്ങൾക്കുള്ള വായനക്കാർ 3%ൽ താഴെയാണ്. നിലവാരം പുലർത്തുന്ന പത്രമാസികകളുടെ വായനക്കാരിൽ ബഹുഭൂരിപക്ഷവും തൊഴിൽ രംഗത്തുനിന്നോ ഔദ്യോഗിക മേഘലയിൽ നന്നോ വിരമിച്ചവരാണ്. വലിയൊരു ജനവിഭാഗം പുസ്തകങ്ങളോ മാസികകളോ വായിക്കാറില്ല എന്നുള്ളത് വലിയ ഒരു പോരായ്മയാണ്. മൊബൈൽ ഫോണിന്റെയും കമ്പ്യൂട്ടറിന്റെയും വരവ് വായനയെ വളരെ ദോഷകരമായി ബാധിച്ചിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. നാട്ടിലെ യുവജനങ്ങളുടെ വായനയെ പ്രോത്സാഹിപ്പിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. നഗരസഭയിൽ ഉള്ളതു കരിം സാഹിബ് മെമ്മോറിയൽ ലൈബ്രറി പ്രവർത്തിക്കുന്നതുമാണ്. പുസ്തകങ്ങളും ആനുകാലികങ്ങളും കൃത്യമായി സംരക്ഷിച്ച് പോകുന്നില്ല എന്നുള്ളത് നമ്മുടെ ഭാഗത്തുനിന്നുള്ള വലിയ വീഴ്ചയാണ്. ഇത് ഒരു നാടിന്റെ സാംസ്കാരിക സംവിധാനങ്ങളെയാണ് തകർക്കുന്നത്. പ്രത്യേകിച്ച് 'വായനാശീലം' ആളുകളിൽ നിന്നും അകന്നുപൊയ്ക്കോണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇതിനായി അടിന്തിരമായി ആധുനിക രീതിയിൽ കാലത്തിന്റെ മാറ്റത്തിനനുസരിച്ചുള്ള ലൈബ്രറിയും റീഡിംഗ് റൂമും നിർമ്മിക്കേണ്ടിയിരിക്കുന്നു.

# ഈരാറ്റുപേട്ടയിലെ സാസംസ്കാരിക സ്ഥാപനങ്ങൾ

1. ഈരാറ്റുപേട്ട പബ്ലിക് ലൈബ്രറി - 1957 ൽ സ്ഥാപിച്ചു. പിന്നീട് നഗരസഭാ ലൈബ്രറിയിൽ ലയിപ്പിച്ചു.
2. യുവകേരളാ കലാസമിതി ഈരാറ്റുപേട്ട - 1955 ൽ സ്ഥാപിച്ചു. 1985 ൽ പ്രവർത്തനം നിലച്ചു.
3. ആസാദ് ലൈബ്രറി നടയ്ക്കൽ - 1965-ൽ പ്രവർത്തനം ആരംഭിച്ചു. 2000 ലേറെ പുസ്തകങ്ങൾ ഉണ്ടായിരുന്നു. 1985-ൽ പ്രവർത്തനം നലിച്ചു.
4. നടയ്ക്കൽ സാംസ്കാരിക വേദി - 2000-ൽ ആരംഭിച്ചു. മെഡിക്കൽ ക്യാമ്പുകൾ നടത്തുക, നിർദ്ധനർക്ക് ചികിത്സ നൽകുക, വീട് നിർമ്മിച്ചു നൽകുക, സാമ്പത്തിക സഹായം നൽകുക, ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുക എന്നീ കാര്യങ്ങളിൽ മുന്നിട്ട് നിന്നിരുന്നു. എന്നാൽ ഇപ്പോൾ പ്രവർത്തനം നടക്കാതെ മന്ദീഭവിച്ചു.
5. ഇഖ്ബാൽ മെമ്മോറിയൽ ലൈബ്രറി - 1945-ൽ സ്ഥാപിച്ചു. എന്നാൽ പിന്നീട് പ്രവർത്തനം നിലച്ചു.
6. ഐഡിയൽ പബ്ലിക് ലൈബ്രറി - എഴുത്തും വായനയും ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെക്കാലത്ത് കുറേ ചെറുപ്പക്കാർ ചേർന്ന് വലിയ സാംസ്കാരിക മുന്നേറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കഠിനപ്രയത്നത്തിലൂടെ ആരംഭിച്ച ഈ ഗ്രന്ഥശാല പുരോഗതിയുടെ പാതയിലാണ്. 5000 പുസ്തകങ്ങളും അഞ്ചോളം വർത്തമാനപത്രങ്ങളും ആനുകാലികങ്ങളുമായിട്ടാണ് ഐഡിയൽ ട്രസ്റ്റ് രൂപീകരിച്ചത്. 11 ട്രസ്റ്റിമാരും അഞ്ചംഗ പ്രവർത്തനസമിതിയും ചേർന്ന് 2017-ൽ ആണ് ഈ ലൈബ്രറി സ്ഥാപിച്ചത്. 250 ന് മുകളിൽ അംഗങ്ങളും 100 സജീവ അംഗങ്ങളും 100-ലധികം വായനക്കാരുമുള്ള ഈ സ്ഥാപനം വയനയുടെ രംഗത്ത് പുത്തൻ പ്രതീക്ഷകൾ നൽകുന്നു. വായനക്കാരേയും പൊതുജനങ്ങളെയും സാംസ്കാരിക പ്രവർത്തകരെയും സംഘടിപ്പിച്ച് പുസ്തക മേളകൾ സംഘടിപ്പിക്കുവാനും അതുവഴി വായനയുടെ രംഗത്ത് ഒരു പുത്തൻഉണർവ്വ് സൃഷ്ടിക്കുവാനും ഈ സ്ഥാപനത്തിനായിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്ന് സംഭാവന സ്വീകരിച്ചാണ് ഈ സ്ഥാപനം മുന്നോട്ട് പോകുന്നത്. ദൈനംദിന പ്രവർത്തനങ്ങൾക്ക് സാമ്പത്തികബാധ്യതയാണ് ഈ സ്ഥാപനം അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം.

## കേരളാ മാപ്പിള അക്കാഡമി

മാപ്പിളപ്പാട്ടിന് പ്രചാരവും പ്രോത്സാഹനവും നൽകുന്നതിന് രൂപവൽക്കരിക്കപ്പെട്ട ഈ സ്ഥാപനം ഈ രംഗത്ത് കഴിവുള്ള യുവകലാകാരന്മാരെ കണ്ടെത്തി പരിശീലിപ്പിച്ച് ഉയർത്തിക്കൊണ്ട് വരുന്നതിൽ അധിപ്രധാനമായ പങ്ക് വഹിക്കുന്നു.

## ഫൈൻ ആർട്സ് ക്ലബ്ബ് ഈരാറ്റുപേട്ട

1988-ൽ സ്ഥാപിതമായ ഈ ക്ലബ്ബ് കലാസാംസ്കാരിക രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. നിരവധി നാടകങ്ങളും ഗാനമേളകളും ഈ ക്ലബ്ബ് വിവിധ വേദികളിൽ അവതരിപ്പിച്ചിട്ടുണ്ട്. ഈ ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾ ഓഫ് ആർട്സ്, നൃത്തസംഗത പരിശീലനക്ലാസ്സുകളും നടത്തുന്നുണ്ട്. ചിൽഡ്രൻസ് ക്ലബ്ബിന്റെ 10 യൂണിറ്റുകളും വിമൺസ് ക്ലബ്ബും ചാരിറ്റി ഫ്രണ്ട്സും ഇതിന്റെ കീഴിൽ വജയകരമായി പ്രവർത്തിക്കുന്നുണ്ട്.

# ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ
# സെന്റ് ജോർജ് കോളേജ് അരുവിത്തുറ



ഈരാറ്റുപേട്ടയിലെ ഉന്നത വിദ്യാഭ്യാസ കേന്ദ്രം അരുവിത്തുറ സെന്റ്ജോർജ് കോളേജ് തന്നെയാണ്. കിഴക്കൻ പ്രദേശത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്തെ മികവുറ്റ സ്ഥാപനമാണ് അരുവിത്തുറകോളേജ്. 1965 ൽ ആണ് ഈ കോളേജ് സ്ഥാപിച്ചത്. 1978-ലാണ് ഈ കോളേജിനെ സീനിയർ കോളേജായി ഉയർത്തിയത്. B.A, B.Sc, B.Com എന്നീ ഡിഗ്രി കോഴ്സുകളുണ്ടിവിടെ. 1995-ൽ PG കോഴ്സ് ഈ കോളേജിൽ ആരംഭിച്ചു. ഫിസിക്സ്, മാത്തമറ്റിക്സ്, ഇക്കണോമിക്സ്, പൊളിറ്റിക്സ്, എം.കോം എന്നീ പി.ജി. കോഴ്സുകൾ ഇവിടെയുണ്ട്. നാലായിരത്തോളം വിദ്യാർത്ഥികളും 138 ഓളം അധ്യാപകരും 9 അനധ്യാപകരും ഈ കോളേജിൽ സേവനമനുഷ്ടിക്കുന്നു. കിഴക്കൻ മേഘലയിൽ നിന്നും അടുത്ത പഞ്ചായത്തുകളിൽ നിന്നും വരുന്ന വിദ്യാർത്ഥികളാണ് ഈരാറ്റുപേട്ടയുടെ പ്രഭാതങ്ങളും പ്രദോഷങ്ങളും ശബ്ദമുഖരിതമാക്കുന്നത്.

# B.Ed സെൻർ തെക്കേക്കര



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ഒരു B.Ed സെന്റർ ഗവ.ഹൈസ്കൂൾ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നുണ്ട്. വിവിധ സ്ഥലങ്ങളിൽ നിന്നും ഇവിടെ പഠിക്കുവാൻ വിദ്യാർത്ഥികളെത്തുന്നുണ്ട്. സ്ഥലപരിമിതിയും മികച്ച കെട്ടിട സൗകര്യവും ഈ സ്ഥാപനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്.

# M.E.S കോളേജ് ഈരാറ്റുപേട്ട




മുനിസിപ്പാലിറ്റിയുടെ പ്രാന്തപ്രദേശത്ത് സ്ഥിതി ചെയ്തിരുന്ന ഈരാറ്റുപേട്ട എംഇഎസ് കോളേജ് ഹൈറേഞ്ച് മേഖലയിലെ സ്വദേശികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ പ്രധാനം ചെയ്യുന്നു.സാങ്കേതിക യുഗത്തിലെ എല്ലാ വെല്ലുവിളികളും എം ഇ.എസ് കോളേജും നേരിടുന്നു. ഇപ്പോൾ കോളേജ് ഈരാറ്റുപേട്ടയിൽ നിന്ന് തിടനാട് പഞ്ചായത്തിലെ വെട്ടിക്കുളത്തുള്ള സ്വന്തം കാമ്പസിലേക്ക് മാറ്റിയിട്ടുണ്ട് .ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.കോം ഫിനാൻസ് ആൻഡ് ടാക്സേഷൻ, ബിബിഎ, ബിസിഎ എന്നിവയാണ് ഇവിടുത്തെ പ്രധാന കോഴ്സുകൾ

## കലയും സംസ്കാരവും

നഗരസഭയുടെ നിയന്ത്രണത്തിലുള്ള ലൈബ്രറികൾ, വിദ്യാലയങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് കലാസാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. സ്പോൺസർഷിപ്പിലൂടെ പരമാവധി വിഭവങ്ങൾ കണ്ടെത്താൻ ശ്രമിക്കണം. ജനകീയ സമിതികളുടെയും സന്നദ്ധ സംഘടനകളുടെയും പിന്തുണയും സഹകരണവും തേടണം. ഇവരുടെ സഹകരണത്തോടെ മദ്യം, മയക്കുമരുന്ന്, പുകവലിവിരുദ്ധ ബോധവൽക്കരണം, സ്ത്രീധന വിരുദ്ധക്യാമ്പയിനുകൾ എന്നിവ നടത്തണം.

യുവജനങ്ങളുടെ കലാകായിക വികസനം മുൻനിർത്തി കേരളോത്സവം പോലെയുള്ള പരിപാടികൾ എല്ലാവർഷവും സംഘടിപ്പിക്കണം. ഇതിലെ വിജയികൾക്ക് ജില്ലാ-സംസ്ഥാന തല മത്സരങ്ങളിൽ പങ്കെടുത്ത് പ്രതിഭ തെളിയികകാൻ അവസരം ഒരുക്കണം.

## വിദ്യാജ്യോതി

14-ാം പഞ്ചവത്സരപദ്ധതിയുടെ അവസാനഘട്ടത്തിലേയ്ക്ക് കടക്കുമ്പോൾ നഗരസഭ നടപ്പിലാക്കുന്ന വിദ്യാഭ്യാസപദ്ധതിയാണ് വിദ്യാജ്യോതി. ഈരാറ്റുപേട്ടയിലെ വിദ്യാർത്ഥികളെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികൂടിയാണ്. അതുപോലെ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് നടപ്പിലാക്കും.

## പ്രശ്നപരിഹാരങ്ങൾ സാധ്യതകൾ

- സ്കൂളുകൾ കൃത്യമായ സ്ഥിതിവിവരപട്ടിക തയ്യാറാക്കുക.
- MLA/MP/മുനിസിപ്പൽ ഫണ്ടിന്റെ സംയോജനത്തിലൂടെ ആധുനിക രീതിയിലുള്ള കെട്ടിടം കൃത്യമായി ആസൂത്രണത്തോടെ നടപ്പിലാക്കുക.

- PMJVK പോലുള്ള കേന്ദ്രഫണ്ടുകൾ ന്യൂനപക്ഷ സമുദായങ്ങൾ കൂടുതൽ വസിക്കുന്ന പ്രദേശങ്ങളിൽ ലഭ്യമാകുന്നതാണ്. ഈ ഫണ്ട് ഉപയോഗിച്ച് സർക്കാർ സ്കൂളുകളിൽ ആധുനിക സജ്ജീകരണങ്ങൾ ഒരുക്കുവാൻ സാധിക്കും.
- വിദ്യാർത്ഥികൾ പഠനത്തോടൊപ്പം തൊഴിൽ അഭിരുചികൾ- കരകൗശലവസ്തുക്കൾ നിർമ്മാണങ്ങൾ പഠിപ്പിക്കുന്നതിന് നഗരസഭ വാർഷികപദ്ധതിയിൽ പ്രോജക്ട് തയ്യാറാക്കുക.
- പഠനത്തിൽ പിന്നിൽ നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കൗൺസിലിംഗും ലഹരിബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുക.
- 40000 ജനസംഖ്യയുള്ള ഈരാറ്റുപേട്ടയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ടുവരുവാൻ നഗരസഭ മുന്നിട്ടിറങ്ങുകയും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക.
- ചെറിയ കുട്ടികൾക്ക് പാർക്ക് നിർമ്മിക്കുക.
- സ്കൂളുകളിൽ ഇൻസ്റ്റിറ്റ്യൂഷൻ ലെവൽ ഖരമാലിന്യസംസ്കരണപ്ലാന്റുകൾ സ്ഥാപിക്കുക.
- ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് ടേക്ക് എ ബ്രേക്ക് മോഡൽ ആധുനിക ശൗചാലയങ്ങൾ സ്കൂളുകളിൽ നിർമ്മിക്കുക.
- ഷീ ടോയ്‌ലറ്റ്, സാനിട്ടറി നാപ്കിൻ ഡിസ്ട്രോയർ, വെൽഡിംഗ് മിഷീൻ ഉൾപ്പടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- ഉപരി പഠനത്തിന് തൊഴിൽമേഖലകളെക്കുറിച്ചും, സെൻട്രൽ യൂണിവേഴ്സിറ്റികളെപ്പറ്റിയും, തൊഴിൽ സാധ്യതകളെപ്പറ്റിയും മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. ഇതിനായി സെൻട്രൽ യൂണിവേഴ്സിറ്റികളിൽ പഠിച്ചിറങ്ങിയ ഈരാറ്റുപേട്ടക്കാരെ പ്രയോജനപ്പെടുത്തുക.
- ഗവ. എച്ച്.എസ്.എസിൽ ആധുനിക രീതിയിലുള്ള ലൈബ്രറിയും റീഡിംഗ് റൂമും സ്ഥാപിക്കുക.
- യുവാക്കളിൽ കായിക കഴിവുകൾ പ്രദർശിപ്പിക്കുന്നതിനുവേണ്ടി നഗരസഭയിൽ സ്റ്റേഡിയം പണിയുക.
- സംസ്കാരിക വികസനത്തിന് സാഹിത്യകാരന്മാരെയും ശാസ്ത്രജ്ഞരെയും ഉൾപ്പെടുത്തി സെമിനാറുകളും പുസ്തകമേളകളും, ചർച്ചകളും സംഘടിപ്പിക്കുക. കലാകായിക മേളകൾ സംഘടിപ്പിക്കുക.
- യുവജനങ്ങളെ സർക്കാർ ഉദ്യോഗസ്ഥരാക്കാൻ പ്രാപ്തരാക്കുന്നതിന് NULM ന്റെ സഹായത്തോടെ PSC കോച്ചിംഗ് സെന്ററുകൾ സ്ഥാപിക്കുക. ഇതിന് വിദ്യാർത്ഥികളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കുക.
- യുവാക്കളിൽ ഉണ്ടാകുന്ന ലഹരി ഉപയോഗം തടയുന്നതിന് ഡി അഡിക്ഷൻ സെന്ററുകൾ, എക്സൈസ്, പോലീസ് ഡിപ്പാർട്ടുമെന്റുകളും സഹായത്തോടെ ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുക.
- ബാല സൗഹൃദ ഈരാറ്റുപേട്ട എന്ന ലക്ഷ്യത്തിലേക്ക് അടുക്കുന്നതിന് ആവശ്യമായ സർക്കാർ തലത്തിലുള്ള എല്ലാ പദ്ധതികളും നടപ്പിലാക്കുക.
- കേരളോത്സവത്തിൽ കേരളാ യുവജനക്ഷേമ ബോർഡുമായി ചേർന്ന് ക്രിക്കറ്റ്, ഫുഡ്ബോൾ, ഷട്ടിൽ ബാഡ്മിന്റൺ, വടംവലി, ഹാൻഡ്ബോൾ തുടങ്ങിയ ഗെയിംസ് മത്സരങ്ങൾക്കൊപ്പം, കുട്ടികൾക്കും മുതിർന്നവർക്കുമായി കലാ കായിക മത്സരങ്ങളും സംഘടിപ്പിക്കുക. ഇതിനായി നാട്ടിലെ ക്ലബ്ബുകളുടെയും സാംസ്കാരിക സ്ഥാപനങ്ങളും ചേർത്തുനിർത്തുക.
- നാട്ടിലെ യുവാക്കളുടെ ആവശ്യങ്ങളും അഭിരുചികളും അറിഞ്ഞ് ചെയ്യുന്നതിന് വികസന കാര്യത്തിൽ തൽപരരായവരും മികച്ച കാഴ്ചപ്പാടുകൾക്കുള്ളതുമായ യുവാക്കളുടെ ടീം രൂപീകരിക്കുക. ഇവരുടെ ആശയങ്ങൾ സ്വീകരിക്കുക.
- നഗരസഭയിൽ ക്ഷയിച്ചുകൊണ്ടിരിക്കുന്ന ലൈബ്രറി പുതിയ കെട്ടിടം പണിത് കെരിം സാഹിബ്

മെമ്മോറിയൽ മുനിസിപ്പൽ ലൈബ്രറി എന്ന പേരിൽ ആധുനിക രീതിയിൽ എയർ കണ്ടീഷനോട്കൂടിയ സാസ്കാരിക നിലയമാക്കി വളർത്തി എടുക്കുക. റഫറൻസ് ലൈബ്രറി, കൃഷി പുസ്തക കോർണർ എന്നിവ ഇതിൽ സംഘടിപ്പിക്കുക. കുട്ടികൾക്കും മുതിർന്നവർക്കും വെവ്വേറെ വിഭാഗം സൃഷ്ടിക്കുക. കൂടാതെ കോൺഫറൻസ് ഹാളും ചെറിയ ഒരു സ്റ്റേജും ഇവിടെ സജ്ജമാക്കുക.

- നഗരസഭയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി MLA/MP ഫണ്ടുകളുടെ സഹായത്തോടെ മിനി ജിമ്മും പ്രഭാത സായാഹ്ന സവാരിക്കും സംവിധാനമൊരുക്കുക.
- നടയ്ക്കലുള്ള ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലത്ത് കെട്ടിടം പണിത് ടെക്നിക്കൽ ഹൈസ്കൂൾ  ഈരാറ്റുപേട്ടയിൽ യാഥർത്ഥ്യമാക്കുക.
- ഈരാറ്റുപേട്ടയിൽ സ്ഥലം കണ്ടെത്തി മുനിസിപ്പൽ പാർക്ക് യാഥാർത്ഥ്യമാക്കുക. ഇതിന് ഏറെ മുൻഗണന കൊടുക്കുക. ജനകീയാസൂത്രണം തുടങ്ങിയകാലം മുതലുള്ളതും ആവശ്യമാണിത്.
- സ്കൂളുകളിൽ എല്ലാ വർഷവും പുതിയ ഡസ്കും ബെഞ്ചും വാങ്ങുക.
- എല്ലാ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി എല്ലാ ക്ലാസ്മുറികളും ഹൈടെക് ആക്കുക.
- സ്കൂളുകളിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ തീർത്ത് ആധുനികവൽക്കരിക്കുക. ചുവരുകളിൽ മനോഹരമായ ചിത്രങ്ങൾ വരയ്ക്കകുക.
- കലാകായിക രംഗത്ത് കഴിവുള്ള കുട്ടികളുടെ കഴിവ് വളർത്തിയെടുത്ത് ജില്ലാ, സംസ്ഥാന ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന രീതിയിലേക്ക് പ്രാപ്തരാക്കുക. ഇതിനായി കരാർ അടിസ്ഥാനത്തിൽ കായിക അധ്യാപകനെ നിയമിക്കുക.
- സ്കൂളുകളിൽ കമ്പ്യൂട്ടർ, ലാപ്ടോപ്പ്, ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രോജ്കടർ എന്നീ സൗകര്യങ്ങൾക്കായി വാർഷിക പദ്ധതിയിൽ പ്രോജക്ട് ഏറ്റെടുക്കുക.



# കുടിവെള്ളം

## കുടിവെള്ളം വർക്കിംഗ് ഗ്രൂപ്പ്

| ക്ര. ന | പേരും വിലാസവും | ഫോൺ ഇ-മെയിൽ ഐ.ഡി. | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/ പുരുഷൻ | എസ്.സി./ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം / പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1. | തസ്ലിൻ സിറാജ് | 9656025735 | ചെയർപേഴ്സൺ | | | | | |
| 2. | സുനിത | 9567328214 | കൺവീനർ | | | | | |
| 3. | നിഷാ യൂനസ് | 9562432866 | അംഗം | | | | | |
| 4. | സഫ്ന കെ.എ. | 9061572760 | അംഗം | | | | | |
| 5. | അൻസർ പുള്ളോലിൽ | 9447378459 | അംഗം | | | | | |
| 6. | മുഹമ്മദ് സലീം | 9447762405 | അംഗം | | | | | |
| 7. | ഷരീന | 9446121369 | അംഗം | | | | | |
| 8. | അഫ്സൽ പാറനാനിയിൽ | 9847190790 | അംഗം | | | | | |
| 9. | മനാഫ് കല്ലൂത്താഴം | 9447701289 | അംഗം | | | | | |
| 10. | എം.പി.നൗഷാദ് | 9496262551 | അംഗം | | | | | |
| 11. | റാഷിദ് മുരിക്കോലിൽ | 9074118486 | അംഗം | | | | | |
| 12. | കെ.ബി.ഫൈസൽ,കുറുമുളംതടത്തിൽ | 9961698670 | അംഗം | | | | | |
| 13. | ഷിഹാബ്,കാട്ടാമല | 8606380890 | അംഗം | | | | | |
| 14. | ഇക്ബാൽ പ്ലാമൂട്ടിൽ | 9746686936 | അംഗം | | | | | |
| 15. | ബഷീർ | 9562023135 | അംഗം | | | | | |

തീക്കോയി ആറും പൂഞ്ഞാർ ആറും ചേർന്ന് മീനച്ചിലാർ രൂപംകൊള്ളുന്ന പ്രദേശമാണ് ഈരാറ്റുപേട്ട ഈരാറ്റുപേട്ട നഗരത്തെ ചുറ്റിക്കൊണ്ട് മീനച്ചിലാറിന്റെ രണ്ട് കൈവഴികളായ തെക്കനാറും വടക്കനാറും കൂടാതെ പതിനൊന്ന് തോടുകളും ഒഴുകുന്നു. ഇങ്ങനെ മീനച്ചിൽ നദിയുടെയും പോഷക നദികളുടെയും ഭാഗമായി ഈരാറ്റുപേട്ട പട്ടണം മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. സമനിരപ്പുള്ള പ്രദേശങ്ങളും കുന്നുകളും ഉൾപ്പെടുന്ന നഗരസഭയിൽ മഴക്കാലം മാറി ഡിസംബർ ജനുവരി മാസങ്ങൾ ആകുന്നതോടെ മീനച്ചിലാറും പോഷക നദികളും തോടുകളും വറ്റി വരളുന്ന അവസ്ഥയാണ് ഉള്ളത്. മലപ്രദേശങ്ങളിൽ വലിയതോതിലുള്ള കുടിവെള്ള ക്ഷാമമാണ് 3-4 മാസങ്ങളിൽ അനുഭവപ്പെടുന്നത്. ഇത് പരിഹരിക്കുന്നതിനായി നിരവധി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നഗരത്തിലെ കുടിവെള്ള ക്ഷാമത്തിന് ഇതൊന്നും ശാശ്വത പരിഹാരമായിട്ടില്ല. ഈരാറ്റുപേട്ടയിലെ പ്രധാന ജലസ്രോതസ്സ് കിണറുകൾ തന്നെയാണ്. ഏകദേശം ആറായിരത്തോളം കിണറുകൾ നഗരസഭയിലുണ്ട്. അതിൽ രണ്ടായിരത്തിന് മുകളിൽ മാത്രമാണ്. ചോരു കിണറുകൾ. വേറെയും നഗരസഭയിലെ 57% ആളുകൾ കിണറുകളെ മാത്രമാണ് ആശ്രയിക്കുന്നത്.

| Sl. No | Name of the scheme | Year of establish -ment | Location/ Ward No | Established by | maintained by | Source of water | Yield (in MLD/ day) |
|---|---|---|---|---|---|---|---|
| 1 | **Erattupetta Water Supply Scheme** | 1967 | Near Town Check Dam | KWA | KWA | Well | 0.46 |
| 2 | **Thevarupara Water Supply Scheme** | 1974 | Near Eettillakayam | KWA | KWA | Well | 0.14 |
| 3 | **Thidanadu Water Supply Scheme** | 1968 | Thidanadu | KWA | KWA | Bore well | 0.04 |

## ഈരാറ്റുപേട്ടയിലെ പ്രധാന ജനകീയ ജലസേചന പദ്ധതികൾ

| Sl.No | Name of the scheme | Year of establishment | Location/ Ward No | Established by | maintained by | Source of water | Number of Households | Yield (in Liters/ day) |
|---|---|---|---|---|---|---|---|---|
| 1 | SULABHA J.J.P | 2012 | 2, 3 | PANCHAYATH | SOCIETY | RIVER SIDE WELL (town chek dam) | 100 | 50,000 |
| 2 | KATTAMALA-SHASTHAM KUNNU J.J.P | 2002 | 7, 8, 16,17 | PANCHAYATH | SOCIETY | RIVER SIDE WELL (Eettilakaya m) | 158 | 85,000 |
| 3 | KUTTIMARA M PARAMBU J.J.P | – | 9, 11 | PANCHAYATH | SOCIETY | RIVER SIDE WELL varavalachik ayam | 202 | 1,00,000 |
| 4 | KARACKADU J.J.P | – | 9, 10,11 | PANCHAYATH | SOCIETY | RIVER SIDE WELL varavalachik ayam | 161 | 85,000 |
| 5 | KOLLAMPAR AMBU J.J.P | 2003 | 13,14 | PANCHAYATH | SOCIETY | RIVER SIDE WELL (Eettilakaya m) | 190 | 1,00,000 |
| 6 | CHIRAPPARA J.J.P | 2008 | 23,24 ,25 | PANCHAYATH | SOCIETY | BORE WELL (Road side) | 110 | 55,000 |
| 7 | MAHATHMA J.J.P | 2003 | 26,27 | PANCHAYATH | SOCIETY | BORE WELL (Near Stadium) | 140 | 70,000 |
| 8 | THEKKEKAR A J.J.P | 1996 | 24,25 ,26 | PANCHAYATH | SOCIETY | BORE WELL (Road side) | 240 | 1,00,000 |
| 9 | MATTACKAD U J.J.P | 2001 | 18 & Poonj ar panch ayat | PANCHAYATH | SOCIETY | RIVER SIDE WELL (MunicipalBo unary) | 106 | 60,000 |
| 10 | THEVARUPA RA J.J.P | 2000 | 11, 12& Teeko y Panch . | PANCHAYATH | SOCIETY | BORE WELL (Valavanarku zhy) | 150 | 50,000 |
| 11 | PATHAZHAP ADI-THEVARUPA RA-VALAVANAR KUZHY J.J.P | 2004 | 10,11 ,12 | PANCHAYATH | SOCIETY | RIVER SIDE WELL (Opp.elappu nkal Masjid) | 350 | 1,50,000 |
| 12 | MALIACKAL J.J.P | – | 18,19 | PANCHAYATH | SOCIETY | RIVER SIDE WELL (Nedunkeethi kayam) | 206 | 1,00,000 |
| 13 | PALLIPARA J.J.P | – | 19,20 | PANCHAYATH | SOCIETY | RIVER SIDE WELL (Kunnappalli kadavu) | 210 | 1,00,000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 14 | KADUVAMUZHY J.J.P | – | 2,4,5 | PANCHAYATH | SOCIETY | BORE WELL (Vazhamattam road side) | 120 | 30,000 |
| 15 | KEERIYATH OTTAM J.J.P | – | 13,14,15 | PANCHAYATH | SOCIETY | RIVER SIDE WELL (Eettilakayam) | 280 | 1,25,000 |
| 16 | MULLOOPARA J.J.P | 2008 | 14,15,16 | PANCHAYATH | SOCIETY | BORE WELL (Old paddy land Nadackal) | 170 | 1,00,000 |
| 17 | PEZHUMKADU-MATHACKAL J.J.P | 2004 | 2,3,4,5,6 | PANCHAYATH | SOCIETY | RIVER SIDE WELL (Eettilakayam) | 108 | 55,000 |
| 18 | ZAM ZAM J.J.P | 1998 | 1,2,3,4 | PANCHAYATH | SOCIETY | RIVER SIDE WELL (Opp:Aruvithura collage) | 350 | 1,75,000 |
| 19 | THADAVANAL J.J.P | 2006 | 21,22 | PANCHAYATH | SOCIETY | RIVER SIDE WELL (Puthenpally kayam) | 158+22 well recharge | 1,00,000 |
| 20 | ARUVITHURA J.J.P | 2008 | 26,27,28 | PANCHAYATH | SOCIETY | RIVER SIDE WELL (Near Town check dam) | 200 | Maintenace,progressing |

| Source of water | Well | Mlty/KWA | Community well | Public bore well | River | Owned pond | Community pond | Others |
|---|---|---|---|---|---|---|---|---|
| Average % for the LSGI | 57.58 | 19.98 | 6.28 | 5.05 | 6.2 | 0.46 | 0.31 | 7.43 |

*Source: Socio Economic Survey 2016*




***Figure 12.1 Source of Water***

നിരവധി കുടിവെള്ള പദ്ധതികൾ ഈരാറ്റുപേട്ടയിലും സമീപ ഗ്രാമപഞ്ചായത്തിലുമായി നിലവിലുണ്ട്. നഗരസഭയിൽ മാത്രം 23 കുടിവെള്ള പദ്ധതികളുണ്ട്. ഇതിൽ വാട്ടർ അധോറിറ്റിയുമായി ചേർന്ന് മൂന്ന് പദ്ധതികളും മുനിസിപ്പാലിറ്റിയുമായി ചേർന്ന് ജനകീയ ജലസേചന പദ്ധതികളായി 20 കുടിവെള്ള പദ്ധതികളും പ്രവർത്തിക്കുന്നു. വാട്ടർ അധോറിറ്റിയുടെ മൂന്ന് കുടിവെള്ള

പദ്ധതിയിൽ രണ്ടെണ്ണം കിണറും ഒരെണ്ണം കുഴൽ കിണറുമാണ്.

| നം. | കുടിവെള്ള പദ്ധതി | തുടങ്ങിയ വർഷം | പ്രദേശം | നടത്തിപ്പ് |
|---|---|---|---|---|
| 1 | ഈരാറ്റുപേട്ട കുടിവെള്ളപദ്ധതി | 1967 | ടൗൺ ചെക്ക് ഡാമിന് സമീപം | ഗണഅ കിണർ |
| 2 | തേവരുപാറ കുടിവെള്ളപദ്ധതി | 1974 | തേവരുപാറ | ഗണഅകിണർ |
| 3 | തിടനാട് കുടിവെള്ള പദ്ധതി | 1968 | തിടനാട് | ഗണഅ കുഴൽ കിണർ |

ഭൂരിഭാഗം കിണറുകളും നിർമ്മിക്കപ്പെട്ടിരിക്കുന്നത് മീനച്ചിലാറിന്റെ തീരത്താണ്. ഉയർന്ന പ്രദേശങ്ങളിൽ ടാങ്കുൾ സ്ഥാപിച്ചാണ് എല്ലാ കുടിവെള്ള പദ്ധതികളും പ്രവർത്തിക്കുന്നത്.

2016ലെ സോഷ്യോ എക്കണോമിക് സർവ്വെ പ്രകാരം ഈരാറ്റുപേട്ട നഗരത്തിലെ 57.58% പേരും കുടിവെള്ളത്തിന് കിണറുകളെ ആശ്രയിക്കുമ്പോൾ 19.98% പേർ വാട്ടർ അധോറിറ്റി കുടിവെള്ളത്തെയും ആശ്രയിക്കുന്നു. ഒരു കിണറിൽതന്നെ ഒന്നിലധികം മോട്ടോർ സ്ഥാപിച്ച് 6.28% പേരും പൊതുകുഴൽ കിണർവഴി 5.05% പേരും നദിയിൽനിന്നും 6.2% പേരും മറ്റ് മാർഗ്ഗത്തിലൂടെ 7.43% പേരും വെള്ളത്തിന് ആശ്രയിക്കുന്നുണ്ട്.

## നഗരസഭയിലെ ജലക്ഷാമം

2016 ലെ ടൗൺ & കൺട്രി പ്ലാനിന്റെ സർവ്വേ പ്രകാരം ഈരാറ്റുപേട്ട നഗര സഭയിലെ 64.35% ആളുകൾക്കും ജലക്ഷാമം ഇല്ല എന്നാണ്. 8.65% ആളുകൾക്ക് 1–2 മാസം കുടിവെള്ളക്ഷാമമുണ്ട്. 16.39% ആളുകൾക്ക് 2–3 മാസം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. 7.2% ആളുകൾക്ക് 3–6 മാസങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. എന്നാൽ ആറുമാസത്തിന് മുകളിൽ ക്ഷാമം അനുഭവിക്കുന്നത് 2.68 % പേരാണ്. ഈ പഠനങ്ങളിൽനിന്നും നമുക്ക് മനസ്സിലാകുന്നത് നഗരസഭയുടെ ഉയർന്ന ഭൂപ്രദേശങ്ങളിൽ താമസിക്കുന്നവരാണ് കൂടുതൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നത്. ഇതിന് ശാശ്വത പരിഹാരം കാണേണ്ടിയിരിക്കുന്നു.

| Category of scarcity | No scarcity | 1-2 Months | 2-3 Months | 3-6 Months | more than 6 months |
|---|---|---|---|---|---|
| Percentage | 64.85 | 8.65 | 16.39 | 7.2 | 2.68 |

*Source: Socio Economic Survey 2016*

## മീനച്ചിൽ റിവർവാലി പദ്ധതി

സർക്കാർ ഫണ്ടിൽനിന്നും കോടികൾ മുടക്കി പാതിവഴിയിൽ ഉപേക്ഷിച്ച മീനച്ചിൽ നദീതട പദ്ധതിക്ക് വീണ്ടും മുറവിളി ഉയരുന്നു. വേനൽ അതിരൂക്ഷമായ സമയത്ത് സോഷ്യൽ മീഡിയകളിൽ പദ്ധതിയെക്കുറിച്ച് ചർച്ചയായിരുന്നു.

ജില്ലയിലെ ജലക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ 1984 മാർച്ച് 28ന് അന്നത്തെ മുഖ്യമന്ത്രി കരുണാകരൻ തറക്കല്ലിട്ട പദ്ധതിയാണ് മീനച്ചിൽ നദീതട പദ്ധതി. തീക്കോയി ചാമപ്പാറ ഇല്ലിക്കുന്നിൽ ആഘോഷമായി അന്ന് ഉദ്ഘാടനം നടന്ന പദ്ധതി ഈരാറ്റുപേട്ട മുതൽ കോട്ടയം ടൗൺ വരെയുള്ള മീനച്ചിലാറിന്റെ തീരത്തുള്ള കർഷകരും പൊതുജനങ്ങളും വളരെ പ്രതീക്ഷയാണ് നൽകിയത്.

തലനാട് തീക്കോയി പഞ്ചായത്തുകളുടെ സംഗമ സ്ഥാനമായ അടുക്കത്ത് ഇല്ലിക്കുന്നിൽ ഡാം കെട്ടി ജലം സംരക്ഷിച്ചുനിർത്തി വേനൽക്കാലത്ത് മീനച്ചിലാറ്റിൽ 10 അടി ഉയരത്തിൽ വെള്ളം ഒഴുക്കുക എന്നതായിരുന്നു പദ്ധതി. മഴക്കാലത്ത് ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിലെ വെള്ളപ്പൊക്കം തടയുക എന്നത് പദ്ധതിയുടെ മറ്റൊരു ലക്ഷ്യമായിരുന്നു.

പാലാ, ഈരാറ്റുപേട്ട എന്നിവിടങ്ങളിൽ ഇപ്പോഴും റിവർവാലി ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. അടുക്കം എസ്റ്റേറ്റ് അടുക്കംപള്ളി എന്നിവ മുങ്ങിപ്പോവുമെന്ന് പറഞ്ഞ് പദ്ധതിക്കെതിരായി ഒരുവിഭാഗം രംഗത്തെത്തി. അവരുടെ ആരോപണങ്ങളിൽ സമീപവാസികൾ പങ്കുചേർന്നതോടെ ഒരുവിഭാഗം പദ്ധതിക്ക് എതിരായി.

എതിർപ്പുമൂലം പണിതുടരാനാവാതെ പദ്ധതി നിർജ്ജീവമാകുകയായിരുന്നു. സർക്കാർ മാറി 1987ൽ പൂഞ്ഞാർ എം.എൽ.എ. എൻ.എം. ജോസഫ് മന്ത്രിയായതോടെ എതിർപ്പ് പരിഗണിച്ച്

പദ്ധതി ഉപേക്ഷിച്ചു. പകരം ഇടുക്കി ഡാമിൽനിന്നും വരുന്ന ജലം അറകുളത്ത് ഡാം കെട്ടി തുരങ്കം വഴി എത്തിക്കുന്ന പുതിയ പദ്ധതിക്ക് രൂപം നൽകി. പിന്നീട് 2003-2004 ൽ 50 കോടിയോളം ബജറ്റിൽ ഉൾപ്പെടുത്തി ഇടുക്കി ഡാമിൽനിന്ന് തുരംഗം വഴി വെള്ളമെത്തിച്ച് മൂന്നിലവിൽ കൊണ്ടുവന്ന് മീനച്ചിൽ ആറ്റിൽ എത്തിക്കുന്ന പദ്ധതിക്ക് കെ.എം.മാണി തുടക്കം കുറിച്ചു. മൂവാറ്റുപുഴയിലെ വെള്ളം കുറയും എന്ന കാരണം പറഞ്ഞ് ചിലരുടെ സമ്മർദ്ദം മൂലം ഈ പദ്ധതിയും അട്ടിമറിക്കപ്പെട്ടു. കാലാകാലങ്ങളായി ജില്ലയിലെ ജനങ്ങൾ അനുഭവിക്കുന്ന ജലക്ഷാമത്തിന് ശാശ്വത പരിഹാരമായി 1984 മാർച്ച് 28ന് അന്നത്തെ ബഹു മുഖ്യമന്ത്രി കരുണാകരൻ തറക്കല്ലിട്ട അടുക്കത്ത് ഡാം പണിയണമെന്ന ആവശ്യത്തിന് വീണ്ടും ജനങ്ങൾക്കിടയിൽ ചർച്ചയായികഴിഞ്ഞു. ജില്ലയിലെയും നഗരത്തിലെയും അതിരൂക്ഷമായ ജലക്ഷാമത്തിന് പരിഹാരമാവുന്ന മീനച്ചിൽ നദീതട പദ്ധതി പ്രാവർത്തികമാക്കാൻ സംസ്ഥാന സർക്കാർ ഇച്ഛാശക്തി കാണിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

## നേരിടുന്ന പ്രധാന വെല്ലുവിളികൾ

1. നഗരസഭയിലെ മേജർ കുടിവെള്ള പദ്ധതികളുടെ അഭാവം
2. മഴക്കാലം കഴിഞ്ഞ ഉടനെ തന്നെ വറ്റിവരളുന്ന ആറുകളും തോടുകളും

## പ്രധാന പരിഹാര മാർഗ്ഗനിർദ്ദേശങ്ങൾ സാദ്ധ്യതകൾ

1. നഗരസഭയിലെ മലയോര മേഖലകളിൽ ഇതാദ്യമാണ് 3 വാർഡുകൾ കേന്ദ്രമാക്കി മേജർ കുടിവെള്ള കിണറും സ്ഥാപിച്ച് വിതരണ ലൈൻ വലിക്കുക.
2. ചെക്ക്ഡാമുകളിലെ മണ്ണും ചെളിയും വാരിക്കളഞ്ഞ് വൃത്തിയാക്കുക.
3. നഗരസഭയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാൻ യാഥാർത്ഥ്യമാക്കുക.
4. ജലസ്രോതസ്സുകളിൽ മാലിന്യം തള്ളുന്നതിനെതിരെ കർശന നടപടിസ്വീകരിക്കുക.
5. വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ടാങ്ക് വലിപ്പം കൂട്ടി 15 ലക്ഷം ലിറ്റർ വെള്ളം കൊള്ളുന്ന ടാങ്ക് സ്ഥാപിച്ച് വിതരണം ലൈൻ വലിക്കുക.
6. മഴവെള്ളം കൃത്യമായി ഭൂമിയിൽ താഴുന്ന ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് തൊഴിലുറപ്പ് പദ്ധതി വഴി മഴക്കുഴികൾ നിർമ്മിക്കുക.
7. കൃഷിയിടങ്ങൾ തട്ടുകളായി തിരിക്കുക.
8. വീടുകളിലെയും കടകളിലെയും മലിനജലം ഓടകളിലെയും ജലാശയങ്ങളിലേക്കും ഒഴുക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുക.
9. നഗരസഭയിലെ ആദ്യഘട്ടം 14 വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് അമൃത് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ തുടങ്ങിവരുന്നു.

## കുടിവെള്ളം ലഭ്യതും സംരക്ഷണവും

- ജലലഭ്യത ഉറപ്പുവരുത്തി വിദഗ്ദ്ധരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ജലസ്രോതസ്സ് തീരുമാനിച്ചതിന് ശേഷം മാത്രമേ കുടിവെള്ള പ്രോജക്ടുകൾ നടപ്പിലാക്കുവാൻ പാടുള്ളു. സബ്സിഡി നിബന്ധനയ്ക്ക് ഗാർഹിക കണക്ഷനും, നൽകാവുന്നതാണ്.
- ജല ഗുണനിലവാരം ഉറപ്പാക്കുന്നതിന് നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഹയർ സെക്കൻഡറി സ്കൂൾ ലാബുകളോടനുബന്ധിച്ച് ജലഗുണനിലവാരപരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് രൂപീകരിക്കാവുന്നതാണ്. ലാബുകളുടെ തുടർ പ്രവർത്തനത്തിനാവശ്യമായ തുക പ്രോജക്ടിൽ ഉൾപ്പെടുത്തണം. ജലഗുണനിലവാരം സംബന്ധിച്ച് ശേഖരിക്കുന്ന വിവരങ്ങൾ സൂക്ഷിക്കുകയും അത് ആരോഗ്യവിഭാഗത്തിന് കൈമാറുന്നതിനുള്ള നടപടിയും സ്വീകരിക്കണം. എം.എൽ.എ. ഫണ്ടിൽ നിന്നും ആ സ്കൂളിലേക്ക് ഇതിനായി തുക അനുവദിപ്പിക്കണം ഇല്ലെങ്കിൽ നഗരസഭ പ്രോജക്ട് ഏറ്റെടുക്കണം.
- അണുനശീകരണം, വാട്ടർ ട്രീറ്റ്മെന്റ് എന്നിവയ്ക്കുള്ള പ്രോജക്ടുകളും നഗരസഭ ഏറ്റെടുക്കണം. (കിണറുകളുൾപ്പടെ, എല്ലാ ജലസ്രോതസ്സുകൾക്കും)

- കിണർ റീചാർജ്ജിംഗ് പ്രവർത്തനങ്ങൾ പൊതു/സ്വകാര്യം ഉൾപ്പടെ എല്ലാവരുടേതും പ്രോത്സാഹിപ്പിക്കാവുന്നതാണ്.
- അങ്കണവാടികൾ, കൈമാറിയ സ്ഥാപനങ്ങൾ എന്നിവയിലേയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകണം.
- കുടിവെള്ള പ്രോജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണെന്ന് പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണം. എന്നാൽ ഗുണഭോക്തൃ സമിതികളുടെ നിയന്ത്രണത്തിന് അതീതമായി ഗണ്യമായ തുക വേണ്ടിവരുന്ന വിധത്തിൽ കേടായ മോട്ടോർ പുനഃസ്ഥാപിക്കൽ, മേജർ അറ്റകുറ്റപ്പണികൾ, എന്നിവ നടത്തുന്നതിന് നഗരസഭ പ്രോജക്ട് ഏറ്റെടുക്കണം.
- വെള്ളപ്പൊക്ക സാദ്ധ്യതയുള്ള പ്രദേശങ്ങൾ മാപ്പ് ചെയ്യുകയും ഭാവിയിലെ സ്ഥാപന നിർമ്മാണത്തിന് അത്തരം സ്ഥലങ്ങൾ ഒഴിവാക്കുന്നതിനും ശ്രദ്ധിക്കണം.
- ശാസ്ത്രീയപഠനത്തിന്റെ അടിസ്ഥാനത്തിൽ തടയണ/റെഗുലേറ്റർ ശ്യംഖല പണിത് പുഴകളെ ജലസംഭരണികളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.
- ജലസ്രോതസ്സുകളിൽ അമിതമായി അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.
- മണ്ണ്, ജലസംരക്ഷണപ്രവൃത്തികൾ, പരിസ്ഥിതി സംരക്ഷണപ്രവൃത്തികൾ, വനവൽക്കരണപ്രവൃത്തികൾ എന്നിവ തൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.
- എല്ലാവർക്കും എന്നും ശുദ്ധമായ കുടിവെള്ളം എന്നതായിരിക്കണം നഗരസഭയുടെ ലക്ഷ്യം.
- ജലവിതരണപ്രവർത്തനങ്ങളേക്കാൾ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്.
- ജലസംരക്ഷണപ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് മുൻഗണന നൽകണം. ഘടക സ്ഥാപനങ്ങളുടെ അധീനതയിലുള്ള ജലസ്രോതസ്സുകളുടെ ജലസംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.



# പാർപ്പിടം



ആഹാരവും വസ്ത്രവും ഒരു മനുഷ്യന് അത്യന്താപേക്ഷിതമാണ്. അതുപോലെതന്നെയാണ് പാർപ്പിടവും ഒരാളുടെ പാർപ്പിടത്തിന്റെ നിലവാരം പോലെതന്നെയായിരിക്കും ആ വ്യക്തിയുടെ ജീവിത നിലവാരവും സമീപ പഞ്ചായത്തുകളെ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഈരാറ്റുപേട്ട നഗരസഭ വളരെവലിയ ജനസാന്ദ്രതയുള്ള മേഖലയാണ്. അതുകൊണ്ടുതന്നെ പാർപ്പിടാവശ്യത്തിന് മുന്തിയ പരിഗണ നൽകേണ്ടതായുണ്ട്. ഈരാറ്റുപേട്ട നഗരസഭ പാർപ്പിട വികസനത്തിനാണ് കഴിഞ്ഞകാലങ്ങളിൽ ഏറ്റവും വലിയ പ്രാധാന്യം നൽകിയിരുന്നത്. എന്നാൽ വലിയ ഫ്ളാറ്റുകളോ അപ്പാർട്ട്മെന്റുകളോ നഗരസഭയിൽ കാണുവാൻ കഴിയുന്നില്ല. എന്നുള്ളതാണ് യാഥാർഥ്യം. പല പ്രദേശങ്ങളിലെയും ജനസാന്ദ്രത വ്യത്യസ്തമാണ്. 1991ലെ സെൻസസ് പ്രകാരം നഗരസഭയിലെ ജനസംഖ്യ 21226 ഉം വീടുകൾ 3545ഉം ആയിരുന്നു. എന്നാൽ 2001ലെ സെൻസസ് പ്രകാരം ഇത് 25103ഉം വീടുകൾ 7435ഉം ആണ്. 2011ൽ 8400 വീടുകളും ജനസംഖ്യ 29000ഉം ആയി ഇപ്പോഴത്തെ സ്ഥിതിവിവരക്കണക്ക് അനുസരിച്ച് പതിനായിരത്തിന് മുകളിൽ വീടുകളുള്ളതായി മനസ്സിലാക്കുവാൻ സാധിക്കും. ഈ കണക്കുകൾ വിരൽ ചൂണ്ടുന്നത് പാർപ്പിടം എത്രത്തോളം നഗരസഭയിൽ പ്രാധാന്യമർഹിക്കുന്നു എന്നതാണ്.




*Ward wise Population density*

| Sl. No | Year | Population | Number of houses | Number of households |
|---|---|---|---|---|
| 1 | 1991 | 21226 | 3545 | 3604 |
| 2 | 2001 | 25103 | 7435 | 4769 |
| 3 | 2011 | 29000 | 8400 | 9400 |

## പാർപ്പിടം വർക്കിംഗ് ഗ്രൂപ്പ്

| ക്ര. | പേരും വിലാസവും | ഫോൺ ഇ-മെയിൽ ഐ.ഡി. | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/ പുരുഷൻ | എസ്.സി./ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം / പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1. | നെസ്നി ഹബീബ് | 9061595910 | ചെയർപേഴ്സൺ | | | | | |
| 2. | സുനിത ആർ.എസ്. | 9567328214 | കൺവീനർ | | | | | |
| 3. | അനസ് | 9447106080 | അംഗം | | | | | |
| 4. | ജാഫർ കെ.എം. | 8840582530 | അംഗം | | | | | |
| 5. | എം.എം.അബ്ദുൾ വഹാബ് | 9947342485 | അംഗം | | | | | |
| 6. | സി.കെ.സലീം | 9745072475 | അംഗം | | | | | |
| 7. | ഫാസിൽ പി.പി | 9847969545 | അംഗം | | | | | |
| 8. | അബ്ദുൾ സമദ് | 9447767276 | അംഗം | | | | | |
| 9. | ഉസ്മാൻ പി.എസ് | 9744964740 | അംഗം | | | | | |
| 10. | ഇബ്രാഹിം പേട്ട | 6238402580 | അംഗം | | | | | |
| 11. | സുധീർ പി.എസ്. | 9995468815 | അംഗം | | | | | |
| 12. | റിയാസ് തേവരുപാറ | 859077524813 | അംഗം | | | | | |
| 13. | ഷാഫി | 9778328295 | അംഗം | | | | | |
| 14. | ഷെഹാം | 90621873235 | അംഗം | | | | | |
| 15. | അൽത്താഫ് | 9544970302 | അംഗം | | | | | |

2016ലെ സോഷ്യോ എക്കോണമിക്ക് സർവ്വേ പ്രകാരം ഈരാറ്റുപേട്ട നഗരസഭയിൽ 11.7 സെന്റ് സ്ഥലത്ത് ഒരു വീട് എന്ന തോതിലാണ് എന്നാൽ നഗരസഭയിലെ 11-ാം വാർഡിൽ (കുറ്റിമരംപറമ്പ്) 6.67 സെന്റ് സ്ഥലത്ത് ഒരു വീട് എന്ന തോതിലാണ്. നഗരസഭയിലെ ആരുവിത്തുറ വാർഡ് (വാർഡ് 28 ൽ) 24.58 സെന്റ് സ്ഥലത്ത് ഒരു വീട് എന്ന തോതിലാണ് നഗരസഭയിലെ 29.1% സ്ഥലവും 1 മുതൽ 5 സെന്റ് വരെയുള്ളതും 33.92% സ്ഥലവും 6 മുതൽ 10 സെന്റ് വരെയുള്ളതും ബാക്കിയുള്ള 36.98% മാത്രമാണ് 10 സെന്റിന് മുകളിൽ ഉള്ള സ്ഥലങ്ങൾ 50 സെന്റിന് മുകളിൽ സ്ഥലം 5% താഴെയാണ്.



നഗരസഭയിലെ 87.83% ആളുകൾക്കും സ്വന്തമായി ഭൂമിയുണ്ട്. 0.61% പേരാണ് വാടകയ്ക്ക് താമസിക്കുന്നത്. 11.56% ആളുകൾ മറ്റ് തരത്തിലുള്ള താമസക്കാരാണ്.

| Land Owner ship | Own | Lease | Others |
|---|---|---|---|
| Average % for the LSGI | 87.83 | 0.61 | 11.56 |




***Land Ownership Details***

നഗരത്തിലെ ഒരു വീടിന്റെ ശരാശരി വലുപ്പം 94.24 ച.മീറ്റർ ആണ്. 20ച.മീറ്റർ താഴെ 1.91% വീടും 50-75 ച.മീറ്റർ ഉള്ള 30.86 വീടും 75-150 ച.മീറ്റർ ഉള്ള 31.78% വിടുകളും 250 ച.മീറ്ററിന് മുകളിലുള്ള 2.76% വീടുകളുമുണ്ട്. നഗരസഭയിലെ 52.45% വീടുകളും മികച്ച പശ്ചാത്തല സൗര്യമുള്ള വീടുകളാണ്. 31.24% വീടുകൾ ഇടത്തരം. ബിൽഡിംഗുകളും 0.15% കുടിലുകളുമാണ്. ഇതിൽ 59.80% വീടുകളും കോൺക്രീറ്റ് വീടുകളാണ്.

ഇതിൽ കുടിലുകളിൽ താമസിക്കുന്ന ജനങ്ങൾക്കും വാസയോഗ്യമല്ലാത്ത വീട്ടിൽ താമസിക്കുന്ന ജനങ്ങൾക്കും മുന്തിയ പരിഗണന നൽകി പുതിയ വീടുകൾ നിർമ്മിച്ച് നൽകി സമ്പൂർണ്ണ പാർപ്പിട നഗരസഭ എന്ന നേട്ടത്തിലേക്ക് ചുവട് വയ്ക്കേണ്ടയായിട്ടുണ്ട്.

## വികസന വിപ്ലവം തീർത്ത പി.എം.എ.വൈ - ലൈഫ് പദ്ധതി

"എല്ലാവർക്കും ഭവനം" എന്ന ലക്ഷ്യത്തോടെ കേരളത്തിൽ നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന-നഗരസഭ സംയുക്ത പദ്ധതിയാണ് പി.എം.എ.വൈ-ലൈഫ് പദ്ധതി. നഗരസഭാ തലത്തിൽ സ്വന്തമായി ഭൂമിയുള്ള ഗുണഭോക്താവിന് ഭവനനിർമ്മാണം നടത്തുന്ന പദ്ധതിയാണ്.

ഏഷ്യയിലെ തന്നെ ഏറ്റവും ജനസാന്ദ്രതയുള്ള ഈരാറ്റുപേട്ട നഗരസഭ മറ്റ് നഗരസഭകളേക്കാൾ ജനസംഖ്യ, ജനസാന്ദ്രതയിൽ മുന്നിൽ നിൽക്കുന്ന ഈ നഗരസഭ ഭവനം എന്ന വിഷയം വളരെ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതും ആവശ്യക്കാർ ഏറെയുള്ളതുമായ ഒരു പദ്ധതി എന്ന നിലിൽ ഈ പദ്ധതി വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

ഈരാറ്റുപേട്ട നഗരസഭയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 5 ഡി.പി.ആറുകളിലായി 736 ഗുണഭോക്താക്കൾക്ക് നഗരസഭയുടെ അംഗീകാരത്തോടെ സമർപ്പിക്കുകയും അവ കേന്ദ്രസംസ്ഥാനം അനുമതി നൽകുകയും ചെയ്തു. 4 ലക്ഷം രൂപ നൽകുന്ന ഈ പദ്ധതിയിൽ 2 ലക്ഷം രൂപ നഗരസഭയും 1.50 ലക്ഷം രൂപ കേന്ദ്രവിഹിതം, സംസ്ഥാന സർക്കാർ വിഹിതം 50000 രൂപ എന്ന നിരക്കിലുമാണ് നൽകിവരുന്നത്. കൂടാതെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 90 തൊഴിൽ ദിനങ്ങൾ നൽകുക വഴി 33210 രൂപ അധികമായി നൽകുവാനും സാധിക്കുന്നു.

താരതമ്യേന ചെറിയതും എന്നാൽ പദ്ധതികൾ കൂടുതൽ നടപ്പിലാക്കേണ്ടിവരുന്നതുമായ

നഗരസഭയായതിനാൽ നഗരസഭാ വിഹിതമായ 2 ലക്ഷം രൂപ ഇത്രയും ഗുണഭോക്താക്കൾക്ക് കണ്ടെത്തുവാൻ സാധിക്കാത്തതിനാൽ സർക്കാർ ഈ വിഷയം ഗൗരവമായി പരിഗണിച്ച് നഗര സഭാ വിഹിതം കണ്ടെത്തുവാൻ സാധിക്കാത്ത നഗരസഭകൾക്ക് ഹഡ്കോ വായ്പ ലഭ്യമാക്കു വാനും മുതൽ തുക നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നും കുറവ് ചെയ്ത് വായ്പ തുകയുടെ പലിശ സർക്കാർ വഹിക്കും എന്ന വ്യക്തമായ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 547 ഗുണഭോക്താക്കൾക്ക് 1094 ലക്ഷം രൂപ നഗരസഭ വായ്പ എടുക്കുകയും ഈ പദ്ധതി വിജയക രമായി പൂർത്തീകരിക്കുവാൻ സാധിച്ചുവരികയും ചെയ്തുവരുന്നു.

പി.എം.എ.വൈ. ഭവനനിർമ്മാണം

ആകെ അംഗീകാരം കിട്ടിയത് – 1048
ആദ്യ ഗഡു അനുവദിച്ചത് – 620
പൂർത്തിയാക്കിയ ഭവനനിർമ്മാണം – 584

ബഹു. കേരള സർക്കാർ ഭവനനിർമ്മാണത്തിന് അപേക്ഷ നേരിട്ട് ക്ഷണിച്ച് ലൈഫ് 2020 എന്ന പദ്ധതിയിൽ 384 അപേക്ഷകൾ ലഭിക്കുകയും അർഹരായ 328 പേരെ ഉൾപ്പെടുത്തി നഗരസഭ ഡി.പി.ആർ. 7-ന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ പദ്ധതികൾക്ക് നഗരസഭാ വിഹിതം 7 കോടി 68 ലക്ഷം രൂപ ആവശ്യമാണ്. നഗരസഭയ്ക്ക് ടി തുക കണ്ടെത്താൻ നിർവ്വാഹമില്ലെന്ന് ബഹു. സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ പദ്ധതിയ്ക്കാവശ്യമായ ഫണ്ട് നഗരസഭയ്ക്ക് നൽകാമെന്ന ഉറപ്പിന്മേലാണ് ടി പ്രോജക്ടിന് അംഗീകാരം നൽകിയത്. ഫണ്ടിന്റെ അപര്യാപ്തത മൂലം നാളിതുവരെ നഗരസഭയ്ക്ക് ടി പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

## നേരിടുന്ന വെല്ലുവിളികൾ

1. നഗരസഭയിലെ വർദ്ധിച്ച ജനസംഖ്യ ഏറ്റവും വലിയ വെല്ലുവിളിയാണ്.
2. വീടുകളിലെ മാലിന്യം പൊതു സ്ഥലങ്ങളിൽ എറിയുന്നത്
3. പുതിയ വീടുകൾ നിർമ്മിച്ച് നൽകുവാനുള്ള ഫണ്ടിന്റെ ലഭ്യതക്കുറവ്.



# സാമൂഹ്യ നീതി
## (ഭിന്നശേഷി, വൃദ്ധർ, ട്രാൻസ്ജൻഡേഴ്സ്)

**സാമൂഹ്യനീതി കുട്ടികൾ, വൃദ്ധർ ഭിന്നശേഷിയുള്ളവർ ട്രാൻസ് ജന്റേഴ്സ് എന്നിവരുടെ സംരംഭങ്ങൾ ഉൾപ്പെടെ**

| ക്ര. | പേരും വിലാസവും | ഫോൺ ഇ-മെയിൽ ഐ.ഡി. | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/ പുരുഷൻ | എസ്.സി./ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം / പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1. | കെ.ഇ.റാഷിദ് | 9947557011 | ചെയർപേഴ്സൺ | | | | | |
| 2. | സ്മിത | 9207824035 | കൺവീനർ | | | | | |
| 3. | കണ്ണൻ ഗോപാലൻ | 9947454560 | അംഗം | | | | | |
| 4. | അൻസാരി പി.എച്ച് | 9847781951 | അംഗം | | | | | |
| 5. | എം.എച്ച് ഷിഹാബ് | 8590941296 | അംഗം | | | | | |
| 6. | മുഹമ്മദ് ഹാഷിം | 9747272573 | അംഗം | | | | | |
| 7. | നജീബ് കെ.എ. | 9446121369 | അംഗം | | | | | |
| 8. | അബ്ഷർ സി.എം. | 9662971987 | അംഗം | | | | | |
| 9. | ഫരിദുദീൻ | 9447600890 | അംഗം | | | | | |
| 10. | ബഷീർ കുന്നുംപുറത്ത് | 8590916771 | അംഗം | | | | | |
| 11. | ഫയാസ് കെബീർ | 8943116828 | അംഗം | | | | | |
| 12. | മുഹമ്മദ് ഹക്കീം | 9747608520 | അംഗം | | | | | |
| 13. | ഹസീബ് ജലാൽ | 8606547941 | അംഗം | | | | | |
| 14. | ഫിറോസ് അസ്ലം | 7907343453 | അംഗം | | | | | |
| 15. | അൻഷാദ് | 7034352849 | അംഗം | | | | | |

### ആമുഖം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായവർക്ക് വിവിധ വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കി വന്നിരുന്ന സാഹൂഹ്യ സുരക്ഷാപദ്ധതികളെല്ലാം അധികാര വികേന്ദ്രീകരണം മുൻനിർത്തിയുള്ള ഭരണഘടനാ ഭേദഗതിക്ക് ശേഷം സമൂഹത്തിന്റെ താഴെ തട്ടിൽ നിന്ന് പ്രവർത്തിക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി. കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുക എന്നത് നഗരസഭകളുടെ ചുമതലയായതുകൊണ്ട് സമൂഹത്തിലെ ഏറ്റവും അധഃസ്ഥിതരായ മനുഷ്യർക്ക് വേണ്ടിയുള്ള ഇത്തരം പദ്ധതികൾ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ചുമതലയാണ്.

ഒരു ജനപ്രതിനിധി എന്ന നിലയ്ക്ക് താഴെത്തട്ടിലുള്ളവരെ സഹായിക്കുക എന്നത് പ്രഥമ

കർത്തവ്യമായി കാണുകയും, അവയുമായി ബന്ധപ്പെട്ട് നഗരസഭ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യേണ്ടത് സമൂഹത്തിന്റെ ഉന്നതിക്ക് ആവശ്യമാണ്. പ്രതിസന്ധികൾ നേരിടുന്നവരെ കണ്ടെത്തി അവർക്ക് ആവശ്യമുള്ള സഹായങ്ങൾ ലഭ്യമാക്കുക എന്നത് ജനപ്രതിനിധികളുടെ ഉത്തരവാദിത്വമാണ്. വ്യക്തിഗത ക്ഷേമമാണ് സാമൂഹ്യക്ഷേമത്തിന്റെ അടിത്തറ എന്ന നിലയിൽ, നിർധന വിഭാഗങ്ങളിൽ പെടുന്നവർ സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, തുടങ്ങിയവരെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസനമാണ് ഓരോ നഗരസഭയും കാഴ്ചവയ്ക്കേണ്ടത്. സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് സാമൂഹ്യസുരക്ഷാ പെൻഷ്നുകൾ അനുവദിക്കുന്നത്. നഗരസഭാ വഴി നടപ്പാക്കുന്ന വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകളെയും ധനസഹായങ്ങളേയും സംബന്ധിച്ച് സാമാന്യമായ അവബോധം സൃഷ്ടിക്കുക എന്നതാണ് നഗരസഭയുടെ ലക്ഷ്യം.

നമ്മുടെ നാട്ടിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഭിന്നശേഷിക്കാരുടെയും വൃദ്ധരുടെയും മറ്റ് ക്ലേശഘടകത്തിൽ പെട്ടവരുടെയും പ്രശ്നങ്ങൾ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ആഗോളതലത്തിൽ ചർച്ചചെയ്യപ്പെടുന്നതുപോലെ ഭിന്നശേഷിക്കാരെ വെറുതെയുള്ള ഒരു ക്ഷേമപ്രിസത്തിൽകൂടി നോക്കിക്കാണാതെ ഇവരുടെ അവകാശാടിസ്ഥാനത്തിൽ വികസനോന്മുഖമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു. അംഗപരിമിതരുടെയും വൃദ്ധരുടെയും ഭിന്നലിംഗക്കാരുടെയും അവകാശാടിസ്ഥാനത്തിലുള്ള സമഗ്രമായ ജീവിതചക്ര സമീപനത്തിന് 14-ാം പഞ്ചവത്സര പദ്ധതിയിൽ പ്രത്യേക പ്രാധാന്യം നൽകേണ്ടതായിട്ടുണ്ട്. നമ്മുടെ നാട്ടിൽ ഭിന്നശേഷിക്കാരായ ധാരാളം കുട്ടികൾ ഉണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം 200ന് മുകളിൽ കുട്ടികൾ ഭിന്നശേഷിക്കാരായിട്ടുള്ളവരാണ്. ഇത് ആകെ കുട്ടികളുടെ ജനസംഖ്യയുടെ നല്ല ഒരു ശതമാനത്തോളം വരുന്നു എന്നത് ഏറെ ആശങ്കയുളവാക്കുന്ന കാര്യമാണ്. ഇത് പ്രത്യേകം പഠനവിധേയമാക്കേണ്ടകാര്യമാണ്. 2012ൽ ആവിഷ്കരിച്ച ഒരു ബഡസ് സകൂൾ നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഏകദേശം 49 കുട്ടികൾ പഠിക്കുന്നുണ്ട്. കൂടാതെ തീക്കോയി പഞ്ചായത്തിൽ ഒരു സ്പെഷ്യൽ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ 2015ൽ നടത്തിയ അംഗപരിമിത സർവ്വെ പ്രകാരം 7.94 ലക്ഷം പേർ അംഗപരിമിതരാണ്. ഇത് സംസ്ഥാനത്തിന്റെ ആകെ ജനസംഖ്യയുടെ 2.32% മാണ്. ഈരാറ്റുപേട്ട നഗരസഭയിൽ ഏകദേശം 215-ഓളം ഭിന്നശേഷിക്കാരായ ആളുകൾ ഉണ്ട്. ഇത് ആകെ ജനസംഖ്യയുടെ 6%ത്തോളം വരും. കോട്ടയം ജില്ലയിലെയും സമീപ പഞ്ചായത്തുകളിലെയും സ്ഥിതിവിവര കണക്കുകൾ വച്ച് നോക്കുമ്പോൾ ഇത് വളരെ കൂടുതലാണ്. ശക്തമായ സാമൂഹ്യ സുരക്ഷിതത്വ വലയങ്ങൾ ഉണ്ടായിട്ടും നമ്മുടെ നാട്ടിൽ വളരെയധികം ജനങ്ങൾ മാരകമായ രോഗങ്ങൾ വൈകല്യങ്ങൾ എന്നിവ ഫലപ്രദമായി നേരിടുന്നതിന് ഇപ്പോഴും പ്രയാസപ്പെടുന്നു എന്നുള്ളതാണ് സത്യം. ഇത്തരത്തിലുള്ള ആളുകൾക്ക് വേണ്ടിയുള്ള സേവനങ്ങളും വിഭവ സമാഹരണ സാദ്ധ്യതകളും ശക്തിപ്പെടുത്തുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും മോണിട്ടറിംഗ് ഏകോപിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ 14-ാം പഞ്ചവത്സര പദ്ധതിയിൽ സ്വീകരിക്കേണ്ടതാണ്. 1996ൽ വികേന്ദ്രീകൃതാസൂത്രണം തുടങ്ങിയ കാലഘട്ടത്തിൽ സാമൂഹ്യ സുരക്ഷാപദ്ധതികൾ ശക്തമല്ലായിരുന്നു. അതുകൊണ്ടുതന്നെ ക്ലേശം അനുഭവിക്കുന്ന ആളുകൾക്ക് വേണ്ടത്ര സഹായം ലഭ്യമായിരുന്നില്ല. ഇപ്പോൾ സാമൂഹ്യക്ഷേമ വകുപ്പിന്റെയും മറ്റ് ഇതര വകുപ്പിന്റെയും സംയോജനത്തിലൂടെയും ജനകീയാസൂത്രണം കൊണ്ട് നഗരസഭ നേടിയെടുത്ത ജനകീയ അടിത്തറയിലൂടെയും നിരവധി ക്ഷേമപ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും നടത്തുന്നുണ്ട്. ഇരാറ്റുപേട്ട നഗരസഭയിൽനിന്നും വാർദ്ധക്യകാല പെൻഷൻ, വിവിധ പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസിന് മേലെ പ്രായമുള്ള അവിവാഹിതർ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, എന്നിവയാണ് നൽകുന്ന പ്രധാനപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ. ആകെ നൽകുന്ന പെൻഷന്റെ 50% 20 വാർദ്ധക്യ പെൻഷനാണ്.

## ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ

മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വികസനവും ക്ഷേമവും ഉയർത്തിക്കൊണ്ടു

വരുന്നതിൽ തദ്ദേശസ്വയംഭരണ സർക്കാരുകൾക്ക് വളരെ വലിയ പങ്ക് വഹിക്കാൻ കഴിയുമെന്ന ഉറപ്പിന്മേലും അത് എല്ലാവരാലും അംഗീകരിക്കപ്പെടുമെന്ന വിശ്വാസത്താലുമാണ് ഈ മഹത്തായ സേവനം ഏറ്റെടുത്തു നടത്തുവാൻ അന്നത്തെ ഭരണസമിതി തീരുമാനമെടുക്കുന്നത്.

ഈ മഹത്തായ സേവനം വിജയകരമാക്കുന്നതിന്റെ ഭാഗമായി മാനസികവെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസം സാദ്ധ്യമാക്കുന്നതിന് ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ മാനസികവൈകല്യമുള്ള കുട്ടികൾക്കായി ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് ബഡ്സ് സ്പെഷ്യൽ സ്കൂളിന് തുടക്കം കുറിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ഹാൻഡിക്യാപിഡ് എന്ന സ്ഥാപനത്തിന്റെ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസ പരിശീലനമാണ് ബഡ്സ് സ്പെഷ്യൽ സ്കൂളിൽ ഏർപ്പെടുത്തുന്നത്.



**പ്രതീക്ഷ ബി.ആർ.സി.**

## ബഡ്സ് സ്കൂൾ ലഘുചരിത്രം

2010-2015 കാലയളവിലെ ഭരണസമിതിയാണ് ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് ബഡ്സ് സ്പെഷ്യൽ സ്കൂളിന് തുടക്കമിടാൻ തീരുമാനമെടുക്കുന്നത്. ഈ കാലയളവിൽ ഭരണസമിതി പ്രസിഡന്റ് പി.കെ. അലിയാർ സാഹിബ്, സെക്രട്ടറി പി.എം. അബ്ദുൾ സമത്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ഷൈല സലീമിന്റെയും നിരന്തരപരിശ്രമഫലം കൊ ണ്ടാണ് ഇത്തരം ഒരു സ്ഥാപനം ഈരാറ്റുപേട്ടയിൽ തുടക്കം കുറിക്കാൻ കാരണമായത്. 3 കുട്ടികളുമായി 12-03-2012 ൽ തെക്കേക്കരയിൽ ചെമ്പരപ്പള്ളി ബിൽഡിംഗിൽ ആണ് ഈ സ്ഥാപനം തുടക്കം കുറിച്ചത്. 25-02-2012 ൽ പൂഞ്ഞാർ MLA പി.സി. ജോർജിന്റെ അദ്ധ്യക്ഷതയിൽ ഈരാറ്റുപേട്ട ചേന്നാട് കവലയിൽ നടന്ന ബഡ്സ് സ്കൂൾ ഉദ്ഘാടനസമ്മേളനത്തിൽ അന്നത്തെ സാമൂഹിക ക്ഷേമ കാര്യവകുപ്പ് മന്ത്രി എം.കെ. മുനീർ അവറുകൾ ഈ സ്ഥാപനത്തിന്റെ ഔപചാരിക ഉദ്ഘാടനം നടത്തി.

വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചതിനെ തുടർന്ന് സൗകര്യക്കുറവ് മൂലം ഈരാറ്റുപേട്ട എം.ഇ.എസ്. ജംഗ്ഷനിലുള്ള എം.ഇ.എസ്. ബിൽഡിംഗിലേയ്ക്ക് പ്രവർത്തനം മാറ്റി. കോട്ടയം ജില്ലാ പഞ്ചായത്തും, ഈരാറ്റുപേട്ട ബ്ലോക്ക്പഞ്ചാത്തും, ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തും ബഡ്സ് സ്കൂൾ കെട്ടിടത്തിനുവേണ്ടി ഫണ്ട് അനുവദിക്കുകയും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നടയ്ക്കൽ പൊന്തനാൽപറമ്പിൽ സ്കൂൾ കെട്ടിടം പണി പൂർത്തിയാക്കുകയും 29-6-2015 മുതൽ

സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥിരപ്പെടുത്തി. ഈ സമയത്ത് ഈരാറ്റുപേട്ടയിലും പരിസരത്തുമായി 31 കുട്ടികൾ ഉണ്ടായിരുന്നു. സ്ഥാപനത്തിന്റെ ഭരണം, വികസനം, ക്ഷേമം എന്നീ 3 ഘടകങ്ങളും പഞ്ചായത്തിന്റെ പൂർണമായ നിയന്ത്രണത്തിലാണ്. ഈ ചുമതലകൾ വളരെ ഭംഗിയായി നിർവഹിക്കുന്നതിന് ഒരു വികസന മാനേജ്മെന്റ് സമിതി പ്രവർത്തിച്ചുവരുന്നു. 2010-2015 ഭരണസമിതിയുടെ കാലാവധി പൂർത്തിയായപ്പോൾ ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് നഗരസഭയായി മാറുകയും പിന്നീട് ഈ സ്ഥാപനം നഗരസഭയുടെ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്. 18 വയസ്സിൽ താഴെയുള്ള കുട്ടികൾ ഉള്ള സ്ഥാപനത്തിന് ലഭിക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള രജിസ്ട്രേഷൻ വൈകിയതിനാലും 18 വയസ്സിൽ താഴെയുള്ള കുട്ടികൾ സ്ഥാപനത്തിൽ കുറഞ്ഞതിനാലും സാമൂഹിക നീതിവകുപ്പിന്റെ രജിസ്ട്രേഷൻ ലഭ്യമാകുന്നതിനുവേണ്ടി പിന്നീട് ബഡ്സ് സ്പെഷ്യൽ സ്കൂൾ ആണ്ടഇ യായി പ്രവർത്തനം ആരംഭിച്ചു. 7-8-2019 ൽ പ്രതീക്ഷ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ രജിസ്ട്രേഷൻ കിട്ടി.

## സ്കൂൾ നടത്തിപ്പ്

10 മുതൽ 3.30 വരെ. 7.30 നു സ്കൂൾ ബസ് കുട്ടികളുടെ വീട്ടിൽ നിന്നും സ്കൂളിലേക്ക് എടുക്കുന്നു. 49 കുട്ടികൾ ഉണ്ട്. 3 ക്ലാസ്സായി തരം തിരിച്ചിരിക്കുന്നു. SCERT Curriculum follow ചെയ്യുന്നു. കോവിഡ്കാലത്ത് (2019 ഏപ്രിൽ) മുതൽ ഓൺലൈൻ ക്ലാസ്സുകൾ നടത്തിയിരുന്നു. 18 വയസ്സിനു മുകളിലുള്ള കുട്ടികൾ ആയതിനാൽ കൂടുതലായും തൊഴിൽ പരിശീലനമാണ് നൽകുന്നത്.

## കൊടുക്കുന്ന പലിശീലനങ്ങൾ

1. Paper, Pen making
2. Book Binding
3. Notepad making
4. Paper Carry Bag Baking
5. Soap & Lotion Making
6. Band
7. Dance

ഇവ വിറ്റഴിച്ചുള്ള ചെറിയ സേവിംഗ്സ് സ്കൂളിന്റെ പേരിൽ ഉണ്ട്.

ഫണ്ട്

ജില്ലാമിഷൻ

1. 2014-2015 4,00,000 രൂപ
2. 21-7-2021 ൽ 2,28,750 രൂപ
3. Small Class 2,00,000 രൂപ

## കുട്ടികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

1. എല്ലാ കുട്ടികൾക്കും മന്ത്‌ലി പെൻഷൻ
2. സ്കൂൾ സ്കോളർഷിപ്പ്
3. സാമൂഹിക സുരക്ഷ പെൻഷൻ
4. ആശ്വാസ കിരണം
5. നിരാമയ
6. ലീഗൽ ഗാർഡിയൻഷിപ്പ്
7. ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിന് വേണ്ടി വിവിധ പദ്ധതികൾ നടത്തിവരുന്നു.

# സാമൂഹ്യ സുരക്ഷ പെൻഷൻ വിവരങ്ങൾ

| ഇനം | എണ്ണം | തുക |
|---|---|---|
| കർഷക തൊഴിലാളി | 91 | 182000 |
| വാർദ്ധക്യ പെൻഷൻ | 2805 | 5610000 |
| വികലാംഗ പെൻഷൻ | 432 | 864000 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 11 | 22000 |
| വിധവാ പെൻഷൻ | 756 | 1400000 |
| സ്ത്രീസുരക്ഷാ പെൻഷൻ | 1400 | 1512000 |
| **ആകെ** | **5495** | **9590000** |

# നേരിടുന്ന പ്രധാന വെല്ലുവിളികൾ

1. നഗര സഭയിലെ ഭിന്നശേഷിക്കാരായവരുടെയും വൃദ്ധരുടെയും വർദ്ധിച്ച ജനസംഖ്യതന്നെയാണ് നേരിടുന്ന എറ്റവും വലിയ വെല്ലുവിളി.
2. നഗരസഭയ്ക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ അപര്യാപ്തത
3. പകൽ വീടുകളോ വൃദ്ധസദനങ്ങളോ ഇല്ല
4. ഭിന്നശേഷിക്കാരായ ആളുകൾക്ക് വേണ്ടത്ര വിനോദ സംവിധാനങ്ങളില്ലാത്തത്.

# പ്രശ്ന പരിഹാര മാർഗങ്ങൾ

1. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ഏകദേശം 34 ലക്ഷം രൂപ പദ്ധതി വിഹിതം വച്ചിട്ടുണ്ട്. വികസന ഫണ്ട് പൊതു വിഭാഗം നിർബന്ധിത പദ്ധതികൾക്ക് പൊലും തുക വകയിരുത്തുവാൻ സാധിക്കുന്നില്ല.
2. അംഗപരിമിതരുടെ ശാക്തീകരണം ഉറപ്പുവരുത്തുക.
3. ആശ്വാസ കിരണം പദ്ധതിപോലെതന്നെ പദ്ധതികൾ ഉൾപ്പെടെയുള്ള ക്ഷേമ പദ്ധതികളെക്കുറിച്ച് ജനങ്ങളെ കൂടുതൽ അവബോധമുള്ളവരാക്കി മാറ്റുക.
4. ക്യാൻസർ ബാധിതരായിട്ടുള്ള എല്ലാ ആളുകൾക്കും ക്യാൻസർ പെൻഷൻ ലഭ്യമാക്കുന്നതിന് ഓരോ വാർഡ് കൗൺസിലർമാരെയും ബോധവൽക്കരിക്കുക.
5. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകുക.
6. ഭിന്നശേഷിക്കാരായ ആളുകൾക്ക് കരകൗശല ഉൽപ്പന്നങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നതോടൊപ്പം ഇവർ തയാറാക്കുന്ന സാധനങ്ങൾക്ക് വിപണന സാദ്ധ്യതകൾ ഉറപ്പുവരുത്തുക വഴി ഇവർക്ക് വരുമാനവും ക്ഷേമവും ഉറപ്പ് വരുത്തുക.
7. ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി സ്പെഷ്യൽ അംഗനവാടികൾ യാഥാർത്ഥ്യമാക്കുക.
8. ബഡഡ് സ്കൂൾ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക. മാതൃകാ ബഡഡ് സ്കൂളുകൾ ആയി ഉയർത്തുക.
9. ഭിന്നശേഷിക്കാരായ ആളുകൾക്ക് പെട്ടിക്കട, ഓട്ടോറിക്ഷ എന്നിവ നൽകുക.
10. മാതൃകാ ശിശു പുനരധിവാസ കേന്ദ്രം സ്ഥാപിക്കുക.
11. സ്പെഷ്യൽ എഡ്യുക്കേഷൻ പരിപാടി കൂടുതൽ പ്രായോഗികമാക്കുക.




# ജെൻഡർ വികസനവും, കുട്ടികളുടെവികസനവും (വനിതാ വികസനം)

**ജെൻഡർ വികസനവും, കുട്ടികളുടെവികസനവും (വനിതാ വികസനം)**

| ക്ര. | പേരും വിലാസവും | ഫോൺ ഇ-മെയിൽ ഐ.ഡി. | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/ പുരുഷൻ | എസ്.സി./ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം / പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1. | ഇൽമുന്നീസ ഷാഫി | 7994444653 | ചെയർപേഴ്സൺ | | | | | |
| 2. | സ്മിത, ഐസിഡി.എസ് | 92078240335 | കൺവീനർ | | | | | |
| 3. | ബീന ഇബ്രാഹിം | 9061395225 | അംഗം | | | | | |
| 4. | സജീന നവാസ്, | 9747660965 | അംഗം | | | | | |
| 5. | ജെസ്ന സിദ്ധിഖ് | 6282876326 | അംഗം | | | | | |
| 6. | ലൈല | 9188801399 | അംഗം | | | | | |
| 7. | അൻസൽന നാസർ, | 9207627729 | അംഗം | | | | | |
| 8. | അമീന | 9539917577 | അംഗം | | | | | |
| 9. | സൗമി | 9946295380 | അംഗം | | | | | |
| 10. | നിഷ | 9562947327 | അംഗം | | | | | |
| 11. | ഷാനി ബഷീർ,കോന്നച്ചാടത്ത് | 9744042620 | അംഗം | | | | | |
| 12. | സുൽഫത്ത് സനീർ | 9747140507 | അംഗം | | | | | |
| 13. | അഞ്ജു പി.സുകുമാരൻ | 8129150091 | അംഗം | | | | | |
| 14. | സിറാജ് | 9447488502 | അംഗം | | | | | |
| 15. | ഷാജി പാപ്പാലിൽ | 9207116150 | അംഗം | | | | | |

# ആമുഖം

കേരളത്തിൽ അധികാര വികേന്ദ്രീകരണപ്രസ്ഥാനം ആരംഭിച്ചിട്ട് 25 വർഷം പിന്നിടുകയാണ്. ഈ അധികാര വികേന്ദ്രീകരണമാണ് കേരള സമൂഹത്തിൽ ലിംഗനീതി അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. പ്രാദേശിക ആസൂത്രണ പ്രക്രീയയുടെ ഓരോ ഘട്ടത്തിലും സ്ത്രീ പങ്കാളിത്തവും കുട്ടികളുടെ ക്ഷേമവും ഉറപ്പ് വരുത്തുവാൻ ബോധപൂർവ്വമായ ശ്രമങ്ങളുണ്ടായി വാർഡ്. സഭ, വികസന സെമിനാർ, പദ്ധതിരേഖ, തുടങ്ങിയ എല്ലായിടത്തും സ്ത്രീകളുടെയും കുട്ടികളുടെയും പരിഗണന ഉറപ്പാക്കി. കൂടാതെ പദ്ധതി വിഹിതത്തിന്റെ 10% തുക വനിതാ ഘടക പദ്ധതിക്കായി മാറ്റിവയ്ക്കുവാനും നമുക്ക് സാധിച്ചു. സ്ത്രീകൾക്ക് പൊതു വിഭവങ്ങളിൽ നിയന്ത്രണവും, സ്വാതന്ത്ര്യവും ഉണ്ടായിരിക്കണം. ഇത് തടസപ്പെടുത്തുന്ന ഘടകങ്ങളെ ഇല്ലാതാക്കുന്ന തരത്തിലാവണം വനിതകൾക്കായി പദ്ധതി ആസൂത്രണം ചെയ്യേണ്ടത്. നമ്മുടെ പ്രദേശത്ത് സ്ത്രീകൾ നേരിടുന്ന സവിശേഷമായ പ്രശ്നങ്ങൾ മനസിലാക്കിയും വനിതകൾക്ക് തൊഴിൽ വരുമാനം ഉണ്ടാകുന്ന തരത്തിലും സാമൂഹിക ഉൽപാദന പ്രത്യുൽപ്പാദനപരമായ ധർമ്മങ്ങൾ നിർവ്വഹിക്കുന്നതിന് ഓരോ മേഘലയിലെയും ആവശ്യങ്ങൾ മനസിലാക്കി 14-ാം പഞ്ചവത്സര പദ്ധതിയിൽ നമുക്ക് പദ്ധതി രൂപീകരിക്കേണ്ടതായുണ്ട്. അതിന് സമഗ്ര അവസ്ഥാ സ്ഥിതിവിശേഷം തയ്യാറാക്കേണ്ടതായിട്ടുണ്ട്.

# വനിതകൾ കുട്ടികൾ

2011ലെ സെൻസസ് പ്രകാരം ഈരാറ്റുപേട്ട നഗരസഭയിലെ സ്ത്രീ ജനസംഖ്യ 14643 ആണ്. നഗരസഭയിലെ സ്ത്രീപുരുഷ അനുപാതം 983 ആണ് എന്നാൽ കേരളത്തിലെയും കോട്ടയം ജില്ലയിലെയും സ്ഥിതിവിവരക്കണക്ക് വച്ച് ഇത് ആയിരത്തിന് മുകളിലാണ്. 2011ലെ സെൻസസ് പ്രകാരം 84.17% ആണ് സ്ത്രീ സാക്ഷരത എന്നാൽ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ അഭൂതപൂർവ്വമായ വർദ്ധനവാണ് . സ്ത്രീ സാക്ഷരതയിലുണ്ടായിട്ടുള്ളത് ഏറ്റവും പുതിയ സ്ഥിതിവിവരക്കണക്കുകൾ വച്ച് 95% മുകളിൽ സാക്ഷരത സ്ത്രീകൾക്കുണ്ട്. ഇത് പുരുഷ സാക്ഷരതയേക്കാൾ മുമ്പിലാണ്. സ്ത്രീകൾ വിദ്യാസമ്പന്നരായതോടെ ജീവിതനിലവാരത്തിലും ആരോഗ്യകാര്യത്തിലും പ്രകടമായ മാറ്റം ദൃശ്യമാണ്. എന്നാൽ ഉപരിപഠനത്തിന് യോഗ്യത നേടുന്ന നല്ല ഒരു ശതമാനം പെൺകുട്ടികളും തുടർവിദ്യാഭ്യാസത്തിന് പോകാറില്ല എന്നുള്ളത് വലിയ പോരായ്മയാണ്. മറ്റ് സമുദായങ്ങളെ അപേക്ഷിച്ച് മുസ്ലിംസമുദായത്തിലെ പെൺകുട്ടികളെ നേരത്തെ വിവാഹംകഴിച്ച് അയക്കുന്നതും തൊഴിൽ രംഗത്ത് സ്ത്രീകളെ അയക്കുന്നതിനോടുള്ള താൽപര്യക്കുറവുമൊക്കെയാകാം ഇതിന് കാരണം. മുൻപ് വ്യവസായ ശാലകൾ അധികം ഇല്ലാത്തതിനാൽ സ്ത്രീകൾ അധികം പേരും തൊഴിലിന് പോയിരുന്നില്ല. എന്ന് വേണേൽ പറയാം. എന്നാൽ ഇന്ന് ഈരീതിക്ക് മാറ്റം വന്നിട്ടുണ്ട്. പല വ്യവസായ സംരംഭങ്ങളും ഇവിടെ ആരംഭിക്കുകയും നിരവധി സ്ത്രീകൾ ഇവിടങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. സംവരണം ചെയ്യപ്പെട്ട അധികാര സ്ഥാനങ്ങളിൽ ഒഴികെ മറ്റ് മേഘലകളിൽ സ്ത്രീ സാന്നിദ്ധ്യം കുറവാണ്.

സ്ത്രീകൾക്ക് അഭമാനത്തോടെയും സന്തോഷത്തോടെയും ജിവിക്കാൻ കഴിയണമെങ്കിൽ നല്ല വിദ്യാഭ്യാസവും നല്ല വരുമാനമുള്ള തൊഴിലും ലഭിക്കേണ്ടതുണ്ട്. മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ഭർത്താവിന്റെ വരുമാനം കൊണ്ട് മാത്രം വിട്ടുചെലവും മക്കളുടെ വിദ്യാഭ്യാസവും കുടുംബാംഗങ്ങളുടെ ചികിത്സയും മറ്റും നടത്തിക്കൊണ്ടുപോകുവാൻ സാധിക്കില്ല. ഭർത്താവിന്റെ അകാല മൃത്യുവോ, രോഗം പിടിപെടലോ, തൊഴിൽ നഷ്ടപ്പെട്ടാലോ, ഭർത്താവ് ഉപേക്ഷിക്കുകയോ, ചെയ്താൽ ഭാര്യയുടെയും കുട്ടികളുടെയും ഗതി അതി ദയനീയമാകുന്ന കാഴ്ച നമ്മുടെ നാട്ടിൽ പല പ്രദേശങ്ങളിലും കണ്ടുവരുന്നുണ്ട്. മറ്റുള്ളവരുടെ പരിഹാസത്തിനും ചൂഷണത്തിനും ഇവർ ഇരയാകാറുണ്ട്. ഇവിടെയാണ് സ്ത്രീ ശാക്തീകരണത്തിന്റെയും സ്ത്രീ സംരംഭങ്ങളുടെയും ആവശ്യകതയും അതിന്റെ ഉദ്ദേശലക്ഷ്യങ്ങളും ആഴവും പരപ്പും മനസ്സിലാകുന്നത്.

1996ലാണ് വികേന്ദ്രീകൃതാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് അന്നുവരെയുണ്ടായിരുന്ന വികസന സ്വപ്നങ്ങൾക്ക് വിപ്ലവകരമായ മാറ്റമാണ് ഇതുമൂലമുണ്ടായത് ഇന്ത്യയിലാ

ദ്യമായി പദ്ധതി വിഹിതത്തിന്റെ 10% സ്ത്രീകൾക്കായി മാറ്റിവയ്ക്കുവാൻ നമുക്ക് സാധിച്ചതും അധികാര വികേന്ദ്രീകരണം മൂലമാണ്.

## കുടുംബശ്രീ

1998ൽ രൂപീകൃതമായ കുടുംബശ്രീ ഇന്ത്യയിലെതന്നെ ദാരിദ്ര ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഏറ്റവും വലിയ സ്വയം സഹായ ശൃംഘലയായി മാറി എന്നത് നമുക്കേവർക്കും അഭിമാനകരമാണ്. സ്ത്രീകളുടെ സാമുഹിക ഉന്നമനത്തിനായി വിവിധ സാമുഹിക വികസന ഏജൻസികൾ ഈരാറ്റുപേട്ട കുടുംബശ്രീ ആരംഭിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ പരിശീലനം, ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്, തയ്യൽ, അലങ്കാര പുഷ്പ നിർമ്മാണം, അക്വാ കൾച്ചർ, കാറ്ററിംഗ് യൂണിറ്റുകൾ, അച്ചാർ നിർമ്മാണ യൂണിറ്റുകൾ പച്ചക്കറി കൃഷി യൂണിറ്റുകൾ, എന്നീ സ്വയം സഹായ ഗ്രൂപ്പുകൾ ഈരാറ്റുപേട്ട കുടുംബശ്രീ വഴി ഏറ്റെടുത്ത് ചെയ്യുന്നുണ്ട്. ഈരാറ്റുപേട്ട നഗരസഭാ സി.ഡി.എസ്.ന് കീഴിൽ പ്രവർത്തിക്കുന്ന 170 കുടുംബശ്രീ യൂണിറ്റുകളാണ് ഉള്ളത്. 28 വാർഡിലും എ.ഡി.എസ്.ന്റെ നേതൃത്വത്തിലാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടന്ന് വരുന്നത്. 170 കുടുംബശ്രീ യുണിറ്റിലായി 2890 അംഗങ്ങൾ പ്രവർത്തിക്കുന്നു. ഈ അംഗങ്ങളുടെ നിക്ഷേപമായി 12,39,88,826/- (പന്ത്രണ്ട് കോടി മുപ്പത്തിയൊമ്പത് ലക്ഷത്തി എൺപത്തി എണ്ണായിരത്തി എണ്ണൂറ്റി ഇരുപത്തി ആറ് രൂപ) രൂപയും ആന്തരിക വായ്പയായി 26053886 (ഇരുപത്തിആറ് കോടി അമ്പത്തിമൂവായിരത്തി എണ്ണൂറ്റി എൺപത്തിആറ് രൂപ) രൂപയുമാണ്. നൽകിയിരിക്കുന്നത്.

## കുടുംബശ്രീയൂണിറ്റ് വിവരങ്ങൾ

| | |
|---|---|
| യൂണിറ്റ് | 170 |
| അംഗങ്ങൾ | 2890 |
| നിക്ഷേപം | 12,39,88,826 |
| ആഭ്യന്തരവായ്പ | 26,00,53,886 |

## കുടുംബശ്രീ യൂണിറ്റുകൾക്ക് അനുവദിച്ചിരിക്കുന്ന ലിങ്കേജ് ലോൺ

| | |
|---|---|
| ബ്ലോക്ക് കോർപ്പറേറ്റീവ് അർബൻ സൊസൈറ്റി | 35010000/- |
| കേരളാ ഗ്രാമീൺബാങ്ക് | 25000000 / 30 യൂണിറ്റ് |
| കേരളാ ഗ്രാമീൺബാങ്ക് | 24 ലക്ഷം / 10 യൂണിറ്റ് |
| എസ്.ബി.ഐ. | 22 ലക്ഷം / 50 യൂണിറ്റ് |

## കുടുംബശ്രീ അംഗങ്ങൾക്ക് അനുവദിച്ചിരിക്കുന്ന ലോണുകൾ

| | | |
|---|---|---|
| കെ.എസ്.ബി.സി.ഡി.സി. | - | 15000000 |
| വ്യവസായ കോർപറേഷൻ | - | 4600000 |

## വിതരണം ചെയ്ത റിവോൾവിംഗ് ഫണ്ടുകൾ

| | | |
|---|---|---|
| ഈരാറ്റുപേട്ട നഗരസഭ | - | 315000 |
| ജില്ലാമിഷൻ കുടുംബശ്രീ | - | 1000000 (എ.ഡി.എസ്.) |
| ജില്ലാമിഷൻ കുടുംബശ്രീ | - | 1040000 (അയൽക്കൂട്ടം) |
| 2355000 | | |

## കുടുംബശ്രീ സംരംഭകർ

ഈരാറ്റുപേട്ട നഗരസഭാ സി.ഡി.എസ്.ന് കീഴിൽ അറുന്നൂറോളം വ്യക്തിഗത സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആട് ഗ്രാമപദ്ധതിയിലൂടെ 7 യൂണിറ്റുകൾക്ക് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ലോൺ നൽകിയിട്ടുണ്ട്. സമഗ്ര മുട്ട ഗ്രാമം പദ്ധതിയിലൂടെ 20 യൂണിറ്റുകൾക്ക് ലോൺ കൊടുത്തിട്ടുണ്ട്. ബ്ലോക്ക് അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും കുടുംബശ്രീയുമായി സഹകരിച്ച് പിട്ടാപ്പള്ളിൽ ഏജൻസീസ് ഹാപ്പി ഹോം എന്നീ സ്ഥാപനങ്ങളിൽ നിന്ന് പലിശരഹിത ഗൃഹോപകരണ വായ്പ നൽകിവരുന്നു.

മേൽ സ്ഥിതിവിവരകണക്കുകളിൽ നിന്നെല്ലാം വ്യക്തമാക്കുന്നത് നഗരസഭയിലെ നല്ല ഒരുവിഭാഗം സ്ത്രീകളുടെയും സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് സ്ത്രീ ശാക്തീ കരണത്തിനും കുടുംബശ്രീയുടെയും സി.ഡി.എസ്.ന്റെയും പ്രവർത്തനം മൂലം സാധിക്കുന്നുണ്ട്. എന്നിരുന്നാൽ തന്നെയും സാമ്പത്തികമായും ശാരീരികമായും ക്ലേശ ഘടകം അനുഭവിക്കുന്ന നിരവധി സ്ത്രീകൾ ഇനിയും ഈരാറ്റുപേട്ട നഗരസഭയിലുണ്ട്. എന്ന് മനസിലാക്കുവാൻ സാദി ച്ചു. ഇവർക്ക് വേണ്ടിയും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

## തൊഴിൽ ചെയ്യുന്നവർ

| | |
|---|---|
| പുരുഷൻ | 9554 |
| സ്ത്രീകൾ | 1719 |
| ആകെ | 11273 |

1996 ലെ കണക്ക് വച്ച്നോക്കുമ്പോൾ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം ക്രമാ തീതമായി കൂടിയിട്ടുണ്ട് എന്നത് ഏറെ അഭിമാനകരമാണ്.

## നേരിടുന്ന വെല്ലുവിളികൾ

1. സ്ത്രീകൾ പലകാര്യങ്ങളിലും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തുന്നില്ല എന്നുള്ള താണ് ഏറ്റവും വലിയ പ്രശ്നം.
2. സി.ഡി.എസ്.ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു, സംരംഭകർക്ക് വിപണന മേളകൾ മാസചിന്തകൾ എന്നിവ നടത്തുന്നതിലെ പരാജയം
3. കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രത്തിന്റെ അപര്യാപ്തത
4. നൽകുന്ന ലോണിന്റെയും വായ്പാ തുകകളുടെയും ഗുണം സംരംഭങ്ങൾക്ക് കിട്ടുന്നല്ല എന്നുള്ളത് വലിയ പോരായ്മയാണ്. ഇതുമൂലം സാമ്പത്തികമായി വലിയ നേട്ടമുണ്ടാക്കു വാൻ സാധിക്കുന്നില്ല.
5. വായ്പകൾ നൽകുന്ന തുകകൊണ്ട് സ്വന്തം വീട്ടിലെ ആവശ്യങ്ങളും കടങ്ങളം ബാധ്യത തീർക്കുവാനും ഉപയോഗിക്കുന്നു.
6. സി.ഡി.എസ്.ന് പൊതുജനങ്ങളുടെ ഇടയിലേക്ക് ആഴത്തിൽ ഇറങ്ങിചെല്ലുവാനും അവ രുടെ പ്രശ്നങ്ങൾ മനസിലാക്കി സംരംഭങ്ങൾ തുടങ്ങുവാനും സാധിക്കുന്നില്ല. കുടുംബ കാറ്ററിംഗ് യൂണിറ്റുകൾ ചെറിയ ചെറിയ മേഘലകളിൽ ഒതുങ്ങിക്കൂടുന്നു. ഫുഡ് ഫെസ്റ്റു കൾ സംഘടിപ്പിക്കുന്നില്ല.
7. കുടുംബശ്രീ ഉൽപാദകർക്ക് കാര്യക്ഷമമായ വിപണന വിതരണ ശൃംഖല സൃഷ്ടിക്കപ്പെ ടുന്നില്ല.
8. കുറഞ്ഞ തൊഴിൽ പങ്കാളിത്തം, കുറഞ്ഞ രാഷ്ട്രീയാധികാരം, വർദ്ധിച്ചുവരുന്ന അതിക്രമം, ജീവിതശൈലീ രോഗങ്ങൾ എന്നിവ സ്ത്രീകൾ നേരിടുന്ന പ്രധാന വെല്ലുവിളികളാണ്.
9. തൊഴിൽ സംരംഭകരിൽനിന്നുള്ള കുറഞ്ഞ വരുമാനം കുടുംബഭാരം, വിധവകളുടെ എണ്ണ ത്തിലുള്ള വർധനവ്, സ്ത്രീധനം, തീരുമാന പ്രക്രീയയിൽ പങ്കാളിത്തക്കുറവ് എന്നിവ നമ്മുടെ പ്രദേശത്ത് സ്ത്രീകൾ നേരിടുന്ന പ്രധാന വെല്ലുവിളികളാണ്.

## പരിഹാര മാർഗങ്ങൾ, സാദ്ധ്യതകൾ

1. വിദ്യാസമ്പനനും വികസന കാഴ്ചപ്പാടുകളുമുള്ള സ്ത്രീകൾ വീടിന്റെ നാല് ചുവരുകൾക്കു ള്ളിൽ ഒതുങ്ങികഴിയുന്നതുമൂലം അവരുടെ സേവനങ്ങൾ പൊതു സമൂഹത്തിന് ലഭ്യമാ കുന്നില്ല. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങൾ ഉണ്ടാക ണം.
2. വനിതകൾക്ക് ആരോഗ്യം മെച്ചപ്പെടുത്താൻ നഗരസഭാതലത്തിൽ വനിതാജിം, യോഗ പരി ശീലനം എന്നിവ ആരംഭിക്കുക. ഇതിന് വാർഷിക പദ്ധതിയിൽ തുക വകയിരുത്തുക.
3. നഗരസഭാ തലത്തിൽ കുടുംബശ്രീ സംരംഭങ്ങൾക്ക് വിപണനാവസരങ്ങൾ തയാറാക്കി നൽകുന്നതിന് മാസചിന്തകൾ സംഘടിപ്പിക്കുക.

4. നഗരസഭയിൽ വിശാലമായ കുടുംബശ്രീ ഉൽപന്നവിപണനകേന്ദ്രം യാഥാർത്ഥ്യമാക്കുക. ഇതിനായി പദ്ധതിയിൽ തുക വകയിരുത്തുക.
5. ചാണകം ഉണക്കി പൊടിച്ച് വളമാക്കുന്ന യൂണിറ്റി. കരകൗശല നിർമ്മാണയൂണിറ്റ്, അസംസ്കൃത സാധനങ്ങൾകൊണ്ട് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തേങ്ങകൊണ്ടുള്ള ഉൽപന്നങ്ങൾ ഉൽപ്പന്നങ്ങൾ, തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ പരിശീലനം നൽകുകയും യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യുക. ഇതിനായി NULM ന്റെ (നഗര ഉപജീവന മിഷൻ) സേവനം പ്രയോജനപ്പെടുത്തുക.
6. കുടുംബശ്രീ സി.ഡി.എസ്. നഗരസഭാ ഭരണസമിതിയുമായി ഒന്നായി നിന്ന് ചർച്ചചെയ്ത് ആസൂത്രണത്തോട് കൂടി പദ്ധതികൾ നടപ്പിലാക്കുക.
10. വനിതകൾക്ക് 10 പേർക്ക് എന്തെങ്കിലും തൊഴിൽ ലഭ്യമാകുന്ന 25 സംരംഭങ്ങളെങ്കിലും പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കുക.
11. കുടുംബശ്രീ ജനകീയ ഹോട്ടൽ യാഥാർത്ഥ്യമാക്കുക. ഇതിനായി വടക്കേക്കരയിൽ പണി തീരാതെ കിടക്കുന്ന കെട്ടിടത്തിന് അധികതുക വിലയിരുത്തുക.
12. കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റുകളുടെ മാതൃബാൻഡായ കഫേ കുടുംബശ്രീ ഭക്ഷ്യമേളകൾ സംഘടിപ്പിക്കുക. ഇവർക്കുള്ള  സ്കിൽ ട്രെയിനിംഗ് ഇംപ്രൂവ്മെന്റ് ട്രെയിനിംഗ്, ഓൺദ ജോബ് ട്രെയിനിംഗ് മുതലായവ NULM ന്റെ കൂടി സഹായത്തോടുകൂടി നൽകി കാറ്ററിംഗ് യൂണിറ്റുകൾക്ക് മികച്ച വരുമാനവും പ്രവർത്തന മൂലധനവും ഉപഭോക്തൃ പ്രശംസയും നേടികൊടുക്കുന്ന രീതിയിൽ പ്രാപ്തരാക്കുക ഇതുവഴി ഉപഭോക്താക്കൾക്ക് ആരോഗ്യകരവും രുചികരവുമായ തനത് വിഭവങ്ങൾ മിതമായ വിലയിൽ നൽകുവാൻ സാധിക്കും.
13. പ്രാദേശികമായി കുടുംബശ്രീ സംരംഭകർ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് സാമൂഹ്യാധിഷ്ഠിത വിതരണ വിപണന സംവിധാനമായ കമ്യൂണിറ്റി മാർക്കറ്റിംഗ് നെറ്റ്വർക്ക് അഥവാ ഹോംഷോപ്പ് യാഥാർത്ഥ്യമാക്കുക ഇത്വഴി വനിതകൾക്ക് തൊഴിലും സ്ഥിര വരുമാനവും ലഭ്യമാക്കുന്നതിനൊപ്പം ഉപഭോക്താക്കൾക്ക് ഗുണനിലവാരവും ന്യായവിയലുമുള്ള ഉൽപ്പന്നങ്ങൾ ലഭ്യമാക്കുവാൻ സാധിക്കും.
14. നഗരസഭയിലെ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്ന സ്റ്റോർ ആരംഭിക്കുക.
15. ഏകീകൃത മാതൃകയിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ പ്രാദേശികമായി വിറ്റഴിക്കുവാൻ ഔട്ലെറ്റുകൾ സ്ഥാപിക്കുക ഇത് വഴി കുടുംബശ്രീ ബ്രാന്റ് ജനകീയമാക്കുവാനും സ്ഥിര വിപണനം വഴി വനിതകൾക്ക് സാമ്പത്തികവും സാമൂഹികവുമായുള്ള ഉന്നമനം ഉറപ്പുവരുത്തുവാനും സാധിക്കും.
16. കുടുംബശ്രീ ഉൽപ്പന്നങ്ങൾക്കായി നാനോ മാർക്കറ്റുകൾ സംഘടിപ്പിക്കുക. പ്രാദേശിക കുടുംബശ്രീ ഉൽപ്പന്നങ്ങൾ സപ്ലൈകോ ത്രിവേണി സ്റ്റോറ് എന്നിവ വഴി വിപണനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.
17. വനിതാ ഘടക പദ്ധതിയിൽ പൂർണ്ണമായും വനിതകൾക്ക് ഗുണം കിട്ടുന്ന പദ്ധതികൾ മാത്രം ഏറ്റെടുക്കുക.
18. സ്ത്രീകളുടെ സാമ്പത്തികവും സാംസ്കാരികവും വ്യക്തിപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനാവണം വനിതാ ഘടകപദ്ധതി ലക്ഷ്യം വയ്ക്കേണ്ടത്.
19. സ്ത്രീ കുടുംബനാഥയായിട്ടുള്ളിടത്ത് മാത്രം, വീട് നിർമ്മാണം കക്കൂസ് നിർമ്മാണം കുടിവെള്ളം എന്നിവ വനിതാഘടകപദ്ധതിയിൽ ഏറ്റെടുക്കുക.
20. ആരോഗ്യകേന്ദ്രങ്ങളിലും പൊതു സ്ഥലങ്ങളിലും സ്ത്രീകൾക്ക് ഇരിപ്പിടം ഫീഡിംഗ് കോർണർ, വിശ്രമമുറി, എന്നിവ ഒരുക്കുന്നതിന് പദ്ധതി ഏറ്റെടുക്കണം.
21. ഗർഭകാല സംരക്ഷണം, പ്രസവ രക്ഷാപദ്ധതികൾ എന്നിവ വനിതാ ഘടക പദ്ധതിയിൽ

ഏറ്റെടുക്കുവാൻ ശ്രമിക്കുക.

22. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ജാഗ്രതാ സമിതികളുടെ പ്രവർത്തനം ശാക്തീകരിക്കുക. ഇതിനായി നിയമ സംവിധാനങ്ങളെ ഏകോപിപ്പിക്കണം.
23. സ്ത്രീപക്ഷ സമീപനത്തിലൂന്നിയ കൗൺസിലിംഗ് സൗകര്യങ്ങൾ കൗമാര പ്രായമായ കുട്ടികൾക്കും അതിക്രമത്തിനിരയായ സ്ത്രീകൾക്കും നൽകുക ഇതിനായി റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുക
24. സ്ത്രീകളുടെ കൂട്ടായ്മയും പൊതുഇടത്തും സൃഷ്ടിക്കുന്നതിന് സ്ത്രീകളുടെ ലൈബ്രറി, കമ്പ്യൂട്ടറുകൾ, കളിസ്ഥലങ്ങൾ, പാർക്ക് എന്നിവ ആരംഭിക്കുന്നതിന് വനിതാ ഘടക പദ്ധതിയിൽ തുക വകയിരുത്തണം.
25. നമ്മുടെ പ്രദേശത്തെ ലംഗപദവി മനസ്സിലാക്കി സ്ത്രീ പുരുഷ തുല്യത ഉറപ്പാക്കുവാൻ ഉതകുന്ന ആസൂത്രണ ഇടപെടൽ നടത്തുന്ന ജെന്റർ ബഡ്ജറ്റിംഗ് നടപ്പിലാക്കുക.
26. ഈരാറ്റുപേട്ട നഗരസഭയിൽ കുട്ടികൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം മികച്ച കളിസ്ഥലങ്ങൾ ഇല്ലാത്തതാണ് വർദ്ധിച്ചുവരുന്ന ജനസംഘ്യയും 2-3 സെന്റ് സ്ഥലങ്ങളിൽ ആളുകൾ തിങ്ങിപാർക്കുന്നതാണ് ഇതിന് പ്രധാനകാരണം. അടിയന്തിരമായി സ്ഥലം കണ്ടെത്തി കളിസ്ഥലം പണിയുകയാണ് ഇതിന് പരിഹാരമാർഗം.
27. കുട്ടികൾക്ക് വിനോദത്തിനായി ഒരു മുനിസിപ്പൽ പാർക്ക് ഇല്ലാത്തത് വലിയ പോരായ്മയാണ്. നഗരസഭ അനുയോജ്യമായ സ്ഥലം ഏറ്റെടുത്ത് പാർക്ക് യാഥാർത്ഥ്യമാക്കുക

## കുട്ടികളുടെ ക്ഷേമം

ഇന്ത്യയുടെ ആകെ ജനസംഖ്യയുടെ 43% ജനസംഘ്യയും 18 വരെ വയസ്സുള്ള കുട്ടികളുടെയാണ്. അപ്പോൽതന്നെ മനസ്സിലാക്കാം കുട്ടികലുടെ നിലവാരം മെച്ചപ്പെടുത്തുവാൻ മികച്ച ആസുത്രണം ആവശ്യമാണെന്ന്. കുട്ടികൾ നമ്മുടെ നാടിന്റെ അമൂല്യ രത്നങ്ങളാണ്. ഇന്നത്തെ കുട്ടികൾ നാളെയുടെ പൗരന്മാരാണ് എന്നതാണ് നമ്മുടെ നാട്ടിലെ പൊതുവെയുള്ള കാഴ്ചപ്പാട്. എന്നാൽ ഇന്നത്തെ കുട്ടികളെ ഇന്നത്തെ പൗരന്മാരായി കാണുമ്പോഴാണ് യഥാർത്ഥ ബാല സൗഹൃദം സാദ്ധ്യമാവുകയുള്ളു. കേരളത്തിൽ ശിശു ക്ഷേമത്തിന് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ശിശുമരണ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാകുവാൻ നമുക്ക് സാധിച്ചതും. ഇന്ത്യൻഭരണഘടനും കുട്ടികൾക്ക് മികച്ച പരിഗണനയാണ് നൽകുന്നത്. 6 വയസുവരെയുള്ള കുട്ടികൾക്ക് പോഷകാഹാരം നൽകേണ്ടതും നമ്മുടെ ചുമതലയിൽപെട്ട കാര്യമാണ്. 18 വയസിന് താഴെയുള്ള കുട്ടികളെ ചൈൽഡ് ഗ്രൂപ്പായാണ് കണക്കാക്കുന്നത്. 2016 ലെ സാമ്പത്തിക സർവേ പ്രകാരം 19.83% പുരുഷന്മാരും 19.29% സ്ത്രീകളും ശിശു ഗ്രൂപ്പിലുണ്ട്. ഈരാറ്റുപേട്ട നഗരസഭയിൽ 25 അംഗണവാടികൾ പ്രവർത്തിക്കുന്നു. അതിൽ 9 എണ്ണം സ്വന്തം കെട്ടിടത്തിലും 14 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 8, 15, 28 വാർഡുകളിൽ അംഗണവാടികൾ നിലവിലില്ല. അംഗണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടതും ബാല സൗഹൃദമാതൃകാ അംഗണവാടികളായി ഉയർത്തേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. മിക്കവാറും എല്ലാ അംഗണവാടികളിലും കുടിവെള്ള സൗകര്യവും ടൊയ്ലറ്റ് സൗകര്യവും ഉണ്ട്. ഗർഭിണികൾ മുലയൂട്ടുന്ന അമ്മമാർ കൗമാരപ്രായക്കാരായ പെൺകുട്ടികൾ 6 വയസിന് താഴെയുള്ള കുട്ടികൾ എന്നിവർക്ക് സാമൂഹ്യക്ഷേമ വകുപ്പ് പോഷകാഹാരങ്ങൾ നൽകുന്നു. ഓരോ വാർഷിക പദ്ധതിയിലും നഗരസഭാ വിഹിതം കൃത്യമായി ഉൾപ്പെടുത്തുന്നുണ്ട്. ബോധവൽകരണ പരിപാടികളും കൗൺസിലിങ്ങും ആരോഗ്യ പരിശോധനയും വാക്സിനേഷനും അംഗണവാടികൾ വഴി സംഘിടപ്പിക്കുന്നുണ്ട്. കുട്ടികൾക്കെതിരെ ലൈഗിക ചൂഷണങ്ങളും പീഠനങ്ങളും സമൂഹത്തിൽ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ വാർഡ് അംഗം കൺവീനറായും അംഗണവാടി ടീച്ചർ മെമ്പർ സെക്രട്ടറിയായും ജാഗ്രാ സമിതി പ്രവർത്തിച്ചുവരുന്നു.

ഈരാറ്റുപേട്ട നഗരസഭാ സി.ഡി.എസ്.ന്റെ കീഴിൽ 50 ബാലസഭകൾ പ്രവർത്തിക്കുന്നു.



# പൊതുമരാമത്ത് ഊർജ്ജം

## പൊതുമരാമത്ത്, ഉർജ്ജം

| ക്ര. | പേരും വിലാസവും | ഫോൺ ഇ-മെയിൽ ഐ.ഡി. | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/ പുരുഷൻ | എസ്.സി./ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം / പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1. | അമീൻ പിട്ടയിൽ | 9447106085 | ചെയർപേഴ്സൺ | | | | | |
| 2. | സുനിത ആർ.എസ്. | 9567328214 | കൺവീനർ | | | | | |
| 3. | നിസാം മുരിക്കോലിൽ | 9745705097 | അംഗം | | | | | |
| 4. | അമീൻ പുതുപ്പറമ്പിൽ | 8089773034 | അംഗം | | | | | |
| 5. | അഫ്സൽ തൂങ്ങംപറമ്പിൽ | 9447764633 | അംഗം | | | | | |
| 6. | സിദാഹി | 9947020963 | അംഗം | | | | | |
| 7. | സുധീർ പാറക്കുന്നേൽ | 9995468815 | അംഗം | | | | | |
| 8. | ഇർഷാദ് | 7510348668 | അംഗം | | | | | |
| 9. | സണ്ണി വടക്കേൽ | 9446197581 | അംഗം | | | | | |
| 10. | ഷർബിൻ | 9447779998 | അംഗം | | | | | |
| 11. | സലാമുദീൻ | 8304927040 | അംഗം | | | | | |
| 12. | അഷറഫ് | 9947851046 | അംഗം | | | | | |
| 13. | ഷാമോൻ വാഴക്കാലായിൽ | 9656030010 | അംഗം | | | | | |
| 14. | അബ്ദുൾഖാദർ | 9847780544 | അംഗം | | | | | |
| 15. | നസീബ് പത്താഴപ്പടി | 9447212783 | അംഗം | | | | | |




## ആമുഖം

ഈരാറ്റുപേട്ടമുനിസിപ്പാലിറ്റിയെ നെടുകെയും കുറുകെയും കീറിമുറിച്ചുകൊണ്ട് മീനച്ചിൽ നദിയും അതിന്റെ പോഷകനദികളും ചേർന്ന് ഈ നഗരത്തെ തെക്ക്, വടക്ക്, കിഴക്ക് എന്ന് മൂന്ന് കരകളായി വിഭജിച്ചിരിക്കുന്നു. നദിക്ക് സമാന്തരമായുള്ള സമതലങ്ങളിലൂടെ പൂർവ്വികർ നടന്നുനീങ്ങിയ നടപ്പാതകൾ കാലാന്തരത്തിൽ റോഡുകളായി രൂപാന്തരപ്പെട്ടു. കോട്ടയത്തുനിന്നും പാലാ, ഈരാറ്റുപേട്ടവഴി കിഴക്കൻ മേഖലകളിലേയ്ക്ക് നടന്നുനീങ്ങിയിരുന്ന പൂർവ്വികരുടെ കാട്ടുപാതയായിരുന്നു ആദ്യകാല റോഡ് സംവിധാനം. ബ്രിട്ടീഷ് ഭരണവാഴ്ചക്കാലത്ത് വെള്ളക്കാർ തുടങ്ങിവെച്ച എസ്റ്റേറ്റ് സമ്പ്രദായത്തിന്റെ ഭാഗമായി തീക്കോയി വാഗമൺ ഭാഗത്തേയ്ക്കും തമിഴരുടെ പ്രവേശനപാതയായിരുന്ന ഈരാറ്റുപേട്ട - കാഞ്ഞിരപ്പള്ളി മാർഗ്ഗവും ക്രമേണ റോഡുകളായി പരിണമിച്ചു. റോഡുകളുടെ ആവിർഭാവത്തോടുകൂടി മോട്ടോർ വാഹനത്തെക്കുറിച്ചുള്ള ചിന്തകളും ജനമനസ്സുകളിൽ കുടിയേറി. സാധാരണ ജനങ്ങളെ ആശ്ചര്യപ്പെടുത്തിക്കൊണ്ട് ആദ്യമയി ഈരാറ്റുപേട്ടയിൽ ഒരു മോട്ടോർ കാറിന് ഉടമയായത് ഹാജി പി. എ. സെയ്തുകുട്ടി സാഹിബായിരുന്നു. ആദ്യമായി ഈ നഗരത്തിൽ സ്വകാര്യബസ് സർവ്വീസ് ആരംഭിച്ചത് കുന്നേൽകുട്ടി അവർകളായിരുന്നു. മോട്ടോർവാഹനങ്ങളുടെ വ്യാപകമായി പ്രചാരണത്തോടെ സമ്പന്നർ ഉപയോഗിച്ചിരുന്ന വില്ല് വച്ച കുതിരവണ്ടികളും കാളവണ്ടികളും തോരണങ്ങളാൽ അലംകൃതമായ സവാരിവള്ളങ്ങളും ചരക്കുഗതാഗതത്തിന് ഉപയോഗിച്ചിരുന്ന കെട്ടുവള്ളങ്ങളും രംഗത്തുനിന്നും പിൻമാറി തുടങ്ങി. ഇതോടൊപ്പം വാഹനഗതാഗതത്തിനനുയോജ്യമായ ആധുനിക റോഡുകൾക്കുവേണ്ടിയുള്ള ജനങ്ങളുടെ മുറവിളി നാലുപാടുനിന്നും ഉയർന്നുതുടങ്ങി. ഈ മണ്ഡലത്തിലെ ജനപ്രതിനിധിയും മുൻ തിരുക്കൊച്ചി മുഖ്യമന്ത്രിയും ആയിരുന്ന ശ്രീ. എ.ജെ. ജോൺ ജനവികാരം മാനിച്ചുകൊണ്ട് പൂഞ്ഞാർ - തീക്കോയി നദികളാൽ വിഭജിക്കപ്പെട്ടിരുന്ന നമ്മുടെ മൂന്നുകരകളേയും യോജിപ്പിച്ചുകൊണ്ട് ഉയർന്ന സാങ്കേതികവിദ്യകൾ പ്രയോഗിച്ചുകൊണ്ടുള്ള രണ്ട് പാലങ്ങൾ നിർമ്മിച്ചു. (അരുവിത്തുറപ്പാലവും വടക്കേക്കരപ്പാലവും). ഈ പാലങ്ങളുടെ നിർമ്മാണ പൂർത്തീകരണത്തിലൂടെ ഈരാറ്റുപേട്ടയുടെ

മുഖഛായതന്നെ മാറുകയും അതുവഴി ജനഹൃദയങ്ങളിൽ ഒരിക്കലും മായാതെ അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണ നിലനിൽക്കുകയും ചെയ്യുന്നു. തുടർന്ന് ഈരാറ്റുപേട്ടയിലൂടെ കിഴക്കൻ മലയോരമേഖലകളിലേക്ക് കടന്നുകയറാനുള്ള ബൃഹത്തായ ഒരു ഗതാഗതമാർഗ്ഗത്തിനുകൂടി അദ്ദേഹത്തിന്റെ ഭരണകാലം നിദാനമായി. കിഴക്കുതൂക്കായ മലനിരകളിലൂടെ ദുർഘടങ്ങളായ പാറക്കെട്ടുകൾ വെട്ടിയരിഞ്ഞ് ഒട്ടനവധി തൊഴിലാളികളുടെ ജീവൻ ബലികഴിച്ചുകൊണ്ട് അതിസാഹസികമായ യജ്ഞത്തിലൂടെ പണി പൂർത്തിയായി ഈരാറ്റുപേട്ട-വാഗമൺ റോഡ് ഗതാഗതത്തിലെ അവിസ്മരണീയമായ നേട്ടമായിരുന്നു. ഇതോടുകൂടി കേരളത്തിലെ ആദ്യത്തെ സ്റ്റേറ്റ് ഹൈവേകളിൽ ഒന്നായ ഈരാറ്റുപേട്ട – പീരുമേട് സ്റ്റേറ്റ് ഹൈവേ നിലവിൽ വന്നു. ഈ സ്റ്റേറ്റ് ഹൈവേയുടെ പൂർത്തീകരണത്തിലൂടെ ഹൈറേഞ്ചിന്റെ പ്രവേശനകവാടം എന്ന നിലയിൽ ഈരാറ്റുപേട്ട അറിയപ്പെടാൻ തുടങ്ങി. അഞ്ചര ദശകങ്ങൾക്കുമുമ്പ് ശ്രീ. എ.ജെ. ജോൺ തുടങ്ങി വെച്ച ഭാവനാപൂർണ്ണമായ അടിത്ത ഒന്നുമാത്രമാണ് ഈ മുനിസിപ്പാലിറ്റിയെ ഇന്നത്തെ നിലയിൽ എത്തിച്ചത് എന്ന് നിസംശയം പറയാം.

ഭരണഘടനാ ഭേദഗതിയിലൂടെ അധികാരത്തിൽ വന്ന ത്രിതലപഞ്ചായത്ത് സംവിധാനങ്ങൾക്ക് ലഭ്യമയ അധികാരങ്ങൾ ഉപയോഗിച്ച് ഹാജ് പി.കെ. അലിയാൽ സാഹിബ് പ്രസിഡന്റും ശ്രീ. സി.എം. മുഹമ്മദ് ചെയർമാനുമായിരുന്ന പഞ്ചായത്തുസമിതി ശ്രീ. പി.സി. തോമസ് എം.പി. യുടെയും ശ്രീ. വക്കത്തൻ മറ്റത്തിൽ എം.പി.യുടെയും പ്രാദേശിക വികസനഫണ്ടും പഞ്ചായത്ത് തനതുഫണ്ടും ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കി കേസ്‌വേ പാലവും അപ്രോച്ച് റോഡും നമ്മുടെ ഈ കൊച്ചു നഗരസഭയുടെ(അന്ന് പഞ്ചായത്ത്) വികസനപ്രവർത്തനങ്ങളിൽ എടുത്തു പറയാവുന്ന ഒരു നേട്ടമാണ്. നിരന്തരമായ ഗതാഗതക്കുരുക്കിനാൽ വീർപ്പുമുട്ടുന്ന നമ്മുടെ ടൗണിന്റെ ഗതാഗതപ്രശ്നങ്ങൾക്ക് ഒരളവോളം പരിഹാരം കാണുന്നതിനും ഇത് സഹായകമായി.

നഗരസഭകളുടെ പ്രധാനപ്പെട്ട ചുമതലകളിൽ പെടുന്നതാണ് പൊതുമരാമത്ത് പ്രവർത്തികളുടെ ആസൂത്രണവും നിർവ്വഹണവും. നഗരസഭകളുടെ പദ്ധതിവിഹിതത്തിൽ വലിയൊരു പങ്ക് പശ്ചാത്തല മേഖല, സേവനമേഖല, ഉല്പാദനമേഖലകളിലെ നിർമ്മാണ പ്രവർത്തികൾക്കാണ് വിനിയോഗിക്കുന്നത്. കൂടാതെ ആസ്തി സംരക്ഷണപ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും ഏറ്റെടുത്തു നടത്തുന്നു. വിവിധ കേന്ദ്രസംസ്ഥാനാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ടും എം.എൽ.എ., എം.പി., ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തികളും ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. ഒരു വലിയതുക ഈ രംഗത്ത് ചെലവഴിക്കുന്നതിനാൽ, സമയബന്ധിതമായും കാര്യക്ഷമമായും ജനോപകാരപ്രദമായ പ്രോജക്റ്റുകൾ കണ്ടെത്തി നിർമ്മാണം ഏറ്റെടുക്കുന്നതിനു 14-ാം പഞ്ചവത്സരപദ്ധതിയിൽ പ്രത്യേകപരിഗണന നൽകേണ്ടതുണ്ട്.

# ഗതാഗതം




കോട്ടയം ജില്ലയിലെ മലയോര പ്രദേശമായ ഈരാറ്റുപേട്ടയിൽ ഗതാഗതമാർഗ്ഗം റോഡ് മാത്രമാണ്. റെയിൽവെ ഗതാഗതം ഇവിടെ എത്തിപ്പെട്ടിട്ടില്ല. ജില്ലാ ആസ്ഥാനത്തിന് നിന്നും 40 കി.മീ. അകലെയുള്ള ഈരാറ്റുപേട്ട നഗരത്തിൽ പ്രധാന റോഡുകൾ ഏറ്റുമാനൂർ - പൂഞ്ഞാർ സ്റ്റേറ്റ് ഹൈവേ (SH 32), ഈരാറ്റുപേട്ട - വാഗമൺ - പീരുമേട് സ്റ്റേറ്റ് ഹൈവേ (SH 14),, കാഞ്ഞിരപ്പള്ളി -മുട്ടം സ്റ്റേറ്റ് ഹൈവേ (SH 44), എന്നീ സ്റ്റേറ്റ്  ഹൈവേകളും മറ്റ് ജ.ണ.ഉ റോഡുകളും മിനിസിപ്പൽ റോഡുകളുമാണ് ടൗണിനെ ചുറ്റിപോകുന്നത്. മേൽപറഞ്ഞ മൂന്ന് സ്റ്റേറ്റ് ഹൈവേകളാണ് ഈരാറ്റുപേട്ട നഗരത്തിൽ നിന്നും ഏറ്റവും അടുത്ത പ്രധാന റെയിൽവേസ്റ്റേഷൻ കോട്ടയം ആണ്. നിർദ്ദിഷ്ട ശബരി റെയിൽവേ കടന്നുപോകുന്നത് ഈരാറ്റുപേട്ട ടൗണിന് സമീപത്തുകൂടിയാണ്. നഗരത്തിന് 75 കി.മീ. അകലെയുള്ള നെടുമ്പാശ്ശേരി എയർപോർട്ടാണ് ഏറ്റവും അടുത്തുള്ള എയർപോർട്ട്. നഗരസഭയുമായി നിർദ്ദിഷ്ട ഏരുമേലി വിമാനത്താവളുമായി 25 കി.മീ അകലം ഉണ്ട്.

## ഈരാറ്റുപേട്ടയുടെ സമീപപ്രദേശത്തെ സ്ഥലങ്ങളും ദൂരവും

| | | |
|---|---|---|
| 1. | കോട്ടയം | 40 ക.മീ. |
| 2. | കാഞ്ഞിരപ്പള്ളി | 16 കി.മീ. |
| 3. | വാഗമൺ | 23 കി.മീ. |
| 4. | പാലാ | 11 കി.മീ. |
| 5. | പൂഞ്ഞാർ | 8 കി.മീ. |
| 6. | എരുമേലി | 28 കി.മീ. |

റോഡ് ഗതാഗതം തന്നെയാണ് നഗരത്തിലെ ഏറ്റവും പ്രധാന ഗതാഗതമാർഗ്ഗം. പൊതുഗതാഗതത്തിന് ഏറ്റവും അധികം ആളുകളും ആശ്രയിക്കുന്നത് ബസ് ആണ്. ഇതിൽ പ്രൈവറ്റ് ബസും, K.S.R.T.C.  യും പെടും. നിലവിൽ നഗരസഭയിൽ മൂന്ന് ബസ് സ്റ്റേഷനുകളാണുള്ളത്. ഇതിൽ രണ്ടെണ്ണം പ്രൈവറ്റ് ബസ് സ്റ്റേഷനുകളും ഒരെണ്ണം K.S.R.T.C. യുമാണ്. കടുവാമുഴിയിലുള്ള ബസ് സ്റ്റേഷൻ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഈരാറ്റുപേട്ട നഗരത്തിൽ നല്ല രീതിയിലുള്ള റോഡ് നെറ്റ്‌വർക്ക് ആണ് നിലവിലുള്ളത്. P.W.D. യും നഗരസഭയുമാണ് ഈ റോഡുകൾ എല്ലാം പരിപാലിക്കുന്നത്. എന്നാൽ കാലങ്ങളായി തകർന്നുകിടക്കുന്ന വാഗമൺ റോഡും, കാരക്കാട് റോഡും ഇതിനൊരപമാനമാണ്. ഇപ്പോൾ വാഗമൺ റോഡിന് MLA ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഉടൻതന്നെ BM-BC നിലവാരത്തിൽ പണി പൂർത്തീകരിക്കും എന്ന് കരുതുന്നു. സുഖവാസകേന്ദ്രങ്ങളായ ഇല്ലിക്കൽകല്ല്, വാഗമൺ കോലാഹലമേട് എന്നിവിടങ്ങളിലേക്കുള്ള പ്രധാന

റോഡാണിത് എന്നത് ഏറെ പ്രാധാന്യം ഏറുന്നു. ദിവസേന ആയിരക്കണക്കിന് ടൂറിസ്റ്റുകളാണ് ഈ റോഡിൽകൂടി സഞ്ചരിക്കുന്നത്.

## KSRTC ഈരാറ്റുപേട്ട



| | | |
|---|---|---|
| ആകെ ജീവനക്കാർ | – | 350 |
| സർവ്വീസുകൾ | – | 33 |
| ആകെ ബസ് | – | 37 |
| ആകെ ഷെഡ്യൂളുകൾ | – | 37 |

മറ്റ് KSRTC ഡിപ്പോകൾവെച്ച് താരതമ്യം ചെയ്യുമ്പോൾ ഈരാറ്റുപേട്ട KSRTC വളരെയധികം അവഗണന നേരിടുന്നതായി മനസ്സിലാക്കുവാൻ സാധിക്കും. നഗരസഭയുടെ സമീപത്തുള്ള മലയോര പ്രദേശത്തേക്കുള്ള ഏക ആശ്രയമാണ് KSRTC. ഇപ്പോൾ കോവിഡിന്റെ സാഹചര്യത്തിൽ ചില ദീർഘദൂര, ഹ്രസ്വദൂര സർവ്വീസുകളും വെട്ടിക്കുറച്ചിട്ടുണ്ട്. 1996–നെ സംബന്ധിച്ച് താരതമ്യം ചെയ്യുമ്പോൾ ബസിന്റെ എണ്ണത്തിലും ഷെഡ്യൂളുകളുടെ എണ്ണത്തിലും വൻ കുറവാണ് വന്നിട്ടുള്ളത്. ഇത് വളരെ ഗൗരവമുള്ള വസ്തുതയാണ്. ഇതിനെതിരെ ഉണർന്ന് പ്രവർത്തിച്ചില്ലെങ്കിൽ നാളെ ഈ ഡിപ്പോ തന്നെ അപ്രത്യക്ഷമാകും എന്നതിൽ യാതൊരു സംശയവുമില്ല.

## ഹാജി വി.എം.എ. കരിംസാഹിബ് കോസ്‌വേ ബ്രിഡ്ജ് (വടക്കേക്കര കിഴക്കേക്കര കോസ്‌വേ)



2004 ജനുവരി 21-ന് അന്നത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എസ്.എം. നൗഫൽ അബി റാവുത്തറുടെ കാലത്താണ് ഈ പാലത്തിന് തറക്കല്ലിട്ടത്. ഈ പാലം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം സംഭാവന നൽകിയത്. കെ.പരീത് മനയ്ക്കൽ, ജനാബ് വി.പി. കൊച്ചുമുഹമ്മദ് വല്ലത്ത്, വി.പി. റഷീദ് വല്ലത്ത് എന്നിവരാണ്. പഞ്ചായത്തിന്റെ 46 ലക്ഷം രൂപാ തനത് ഫണ്ട് ഉപയോഗിച്ചാണ് ഈ പാലം നിർമ്മിച്ചിരിക്കുന്നത്. 2009 മാർച്ച് 12-ന് അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ്, ശ്രീമതി സുഹ്റ അബ്ദുൽ ഖാദറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഉദ്ഘാടനകർമ്മം ശ്രീ. പി.സി.ജോർജ് MLA നിർവ്വഹിച്ചു. 11-ാം പഞ്ചവത്സര പദ്ധതിക്കാലത്തെ ഏറ്റവും വലിയ വികസന നേട്ടങ്ങളിലൊന്നാണ് ഈ പാലം. നടയ്ക്കൽ ഭാഗത്ത് നിന്നും പാലാ-തൊടുപുഴ ഭാഗത്തേയ്ക്കു പോകുവാൻ ടൗണിൽ എത്താതെ ഈ പാലംകൊണ്ട് സാധിക്കുന്നു. ഇതുമൂലം ടൗണിലെ ഗതാഗതക്കുരുക്ക് ചെറിയ തോതിലെങ്കിലും പരിഹരിക്കുവാൻ സാധിക്കുന്നു.

## നൈനാർ പള്ളി മുഹയ്ദ്ദീൻ പള്ളി കോസ്‌വേ ബ്രിഡ്ജ്



MPSLAD പദ്ധതിയിൽ ഉൾപ്പെടുത്തി 1999 നവംബർ 19-ന് ഹാജി പി.കെ. അലിയാരുടെ അധ്യക്ഷതയിൽ ചേർന്ന് യോഗത്തിൽ എം.പി.മാരായ പി.സി. തോമസ്സും വക്കച്ചൻ മറ്റത്തിലും

ചേർന്ന് തറക്കല്ലിട്ട ഈ പാലത്തിന്റെ ആകെ ചിലവ് 18 ലക്ഷം രൂപയാണ്. ഇതിൽ 8 ലക്ഷം രൂപാ വീതം എം.പി.മാരായ പി.സി. തോമസും വക്കച്ചൻ മറ്റത്തിലും മുടക്കി. 2 ലക്ഷം രൂപാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മുടക്കി. 100 അടി നീളവും 25 അടി വീതിയുമുള്ള ഈ പാലത്തിന്റെ പണി പൂർത്തിയായത് വെറും മൂന്ന് മാസങ്ങൾകൊണ്ടാണ്. ഈ പാലത്തിന്റെ ഉദ്ഘാടനം പി.സി. ജോർജ്ജ് MLA യാണ് നിർവ്വഹിച്ചത്.

## കോളേജ്കടവ് പാലം

ഈരാറ്റുപേട്ട നഗരസഭയിലെ ഏറ്റവും നീളംകൂടിയ പാലമാണ് കോളേജ്കടവ് പാലം. ഈ പാലം പണിക്ക് ചിലവായ മൂന്നിൽ ഒന്ന് തുക അരുവിത്തുറ കോളേജ് മാനേജ്മെന്റ് നൽകണം എന്നായിരുന്നു വ്യവസ്ഥ. പലത്തിന്റെ ആകെ ചിലവ് 42 ലക്ഷം രൂപയായി. അതിൽ 18 ലക്ഷം രൂപാ കേളേജ് മാനേജ്മെന്റ് നൽകി. 1998-ൽ പാലത്തിന്റെ ഉദ്ഘാടനം ശ്രീ. കെ.എം. മാണിയാണ് നിർവ്വഹിച്ചത്. ഈ പാലത്തിന് വീതി വളരെ കുറഞ്ഞതും ഇടുങ്ങിയതുമായിരുന്നു. എന്നാൽ സംസ്ഥാനസർക്കാർ ജണഉ ഫണ്ട് മൂന്നേകാൽ കോടി മുടക്കി ഇതിനോട് ചേർന്ന് മറ്റൊരു പാലംകൂടി നിർമ്മിച്ചതോടെ ഈ പ്രശ്നം പരിഹരിക്കപ്പെട്ടു. ഈ പാലത്തിന്റെ പണി പൂർത്തീകരിച്ചത് 2020-ൽ ആണ്. കാഞ്ഞിരപ്പള്ളി ഭാഗത്തുനിന്ന് പാലാ ഭാഗത്തേയ്ക്ക് വരുന്നവർക്ക് അരുവിത്തുറ പള്ളിക്കു മുന്നിലൂടെ സെൻട്രൽ ജംഗ്ഷനിൽ വരാതെ പാലാ റോഡിൽ വന്നുചേരുവാനുള്ള ബൈപാസായി ഈ റോഡും പാലവും നിലകൊള്ളുന്നു. തന്നെയുമല്ല അരുവിത്തുറ കോളേജിലേക്കുള്ള ഗതാഗത മാർഗ്ഗവുമാണ് ഈ പാലം. ടൗണിലെ ഗതാഗതക്കുരുക്ക് കുറച്ചെങ്കിലും പരിഹരിക്കുവാൻ ഈ പാലങ്ങൾകൊണ്ട് സാധിച്ചു.

## തടവനാൽ പാലം




ഈരാറ്റുപേട്ട നഗരസഭയിലെ പുത്തൻപള്ളി ജംഗ്ഷനെയും തടവനാലിനെയും ബന്ധിപ്പിക്കുന്ന പാലമാണ് തടവനാൽ പാലം 45.21 മീറ്റർ നീളവും 11.05 മീറ്റർ വീതിയുമുള്ള പാലം പണി ആരംഭിച്ചത് 2016 ഫെബ്രുവരി 5-നാണ്. 3 കോടി 20 ലക്ഷം രൂപാ ജണഉ ഫണ്ട് മുടക്കിയാണ് ഈ പാലം നിർമ്മിച്ചിരിക്കുന്നത്. കുറേ നാളുകൾ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച രീതിയിൽ കിടന്നിരുന്നെങ്കിലും 2020 ജൂലൈ 6-ന് ബഹു. പൊതുമരാമത്ത് മന്ത്രി ശ്രീ. ജി. സുധാ

കരൻ ഈ പാലം ഉദ്ഘാടനം ചെയ്തു. നിർദ്ദിഷ്ട മാസ്റ്റർ പ്ലാനിൽ 10 മീറ്റർ വീതിയും ബൈപാസും കാണിച്ചിരിക്കുന്ന തടവനാൽ റോഡിലേക്കുള്ള ഈ പാലം ഭാവിയിൽ വലിയ സാദ്ധ്യതകളാണുള്ളത്.

## റോഡുകൾ

വിസ്തീർണ്ണാടിസ്ഥാനത്തിൽ പരിഗണിച്ചാൽ ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തിന്റെ റോഡ്സംവിധാന തൃപ്തികരമാണെന്ന് മനസ്സിലാക്കാം. മൊത്തം റോഡുകളുടെ നീളം 58.3 കി. മീ. ആണ്. വാർഡു തിരിച്ച് റോഡുകളുടെ പേര്, നീളം അവസ്ഥം എന്നിവ ചുവടെ ചേർക്കുന്നു.

## നഗരത്തിലെ റോഡുകളുടെ വിവരങ്ങൾ

| | | | | |
|---|---|---|---|---|
| 1. പാണംതോട് വേലംതോട് റോഡ് | - | 140 മീറ്റർ | 3 മീറ്റർ വീതി | |
| 2. മുരിക്കോലി - പെറമ്പലാൽ റോഡ് | - | മണ്ണ് | 200 മീറ്റർ | ” |
| 3. കരിമരുതുംകുന്ന് മുരിക്കോലിൽ റോഡ് | - | 150 മീറ്റർ | ” | |
| 4. അബ്ദുൾ റഹ്മാൻ റോഡ് വാർഡ് 18 | - | 300 മീറ്റർ | മണ്ണ് | ” |
| 5. ആനിപ്പടി മന്തക്കുന്ന് റോഡ് | - | 750 മീറ്റർ | കോൺക്രീറ്റ് | ” |
| 6. തേവരുപാറ - കാടാപുരം റോഡ് | - | 200 മീറ്റർ | കോൺക്രീറ്റ് | ” |
| 7. പത്താഴപ്പടി മദ്രസ്സാ റോഡ് | - | 200 മീറ്റർ | കോൺക്രീറ്റ് | ” |
| 8. വെള്ളൂപ്പറമ്പ് റോഡ് | - | 200 മീറ്റർ | കോൺക്രീറ്റ് | ” |
| 9. ഹരിജൻ കോളനി റോഡ് | - | 150 മീറ്റർ | കോൺക്രീറ്റ് | ” |
| 10. തേവരുപാറ അണ്ണായിപറമ്പിൽ റോഡ് | - | 200 മീറ്റർ | കോൺക്രീറ്റ് | ” |
| 11. മൈലാടി തെക്കേടം റോഡ് | - | 400 മീറ്റർ | കോൺക്രീറ്റ് | ” |
| 12. മൈലാടി കീഴേടം റോഡ് | - | 250 മീറ്റർ | കോൺക്രീറ്റ് | ” |

## നഗരത്തിലെ PWD/NREP റോഡുകൾ

| ക്രമ നം. | റോഡിന്റെ പേര് | നഗരസഭയിലുടെയുള്ള ദൂരം | വീതി |
|---|---|---|---|
| 1. | പാലാ- പൂഞ്ഞാർ | 3.50 കി.മീ. | 10 മീറ്റർ |
| 2. | ഈരാറ്റുപേട്ട - കാഞ്ഞിരപ്പള്ളി റോഡ് | 2.50 കി.മീ. | |
| 3. | ഈരാറ്റുപേട്ട - മുട്ടം (തൊടുപുഴ) | 3.20 കി.മീ. | |
| 4. | ഈരാറ്റുപേട്ട - വാഗമൺ | 3.00 കി.മീ. | |
| 5. | ഈരാറ്റുപേട്ട - ചേന്നാട് | 0.50 കി.മീ. | |
| 6. | അരുവിത്തുറ - പൂവത്തോട് | 1.00 കി.മീ. | |
| 7. | കടുവാമുഴി - പ്ലാശനാൽ | 0.60 കി.മീ. | |
| 8. | ഈരാറ്റുപേട്ട - റ്റി.ബി. റോഡ് | 1.00 കി.മീ. | |
| 9. | അരുവിത്തുറ - കൊണ്ടൂർ | 1.00 കി.മീ. | |
| 10. | ആനിയിളപ്പ് - തേവർപ്പാറ | 1.40 കി.മീ. | |

## റോഡുകൾ / ഗതാഗത സൗകര്യങ്ങൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | വീതി | നിലവിലുള്ള സ്ഥതി | |
|---|---|---|---|---|---|
| | | | | ടാർ | മണ്ണ് |
| 1. | കടപ്ലാക്കൽ, കുന്തീപ്പറമ്പ് കോളനി | 300 | 3 | | |
| 2. | ഇടത്തിൽ തലപ്പലം ലക്ഷംവീട് കോളനി | 3 | | | |
| 3. | ഭജനമഠം ഇടത്തീക്കുന്ന് റോഡ് | 125 | 3 | 53 | 72 |
| 4. | കടുവാമുഴി സ്കൂൾ | 320 | 3 | | |
| 5. | വാക്കാപ്പറമ്പ് - വാഴമറ്റം റോഡ് | | | | |

| | | | | | |
|---|---|---|---|---|---|
| 6. | മദ്രസ - വാക്കാപ്പറമ്പ് റോഡ് | | | | |
| 7. | കടുവാമുഴി പ്ലാശനാൽ റോഡ് | 750 | 3 | ടാർ | |
| 8. | കടുവാമുഴി - തലപ്പലം | 750 | 8 | ടാർ | |
| 9. | പോലീസ് സ്റ്റേഷൻ - വാക്കാപറമ്പ് | 1500 | 3.5 | ടാർ | |
| 10. | വട്ടക്കയം - വാഴമറ്റം കോളനി റോഡ് | 800 | 3 | 600 | |
| 11. | പൊന്തനാൽ റോഡ് കോളനി റോഡ് | 300 | 3 | 150 | |
| 12. | വാഴമറ്റം ലക്ഷംവീട് കോളനി റോഡ് | 100 | 3 | 100 | |
| 13. | ഇടത്തിൽ കുളിക്കടവ് | | | | |
| 14. | ഇടത്തീംകുന്ന് റോഡ് | | | | |
| 15. | കല്ലൂത്താഴം റോഡ് | | | | |
| 16. | വാക്കാപറമ്പ് - വാഴമറ്റം റോഡ് | 300 | 3 | 200 | 100 |
| 17. | പാറത്തോട് പോലീസ് സ്റ്റേഷൻ | 600 | 3 | 600 | |
| 18. | വാഴമറ്റം വട്ടക്കയം റോഡ് | 3 | | | |
| 19. | പൊന്തനാൽ - വയലിൽ മുക്ക് റോഡ് | 700 | 3 | 200 | 500 |
| 20. | പോലീസ് കോർട്ടേഴ്സ് റോഡ് | 200 | 3 | 200 | |
| 21. | വയലിൽ ഇടവഴി | | | | |
| 22. | വാക്കാപറമ്പ് - വാഴമറ്റം കോളനി റോഡ് | 300 | 3 | 300 | |
| 23. | വയലിൽ റോഡ് | 200 | 3 | 100 | 100 |
| 24. | തോട്ടുമുക്ക് കുറുമുളം തടം | 500 | 3 | 500 | |
| 25. | വട്ടക്കയം വാഴമറ്റം റോഡ് | 1200 | 3 | 1190 | 10 |
| 26. | വെളിയം കണ്ടത്തിൽ റോഡ് | 100 | 3 | 100 | |
| 27. | വെള്ളൂപ്പറമ്പ് മാതാക്കൽ ലിങ്ക് | 1500 | 3 | 100 | 1400 |
| 28. | വാഴമറ്റം - കോട്ട റോഡ് | 400 | 3 | 400 | |
| 29. | ഈലക്കയം ഇടകളമറ്റം | 700 | 3 | 700 | |
| 30. | തോട്ടുമുക്ക് അൻസാർ റോഡ് | | | | |
| 31. | കിഴക്കേമല റോഡ് | | | | |
| 32. | മാർക്കറ്റ് റോഡ് | 800 | 3.5 | 800 | |
| 33. | നടയ്ക്കൽ ഈരാറ്റുപേട്ട റോഡ് | 700 | 3 | 700 | |
| 34. | ഹൂദാ ഈലക്കയം റോഡ് | 800 | 3 | 800 | 300 |
| 35. | കുന്നപ്പള്ളി റോഡ് (ട.ഛ) | 100 | 3 | 100 | |
| 36. | മണക്കാട് റോഡ് | 150 | 3 | 50 | 100 |
| 37. | നടയ്ക്കൽ - പമ്പ് ഹൗസ് റോഡ് | 750 | 3 | 300 | 450 |
| 38. | കാട്ടാമല റോഡ് | 200 | 3 | 200 | |
| 39. | മസ്ജിദുസലാം റോഡ് | 100 | 3 | 100 | |
| 40. | വ്യാപാരഭവൻ റോഡ് | 75 | 3 | | |
| 41. | വെള്ളാപ്പള്ളി വഞ്ചാംഗൽ (ടഏഞഥ) ടഛ | 100 | 3 | | |
| 42. | പുതുപ്പള്ളി റോഡ് | 300 | 3 | 300 | |
| 43. | ലീഗ് ഹൗസ് റോഡ് | 80 | 2.5 | 80 | |
| 44. | വല്ലത്ത് റോഡ് | 100 | 3 | 100 | |
| 45. | പുതുപ്പള്ളി കോളനി റോഡ് | 150 | 3 | 150 | |
| 46. | മസ്ജിദ് സാലം റോഡ് | 150 | 3 | 50 | 100 |
| 47. | കാടാപുരം റോഡ് (5, 6) | 500 | 3 | 200 | 300 |
| 48. | കുറ്റിമരം പറമ്പ് പാറയിൽ | 250 | 3 | 250 | |

| | | | | |
|---|---|---|---|---|
| 49. തേവരുപാറ - കാരക്കാട് റോഡ് | 500 | 3 | 500 | |
| 50. വെള്ളൂപറമ്പ് മൈലാടി | 150 | 2.5 | 150 | |
| 51. കാരക്കാട് കാടാപുരം (5, 6) | 500 | 3 | 500 | |
| 52. തേവരുപാറ വാട്ടർ ടാങ്ക് | 250 | 3 | 250 | |
| 53. കാരക്കാട് ഇളപ്പുങ്കൽ | 300 | 3 | 100 | 200 |
| 54. കാരക്കാട് ജംഗ്ഷൻ കലുങ്ക് | | | | |
| 55. തേവരുപാറ - എം.കെ.എസ്. റോഡ് | 750 | 8 | 750 | |
| 56. ഹൂദാ ഈലക്കയം (4, 5) | 800 | 3 | 500 | 300 |
| 57. വട്ടിക്കൊട്ട - കാർഗിൽ | 150 | 2.5 | 150 | |
| 58. പത്താഴപ്പടി മദ്രസ റോഡ് | 275 | 3 | 165 | 110 |
| 59. തേവരുപാറ വെട്ടിയാംപ്ലാക്കൽ | 150 | 3 | 150 | |
| 60. തേവരുപാറ ഡംപിങ്ങ് യാർഡ് എസ്.സി. കോളനി | 500 | 3 | 350 | 150 |
| 61. മുണ്ടയ്ക്കൽപറമ്പ് - കാരയ്ക്കാട് | 100 | 3 | 100 | |
| 62. കരീം സാഹിബ് റോഡ് | 1000 | 3 | 1000 | |
| 63. പൊന്തനാൽ പറമ്പ് റോഡ് | 200 | 3 | 200 | |
| 64. സലഫി സെന്റർ റോഡ് | 150 | 3 | 50 | 100 |
| 65. ഹൂദാ കണ്ടത്തിൽ റോഡ് | 150 | 2.5 | 50 | 100 |
| 66. പേരകത്തുശ്ശേരി റോഡ് | 250 | 3 | (S.O) 150 | 100 |
| 67. കാടാപുരം റോഡ് (വാർഡ് 5, 6) | 500 | 3 | 200 | 300 |
| 68. കാരയ്ക്കാട് കാടാപുരം റോഡ് (വാർഡ് 5, 6) | 500 | 3 | 500 | |
| 69. പാറത്തോട് - മുളന്താനം | 300 | 3 | 150 | 150 |
| 70. പാറത്തോട് കൊല്ലംപറമ്പ് കോളനി | 400 | 3 | 400 | |
| 71. കാരയ്ക്കാട് കുറ്റിമരംപറമ്പ് | 200 | 3 | 200 | |
| 72. കൊല്ലംപറമ്പ് - ആനയിളപ്പ് | 100 | 3 | 100 | |
| 73. കീരിയാത്തോട്ടം പത്താഴപ്പടി | 500 | 3 | 500 | |
| 74. കുറ്റിമരംപറമ്പ് റോഡ് | 500 | 3 | 300 | 200 |
| 75. കാരയ്ക്കാട് ഒ.എൽ.എച്ച് കോളനി റോഡ് | 100 | 2.5 | 100 | |
| 76. ടിപ്പുസുൽത്താൻ (വാർഡ് 6, 7) | 1500 | 3 | (S.O) 1500 | 100 |
| 77. ശാസ്താംകുന്ന് റോഡ് | 700 | 3.5 | (S.O) 200 | 500 |
| 78. നടയ്ക്കൽ - കുഴവേലി - പൂഞ്ഞാർ | 1140 | 6 | 1140 | |
| 79. നടയ്ക്കൽ മുല്ലൂപ്പാറ | 2000 | 3 | 1250 | 750 |
| 80. കീരിയാത്തോട്ടം കോളനി | 200 | 2.5 | 200 | |
| 81. നടയ്ക്കൽ പനച്ചിപ്പാറ (7, 8) | 1140 | 3.5 | 1140 | |
| 82. കുഴിവേലി - വെട്ടിക്കൽ - മൂലേച്ചാലിൽ | 250 | 3 | 250 | |
| 83. മുല്ലൂപ്പാറ ജലാലിയ്യ | 300 | 3 | 300 | |
| 84. കീരിയാത്തോട്ടം - വട്ടക്കയം | 300 | 3 | 200 | 100 |
| 85. മുല്ലൂപ്പാറ, ഞണ്ടൻകുഴി | 440 | 3 | 118 കോൺക്രീറ്റ് | 322 |
| 86. കുഴുവേലി - ഇല്ലത്ത് പറമ്പ് | 100 | 3 | 100 | |
| 87. മുല്ലൂപ്പാറ കുഴിവേലി പറമ്പ് | 100 | 3 | 100 | |
| 88. കുളത്തിപ്പടി - നരിപ്പാറ റോഡ് | 500 | 3.5 | 500 | |
| 89. വലിയവീട്ടിൽ പീടിയേക്കൽ റോഡ് | 500 | 2.5 | | |
| 90. നടുംകീന്തികുന്നേൽ കൊൺക്രീറ്റിങ്ങ് | 300 | (S.O) 3 | 200 | 100 |
| 91. ഇഞ്ചക്കാട്ട് | 300 | 3 | 300 | |

| | | | | |
|---|---|---|---|---|
| 92. കൗസർകുന്നേൽ റോഡ് | 300 | 3 | 150 | 150 |
| 93. മൗലവി റോഡ് | 700 | 3 | 400 | 300 |
| 94. വെട്ടിക്കൽ റോഡ് | 250 | 3 | 150 | 100 |
| 95. വഞ്ചാംഗൽ ഒ.എൽ.എച്ച്. കോളനി റോഡ് | 800 | 3 | 600 | 200 |
| 96. മാളിയേക്കൽ റോഡ് | 300 | 3 | 250 | 50 |
| 97. വഞ്ചാംഗൽ കീഴേടം റോഡ് | 100 | 2.5 | 100 | |
| 98. പൊന്നുവിയ്യാത്തുപാറ - തൈപ്പറമ്പ് | (ട.ഷ) 150 | | | |
| 99. തടവനാൽ തൈപ്പൈറമ്പ് റോഡ് | 300 | 2.5 | | |
| 100. തെക്കേക്കര ഹോസ്പിറ്റൽ ഇടവഴി | 75 | | | |
| 101. കോസ്‌വേ വെടിക്കുന്ന് | 600 | റീടാറിംഗ് | | |
| 102. കൊച്ചുപറമ്പ് - കോളനി റോഡ് | 300 | 2.5 | റീടാറിംഗ് | |
| 103. തൈപ്പറമ്പ് - കൊച്ചുപറമ്പ് ലിങ്ക്റോഡ് | 150 | | | |
| 104. കൊച്ചുപറമ്പ് - തൊമ്മംപറമ്പ് | 1200 | ടാറിംഗ് | | |
| 105. മുനിസിപ്പാലിറ്റി കടവ് (ചെക്കുഡാം ഇടവഴി) | 30 | കോൺക്രീറ്റ് | | |
| 106. കോസ്‌വേ റോഡ് | 432 | | | |
| 107. വെടിക്കുന്ന് തൈപ്പറമ്പ് കോളനി റോഡ് | 500 | 3 | | |
| 108. ഔഷധി റോഡ് | 150 | 3 | | |
| 109. തടവനാൽ - മുത്താരംകുന്ന് | 175 | | | |
| 110. തൈപ്പറമ്പ് - കൊച്ചുപറമ്പ് | | | | |
| 111. ജവാൻ റോഡ് (വാർഡ് 10, 11,12) | 1100 | (S.O) 3 | 1100 | |
| 112. ചിറപ്പാറ റോഡിന് സ്ഥലം അക്വയർ ചെയ്യൽ | (ട.ഷ) | | | |
| 113. തഖ്വാപള്ളി റോഡ് | 300 | 2.5 | 100 | 200 |
| 114. ജവാൻ - മന്ത റോഡ് | 350 | 3 | 350 | |
| 115. വയലിൽ റോഡ് | 200 | 3 | 200 | |
| 116. നൂറാനിയ - ചിറപ്പാറ റോഡ് | 200 | 3 | 200 | |
| 117. ചിറപ്പാറ റോഡ് | 250 | 3 | 250 | |
| 118. വെട്ടിയ്ക്കൽ റോഡ് | 200 | 3 | 200 | |
| 119. കല്ലേപ്പറമ്പ് റോഡ് | 350 | 3 | 350 | |
| 120. ചേന്നാട് - തോട്ടുങ്കൽ റോഡ് | 100 | 2.5 | 100 | |
| 121. ചേന്നാട് റോഡ് - വെട്ടിയ്ക്കൽ റോഡ് | 150 | 3 | 75 | |
| 122. തുഞ്ചംപറമ്പ് - ചിറപ്പാറ റോഡ് | 800 | 3 | 800 | |
| 123. തുഞ്ചംപറമ്പ് - വെട്ടിയ്ക്കൽ റോഡ് | 100 | 3 | 100 | |
| 124. മുത്തരംകുന്ന് റോഡ് | 700 | 3 | 600 | 100 |
| 125. ജവാൻ - തടിയ്ക്കപറമ്പ് റോഡ് | 700 | 3 | 600 | 100 |
| 126. ന്യൂജവാൻ റോഡ് ടാറിംഗ് | 453 | (S.O) 4 | 453 | |
| 127. ആനിപ്പടി ഇടവഴി കോൺക്രീറ്റിങ്ങ് | (ട.ഷ) | | | |
| 128. കിണറ്റുംമൂട്ടിൽ കരോട്ടുപറമ്പ് | 200 | 3 | 200 | |
| 129. ഇസ്മായിൽ പറമ്പിൽ വെട്ടിക്കൽ റോഡ് | 300 | 3 | 300 | |
| 130. ജവാൻ റോഡ് - വെട്ടിക്കൽ ലിങ്ക് റോഡ് | 200 | 2.5 | 200 | |
| 131. സെന്റ് ജോർജ്ജ് എച്ച്.എസ്. സ്റ്റേഡിയം റോഡ് | 300 | 3 | 300 | |
| 132. തഖ്വ - കൊല്ലംപറമ്പ് റോഡ് | 150 | 3 | 150 | |
| 133. പുതുപ്പറമ്പിൽ റോഡ് | 150 | 3 | 100 | 50 |

| | | | | |
|---|---|---|---|---|
| 134. സ്റ്റേഡിയം വെട്ടിക്കൽ റോഡ് | 180 | 3 | | |
| 135. മദർ തെരേസ റോഡ് | 400 | 3 | | |
| 136. മുണ്ടുപ്പാലം | 200 | 3 | | |
| 137. റ്റി.ബി. കോളേജ് | 300 | 3 | 30 | |
| 138. കോളേജ് കൊണ്ടൂർ അമ്പലംറോഡ് | 400 | 3 | 150 | |
| 139. അരുവിത്തുറ - കൊണ്ടൂർ റോഡ് | 650 | 4 | 200 | |
| 240. ആനപ്പറമ്പ് റോഡ്, ശാന്തിഭവൻ റോഡ് കോളപ്പുറം റോഡ് | 250 | 3 | 200 | |
| 241. കുന്നത്തുപറമ്പ് റോഡ് | 260 | 3 | 200 | |
| 242. സ്റ്റേഡിയം മന്ത റോഡ് | 500 | 3 | ടാർ 100 | |
| 243. ഇഞ്ചോലി റോഡ് | 200 | 3 | | |
| 244 പള്ളികോളനി ആനക്കുഴി റോഡ് | 150 | 3 | 150 | |
| 245. സ്റ്റേഡിയം കൊട്ടുകാപ്പള്ളി റോഡ് | 150 | 3 | ടാർ | ടാർ |
| 246. കോളേജ് - കൊണ്ടൂർ ലിങ്ക് റോഡ് | 300 | 3 | ടാർ 100 | |
| 245. ബ്ലോക്ക് അഭയഭവൻ റോഡ് | 250 | 3 | ടാർ, മണ്ണ് 100 | |
| 246. പുള്ളോലി ഒ.എൽ.എച്ച്. കോളനി റോഡ് | 400 | 3 | കോൺക്രീറ്റ് 150 | |

## മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള റോഡ് പ്രപ്പോസൽ

| Sl. No. | From | To | Proposed Width (in m) | Name of the Road |
|---|---|---|---|---|
| **18.00m WIDE ROAD** | | | | |
| 1 | Erattupetta jn. | Muttom | 18.00 | SH-44 (Muttom Road) |
| 2 | Erattupetta jn. | Pala | 18.00 | SH-32 (Pala Road) |
| 3 | Erattupetta | Kanjirapally Road | 18.00 | SH-44, Kanjirappally Road |
| 4 | Erattupetta jn. | Poonjar Road | 18.00 | SH-32, Poonjar Road |
| 5 | Erattupetta MES jn. | Vagamon | 18.00 | SH-14 Vagamon Road |
| **15.00 m WIDE ROAD** | | | | |
| 6 | Aruvithura JN., | Lion's club jn. | 15.00 | College road |
| 7 | Aruvithura JN., | Ampara nirappel | 15.00 | Block office Road |
| 8 | Thottumukku cause way | Wagamon road connection | 15.00 | Nadakkal-Thottumukku causeway |
| 9 | Thottumukku | Almanar School | 15.00 | Muttom road |
| 10 | Thottumukku | Almanar School | 15.00 | River side road |
| 11 | Lion's club jn. | Vadakkekara | 15.00 | Proposed road |

| | | | | |
|---|---|---|---|---|
| **12.00 m WIDE ROAD** | | | | |
| 12 | Aniyilappu | Thevarupara road | 12.00 | Thevarupara road |
| 13 | Thazathu nadakkal | Panachikappara road | 12.00 | Kottukappally road |
| 14 | Puthen pally jn | Chennadu road | 12.00 | Thadavanal road |
| 15 | Kurikkal nagar | Thekkekkara | 12.00 | Muhydeen pally causeway |
| 16 | Thekkekara | Chennad road | 12.00 | Chennad road |
| 17 | Block office | Valiyachan mala | 12.00 | Stadium road |
| 18 | Lion's club jn. | Kondoor road | 12.00 | Kondoor road |
| 19 | Penthocost church jn. | College jn. | 12.00 | Pala Road jn. |
| 20 | Kaduvamuzhy bus stand jn. | Olayam | 12.00 | Olayam road |
| 21 | Kaduvamuzhy bus stand jn | Pala road | 12.00 | Old pala road |
| **8.00 m WIDE ROADS** | | | | |
| 22 | Onnam mile | Thevarupara | 8.00 | Karakkad road |
| 23 | Huda jn. | Eettilakayam Check dam | 8.00 | Mundakkal parambu |
| 24 | Thazathu nadakkal | Eattilakkayam | 8.00 | Eattilakkayam road |
| 25 | Aman Jn. | Pthazhappady | 8.00 | Arafa nagar road |
| 26 | Aman Jn. | Safa road | 8.00 | Safa nagar road |
| 27 | Kurikkal nagar | Thottumukku causeway | 8.00 | Municipal office road |
| 28 | Kurikkal nagar | Wagamon road | 8.00 | Market road |
| 29 | Market road | P.M.C Junction | 8.00 | Puthuppally road |
| 30 | Muhydeen pally causeway | Thadavanal bridge | 8.00 | Thadavanal riverside road |
| 31 | KSRTC Bus stand | Kanjirappally road jn. | 8.00 | Jawan road |
| 32 | Ambara nirappel road | Valiyachan mala | 8.00 | Valiyachan mala road |
| 33 | Kaduvamuzhy | Thalappalam | 8.00 | Substation road |
| 34 | Rims Jn. | Vackaparambu | 8.00 | Vackaparambu |
| 35 | Police Stn Jn | Rims Jn. | 8.00 | Police Stn road |
| 36 | Vattakkayam Jn. | Thottumukku Jn. | 8.00 | Vattakkayam road |
| 37 | Idakalamattom | Olayam Jn | 8.00 | Mathakkal road |
| 38 | Eettilakayam. | Mundakkaparambu | 8.00 | River side road |
| 39 | Eettilakayam Bridge | | 8.00 | Proposed bridge |

# ഊർജ്ജം

1952-ലാണ് ഈരാറ്റുപേട്ടയിൽ ആദ്യമായി വൈദ്യുതിയുടെ രംഗപ്രവേശം. വലിയ ഉത്സവപ്രതീതിയോടെ ജനം ആ സുദിനം ആഘോഷിച്ചു. ക്രമേണ ഉച്ചഭാഷിണിയും റേഡിയോയും ഇതര വൈദ്യുത ഉപകരണങ്ങളുമെല്ലാം ജനങ്ങൾ കണ്ടറിഞ്ഞു. ഇന്ന് ആധുനിക ദൃശ്യമാധ്യമങ്ങളുടെ കടന്നുകയറ്റം ജനങ്ങളെ ഒട്ടെക്കെ അലസൻമാരാക്കി. തുടക്കത്തിൽ എട്ടോളം ഉപഭോക്താക്കളാണ് ഉണ്ടായിരുന്നത് എങ്കിൽ ഇന്ന് നമ്മുടെ വൈദ്യുതി സെക്ഷൻ ഓഫീസിന്റെ കീഴിൽ 5000ഓളം ഉപഭോക്താക്കളുള്ളതായി കണക്കാക്കുന്നു.വൈദ്യുതി ഉപയോഗത്തിന്റെ 80%വും ഗാർഹിക ഉപഭോക്താക്കളാണ്. ഇന്ന് നമ്മുടെ നഗരത്തിൽ 16ഓളം ട്രാൻസ്ഫോർമറുകളും നിലവിലുണ്ട്.110 കെ.വി. സബ്സ്റ്റേഷന്റെ വരവോടെ വേൾട്ടേജ് പ്രശ്നം ഒരു പരിധിവരെ പരിഹരിക്കപ്പെട്ടിട്ടുണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം നേരിടുന്ന മേഘലകൾ കണ്ടെത്തി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കാവുന്നതാണ്.

പ്രകൃതിയുടെ അടിസ്ഥാന ഭാഗവും ഊർജത്തിന്റെ ഏറ്റവും വ്യാപകമായി ഉപയോഗിക്കുന്നതുമായ ഒന്നാണ് വൈദ്യുതി ഈരാറ്റുപേട്ട നഗരത്തിലേക്കും സമീപ സ്ഥലങ്ങളിലേക്കും വൈദ്യുതി വിതരണം ചെയ്യുന്നത് KSEB സബ് ഡിവിഷണൽ ഓഫീസിന് കീഴിലുള്ള പാലാ സർക്കിൾ ഓഫീസിൽ നിന്നുമാണ് .ഈരാറ്റുപേട്ടക്കൊപ്പം പാലാ രാമപുരം സബ് ഡിവിഷണൽ ഓഫീസുകൾ പാലാ ഡിവിഷൻ ഓഫിസിന്റെ കീഴിലും ഈരാറ്റുപേട്ട, പിണ്ണാക്കനാട്, തീക്കോയി, പൂഞ്ഞാർ സെക്ഷൻ ഓഫീസുകൾഈരാറ്റുപേട്ട സബ് ഡിവിഷന്റെ കീഴിലുമാണ് പ്രവർത്തിക്കുന്നത്. ഈരാറ്റുപേട്ട കെ.എസ്.ഇ.ബി 110കെവി സബ്സ്റ്റേഷനാണ് നഗരസഭാ പ്രദേശത്ത് വൈദ്യുതി നൽകുന്നത് ഈ സബ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് ഈരാറ്റുപേട്ട തലപ്പലം റോഡിലാണ് സ്ഥിതി ചെയ്യുന്നത്. ഈ സബ് സ്റ്റേഷന്റെ കീഴിൽ വൈദ്യുതി വിതരണത്തിനായി മൂന്ന് ട്രാൻസ്ഫോമർ സ്ഥാപിച്ചിട്ടുണ്ട് . 12.5 മെഗാവാട്ട് ആമ്പിയറുള്ള 2 ട്രാൻസ്ഫോമറുകളും 250 KVA ഉള്ള ഒരു ട്രാൻസ്ഫോമറുമാണുള്ളത് സബ് സ്റ്റേഷന്റെ പ്രവർത്തനം സുഗമമാക്കുന്നതും ഈ ട്രാൻസ്ഫോർമറുകളാണ് .ഈരാറ്റുപേട്ട നഗരത്തിലെ ജനങ്ങൾ പ്രധാനമായും ഈരാറ്റുപേട്ട തീക്കോയി സെക്ഷനുകളെയാണ് വൈദ്യുതിക്കാശ്രയിക്കുന്നത് .നല്ല ശതമാനം വൈദ്യുതിയും ഉപയോഗിക്കുന്നത് ഗാർഹിക ആവശ്യത്തിനാണ് .തിക്കോയി സെക്ഷന്റെ കീഴിൽ വ്യാവസായിക ആവശ്യത്തിനായി കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നതായി മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ട് .കാർഷിക ആവശ്യത്തിന് വളരെ കുറച്ച് വൈദ്യുതി മാത്രമേ ഉപയോഗിക്കുന്നുള്ളു .ഒരു ചെറിയ ജലവൈദ്യുത പദ്ധതി നഗരസഭയുടെ സമീപ പ്രദേശത്ത് മീനച്ചിലാറിന്റെ പ്രധാന കൈവഴിയിൽ സ്ഥിതി ചെയ്യുന്നുണ്ട് .ഇതിനായി 12 മീറ്റർ വലിപ്പമുള്ള മിനി ഡാം മാർമല അരുവിക്ക് സമീപം തീക്കോയി തലനാട് ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിൽ സ്ഥാപിച്ചിട്ടുണ്ട് . 7 മെഗാവാട്ട് ഇലട്രിക് പവർ വൈദ്യുതി ഇവിടെ ഉൽപാദിപ്പിക്കുന്നുണ്ട് .

## സാദ്ധ്യതകൾ

1. സോളാർ വിളക്കുകളുടെ ഉപയോഗം വ്യാപിപ്പിക്കുകയും ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക. ഇതിനായി അനർട്ടുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തുക.
2. എൽ.ഇ.ഡി. ലാമ്പുകളുടെ ഉപയോഗം വർദ്ധിപ്പിക്കന്നത് പ്രചാരണം സംഘടിപ്പിക്കുക.
3. പുകയില്ലാത്ത അടുപ്പ്, ലളിതോപകരണങ്ങളുടെ ഉപയോഗവും സാദ്ധ്യതകളും പ്രചരിപ്പിക്കുകയും അവ സമ്പാദിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.
4. വൈദ്യുതി മീറ്റർ റീഡിംഗ് ശാസ്ത്രീയമാക്കുകയും കേടായവ, മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യുക.
5. പ്രസരണനഷ്ടം വരുത്തുന്നതിനിടയാക്കുന്ന മരച്ചില്ലകൾ യഥാസമയം നീക്കംചെയ്യുക.
6. സ്ട്രീറ്റ് ലൈറ്റുകൾ യഥാസമയം റിപ്പയർ ചെയ്യുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കു

ക.

7. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ താല്പര്യമുള്ളവരെ പ്രോത്സാഹിപ്പിക്കുക.

## പൊതുമരാമത്ത് നേരിടുന്ന വെല്ലുവിളികൾ

1. നാൽപതിനായിരം ജനസംഖ്യയുള്ള നഗരത്തിന് ലഭിക്കുന്നത് തുച്ഛമായ പദ്ധതി വിഹിതം മാത്രമാണ്.
2. നഗരത്തിൽ 70 കി.മീ. മുകളിൽ റോഡ് ദൈർഘ്യമുണ്ടെങ്കിലും കൂടുതലും 3 മീറ്ററും അതിന് താഴെയുള്ള റോഡുകളാണ്.
3. പല പദ്ധതികളും പ്രതീക്ഷിച്ച ഫലപ്രാപ്തിയിൽ എത്തുന്നില്ല.
4. ടാർ ചെയ്യുന്ന റോഡുകൾ ഒരു വർഷംപോലും തികയുന്നതിന് മുൻപ് പൊളിയുന്നു.
5. സംയോജന സാദ്ധ്യതകളിലൂടെ അധികധനസമാഹരണം നടത്തുവാൻ പറ്റുന്നില്ല.

## പ്രശ്നപരിഹാരങ്ങൾ സാദ്ധ്യതകൾ

1. നൽപതിനായിരം ജനസംഖ്യയും വിശാലമായ റോഡ്ശൃംഖലയുമുള്ള നഗരസഭയ്ക്ക് വാർഷിക പദ്ധതിവിഹിതം കൂടുതൽ ലഭിക്കുന്നതിന് സർക്കരിലേക്ക് കത്ത് നൽകുകയും തുക കൂടുതൽ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
2. നിലവിലുള്ള റോഡുകള് മാസ്റ്റർപ്ലാന് പ്രകാരം വീതികൂട്ടി പുനരുദ്ധാരണം ചെയ്യുക.
3. നഗരസഭയിൽ ഓരോ പൊതുമരാമത്ത് പ്രവർത്തികളും ആരംഭിക്കുന്നതിന് മുമ്പ് കൃത്യമായ പ്ലാനിംഗോടുകൂടി ചെയ്യുക. ഇതിനായി പൊതുമരാമത്ത സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും കൃത്യമായ മോനിട്ടറിംഗ് നടത്തുക.
4. റോഡ് ടാറിംഗിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക. ഓരോ റോഡിനും മൂന്ന് വർഷമെങ്കിലും ഗ്യാരണ്ടി ഉറപ്പാക്കുക.
5. പൊതുമരാമത്ത് പ്രവൃത്തികളിൽ കൂടുതൽ സംയോജിതസാധ്യതകൾ ഉറപ്പുവരുത്തുക.
6. നിലവിൽ പ്രവർത്തനമില്ലാതെ കിടക്കുന്ന ഹൈജീനിക് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തി പ്രവർത്തനയോഗ്യമാക്കുക.
7. ഇളപ്പുങ്കൽ പാലം പുന:സ്ഥാപിക്കുക.
8. ഈലക്കയത്ത് നിന്നോ കാരക്കാട് ഭാഗത്ത് നിന്നോ തൊടുപുഴ റോഡിലേക്ക് പാലം പണിയുക.
9. കിഫ്ബിയിൽ നിന്നും അനുവദിച്ച 8 കോടി രൂപാ മുടക്കി നഗരസഭാ ഓഫീസ് അടിയന്തിരമായി യാഥാർത്ഥ്യമാക്കുക.
10. റോഡില്ലത്ത എല്ലാ ഭാഗത്തേയും സ്ഥലം ഏറ്റെടുത്ത് പുതിയ റോഡുകൾ പെളിച്ച് പുതിയ കോംപ്ലക്സ് അത്യാദുനിക രീതിയിൽ പണിയുക
11. നഗരസഭയിലെ പഴയ ബസ്റ്റാന്റ് കോംപ്ലക്സ് യാഥാർത്ഥ്യമാക്കുക.
12. നഗരസഭയിൽ ടൗൺഹാൾ യാഥാർത്ഥ്യമാക്കുക.
13. നഗരസഭയിൽ കമ്മ്യൂണിറ്റ് സെന്റർ യാഥാർത്ഥ്യമാക്കുക.
14. തടവനാൽ തീരദേശ റോഡ് വീതികൂട്ടി പണിത് കോട്ടാസ് ഭാഗത്തിലൂടെ അരുവിത്തുറ പാലത്തിന് താഴെ വഴി കിസ്കോയ്ക്ക് സമീപത്തുകൂടി അരുവിത്തുറ കോളേജ് പാലത്തിനുസമീപം എത്തുന്ന രീതിയിൽ ബൈപാസ് റോഡ് നിർമ്മിക്കുക.
15. ചങ്ങാടക്കടവിൽ നിന്നും വടക്കനാറിന്റെ തീരത്ത്കൂടി തോട്ടുമുക്ക് പാലത്തിന് സമീപം എത്തുന്ന രീതിയിൽ ബൈപാസ് റോഡ് നിർമ്മിക്കുക.




# നഗരാസൂത്രണം

| ക്ര. | പേരും വിലാസവും | ഫോൺ ഇ-മെയിൽ ഐ.ഡി. | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/ പുരു | എസ്.സി./ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം / പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1. | സുറുമി യൂസഫ് | 9656633991 | ചെയർപേഴ്സൺ | | | | | |
| 2. | സുനിത ആർ.എസ്. | 9567328214 | കൺവീനർ | | | | | |
| 3. | ഇൻഷാ സലാം വെട്ടിക്കൽ | 9447415120 | അംഗം | | | | | |
| 4. | മാഹിൻ എം.എം, മുരിക്കോലിൽ | 9961765080 | അംഗം | | | | | |
| 5. | അൽത്താഫ് ഷാജി | 9496638951 | അംഗം | | | | | |
| 6. | ബഷീർ പ്ലാമൂട്ടിൽ | 8848218940 | അംഗം | | | | | |
| 7. | മുഹസിൻ കാട്ടാമല | 9947121418 | അംഗം | | | | | |
| 8. | നിഷ | 9562432866 | അംഗം | | | | | |
| 9. | അവിനാഷ്, പുത്തൻപറമ്പിൽ | 7994840659 | അംഗം | | | | | |
| 10. | അൻസിൽ | 8848218930 | അംഗം | | | | | |
| 11. | ബാസിത്ത് | 8129526001 | അംഗം | | | | | |
| 12. | ഫാസിൽ | 9074204992 | അംഗം | | | | | |
| 13. | ആഷിക് നിജാസ് | 9847361029 | അംഗം | | | | | |
| 14. | സഹിൽ,കൊട്ടുകാപ്പിള്ളിൽ | 9605545043 | അംഗം | | | | | |
| 15. | മാഹിൻ കെ.പി., കടപ്ലാക്കൽ | 9496803308 | അംഗം | | | | | |

## ആമുഖം

2000-ൽപ്പരം കച്ചവടസ്ഥാപനങ്ങളും നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും കമ്പ്യൂട്ടർ സെന്ററുകളും വർക്ഷോപ്പുകളും ടാക്സി വാഹനങ്ങളും ഈ നഗരത്തിലുണ്ട്. ഈരാറ്റുപേട്ടയെ കോട്ടയം ജില്ലയിലെ രണ്ടാമത്തെ നഗരമാക്കി ഉയർത്തിയതിലും വിലക്കുറവിന്റെ പട്ടണമെന്ന ഖ്യാതി നേടിക്കൊടുത്തതിലും മുഖ്യപങ്ക് വഹിച്ചത് ഇവിടുത്തെ വ്യാപാരികളാണ്. ഒർത്ഥത്തിൽ ജനസാന്ദ്രതയും ജനസംഖ്യയുമാണ് ഈ നഗരത്തിന്റെ ശക്തി. 7.5 ച. കി.മീ. അഥവാ 1852 ഏക്കർ മാത്രമാണ് ആറും തോടും റോഡുമുൾപ്പെടെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി

യുടെ വിസ്തീർണ്ണം. ഇത് തീക്കോയി റബ്ബർ എസ്റ്റേറ്റിന്റെ വിസ്തീർണ്ണത്തിന്റെ മൂന്നിലൊന്ന് മാത്രമാണ്. ചതുരശ്ര കിലോമീറ്ററിന് 6000–ത്തോളം ആളുകളാണ് ഈരാറ്റുപേട്ടയിൽ വസിക്കുന്നത്. മറ്റ് പഞ്ചായത്തുകളിൽ ഇത് കേവലം 5000 ആണെന്ന വസ്തുത വിസ്മരിക്കരുത്. 50000–ൽപ്പരം ആളുകൾ വാഹനങ്ങളിലും കാൽനടയായും ഈരാറ്റുപേട്ട വഴി ദിവസവും കടന്നുപോകുന്നുണ്ട്. 10,000 ൽപ്പരം അന്യസംസ്ഥാന തൊഴിലാളികളും വ്യാപാരികളും ഈരാറ്റുപേട്ടയിലെ വിവിധ ലോഡ്ജുകളിൽ താമസിക്കുന്നുണ്ട്. ഈ മുനിസിപ്പാലിറ്റിയിലെ 92% ആളുകളും കാർഷികേതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. ഏഷ്യയിലെ തന്നെ ഏറ്റവും ജനസാന്ദ്രതയുള്ള നഗരസഭയാണ് ഇത്. ജനസംഖ്യ വർദ്ധിക്കുമ്പോഴാണ് വ്യാപാരവും കച്ചവടസ്ഥാപനങ്ങളും വർദ്ധിക്കുന്നത്. ഈരാറ്റുപേട്ടക്കാരുടെ കഞ്ഞി കാലിലാണെന്ന് പറയുന്നത് വെറുതെയല്ല. ഓരോ ദിവസവും വ്യാപാരം നടത്തി ലഭിക്കുന്ന പണംകൊണ്ടാണ് കുടുംബത്തിലേയ്ക്കാവശ്യമുള്ള സാധനങ്ങളുമായി കുടുംബനാഥൻ സ്വഭവനത്തിലേയ്ക്ക് മടങ്ങുന്നത്. കൃഷിയിൽ നിന്നോ, വ്യവസായങ്ങളിൽ നിന്നോ, ഉദ്യോഗത്തിൽ നിന്നോ. ബഹുഭൂരിപക്ഷം ആളുകൾക്കും യാതൊരു വരുമാനവും ലഭിക്കുന്നില്ല. ബഹുഭൂരിപക്ഷം സ്ത്രീകളും ജോലിക്ക് പോകാത്തതുകൊണ്ട് പുരുഷന്മാരുടെ വരുമാനം മാത്രമാണ് കുടുംബത്തിന്റെ അത്താണി. ചെറിയ ലാഭം മാത്രമെടുത്ത് സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നുകൊണ്ട് ഉയർന്ന വിലയ്ക്ക് ഉല്പന്നങ്ങൾ വിൽക്കാനും കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ വാങ്ങാനും കഴിയുന്നു. ജാതിക്കാ, ഗ്രാമ്പു, കുരുമുളക്, തോട്ടപ്പയർ, ഒട്ടുപാൽ, ക്രമ്പ്റബ്ബർ, അടയ്ക്ക തുടങ്ങിയവയുടെ കേരളത്തിലെ തന്നെ ഏറ്റവും വലിയ വിപണിയാണ് ഈരാറ്റുപേട്ട. കച്ചവടം നടത്താനുള്ള ഒരു പ്രത്യേക വൈഭവം തന്നെ ഇവിടുത്തെ ആളുകൾക്കുണ്ട്. ഒരിക്കൽ സധനങ്ങൾ വാങ്ങുന്നവർ ആ കടയിൽത്തന്നെ എത്തുന്നത് ഇവരുടെ പെരുമാറ്റത്തിന്റെ വൈശിഷ്ട്യം ഒന്നുകൊണ്ടാണ്. നല്ല പെരുമാറ്റവും പുഞ്ചിരിച്ച മുഖവും ഇടപാടുകാരെ ഇവരുടെ കടയിലേയ്ക്ക് ആകർഷിക്കുന്നു. സമീപപഞ്ചായത്തുകളിൽ നിന്ന് മാത്രമല്ല, വിദൂരജില്ലകളിൽ നിന്നുപോലും ജാതിമതഭേദമന്യേ ഈ പട്ടണത്തിൽ വ്യാപാരസ്ഥാപനങ്ങൾ നടത്തി നല്ല വരുമാനം സമ്പാദിക്കുന്നുണ്ട്. എല്ലാവരേയും ഉൾക്കൊള്ളാനും സ്നേഹിക്കാനും ബഹുമാനിക്കാനുമുള്ള മനസ്സ്, ഈ നാട്ടുകാർക്കുണ്ട്. കേരളത്തിലെ മാത്രമല്ല, തമിഴ്നാട്ടിലേയും ആന്ധ്രായിലേയും, കർണ്ണാടകത്തിലേയും ആളുകൾക്ക് തടിക്കും സുഗന്ധവ്യഞ്ജനങ്ങൾക്കും നല്ല വില വാങ്ങിക്കൊടുക്കുന്നത് ഇന്നാട്ടുകാരാണ്. പഴങ്ങൾ, പച്ചക്കറികൾ, മുട്ട, മത്സ്യം എന്നിവ മൊത്തമായും ചില്ലറയായും കുറഞ്ഞ വിലയ്ക്ക് ഇവിടെ ലഭിക്കുന്നു. സ്റ്റേഷനറി, ഇലക്ട്രിക്കൽ, പ്ലംബിംഗ് ഐറ്റംസും സെക്കന്റ് ഹാന്റ് വാഹനങ്ങളും ടൂറിസ്റ്റ് ബസുകളും ചരക്ക് വാഹനങ്ങളും ടാക്സി വാഹനങ്ങളും കുറഞ്ഞ നിരക്കിൽ ഇവിടെ ലഭിക്കുന്നു. ഈരാറ്റുപേട്ട നഗരത്തിൽ ലഭ്യമല്ലാത്തതൊന്നും തന്നെയില്ല. ഭൂരിപക്ഷമാളുകൾക്കും മൂന്ന്സെന്റ് സ്ഥലവും അതിലൊരു വീടുമാണുള്ളത്. ഇതുമൂലം ബാങ്ക് വായ്പ ലഭിക്കാൻപോലും മിക്കവർക്കും ബുദ്ധിമുട്ടാണ്. ജനസാന്ദ്രതമൂലം വീടുകൾ ചേർന്നുചേർന്നാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. വീട് ചെറുതെങ്കിലും അതിൽ എല്ലാവിധ സൗകര്യങ്ങളുമൊരുക്കാൻ ഏവരും ബദ്ധശ്രദ്ധരാണ്. കാലം മാറിയതോടെ ആധുനിക സൗകര്യങ്ങളുള്ള ധാരാളം വലിയ വീടുകൾ ഇവിടെ ഉയർന്നുവരുന്നുണ്ട്. സ്ഥലപരിമിതിയാണ് ഇവിടുത്തെ ഏറ്റവും വലിയ വെല്ലുവിളി. ബഹുഭൂരിപക്ഷം കുടുംബങ്ങൾക്കും സ്വന്തമായ വാഹനങ്ങളുണ്ട്. സ്ഥലപരിമിതി മൂലം വീർപ്പുമുട്ടുകയാണ് ഈ കൊച്ചുനഗരം. സിവിൽ സ്റ്റേഷൻ, ചിൽഡ്രൻസ് പാർക്ക്, സ്റ്റേഡിയം, കളിസ്ഥലങ്ങൾ, ജിംനേഷ്യം, പബ്ലിക് ലൈബ്രറി തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള സ്ഥലസൗകര്യം ഇവിടെയില്ല. അതിർത്തി പഞ്ചായത്തുകളായ തീക്കോയി, പൂഞ്ഞാർ, തലപ്പുലം, തിടനാട് പഞ്ചായത്തുകളിൽ നിന്ന് കുറഞ്ഞത് രണ്ട് വാർഡുകൾ വീതം ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയോട് കൂട്ടിച്ചേർത്താൽ മാത്രമേ ഇവിടെ ആവശ്യത്തിനുള്ള സ്ഥലവിസൃതിയുണ്ടാവുകയുള്ളു.







## ട്രാഫിക് പരിഷ്കരണം

നഗരസഭയിൽ ട്രാഫിക് റെഗുലേറ്ററി കമ്മറ്റി ഒരു മാസത്തിൽ ഒന്നെങ്കിലും കൂടി നിലവിലെ ട്രാഫിക് പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതായിട്ടുണ്ട്. ഇതിനായി നിലവിലുള്ള

കോസ്‌വേ റോഡുകളും ഇടറോഡുകളും തമ്മിൽ ലിങ്ക് ചെയ്ത് ഓരോ മേഖലയും തിരിച്ച് വൺവേ സംവിധാനം ഉൾപ്പടെ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. നഗരത്തിലെ ഓട്ടോ സ്റ്റാന്റുകൾക്ക് കൃത്യമായി പാർക്കിംഗ് സംവിധാനം ഒരുക്കി നമ്പർ നൽകാത്ത ഓരോ ഓട്ടോയ്ക്കും ഓട്ടോ സ്റ്റാന്റിനും നമ്പർ നൽകുക. വടക്കേക്കര ടാക്സി സ്റ്റാന്റിൽ സ്ഥലപരിമിതിയുള്ളതിനാൽ ഇവിടുത്തെ ടക്സി സ്റ്റാന്റ് മറ്റൊരു സ്ഥലത്തേക്ക് മാറ്റേണ്ടതായിട്ടുണ്ട്. ട്രാഫിക് ബ്ലോക്കുണ്ടാകുന്ന ബസ്കാത്തിരിപ്പു കോന്ദ്രങ … ്ടിയിരിക്കുന്നു




## മാലിന്യ സംസ്കരണസംവിധാനങ്ങൾ





*തേവരുപാറയിലെ മാലിന്യ സംസ്കരണ കേന്ദ്രം*

40000 ൽ അധിക ഫ്ളോട്ടിംഗ് പോപ്പുലേഷൻ ഉള്ള നഗരസഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്കരണം. നിലവിൽ ഹരിതകർമ്മസേന വീടുകിളിൽ എത്തി ഖര-ദ്രവ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ഇതുകൂടാതെ വിവിധ പ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ തേവരുപാറ ഖരമാലിന്യ പ്ലാന്റിൻ എത്തിച്ച് തരംതിരിച്ച് ജൈവമാലിന്യങ്ങൾ വളമാക്കുകയും അജൈവ മാലിന്യങ്ങൾ പഴയ സ്ളോട്ടർ ഹൗസിൽ കൊണ്ടുചെന്ന് തരംതിരിച്ച് വൃത്തിയാക്കി വെറുതെ കിടക്കുന്ന പേഴുംകാട് മനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ കൊണ്ടുപോയി സൂക്ഷിക്കുകയും അവിടുന്ന് ക്ലീൻ കേരളാ കമ്പനിക്ക് നൽകുകയും ചെയ്യുന്നു. ദിവസേന 4 ടണ്ണിന് മുകളിൽ മാലിന്യങ്ങൾ കടകളിൽ നിന്നും വീടുകളിൽ നിന്നുമായി ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. രാത്രികാലങ്ങളിൽ നഗരസഭയുടെ പുറത്തു നിന്നുവരെ ചാക്കിൽ കെട്ടി ടൗണിന്റെ വിവിധ പ്രദേശങ്ങളിൽ മാലിന്യം കൊണ്ട് നിക്ഷേപിക്കുന്നത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. ഇതിനെതിരെ രാത്രികാല പെട്രോളിംഗ് നിർബന്ധമാക്കുന്നതിനൊപ്പം വേസ്റ്റ് തള്ളുന്ന സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറ ഉൾപ്പടെയുള്ള സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. നിരത്തിലെ ജലസ്രോതസ്സുകൾ കുപ്പികളും അജൈവ മാലിന്യങ്ങളും കൊണ്ട് നിറഞ്ഞിരിക്കുകയാണ്. കൂടാതെ ടൗണിലെ കടകളിൽ നിന്നും ലോഡ്ജുകളിൽ നിന്നും കക്കൂസ് മാലിന്യം ഉൾപ്പെടെ ജലാശയങ്ങളിലേക്ക് തള്ളുന്ന സ്ഥിതിവിശേഷമുണ്ട്. ഇതിനെതിരെ മുഖം നോക്കാതെ ശക്തമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

## ടൂറിസം & ഹെറിറ്റേജ്



വാഗമൺ



ഇല്ലിക്കൽ കല്ല്



വല്യച്ചൻമല

സുഖവാസ കേന്ദ്രങ്ങളായ വാഗമൺ, ഇല്ലിക്കൽകല്ല്, മാർമല അരുവി, ഇലവീഴാപ്പൂഞ്ചിറ, മൂന്നാർ എന്നിവിടങ്ങളിലേക്കും തീർത്ഥാടനകേന്ദ്രങ്ങളായ വി. അൽഫോൻസാമ്മ ശവകുടീരം, വല്ല്യച്ചൻമല, പൂഞ്ഞാർ രാജകൊട്ടാരം എന്നിവിടങ്ങളിലേക്കുള്ള പ്രധാന റോഡ്മാർഗ്ഗമാണ് ഈരാറ്റുപേട്ട. ഇതിന്റെ ഭാഗമായി ഈരാറ്റുപേട്ട ഒരു ടൂറിസം ഹബ്ബായി വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. നൂറ്റാണ്ടുകൾ പഴക്കമുള്ള നൈനാർ ജുമാമസ്ജിദും ഷെയഖ ഫരിഹുദ്ദീൻ വലിള്ളാഹ് മഖ്ബറയും ആയിരക്കണക്കിന് തീർത്ഥാടകർ എത്തുന്ന സെന്റ് ജോർജ്ജ് ഫൊറോനാ ചർച്ചും നൂറ്റാണ്ട് പഴക്കമുള്ള അങ്കാളമ്മൻകോവിലും ഈരാറ്റുപേട്ടയിലാണ് എന്നുള്ളതും ടൂറിസം മേഖലയിലെ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നു.

2015 ജനുവരി മാസത്തെ മന്ത്രിസഭാ യോഗതീരുമാനപ്രകാരമാണ് സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായിരുന്ന ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് നഗരസഭയായി ഉയർത്തിയത്. ജനസാന്ദ്രത ഏറ്റവും കൂടിയ ഈ നഗരസഭയിൽ അസൗകര്യങ്ങൾ കൊണ്ട് വീർപ്പുമുട്ടുകയാണ്.

## റോഡ് നെറ്റ്‌വർക്ക്

കോട്ടയം ജില്ലയിലെ മലയോര പ്രദേശമായ ഈരാറ്റുപേട്ടയിലെ ഏക ഗതാഗത മാർഗ്ഗ മാണ് റോഡുകൾ. ഏറ്റുമാനൂർ-പൂഞ്ഞാർ സ്റ്റേറ്റ് ഹൈവേ (SH 32), ഈരാറ്റുപേട്ട -വാഗമൺ - പീരുമേട് സ്റ്റേറ്റ് ഹൈവേ (SH 14), കാഞ്ഞിരപ്പള്ളി - മുട്ടം സ്റ്റേറ്റ് ഹൈവേ എന്നിവയാണ്. നഗര ത്തിലൂടെയുള്ള പ്രധാന റോഡുകൾ. നഗരത്തിലെ എല്ലാ മേഖലയിലേക്കും റോഡ് സൗകര്യമു ണ്ട്. കൂടുതലും ഗ്രാമീണ റോഡുകളാണ്. കൂടുതലും കോൺക്രീറ്റ് റോഡുകളാണ്. ഈരാറ്റുപേ ട്ടയെ സുഖവാസകേന്ദ്രങ്ങളായ വാഗമൺ, ഇലവീഴാപൂഞ്ചിറ, ഇല്ലിക്കക്കല്ല്, മാർമല അരുവി, അയ്യ മ്പാറ, എന്നീ ടൂറിസ്റ്റ് മേഖലയുമായി ബന്ധിപ്പിക്കുന്നതാണ് ഈ റോഡുകൾ. ധാരാളം വിനോദ സഞ്ചാരികൾ ഈ മേഖലയിൽകൂടി കടന്നുപോകുന്നതാണ്. ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് റോഡുകൾ ഉന്നത നിലവാരത്തിലാക്കുകയും നഗരത്തിലെ പ്രധാനപ്പെട്ട 6 പാലങ്ങ ളിൽ നടപ്പാതകൾ നിർമ്മിച്ച് ലൈറ്റുകൾ, റോഡ് സൈഡുകളിൽ മനോഹരമായ പൂന്തോട്ടം നിർമ്മിച്ച് ഇരിപ്പിടങ്ങളും സ്നാക്ക് പാർലറുകളും ടോയ്‌ലറ്റ് സൗകര്യങ്ങളും ഉറപ്പുവരുത്തേണ്ടത് കാലഘട്ട ത്തിന്റെ ആവശ്യമാണ്.

## മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്

ഈരാറ്റുപേട്ട നഗരസഭയിൽ വേൾഡ് ബാങ്ക് ഫണ്ട്1 കോടി ഇരുപത് ലക്ഷം രൂപ ചിലവ ഴിച്ച് 2018 ലാണ് ഹൈജീനിക്ക് മാർക്കറ്റ് കോംപ്ലക്സ് യാഥാർത്ഥ്യമാക്കിയത്. ആകെ 19 മുറിക ളാണ് ഇതിനുള്ളത്. നഗരസഭയ്ക്ക് കോടികൾ വരുമാനം നേടിത്തരേണ്ട ഒരു സംവിധാനമാണ്



ഇത്. നഗരസഭയുടെ അധീനതയിലുള്ള കുടുംബ ശ്രീയുടെ ഓഫീസും അതുപോലെ തന്നെ വയോമിത്രം ഓഫീസും ഇവിടെ പ്രവർത്തിക്കുന്നു. ചില കടമുറികൾ ലേലത്തിൽ നൽകിയിട്ടുള്ളതുമാണ്. ആയതിനാൽ 14-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനഘട്ടത്തിൽ അടിയന്തിര പരിഗണന നൽകേണ്ടതായിട്ടുണ്ട്.

## കളിസ്ഥലം അരുവിത്തുറ സ്റ്റേഡിയം

നഗരസഭയിലെ കുട്ടികൾക്ക് വിനോദ ത്തിനും ആരോഗ്യ പരിപാലനത്തിനുമായി ഒരു കളി സ്ഥലമോ സ്റ്റേഡിയമോ ഇല്ല എന്നുള്ളത് ഏറ്റവും വലിയ പോരായ്മയാണ് കെ.വി.തോമസ് പൊട്ടംകുളം തന്റെ തറവാട് സ്ഥിതിചെയ്യുന്ന 7 ഏക്കർ സ്ഥലം സ്റ്റേഡിയം നിർമ്മിക്കുന്നതിനായി അരുവിത്തുറ പള്ളിക്ക് സംഭാവന ചെയ്തു. പാലാ സ്റ്റെഡിയം നിർമ്മിക്കുന്നതുവരെ ഈ പ്രദേശത്തെ ഏറ്റവും വലിയ സ്റ്റെഡിയമായിരുന്നു ഇത്. 1963 ജനുവരി 19ന് കേരളാ ഗവർണർ വി.വി.ഗിരിയാണ് ഈ സ്റ്റേഡിയ ത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. കേരളാ സ്പോട്സ് മീറ്റും 1963ൽ അമചർ അത്‌ലറ്റിക് മീറ്റും 1984ൽ സ്റ്റേറ്റ് അത്‌ലറ്റിക് മീറ്റും പലതവണ ജില്ലാ അത്‌ലറ്റിക് മീറ്റും ഇവിടെ നടന്നു. എന്നാൽ വർഷ ങ്ങളായി ഈ സ്റ്റേഡിയം പൂട്ടിഇട്ടിരിക്കുകയാണ്. ഈ സ്റ്റേഡിയം നിലനിൽക്കുന്ന സ്ഥലത്ത് സ്കൂൾ

കെട്ടിടം പണിയുവാനുള്ള നീക്കം കോടതി തടഞ്ഞിട്ടുള്ളതാണ്. നഗരസഭാ കൗൺസിലും അരുവിത്തുറ സ്കൂൾ മാനേജുമെന്റും രമ്യതയിൽ ചർച്ചചെയ്ത് പരിഹരിച്ച് പൊതു ജനങ്ങൾക്ക് ഈ സ്റ്റേഡിയം തുറന്ന്നൽകുവാനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ പതിറ്റാണ്ടുകളുടെ കായിക ചരിത്രം പറയുവാനുള്ള ഈ സ്റ്റേഡിയം വിസ്മൃതിയിലാണ്ട് പോകും എന്നതിൽ യാതൊരു സംശയവും ഇല്ല. മാത്രമല്ല നഗരസഭയിലെ മാസ്റ്റർ പ്ലാൻ പ്രകാരം സ്റ്റേഡിയം നിലനിൽക്കുന്നതും ഈ പ്രദേശത്താണ് എന്നത് ഈ സ്റ്റേഡിയത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

നഗരസഭയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇൻഡോർ സ്റ്റേഡിയം ഫുട്ബോൾ ടർഫ്, വോളിബോൾ കോർട്ട് എന്നിവ സ്പോട്സ് കൗൺസിലിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നിർമ്മിക്കാവുന്നതാണ്.

## മുനിസിപ്പൽ പാർക്ക്

നാൽപതിനായിരത്തിനടുത്ത് ജനസംഖ്യയുള്ള ഈരാറ്റുപേട്ടയിൽ പതിനായിരം ജനസംഖ്യയും കുട്ടികളാണ് എന്നത് നഗരസഭയിൽ ഒരു മുനിസിപ്പൽ പാർക്കിന്റെ പ്രാധാന്യം ഏറ്റുന്നു. നഗരസഭയിലെ കുട്ടികൾക്കും മുതിർന്നവർക്കും നഗരസഭയിൽ എത്തുന്ന യാത്രക്കാർക്കും സമയം ചിലവഴിക്കുവാനും വിനോദത്തിനും മാസ്റ്റർ പ്ലാൻ പ്രകാരം സ്ഥലം കണ്ടെത്തി മുനിസിപ്പൽ പാർക്ക് സ്ഥാപിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നതാണ്. മാത്രമല്ല ഇത് നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കവാനും സഹായിക്കും.

നഗരസഭയിലെ ബഡ്സ് സ്കൂളിൽ 142 കുട്ടികളാണ് പഠിക്കുന്നത് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം ഈ കുട്ടികൾക്കും പാർക്ക് നിർമ്മിക്കുവാൻ മുന്തിയ പരിഗണന നൽകണം.

## മുനിസിപ്പൽ ടൗൺഹാൾ

നഗരസഭ നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ് നഗരസഭയിൽ ഒരു ടൗൺഹാൾ ഇല്ല എന്നുള്ളത്. സ്ഥലപരിമിതിയാണ് ഇതിന്റെ പ്രധാന കാരണം. നഗരസഭയിൽ സ്ലോട്ടർ ഹൗസ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് പുതിയ നഗരസഭ ഓഫീസ് പണിയുമ്പോൾ നിലവിലുള്ള നഗരസഭാഓഫീസ് നിലനിൽക്കുന്നിടത്തോ അല്ലെങ്കിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയോ മുനിസിപ്പൽ ടൗൺഹാൾ യാഥാർത്ഥ്യമാക്കേണ്ടതാണ്. നഗരസഭയിലെതന്നെ ഒരു പൊതുയോഗമോ വികസന സെമിനാറോ സംഘടിപ്പിക്കുന്നതിന് ആയിരക്കണക്കിന് രൂപ വാടകനൽകിയാണ് ഓഡിറ്റോറിയം വാടകയ്ക്ക് എടുക്കുന്നത്. ടൗൺഹാൾ യാഥാർത്ഥ്യമാക്കുന്നതോടെ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമാകും. മാത്രവുമല്ല നഗരസഭയിലെ പാവപ്പെട്ട ജനങ്ങൾക്ക് കല്യാണങ്ങളും മറ്റു പൊതുപരിപാടികൾക്കും കുറഞ്ഞ ചിലവിൽ വാടകയ്ക്ക് നൽകുവാൻ സാധിക്കും. ഇത് നഗരസഭയുടെ തനത് വരുമാന വർദ്ധനവിനും കാരണമാകും.

## മുനിസിപ്പൽ ഓഫീസ്



1962 ജനുവരി 1 ന് ആണ് ഈരാറ്റുപേട്ട പഞ്ചായത്ത് രൂപീകരിച്ചത്. പല സ്ഥലങ്ങളിലായി മാറി മാറി പ്രവർത്തിച്ച പഞ്ചായത്ത് ഓഫീസിനായി ശ്രീ. പി.പി. ഇസഖാൻ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്നപ്പോൾ പുതുപ്പറമ്പിൽ പി.എ. ഹസൻ സാഹിബിന്റെ 20 സെന്റ് സ്ഥലം 20000/- രൂപയ്ക്ക് വാങ്ങി. 1970 ൽ ആഫീസ് കെട്ടിടനിർമ്മാണം ആരംഭിച്ചു. 1978 ഓഗസ്റ്റ് 8-ന് പഞ്ചായത്ത് വകുപ്പ് മന്ത്രി ശ്രീ. ഔഖാദർകുട്ടി നഹാ ഓഫീസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. എല്ലാവിധ സൗകര്യവും ഉള്ള ഇരുനില കെട്ടിടമാണ് പണിതത്. ഈ കെട്ടിടമാണ് ഇപ്പോഴത്തെ നഗരസഭയുടെ ആസ്ഥാനമന്ദിരം. 44 വർഷം പഴക്കമുള്ള ഈ കെട്ടിടം 2015-ൽ പുതുക്കി പണിതു. എന്നിരുന്നാൽ തന്നെ വലിയ ജനസംഖ്യയുള്ള നഗരസഭയിൽ അസൗകര്യങ്ങൾകൊണ്ട് വീർപ്പ് മുട്ടുകയാണ് നഗരസഭാ ഓഫീസ്. സ്ഥലപരിമിതി മൂലം കൃത്യവും കാര്യക്ഷമവുമായ ഫ്രണ്ട് ഓഫീസ് സംവിധാനം ഇല്ലാ എന്നുള്ളത് വലിയ കുറവ് തന്നെയാണ്. നഗരസഭയിലെ സ്ഥലപരിമിതി മൂലം പൊതുജനങ്ങൾക്കോ ജീവനക്കാർക്കോ ആവശ്യമായ ടോയ്‌ലറ്റ് സൗകര്യംപോലും ലഭ്യമാക്കുവാൻ സാധിച്ചിട്ടില്ല. പഴയ സ്ലോട്ടർ ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പുതിയ നഗരസഭാ ഓഫീസ് പണിയുവാൻ കിഫ്ബിയിൽ നിന്നും 8.5 കോടി രൂപാ അനുവദിച്ചിട്ടുള്ളതും നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞതുമാണ്. അത്യാധുനിക സൗകര്യത്തോടെ ഈ ഓഫീസ് കെട്ടിടം പണിതാൽ ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ സാധിക്കും എന്ന് പ്രത്യാശിക്കുന്നു.

**ഈരാറ്റുപേട്ട നഗരസഭ ഓഫിസ് നിർമാണോദ്ഘാടനം**

**ഈരാറ്റുപേട്ട:** കിഫ്ബിയുടെ 8.5 കോടി ഫണ്ട് ഉപയോഗിച്ച് മഞ്ചാടി തുരുത്തിന് സമീപം നിർമിക്കുന്ന നഗരസഭ ഓഫിസ് സമുച്ചയത്തിന്റെ നിർമാണോദ്ഘാടനം നഗരസഭ ചെയർമാൻ നിസാർ കുർബാനി നിർവഹിച്ചു.

വൈസ് ചെയർപേഴ്സൻ ബൽക്കീസ് നവാസ് അധ്യക്ഷത വഹിച്ചു. പുത്തൻപള്ളി ചീഫ് ഇമാം കെ.എ. മുഹമ്മദ് നദീർ മൗലവി മുഖ്യപ്രഭാഷണം നടത്തി. സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ ബീമ നാസർ, അഡ്വ. വി.പി. നാസർ, പി.എച്ച്. ഹസീബ്, മുഹ്‌യിദ്ദീൻ പള്ളി ഇമാം വി.പി. സുബൈർ മൗലവി, എ.എം.എ. ഖാദർ, മജീദ് വട്ടക്കയം, പി.എസ്. ഷെഫീഖ്, വി.കെ. കബീർ, പി.എസ്. അബ്ദുൽ ഖാദർ, അഡ്വ. മുഹമ്മദ് ഇല്ല്യാസ്, യൂസുഫ് ഹിബ, കെ.ഇ. മുജീബ്, ലൈല പരീത് എന്നിവർ സംസാരിച്ചു.



ഈരാറ്റുപേട്ട നഗരസഭ ഓഫിസ് സമുച്ചയത്തിന്റെ നിർമാണോദ്ഘാടനം ചെയർമാൻ നിസാർ കുർബാനി നിർവഹിക്കുന്നു

## കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഹാൾ

നഗരസഭയുടെ ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നായിരുന്ന ടൗൺഹാൾ ഉണ്ടായിരുന്നില്ല എന്നത്. എന്നാൽ ഇതിന് ശാശ്വതപരിഹാരമെന്ന നിലയ്ക്ക് 2024-ൽ ഒരു കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഹാളിന് നഗരസഭയുടെ പ്രൊപ്പോസൽ പ്രകാരം ബഹു. രാജ്യസഭാ എം.പി. ഹാരിസ് ബീരാൻ ഫണ്ട് അനുവദിക്കുകയും അതിന്റെ പണി അവസാനഘട്ടത്തിൽ എത്തി നിൽക്കുകയുമാണ്. 14-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനഘട്ടത്തിൽ അതിന് കൂടുതൽ പ്രാധാന്യം നൽകി മെച്ചപ്പെടുത്താൻ സാധിച്ചു. നഗരസഭയുടെ ചെറിയ പൊതുയോഗങ്ങളും നഗരസഭയിലെ ജനങ്ങൾക്ക് പൊതുപരിപാടികൾ നടത്തുവാൻ വാടകയ്ക്ക് കൊടുക്കുവാനും സാധിക്കും. ഇത് നഗരസഭയുടെ തനത് വരുമാനവർദ്ധനവിനും കാരണമാകും.

## മിനി സിവിൽ സ്റ്റേഷൻ

ഈരാറ്റുപേട്ട നിവാസികളുടെ കാലങ്ങളായുള്ള ആഗ്രഹമാണ് നഗരസഭാ പ്രദേശത്ത് ഒരു മിനി സിവിൽസ്റ്റേഷൻ യാഥാർത്ഥ്യമാക്കുക എന്നത്. നഗരസഭാ പ്രദേശത്ത് ചിതറിക്കിടക്കുന്ന 16ൽപരം സർക്കാർ ഓഫീസുകളെ ഒരിടത്തുകൊണ്ടുവരുന്നത് വഴി പല ആവശ്യങ്ങൾക്കും പല ഓഫീസുകളിൽ കയറിഇറങ്ങേണ്ട സാഹചര്യമുള്ളവർക്ക് വളരെ ഗുണപ്രദമാകും. മാത്രമല്ല നാട്ടിൽ ഒരു സിവിൽ സ്റ്റേഷൻ വന്നാൽ ഒരു പ്രദേശത്തിന് വലിയ വളർച്ചയുണ്ടാകും. വ്യാപാരം പ്രധാന തൊഴിലാക്കി മാറിയ നഗരത്തെ സംബന്ധിച്ച് ഇത് വലിയ നേട്ടമായിരിക്കും. നഗരസഭയിൽ പോലീസ് സ്റ്റേഷന് സമീപമുള്ള രണ്ടേക്കർ ഭൂമിയാണ് മിനിസിവിൽ സ്റ്റേഷനുവേണ്ടി നിർദ്ദേ

ശിച്ചിരിക്കുന്നത്. കാലാകാലങ്ങളായി മാറിമാറി വരുന്ന സർക്കാരുകൾ ഈരാറ്റുപേട്ടയിൽ മിനി സിവിൽസ്റ്റേഷൻ എന്ന ആശയത്തോട് പുറംതിരിഞ്ഞ് നിൽക്കുന്ന സമീപനമാണുള്ളത്. കടുവാമുഴി ഭാഗത്ത് മിനി സിവിൽസ്റ്റേഷൻ വന്നാൽ ആ പ്രദേശത്ത് വൻ വികസനകുതിപ്പ് ഉണ്ടാകും എന്ന കാര്യത്തിൽ സംശയമില്ല.

## നഗരസഭയിൽ സെക്രട്ടറിക്കും സ്റ്റാഫിനും ക്വാർട്ടേഴ്സ്

ഈരാറ്റുപേട്ട നഗരസഭയിൽ നഗരസഭാസെക്രട്ടറിക്കും സ്റ്റാഫിനും ക്വാർട്ടേഴ്സ് യാഥാർത്ഥ്യമാക്കുക. എന്നുള്ളത് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ അടിയന്തിര പ്രാധാന്യം നൽകേണ്ട വിഷയമാണ്. വളരെ ദൂരെനിന്നും ജോലിക്ക് വരുന്ന ജിവനക്കാരും നഗരസഭാ സെക്രട്ടറിയും വലിയതുക വാടകനൽകിയാണ് താമസിക്കുന്നത്. തൊട്ടടുത്ത മിക്ക നഗരസഭകളിലും സ്വന്തമായി ക്വാർട്ടേഴ്സ് ഉള്ളപ്പോൾ ഈരാറ്റുപേട്ടയിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് ഇല്ല. ഇത് മൂലം ദൂരെ നിന്നും വരുന്ന ജീവനക്കാർ ഇവിടെ ജോലിചെയ്യുവാൻ താൽപര്യം കാണിക്കുന്നില്ല. സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർമാർ ഓവർസിയർമാർ തുടങ്ങിയ വളരെ പ്രധാനപ്പെട്ട തസ്തികകളിൽ ഇതുമൂലം പലപ്പോഴും വേക്കൻസിയായി കിടക്കുന്നു. ഇത് നഗരസഭയുടെ പ്രവർത്തനത്തെ തന്നെ ബാധിക്കുന്നു. ഇത് മൂലം ജനങ്ങൾക്ക് പലപ്പോഴും മെച്ചപ്പെട്ട സേവനം നൽകുവാൻ സാധിക്കുന്നില്ല. അതിനാൽ ഈ പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ കാണേണ്ടതായിട്ടുണ്ട്.

## നഗരസഭയിൽ ലേഡീസ് ഹോസ്റ്റൽ യാഥാർത്ഥ്യമാക്കുക.

ഈരാറ്റുപേട്ട നഗരസഭയിലെ പ്രധാന പ്രശ്നമാണ് സ്വന്തമായി ലേഡീസ് ഹോസ്റ്റൽ ഇല്ല എന്നുള്ളത്. അരുവിത്തുറ കോളേജ്, എം.ഇ.എസ്. കോളേജ് തുടങ്ങിയ കോളേജുകളിൽ പഠിക്കുന്ന ദൂരസ്ഥലങ്ങളിൽനിന്നെത്തുന്ന വിദ്യാർത്ഥികൾക്ക് താമസിക്കുവാൻ നഗരസഭാ പ്രദേശത്ത് ഒരു വനിതാ ഹോസ്റ്റൽ ഇല്ല. തന്നെയുമല്ല 16ൽപരം സർക്കാർ ഓഫീസുകളുള്ള നഗരസഭയിൽ ലേഡീസ് ഹോസ്റ്റലിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. മാത്രമല്ല ഇത് മൂലം കുറച്ച്പേർക്ക് തൊഴിലും നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കും. ആയതിനാൽ നഗരസഭയിൽ അനുയോജ്യമായ സാഥലം കണ്ടെത്തി MLA, MP ഫണ്ടിന്റെ സംയോജനത്തോടെ ലേഡീസ് ഹോസ്റ്റൽ യാഥാർത്ഥ്യമാക്കാവുന്നതാണ്. വനിതാ ഘടക പദ്ധതിയിൽ നിന്നുള്ള തുക ഇതിന്റെ തുടർ പ്രവർത്തനത്തിനുവേണ്ടി ചിലവാക്കാവുന്നതാണ്.

## ശ്മശാനം (Gas Crimattarium)

- നഗരസഭയിൽ നിലവിൽ ഗ്യാസ് ശ്മശാനം ഇല്ലാത്തതാണ്. അനുയോജ്യമായ സ്ഥലത്ത് ഗ്യാസ് ശ്മശാനം യാഥാർത്ഥ്യമാക്കുക.

## നഗരാസൂത്രണം പൂഞ്ഞാർ താലൂക്ക്

ഈരാറ്റുപേട്ട കോട്ടയം ജില്ലയിലെ ഏറ്റവും വലിയ താലൂക്കായ മീനച്ചിൽ താലൂക്ക് വിഭജിച്ച് ഈരാറ്റുപേട്ട കേന്ദ്രമായി പൂഞ്ഞാർ താലൂക്ക് രൂപീകരണമെന്ന ആവശ്യത്തിന് അര നൂറ്റാണ്ടിന്റെ പഴക്കമുണ്ട്. മീനച്ചിൽ താലൂക്കിൽ 28 വില്ലേജുകളാണ് ഉള്ളത്. മീനച്ചിൽ താലൂക്ക് ആസ്ഥാനമായ പാലായിലെത്തണമെങ്കിൽ മലയോര വില്ലേജുകളിൽനിന്ന് 32 കിലോമീറ്റർ സഞ്ചരിക്കേണ്ടതുണ്ട്. പൂഞ്ഞാർ താലൂക്ക് രൂപീകരിക്കുന്ന കാര്യത്തിൽ വിവിധ സർക്കാരുകൾ ഇന്നാട്ടിലെ ജനങ്ങളോട് വിവേചനമാണ് പുലർത്തിപ്പോരുന്നത്. മീനച്ചിൽ താലൂക്കിലെ മൂന്നിലവ്, മേലുകാവ്, തലനാട്, തീക്കോയി, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, പൂഞ്ഞാർ നടുഭാഗം, ഈരാറ്റുപേട്ട, തലപ്പലം, കൊണ്ടൂർ, കാഞ്ഞിരപ്പള്ളി താലൂക്കിലെ കുട്ടിക്കൽ എന്നീ വില്ലേജുകൾ ഉൾപ്പെടുത്തി പൂഞ്ഞാർ താലൂക്ക് രൂപീകരിക്കണമെന്നുള്ള റിപ്പോർട്ട് 17.04.2017ൽ ലാന്റ് റവന്യൂ (എഫ്) വകുപ്പിന് നൽകിയിരുന്നു. ഈ റിപ്പോർട്ടിന് ശേഷവും കുന്നംകുളം, പയ്യന്നൂർ, അട്ടപ്പാടി എന്നീ താലൂക്കുകൾ സർക്കാർ രൂപീകരിച്ചിരുന്നു. വളരെയധികം വികസന സാദ്ധ്യതയുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് നിർദ്ദിഷ്ട താലൂക്ക്. ബഹുഭൂരിപക്ഷം വില്ലേജുകളും മലയോര മേഖ

ലയിലാണ് സ്ഥിതിചെയ്യുന്നത്. ഈ മേഖലയിലെ വികസനത്തിന് ഈ താലൂക്കിന്റെ രൂപീകരണം വളരെയേറെ സഹായകരമാകും. ഹൈറേഞ്ചിന്റെ കവാടം എന്ന നിലയ്ക്കും കേരളത്തിലെ പ്രധാന ടൂറിസം സ്ഥലങ്ങളിൽ ഒന്നായ. വാഗമണ്ണിന്റെ തൊട്ടടുത്ത താലൂക്കെന്ന നിലയിലും ടൂറിസ്റ്റ് കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽമല, മാർമല അരുവി, അയ്യമ്പാറ എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് നിർദ്ദിഷ്ട താലൂക്ക്. താലൂക്ക് രൂപീകരിക്കുകയാണെങ്കിൽ ഈ പ്രദേശങ്ങളുടെ വൻ വികസനത്തിന് വഴിയൊരുക്കും.

നിർദ്ദിഷ്ട പൂഞ്ഞാർ താലൂക്കിൽ ഉൾപ്പെട്ടുവരുന്ന മൂന്നിലവ്, മേലുകാവ് വില്ലേജുകൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂരിപക്ഷമുള്ള വില്ലേജുകളാണ്. കോട്ടയം ജില്ലയിൽ വളരെയധികം പ്രകൃതിക്ഷോഭം നിലവിൽ അനുഭവപ്പെടുന്ന വില്ലേജുകളാണ് പൂഞ്ഞാർ, പൂഞ്ഞാർ നടുഭാഗം, പൂഞ്ഞാർ തെക്കേക്കര, തീക്കോയി, തലനാട് വില്ലേജുകൾ. ടി വില്ലേജുകളിലെ പ്രകൃതിക്ഷോഭങ്ങൾക്ക് ദ്രുതഗതിയിൽ സഹായം ഏത്തിക്കുന്നതിനും ദുരിതാശ്വാസപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുതിയ താലൂക്കിന്റെ ഇലക്ഷൻ സെൻസസ് തുടങ്ങിയ വിഷയങ്ങളിൽ കാര്യക്ഷമമായ മേൽനോട്ടത്തിനും ഈരാറ്റുപേട്ട കേന്ദ്രമായി പുതിയ താലൂക്കിന്റെ രൂപീകരണം സഹായിക്കും.

ഈരാറ്റുപേട്ട ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി ഈരാറ്റുപേട്ട പോലീസ് സ്റ്റേഷൻ, ഈരാറ്റുപേട്ട ഫയർഫോഴ്സ്, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ്, കെ.എസ്.ആർ.ടി.സി.ഡിപ്പോ, വാട്ടർ അതോറിറ്റി ഓഫീസ്, ടൂറിസ്റ്റ് ബംഗ്ലാവ്, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, ഉപജില്ലാ ഓഫീസ്, കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ ഓഫീസ്, ഈരാറ്റുപേട്ട കെ.എസ്.ഇ,ബി. സബ് സ്റ്റേഷൻ, നഗരസഭാ ബസ് സ്റ്റാന്റ്, ഒരു എയ്ഡഡ് കോളേജ്, മൂന്ന് ഹയർ സെക്കണ്ടറി സ്കൂളുകൾ, എരുവിത്തുറ സ്കൂൾ സ്റ്റേഡിയം എന്നിവയും എട്ടോളം പൊതുമേഖലാ ബാങ്കുകളും ഈരാറ്റുപേട്ട നഗരസഭയിലാണ് സ്ഥിതിചെയ്യുന്നത്.1500 ഓളം വ്യാപാര സ്ഥാപനങ്ങൾ ഈരാറ്റുപേട്ട നഗരസഭയിൽ മാത്രം പ്രവർത്തിക്കുന്നുണ്ട്. അതുകൂടാതെ ഈരാറ്റുപേട്ട കുടുംബാരോഗ്യകേന്ദ്രം താലൂക്കാശുപത്രിയായി ഉയർത്തണമെന്ന് 18.01.2021 ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവിട്ടിട്ടുള്ളതാണ്. ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനു സമീപം രണ്ട് ഏക്കറോളം വരുന്ന സർക്കാർ ഭൂമി മിനി സിവിൽ സ്റ്റേഷന് വേണ്ടി ഈരാറ്റുപേട്ട ടൗൺ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഏറ്റുമാനൂർ ഈരാറ്റുപേട്ട സംസ്ഥാന പാത, അങ്കമാലി ഏരുമേലി സംസ്ഥാന പാത, ഈരാറ്റുപേട്ട വാഗമൺ സംസ്ഥാന പാത എന്നീ ഹൈവേകളുടെ സംഗമസ്ഥാനമാണ് ഈരാറ്റുപേട്ട. നിർദ്ദിഷ്ട ശബരി റെയിൽപാത ഈരാറ്റുപേട്ട നഗരത്തിൽ നിന്ന് മൂന്ന് കിലോമീറ്റർ ദൂരെ നിനർദ്ദിഷ്ട താലൂക്കിലെ തലപ്പലം വില്ലേജിലൂടെയാണ് കടന്ന്പോകുന്നത്. തലപ്പലം വില്ലേജിലെ അമ്പാറയിലാണ് നിർദ്ദിഷ്ട റെയിൽവേ സ്റ്റേഷൻ.

അന്നത്തെ റവന്യൂ വകുപ്പ് മന്ത്രി ഇ.ചന്ദ്രശേശരൻ അവർകൾക്ക് ഈരാറ്റുപേട്ട കേന്ദ്രമായി താലൂക്ക് രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട് 17.05.2017ൽ 367പേർ ഒപ്പിട്ട നിവേദനം നാട്ടുകാർ നൽകിയിട്ടുള്ളതാണ്.

2019 ജൂണിൽ നടന്ന നിയമസഭാ സമ്മേളനത്തിൽ ഈരാറ്റുപേട്ട കേന്ദ്രമായി പൂഞ്ഞാർ താലൂക്ക് സർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് റവന്യൂ വകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ സബ്മിഷന് മറുപടിയായി കേരള നിയമസഭയിൽ അറിയിച്ചിട്ടുള്ളതാണ്. കേരളത്തിലെ നിരവധി താലൂക്കുകളുടെ ആസ്ഥാനം അതാത് താലൂക്കിൽ സ്ഥിതി ചെയ്യുന്ന നഗരസഭകളാണ്. ഉദാഹരണത്തിന് മീനച്ചിൽ താലൂക്കിന്റെ ആസാഥാനം പാലാ നഗരസഭയിലാണ്. കുന്നത്തുനാട് താലൂക്കിന്റെ ആസ്ഥാനം മഞ്ചേരി മുനിസിപ്പാലിറ്റിയിലുമാണ്.

മേൽപറഞ്ഞ കാരണങ്ങൾ മുൻനിർത്തി ഈരാറ്റുപേട്ട നഗരസഭ ആസ്ഥാനമാക്കി പൂഞ്ഞാർ താലൂക്ക് രൂപീകരിക്കാനുള്ള നടപടിയാണ് സർക്കാർ നടപ്പിലാക്കേണ്ടത്. 1964 ജൂൺ 28ലെ ഈരാറ്റുപേട്ട ബ്ലോക്ക് ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടന വേളയിൽ അന്നത്തെ പൂഞ്ഞാർ

എം.എൽ.എ.യും റവന്യൂ മന്ത്രിയും ആയിരുന്ന ടി.എ തൊമ്മനാണ് ഈരാറ്റുപേട്ട കേന്ദ്രമാക്കി താലൂക്ക് എന്ന ആശയം തുറന്ന് പറഞ്ഞത്. തുടർന്ന് അധികാരത്തിൽ വന്ന ജനപ്രതിനിധികളെല്ലാം പ്രകടനപത്രികയിലുൾപ്പെടുത്തിയിട്ടും അരനൂറ്റാണ്ട് പിന്നിടുമ്പോഴും ഈരാറ്റുപേട്ട കേന്ദ്രീകരിച്ച് താലൂക്ക് എന്ന വാഗ്ദാനത്തിന് ചിറക് വെച്ചില്ല. വരുന്ന സംസ്ഥാന ബജറ്റിലെങ്കിലും ദീർഘകാലത്തെ ഈ ആവശ്യം പരിഗണിക്കുമോ എന്നാണ് നാട്ടുകാർ ഉറ്റുനോക്കുന്നത്.

## നഗരാസൂത്രണം നേരിടുന്ന പ്രശ്നങ്ങൾ

- ഏറ്റവും വലിയ വെല്ലുവിളി 7.5 കി.മി. ചുറ്റളവിൽ തിങ്ങിപാർക്കുന്ന നാൽപതിനായിരത്തിലധികമുള്ള ജനസംഖ്യതന്നെയാണ്.
- നഗരാസൂത്രണത്തിനും ടൗൺ ബ്യൂട്ടിഫിക്കേഷനും ലഭ്യമാകുന്ന പ്ലാൻ ഫണ്ടും തനത് ഫണ്ടും ലഭ്യമാകുന്നല്ല എന്നുള്ളതും വലിയ വെല്ലുവിളിയാണ്.
- വിനോദത്തിനും ഒരു മുനിസിപ്പൽ പാർക്ക് ഇല്ല.
- നഗരസഭയിൽ ചിലസമയത്ത് നേരിടുന്ന വലിയ ട്രാഫിക് ബ്ലോക്ക്
- തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നഗരസഭാ സ്ഥാപനങ്ങളുടെ അപര്യാപ്തത.
- അലക്ഷ്യമായി വലിച്ചെറിയുന്ന മാലിന്യ .കൂമ്പാരങ്ങൾ
- വനിതാ ഹോസ്റ്റൽ ഇല്ലാ എന്നുള്ളതും വലിയ വെല്ലുവിളിയാണ്.
- ടൂറിസത്തിന് വലിയ സാധ്യതകളുള്ള നഗരസഭയിൽ ടൂറിസം മേഖലയിലുള്ള പദ്ധതികളൊന്നുമില്ലാത്തത്.

## നഗരസഭാസൂത്രണം പ്രശ്നപരിഹാരങ്ങൾ സാധ്യതകൾ

- എൻ.വി.എൽ.എം. അയ്യങ്കാളി, എം.എൽ.എ., എം.പി. ഫണ്ടിന്റെ സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ടൗണിലും സമീപത്തുമുള്ള എല്ലാ പാലങ്ങളിലും ടൗണിലും ലൈറ്റുകൾ സ്ഥാപിക്കുക.
- പ്രൈവറ്റ് ബസ്സ്റ്റാന്റിലും നടയ്ക്കൽ പ്രദേശത്തും കടുവാമുഴി ഭാഗത്തും കെ.എസ്.ആർ.ടി.സി. ഭാഗത്തും ടേക്ക് എ ബ്രേക്ക് മോഡൽ ടൊയ്ലറ്റ് സമുച്ചയം പണിയുക
- പി.ഡബ്ല്യു.ഡി. റവന്യു വകുപ്പുകളുമായി സഹകരിച്ച് പച്ചത്തുരുത്തുകളും വിശ്രമകേന്ദ്രങ്ങളും പണിയുക.
- വിഭവ സമാഹരണത്തിന് പുതിയ സാധ്യതകൾ കണ്ടെത്തുക.
- നഗരസഭയിലെ തടവനാൽ പാലത്തിനെയും - കോളേജ്കടവ് പാലത്തിനെയും ബന്ധിപ്പിച്ച് മീനച്ചിലാറിന്റെ സൈഡ് വഴി കിസ്കോയ്ക്ക് സമീപത്തുകുടി ബൈപാസ് റോഡ് യാഥാർത്ഥ്യമാക്കുക.
- നടയ്ക്കൽ ആസ്ഥാനമാക്കി ഒരു ബസ്സ്റ്റാന്റ് യാഥാർത്ഥ്യമാക്കുന്നത് വഴി ആ പ്രദേശത്തെ വികസനത്തിന് ആക്കം കൂടുവാനും നടയ്ക്കൽ-തോട്ട്മുക്ക് കോസ്‌വേ റോഡ് വൺവേ ആക്കി പ്രയോജനപ്പെടുത്തുവാനും നഗരത്തിലെ ട്രാഫിക് ബ്ലോക്ക് കുറയ്ക്കുവാനും സാധിക്കും.
- ഇൻഡസ്ട്രിയൽ ഏരിയാ ആയി മാസ്റ്റർ പ്ലാനിൽ കാണിച്ചിരിക്കുന്ന തേവരുപാറ ഭാഗത്തേക്ക് നടയ്ക്കലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മാറ്റി സ്ഥാപിക്കുക. ടി സ്ഥലം നഗരസഭ ഏറ്റെടുത്ത് റോഡ്സൈഡിൽ ഷോപ്പിംഗ് കോംപ്ലക്സും പുറകുവശത്ത് അത്യാധുനിക സൗകര്യമുള്ള പാർക്കിംഗോടുകൂടിയ ടൗൺഹാളും യാഥാർത്ഥ്യമാക്കുക. നഗരസഭയ്ക്ക് തനത് വരുമാനം വർദ്ധിപ്പിക്കുവാനും തേവരുപാറ ഭാഗം വികസനകുതിപ്പിലേക്ക് നയിക്കുവാനും ഇതുകൊണ്ട് സാധിക്കും.
- തോട്ട്മുക്ക് ഭാഗത്തുനിന്നും തോട്ട്മുക്ക് കോസ്‌വേയും ഈറ്റിലക്കയം റോഡിനെയും ബന്ധിപ്പിച്ച് നടപ്പാതയും നൂൽപാലവും നിർമ്മിക്കുക. തൂക്ക്പാലത്തിന് എതിർകരയിൽ മുനിസിപ്പൽ പാർക്കും യാഥാർത്ഥ്യമാക്കുക.
- അത്യാധുനിക മുനിസിപ്പൽ ലൈബ്രറി പുതിയതായി പണിയുന്ന നഗരസഭാ ഓഫീസിന്

മുകളിൽ സജ്ജീകരിക്കുക. പി.എസ്.സി. കോച്ചിംഗ്, സിവിൽസർവ്വീസ് കോച്ചിംഗ് എന്നിവ ഇവിടെ നടത്തുക.

- നഗരസഭയിൽ പിടിച്ചെടുത്തിരിക്കുന്ന പുറംപോക്ക് ഭൂമിയിൽ ഇൻഡോർ സ്റ്റേഡിയവും ജിംനേഷ്യവും യാഥാർത്ഥ്യമാക്കുക.
- അരുവിത്തുറ സ്റ്റേഡിയം പുനസ്ഥാപിക്കുന്നതിന് വലിയ പരിശ്രമം നടത്തുക. വളരെയധികം യുവ കായിക പ്രതിഭകളെ വളർത്തിയെടുക്കേണ്ട ഒരു സ്റ്റേഡിയം കാട്പിടിച്ച് നശിച്ച് പോകേണ്ട ഒന്നല്ല. എന്നുള്ള വസ്തുത പൊതു ബോധത്തോടെ അരുവിത്തുറ സ്കൂൾ / പള്ളി ഭാരവാഹികളുമായി എം.എൽ.എ., എം.പി., മുനിസിപ്പൽ അധികൃതർ മറ്റ് രാഷ്ട്രീയ പ്രമുഖർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി ഉപാധികളോടെ സ്റ്റേഡിയം തുറന്ന് നൽകുന്നതിന് നടപടി സ്വീകരിക്കുക.
- മാസ്റ്റർ പ്ലാൻ പ്രകാരം മാതാക്കൽ ഇടകളമറ്റം റീജിയണിൽ ഇൻഡോർ സ്റ്റേഡിയം യാഥാർത്ഥ്യമാക്കുക.
- അരുവിത്തുറ കിസ്കോ ഭാഗത്ത് നഗരസഭാ സ്ഥലത്ത് ചിൽഡ്രൺസ് പാർക്കും മുനിസിപ്പൽ പാർക്ക് തൊടുപുഴ റോഡിൽ ഇടകളമറ്റം ഭാഗത്തും യാഥാർത്ഥ്യമാക്കുക.
- നഗരസഭയിൽ അത്യാധുനിക സൗകര്യങ്ങളോടെ ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക.
- തൊട്ടടുത്ത് വീടുകളും ജലാശയങ്ങളും ഉള്ള നഗരത്തിൽ അടിയന്തിരമായി സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് രൂപികരിക്കുക.
- നഗരസഭയിലെ പ്രധാന ജംഗ്ഷനുകളിൽ വാട്ടർ ക്രിയോസ്കുകൾ യാഥാർത്ഥ്യമാക്കുക.
- അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ കിണർ റീചാർജിംഗും മഴക്കുഴികളും സ്ഥാപിക്കുക.
- തേവരുപാറ ടംമ്പിംഗ് യാർഡിന് സമീപമോ തൊട്ടടുത്ത പഞ്ചായത്തുമായി സഹകരിച്ചോ സ്ലോട്ടർ ഹൗസ് യാഥാർത്ഥ്യമാക്കുക.
- നഗരസഭയിൽ മുക്കട ഭാഗത്ത് പെഡൽ ബോട്ട് സർവ്വീസും ബോട്ട് ജട്ടിയും ആരംഭിക്കുക.
- കാരക്കാട് ചങ്ങാടക്കടവ് ഭാഗത്ത് നിന്ന് മീനച്ചിലാറിന് സമീപത്ത്കൂടി തോട്ട്മുക്ക് പാലത്തിന് സമീപം എത്തുന്ന തരത്തിൽ ബൈപാസ് റോഡ് നിർമ്മിക്കുക.
- നഗരസഭാ കമ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുക. നാൽപതിനായിരത്തിലധികം ജനസംഖ്യയുള്ള ഈരാറ്റുപേട്ടയ്ക്കും സമീപ മലയോരപ്രദേശത്തുമുള്ള ആളുകൾക്കും ഗുണകരമല്ല നിലവിലുള്ള ആശുപത്രി സംവിധാനങ്ങൾ എന്നത് താലൂക്ക് ആശുപത്രി എന്നആവശ്യത്തിന് കൂടുതൽ പ്രാധാന്യമേറുന്നു.
- നഗരസഭയിലെ ചേന്നാട് കവല മുട്ടം കവല, സെൻട്രൽ ജംഗ്ഷൻ എം.ഇ.എസ്.കവല എന്നിവിടങ്ങളിൽ കൂടുതൽ മനോഹരമായ റൗണ്ടാനയും പൂന്തോട്ടവും നിർമ്മിച്ച് ലൈറ്റുകൾ സ്ഥാപിച്ച് മനോഹരമാക്കുക.
- മീനച്ചിലാറിന് സമീപം മഞ്ചാടിത്തുരുത്ത് ഭാഗത്തേക്ക് പ്രഭാത സായാഹ്ന സവാരിക്ക് സൗകര്യവും ഓപ്പൺ ജിമ്മും ഓപ്പൺ സ്റ്റേജും ആരംഭിക്കുക. ഇതിനായി ആധുനിക തൊഴിലുറപ്പ് പദ്ധതി പ്രകാരം ആറിന്റെ സൈഡ് കെട്ടി മനോഹരമാക്കുക.
- നിവധി ടൂറിസ്റ്റുകൾ എത്തുന്ന വല്ല്യച്ചൻ മലയ്ക്ക് സമീപം റമ്പൂട്ടാൻ, പ്ലാന്റേഷൻ സ്ഥാപിച്ച് ഇതിന്റെ സാധ്യതകൾ  കൂടുതൽ പ്രയോജനപ്പെടുത്തുക.
- നഗരസഭാ പ്രദേശത്ത് സാങ്കേതിക വിദ്യാഭ്യാസത്തിനായി ഗവ. ഐ.റ്റി.ഐ. സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക. നഗരസഭയിൽ നടയ്ക്കൽ ഭാഗത്ത് ടെക്നിക്കൽ സ്കൂളിന് 2 ഏക്കർ സ്ഥലമുണ്ട്. ഈ ടെക്നിക്കൽ സ്കൂൾ തീക്കോയിൽ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥലത്തേക്ക് സ്കൂളും ഐ.റ്റി.ഐ.യും സ്ഥാപിക്കുക.
- സുഗന്ധ വ്യഞ്ജനങ്ങൾക്ക് പ്രശസ്തമായ ഈരാറ്റുപേട്ടയിൽ തെക്കേക്കര കേന്ദ്രീകരിച്ച് സ്പൈസസ് പാർക്ക് യാഥാർത്ഥ്യമാക്കുക
- കടുവാമുഴിയിലും തെക്കേക്കരയിലും സ്ഥലം ഏറ്റെടുത്ത് മുനിസിപ്പൽ മിനി ഷോപ്പിംഗ് കോംപ്ലക്സ് യാഥാർത്ഥ്യമാക്കുക.
- പുതിയതായി പണിയുന്ന നഗരസഭാ ഓഫീസിന് മുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുക. ഓഫീസിലെ ആവശ്യത്തിന് ആവശ്യമായ വൈദ്യുതി ഇതിൽ നിന്ന് സമാഹരിക്കുക.

# ദാരിദ്ര്യലഘൂകരണം ചേരി പരിഷ്കരണം



| ദാരിദ്ര്യ ലഘൂകരണം, ചേരി പരിഷ്കരണം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക്ര. | പേരും വിലാസവും | ഫോൺ ഇ-മെയിൽ ഐ.ഡി. | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/ പുരു | എസ്.സി./ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ദ്ധ്യം / പരിചയം മേഖല | തൊഴിൽ |
| 1. | ശ്രീമതി.സൗമി റാസി | 9447105281 | ചെയർപേഴ്സൺ | | | | | |
| 2. | വിശ്വം പി.എസ് | 9961397676 | കൺവീനർ | | | | | |
| 3. | മുഹമ്മദ് ഷാഫി | 9961314585 | അംഗം | | | | | |
| 4. | മുനീർ കെ.എ., കൊല്ലംപറമ്പിൽ | 9961310225 | അംഗം | | | | | |
| 5. | ജാഫർ, പുതുപ്പറമ്പിൽ | 6238558809 | അംഗം | | | | | |
| 6. | റംലി, പറമ്പുകാട്ടിൽ | 157098078 | അംഗം | | | | | |
| 7. | റസിയ യൂസുഫ് | 9847902114 | അംഗം | | | | | |
| 8. | സഹൽ, കൊല്ലംപറമ്പിൽ | 9846098830 | അംഗം | | | | | |
| 9. | അൻസാരി പാലയംപറമ്പിൽ | 9847781951 | അംഗം | | | | | |
| 10. | നസീർ,പാലയംപറമ്പിൽ | 8590993478 | അംഗം | | | | | |
| 11. | അനസ്,കൈതക്കാട്ടിൽ | 9447172176 | അംഗം | | | | | |
| 12. | മാഹിൻ, കടപ്പാക്കൽ | 9744183702 | അംഗം | | | | | |
| 13. | മാഹിൻ കരീം | 9747087471 | അംഗം | | | | | |
| 14. | ഷാഹിർ കെ.ബി. | 9744755926 | അംഗം | | | | | |
| 15. | അനസ് പാറയിൽ | 9447337430 | അംഗം | | | | | |

## ആമുഖം

ഈരാറ്റുപേട്ട നഗരത്തിലെ 35% മേൽ കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്നവരാണ്. ഇല്ലായ്മകളുടെ ഒത്തുചേരലാണ് ദാരിദ്ര്യം. ഭക്ഷണം, പാർപ്പിടം, ശുചിത്വം, തൊഴിൽ വരുമാനം, ആരോഗ്യം ഇവയുടെ ഇല്ലായ്മയുടെ തോതനുസരച്ചാണ് ദാരുദ്ര്യത്തിന്റെ അവസ്ഥയും. സ്വന്തമായി ഭൂമിയില്ലാത്തവരും വാസയോഗ്യമായ ഭവനമില്ലാത്തവരും കുടിവെള്ള

സൗകര്യമില്ലാത്തവരുടെയും എണ്ണം ജനകീയാസൂത്രണ പ്രക്രിയയുടെ ഭാഗമായി നല്ല രീതിയിൽ പരിഹരിക്കുവാൻ സാധിച്ചു. എങ്കിലും ഇപ്പോഴും ഈ മേഖലകളിൽ വെല്ലുവിളി നേരിടുന്നുണ്ട്. ഇവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് 14-ാം പഞ്ചവത്സരപദ്ധതിയിൽ മുന്തിയ പരിഗണന നൽകേണ്ടതായിട്ടുണ്ട്. നമുക്ക് ലഭിക്കുന്ന പദ്ധതിവിഹിതം വളരെ പരിമിതമാണ്. ആയതിനാൽ നിർബന്ധിത മേഖലാ വകയിരുത്തലിന് പോലും പൊതുവിഭാഗം വികസനഫണ്ട് തികയുന്നില്ല. നഗരസഭയിലെ 1, 5, 6, 11, 21 വാർഡുകളിൽ ഭൂരിഭാഗം ആളുകളും അഞ്ച് സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൊണ്ട് വീർപ്പുമുട്ടുന്നവരുമാണ്. കടപ്ലാക്കൽ കോളനി, ഹാജി കോളനി, വാഴമറ്റം കോളനി, മൈലാടുംപാറ കോളനി, കൊട്ടുകാപ്പള്ളി കോളനി, ചിറപ്പാറ കോളനി, ആശാരി കോളനി, വഞ്ചാങ്കൽ കോളനി, തൈപ്പറമ്പ് കോളനി എന്നിവിടങ്ങളിലെ ആളുകൾക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി ഉയർന്ന ജീവിതസാഹചര്യം സൃഷ്ടിച്ചെങ്കിൽ മാത്രമേ നഗരദാരിദ്ര്യത്തിന് ഒരുപരിധിവരെ പരിഹാരം കാണുവാൻ സാധിക്കുകയുള്ളു.

## കഴിഞ്ഞ 25 വർഷങ്ങളിലെ അനുഭവങ്ങൾ

അധികാരവികേന്ദ്രീകരണത്തിന്റെ കടന്നുവരവോടുകൂടി നഗരത്തിലെ കേവല ദാരിദ്ര്യത്തിന് ഒരുപരിധിവരെ പരിഹാരം കാണുവാൻ സാധിച്ചു. ഇതിലൂടെ കീഴ്ത്തട്ടിൽ കൈവരിച്ച ജനകീയ അടിത്തറയാണ് ഇതിന് പ്രധാന കാര്യം. നഗരത്തിൽ ഈ കാലയളവിൽ 13 ജനകീയ ജലസേചന പദ്ധതികൾ കൊണ്ടുവരുവാൻ സാധിച്ചു. ഇത് കുടിവെള്ളക്ഷാമത്തിന് വലിയ രീതിയിൽ പരിഹാരം കണ്ടു. 500-ൽ പരം തൊഴിൽ യൂണിറ്റുകളും 900 ത്തോളം ആളുകൾക്ക് തൊഴിൽ സബ്സിഡി നൽകി 2000 പേർക്ക് തൊഴിൽ പരിശീലനം നൽകി. 1350 പേർക്ക് കക്കൂസ് നിർമ്മാണത്തിന് ധനഹസായം ലഭ്യമാക്കുവാൻ സാധിച്ചു. 16 പുതിയ അംഗണവാടികൾ സ്ഥാപിച്ചു. ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം നൂറുകണക്കിനാളുകൾക്ക് വീട് നൽകുവാൻ സാധിച്ചു. പന്ത്രണ്ടാം പദ്ധതിയിൽ വീട് പുനരുദ്ധാരണത്തിന് 1700000 രൂപാ അനുവദിച്ചു. വിധവകൾക്ക് വീട് അറ്റകുറ്റപ്പണികൾക്കായി 350000/- രൂപയും ചിലവഴിച്ചു. 12, 13 പദ്ധതിക്കാലത്ത് സ്വച്ഛ്ഭാരത് മിഷൻ കക്കൂസ് നിർമ്മാണത്തിന് 1724800/- രൂപാ നൽകുവാൻ സാധിച്ചു. ഇതുപ്രകാരം 1150 പേർക്ക് പുതിയ കക്കൂസ് നൽകി. ആശ്രയപദ്ധതിക്ക് 3400000/- രൂപാ അനുവദിച്ചു. 13-ാംപഞ്ചവത്സരപദ്ധതിയുടെ രണ്ടാം വർഷം 2800000/- രൂപാ ഭവന പുനരുദ്ധാരണത്തിന് അനുവദിച്ചത് വഴി 120 പേർക്ക് ധനസഹായമെത്തിക്കുവാൻ സാധിച്ചു. കൂടാതെ ഉൽപാദനമേഖലയിൽ, പശുവളർത്തൽ, ആടുവളർത്തൽ, നടീൽവസ്തുക്കൾ തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കിയത് വഴി നഗരദാരിദ്ര്യം നല്ല രീതിയിൽ കുറയ്ക്കുവാൻ സാധിച്ചു.

## കുടുംബശ്രീ

1998ൽ രൂപീകൃതമായ കുടുംബശ്രീ ഇന്ത്യയിലെതന്നെ ദാരിദ്ര്യലഘൂകരണത്തിനും സ്ത്രീശാക്തീകരണത്തിനുമുള്ള ഏറ്റവും വലിയ സ്വയം സഹായ ശൃംഘലയായി മാറി എന്നത് നമുക്കേവർക്കും അഭിമാനകരമാണ്. സ്ത്രീകളുടെ സാമുഹിക ഉന്നമനത്തിനായി വിവിധ സാമുഹിക വികസന ഏജൻസികൾ ഈരാറ്റുപേട്ട കുടുംബശ്രീ ആരംഭിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ പരിശീലനം, ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്, തയ്യൽ, അലങ്കാര പുഷ്പ നിർമ്മാണം, അക്വാ കൾച്ചർ, കാറ്ററിംഗ് യൂണിറ്റുകൾ, അച്ചാർ നിർമ്മാണ യൂണിറ്റുകൾ പച്ചക്കറി കൃഷി യൂണിറ്റുകൾ, എന്നീ സ്വയം സഹായ ഗ്രൂപ്പുകൾ ഈരാറ്റുപേട്ട കുടുംബശ്രീ വഴി ഏറ്റെടുത്ത് ചെയ്യുന്നുണ്ട്. ഈരാറ്റുപേട്ട നഗരസഭാ സി.ഡി.എസ്.ന് കീഴിൽ പ്രവർത്തിക്കുന്ന 170 കുടുംബശ്രീ യൂണിറ്റുകളാണ് ഉള്ളത്. 28 വാർഡിലും എ.ഡി.എസ്.ന്റെ നേതൃത്വത്തിലാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടന്ന് വരുന്നത്. 170 കുടുംബശ്രീ യുണിറ്റിലായി 2890 അംഗങ്ങൾ പ്രവർത്തിക്കുന്നു. ഈ അംഗങ്ങളുടെ നിക്ഷേപമായി 123988826/- (പന്ത്രണ്ട് കോടി മുപ്പത്തിഒമ്പത് ലക്ഷത്തി എൺപത്തി എണ്ണായിരത്തി എണ്ണൂറ്റി ഇരുപത്തിആറ് രൂപ) രൂപയും ആന്തരിക വായ്പയായി 26053886 (ഇരുപത്തിആറ് കോടി അമ്പത്തിമൂവായിരത്തി എണ്ണൂറ്റി എൺപത്തിആറ് രൂപ) രൂപയുമാണ്. നൽകിയിരി

ക്കുന്നത്.

ഈരാറ്റുപേട്ട നഗരസഭാ സി.ഡി.എസ്.ന് കീഴിൽ അറുന്നൂറോളം വ്യക്തിഗത സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആട് ഗ്രാമപദ്ധതിയിലൂടെ 7 യൂണിറ്റുകൾക്ക് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ലോൺ നൽകിയിട്ടുണ്ട്. സമഗ്ര മുട്ട ഗ്രാമം പദ്ധതിയിലൂടെ 20 യൂണിറ്റുകൾക്ക് ലോൺ കൊടുത്തിട്ടുണ്ട്. ബ്ലോക്ക് അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും കുടുംബശ്രീയുമായി സഹകരിച്ച് പിട്ടാപ്പള്ളിൽ ഏജൻസീസ് ഹാപ്പി ഹോം എന്നീ സ്ഥാപനങ്ങളിൽ നിന്ന് പലിശരഹിത ഗൃഹോപകരണ വായ്പ നൽകിവരുന്നു.

മേൽ സ്ഥിതിവിവരകണക്കുകളിൽ നിന്നെല്ലാം വ്യക്തമാക്കുന്നത് നഗരസഭയിലെ നല്ല ഒരുവിഭാഗം സ്ത്രീകളുടെയും സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് സ്ത്രീ ശാക്തീകരണത്തിനും കുടുംബശ്രീയുടെയും സി.ഡി.എസ്.ന്റെയും പ്രവർത്തനം മൂലം സാധിക്കുന്നുണ്ട്. എന്നിരുന്നാൽ തന്നെയും സാമ്പത്തികമായും ശാരീരികമായും ക്ലേശ ഘടകം അനുഭവിക്കുന്ന നിരവധി സ്ത്രീകൾ ഇനിയും ഈരാറ്റുപേട്ട നഗരസഭയിലുണ്ട്. എന്ന് മനസിലാക്കുവാൻ സാദിച്ചു. ഇവർക്ക് വേണ്ടിയും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

## കുടുംബയൂണിറ്റ് വിവരങ്ങൾ

| | |
|---|---|
| യൂണിറ്റ് | 170 |
| അംഗങ്ങൾ | 2890 |
| നിക്ഷേപം | 123988826 |
| ആന്തിരവായ്പ | 260053886 |

## ദേശീയ നഗരഉപജീവനമിഷൻ (NULM)

ദേശീയ നഗരഉപജീവന മിഷൻ നഗരസഭയിൽ നല്ല രീതിതിയിൽ പ്രവർത്തിക്കുന്നു. 2016 മുതലാണ് ഈരാറ്റുപേട്ട നഗരസഭയിൽ NULM പദ്ധതി ആരംഭിച്ചത്. ദാരിദ്യലഘൂകരണത്തിന് ഉതകുന്ന വിധം സംരംഭകത്വത്തിന് വായ്പ്പകൾ NULM ൽനിന്നും നൽകുന്നു.

## പ്രധാന ബാങ്കുകളിൽ നിന്നും ലഭ്യമാക്കിയ വായ്പകൾ

| | | | | |
|---|---|---|---|---|
| 1. | യൂണിയൻ ബാങ്ക് | - | 806000/- | ഓട്ടോറിക്ഷ വാങ്ങൽ |
| 2. | ICICI ബാങ്ക് | - | 178300/- | തയ്യൽ യൂണിറ്റുകൾ |
| 3. | കേരളാ ഫിനാൻഷ്യൽ കോർപറേഷൻ | - | 175000/- | തയ്യൽയൂണിറ്റുകൾ |
| 4. | കേരളാ ഗ്രാമീൺ ബാങ്ക് | - | 800000/- | തയ്യൽ യൂണിറ്റ് |
| 5. | കേരളാ പിന്നോക്ക വികസന കോർപറേഷൻ | - | 720000/- | തുണിക്കട |
| 6. | പഞ്ചാബ് നാഷണൽ ബാങ്ക് | - | 650000/- | ടി ഷോപ്പ് |
| 7. | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | - | 450000/- | ടെയ്ലറിംഗ് യൂണിറ്റ് |
| 8. | കോപ്പറേറ്റീവ് ബാങ്ക് ഈരാറ്റുപേട്ട | - | 190000/- | ടീഷോപ്പ്, തയ്യൽ |
| | | | 3969300/- | |

(മുപ്പത്തി ഒൻപത് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി മുന്നൂറ് രൂപയാണ് വിവിധ സംരംഭങ്ങൾ ക്ക് നൽകിയിരിക്കുന്നത്. നഗരസഭയിലെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ചഡഘങ പ്രവർത്തനങ്ങൾ കൊണ്ട് സാധിക്കുന്നുണ്ട്. നഗരസഭാ പരിധിയിൽ അൻപതോളം പുതിയ അയൽക്കൂട്ടങ്ങൾ ഇവർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. വരുമാനദായക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്, റിവോൾവിംഗ് ഫണ്ടായി 109 അയൽക്കൂട്ടങ്ങൾക്ക് പതിനായിരം രൂപാവീതം 20 എ.ഡി.എസുകൾക്ക് 50000 രൂപയും, അയൽക്കൂട്ടങ്ങൾ എടുക്കുന്ന ലിങ്കേജ് ലോണുകൾക്ക് പലിശ സബ്സിഡിയും നലൽകിവരുന്നു.

ഈരാറ്റുപേട്ട നഗരപ്രദേശത്തെ തൊഴിൽ ആവശ്യമുള്ളവരെയും തൊഴിൽ ദാതാക്കളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനും വിവിധ സർക്കാർ പദ്ധതികൾ നഗര ദരിദ്രരിലേയ്ക്ക് എത്തിക്കുന്നതിനും നഗരസഭയിൽ നഗരഉപജീവന കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ നഗരദരിദ്രർക്ക് കുറഞ്ഞ ചിലവിൽ ഓൺലൈൻ സേവനങ്ങൾ നൽകിവരുന്നു.

നൈപുണ്യ വികസനവും ജോലി ഉറപ്പാക്കലും എന്ന ഘടകത്തിലുൾപ്പെടുത്തി നഗരപ്രദേശത്തെ നൂറോളം തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് വിവിധ മേഖലകളിൽ നൈപുണ്യപരിശീലനം നൽകുകയും അവരിൽ നാൽപതോളം പേർക്ക് ജോലി ലഭിക്കുകയും ചെയ്തു.

തെരുവോര കച്ചവടക്കാർക്കുള്ള സഹായപദ്ധതി എന്ന ഘടകത്തിന്റെ ഭാഗമായി നഗരസഭാ പ്രദേശത്ത് സർവ്വേ നടത്തുകയും അർഹരായവർക്ക് തിരിച്ചറിയൽ കാർഡ് നൽകുകയും ചെയ്തു. കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച പി.എം.സ്വാനിധി ലോൺ 32 തെരുവ് കച്ചവടക്കാർക്ക് ലഭ്യമാക്കി. തെരുവ് കച്ചവടക്കാർക്ക് ഡിജിറ്റൽ ട്രാൻസാക്ഷൻ നടത്തുന്നതിനുള്ള പരിശീലനം നടത്തുകയും ഝഞ കോഡ് നൽകുകയും ചെയ്തിട്ടുണ്ട്.

## അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി

നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ദ്ധ കായികതൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തികവർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പാക്കുന്നത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഏറ്റെടുത്തു നടപ്പിലാക്കാവുന്ന നല്ലാ പ്രവൃത്തികളും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ കീഴിലും ഐറ്റെടുക്കാവുന്നതാണ്. നഗരങ്ങളിലെ മാലിന്യ സംസ്കരണവും അനുവദനീയമായ പ്രവൃത്തിയാണ്. കൂടാതെ 2019-20 സാമ്പത്തിക വർഷം മുതൽ രണ്ടു കന്നുകാലികളിൽ കൂടുതലുള്ള, അവശത അനുഭവിക്കുന്ന വിഭാഗത്തിൽപ്പെടുന്ന ക്ഷീരകർഷകരെയും തൊഴിലുറപ്പ് ഫണ്ടിൽനിന്നും തുകനൽകുന്നുണ്ട്.

2016-ൽ നഗരസഭയായി ഉയർത്തിയ ഈരാറ്റുപേട്ട നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നഗരദാരിദ്ര്യം കുറയ്ക്കാൻ നല്ല് രീതിയിൽ സഹായിച്ചിട്ടുണ്ട്. 2019, 2020 വർഷങ്ങളിൽ മാത്രം ഈ പദ്ധതിയിൽ 24000 തൊഴിൽ ദിനം സൃഷ്ടിക്കുകയും 8334727/- രൂപാ ചിലവഴിക്കുകയും ചെയ്തിട്ടുള്ളതുമാണ്. മാലിന്യസംസ്കരണ സംവിധാനത്തിന്റെ ഭാഗമായി തേവരുപാറ മാലിന്യ സംസ്കരണ പ്ലാന്റിൽ മാലിന്യം തരം തിരിക്കുന്നതിന് 1344000/- രൂപാ ചിലവഴിച്ചിട്ടുണ്ട്. നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ 15 ഏക്കറോളം സ്ഥലത്ത് ജൈവപച്ചക്കറി കൃഷിയും, വാഴ, കപ്പ എന്നിവ കൃഷി ചെയ്യുന്നു. ഇതുമൂലം വിഷരഹിത പച്ചക്കറിയും പ്രാദേശിക സാമ്പത്തിക വികസനവും ദാരിദ്ര്യലഘൂകരണവും സാദ്ധ്യമാകുന്നു. 2020-21 വർഷത്തിൽ 21181 തൊഴിൽദിനം സൃഷ്ടിക്കുവാനും 6764799/- രൂപാ ചിലവഴിക്കാനും സാധിച്ചു. 2020/21 വർഷം തരിശുഭൂമിയിൽ കൃഷി ഇറക്കുവാൻ മാത്രം 3604 തൊഴിൽദിനം സൃഷ്ടിച്ചു. കൂടാതെ ഗ്രാമീണ റോഡുകൾ കോൺക്രീറ്റ് ചെയ്യുവാൻ 3000000 രൂപാ ചിലവഴിച്ചു. വി.എം.എ.വൈ. പദ്ധഥി പ്രകാരം 11000 തൊഴിൽദിനം സൃഷ്ടിച്ചു. ഈ കണക്കുകളിൽ നിന്നെല്ലാം മനസ്സിലാകുന്നത് അൻപതിനായിരത്തിലധികം തൊഴിൽദിനം 13-ാം പദ്ധതിക്കാലത്ത് പൂർത്തിയാക്കിയത് വഴിയും ആകർഷകമായ പദ്ധതികൾ പൂർത്തീകരിച്ചത് വഴിയും നഗരദാരിദ്ര്യം നല്ല രീതിയിൽ കുറയ്ക്കുന്നതിന് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതികൊണ്ട് കഴിഞ്ഞു എന്നുള്ളതാണ്. വരുംനാളുകളിൽ അയ്യങ്കാളി പദ്ധതിയിൽ കൂടുതൽ ജനക്ഷേമവും വരുമാനദായകവുമായ പദ്ധതികൾ ഏറ്റെടുത്ത് 100% ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തിലേക്ക് നമുക്ക് ചുവട് വെയ്ക്കുവാൻ സാധിക്കും.

## പി.എം.വൈ - ലൈഫ് പദ്ധതി

"എല്ലാവർക്കും ഭവനം" എന്ന ലക്ഷ്യത്തോടെ കേരളത്തിൽ നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന-നഗരസഭ സംയുക്ത പദ്ധതിയാണ് പി.എം.എ.വൈ-ലൈഫ് പദ്ധതി. നഗരസഭാ തല

ത്തിൽ സ്വന്തമായി ഭൂമിയുള്ള ഗുണഭോക്താവിന് ഭവനനിർമ്മാണം നടത്തുന്ന പദ്ധതിയാണ്. ഇതുവഴി അടച്ചുകെട്ടുള്ള ഭവനവും അതുവഴി ചേരി പരിഷ്കരണത്തിനും ഏറെക്കുറെ സാധിച്ചിട്ടുണ്ട്.

ഏഷ്യയിലെ തന്നെ ഏറ്റവും ജനസാന്ദ്രതയുള്ള ഈരാറ്റുപേട്ട നഗരസഭ മറ്റ് നഗരസഭകളേക്കാൾ ജനസംഖ്യ, ജനസാന്ദ്രതയിൽ മുന്നിൽ നിൽക്കുന്ന ഈ നഗരസഭ ഭവനം എന്ന വിഷയം വളരെ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതും ആവശ്യക്കാർ ഏറെയുള്ളതുമായ ഒരു പദ്ധതി എന്ന നിലിൽ ഈ പദ്ധതി വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

ഈരാറ്റുപേട്ട നഗരസഭയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 7 ഡി.പി.ആറുകളിലായി 1048 ഗുണഭോക്താക്കൾക്ക് നഗരസഭയുടെ അംഗീകാരത്തോടെ സമർപ്പിക്കുകയും അവ കേന്ദ്രസംസ്ഥാനം അനുമതി നൽകുകയും ചെയ്തു. 4 ലക്ഷം രൂപ നൽകുന്ന ഈ പദ്ധതിയിൽ 2 ലക്ഷം രൂപ നഗരസഭയും 1.50 ലക്ഷം രൂപ കേന്ദ്രവിഹിതം, സംസ്ഥാന സർക്കാർ വിഹിതം 50000 രൂപ എന്ന നിരക്കിലുമാണ് നൽകിവരുന്നത്. കൂടാതെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 90 തൊഴിൽ ദിനങ്ങൾ നൽകുക വഴി 33210 രൂപ അധികമായി നൽകുവാനും സാധിക്കുന്നു.

താരതമ്യേന ചെറിയതും എന്നാൽ പദ്ധതികൾ കൂടുതൽ നടപ്പിലാക്കേണ്ടിവരുന്നതുമായ നഗരസഭയായതിനാൽ നഗരസഭാ വിഹിതമായ 2 ലക്ഷം രൂപ ഇത്രയും ഗുണഭോക്താക്കൾക്ക് കണ്ടെത്തുവാൻ സാധിക്കാത്തതിനാൽ സർക്കാർ ഈ വിഷയം ഗൗരവമായി പരിഗണിച്ച് നഗരസഭാ വിഹിതം കണ്ടെത്തുവാൻ സാധിക്കാത്ത നഗരസഭകൾക്ക് ഹഡ്കോ വായ്പ ലഭ്യമാക്കുവാനും മുതൽ തുക നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നും കുറവ് ചെയ്ത് വായ്പ തുകയുടെ പലിശ സർക്കാർ വഹിക്കും എന്ന വ്യക്തമായ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 547 ഗുണഭോക്താക്കൾക്ക് 1094 ലക്ഷം രൂപ നഗരസഭ വായ്പ എടുക്കുകയും ഈ പദ്ധതി വിജയകരമായി പൂർത്തീകരിക്കുവാൻ സാധിച്ചുവരികയും ചെയ്തുവരുന്നു.

പി.എം.എ.വൈ. ഭവനനിർമ്മാണം

| | |
|---|---|
| ആകെ അംഗീകാരം കിട്ടിയത് | - 1048 |
| ആദ്യ ഗഡു അനുവദിച്ചത് | - 620 |
| പൂർത്തിയാക്കിയ ഭവനനിർമ്മാണം | - 584 |

ബഹു. കേരള സർക്കാർ ഭവനനിർമ്മാണത്തിന് അപേക്ഷ നേരിട്ട് ക്ഷണിച്ച് ലൈഫ് 2020 എന്ന പദ്ധതിയിൽ 384 അപേക്ഷകൾ ലഭിക്കുകയും അർഹരായ 328 പേരെ ഉൾപ്പെടുത്തി നഗരസഭ ഡി.പി.ആർ. 7-ന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ പദ്ധതികൾക്ക് നഗരസഭാ വിഹിതം 7 കോടി 68 ലക്ഷം രൂപ ആവശ്യമാണ്. നഗരസഭയ്ക്ക് ടി തുക കണ്ടെത്താൻ നിർവ്വാഹമില്ലെന്ന് ബഹു. സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ പദ്ധതിയ്ക്കാവശ്യമായ ഫണ്ട് നഗരസഭയ്ക്ക് നൽകാമെന്ന ഉറപ്പിന്മേലാണ് ടി പ്രോജക്ടിന് അംഗീകാരം നൽകിയത്. ഫണ്ടിന്റെ അപര്യാപ്തത മൂലം നാളിതുവരെ നഗരസഭയ്ക്ക് ടി പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

## അതിദാരിദ്ര നിർമ്മാർജ്ജന സർവ്വേ

സംസ്ഥാനത്തെ അതിദാരിദ്ര്യത്തിൽ ഉഴറുന്ന കുംബങ്ങളെ കണ്ടെത്തുവാൻ സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന വിപുലമായ അതിദാരിദ്ര സർവ്വെ സംസ്ഥാനത്തിൽ ആദ്യം പൂർത്തിയാക്കിയ മുനിസിപ്പാലിറ്റി എന്ന ചാരിതാർത്ഥ്യം ഈരാറ്റുപേട്ട നഗരസഭക്കുണ്ട് . ഈരാറ്റുപേട്ട നഗരസഭയിൽ നിലവിലുള്ള അതി ദരിദ്രകുടുംബങ്ങളെ കണ്ടെത്തുവാനും അവരെ മുഖ്യധാരയിലേക്ക് ഉയർത്താനുമുള്ള അതിദാരിദ്ര്യ നിവാരണ യജ്ഞത്തിന് വേണ്ടിയുള്ള കിലയുടെ നേതൃത്വത്തിൽ ട്രെയിനിംഗ് കില ഫാക്വൽറ്റി ശ്രീമതി ഷീലയുടെ നേതൃത്വത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വെച്ച് നടത്തുകയുണ്ടായി മന്ത്രിസഭ അംഗീകരിച്ച

മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനും നഗരസഭാ തലത്തിൽ നോഡൽ ഓഫീസറായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി സോണി യെ നിയമിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുകയും ചെയ്തു .മറ്റ് നഗരസഭകളിലും തദ്ദേശ സ്ഥാപനങ്ങളിലും വിട്ട് കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരെയും ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കിയപ്പോൾ ഈരാറ്റുപേട്ട നഗരസഭയിൽ നഗരസഭാ ജീവനക്കാർ തന്നെയാണ് ഈ പ്രവൃത്തികൾ പൂർത്തിയാക്കിയത് ലൈഫ് - പി.എം.എ.വൈ സർവ്വേകൾക്കിടയിലാണ് ജീവനക്കാർ സമയബന്ധിതമായി ഈ പ്രവർത്തികൾ പൂർത്തീകരിച്ചത് എന്നത് സ്ലാഘനീയമാണ് .

ഈരാറ്റുപേട്ട നഗരസഭയിൽ ദാരിദ്ര നിർമ്മാർജ്ജനത്തിന് വേണ്ടി നടത്തിയ ശ്രമങ്ങൾ ഏകോപിച്ച് ആരംഭിച്ച ദാരിദ്ര നിർമ്മാർജ്ജന ഉപ പദ്ധതിയിലും തുടർന്ന് രൂപം കൊണ്ട കുടുംബശ്രീയിലും കുടുംബശ്രീ ആവിഷ്കരിച്ച ദാരിദ്ര നിർമ്മാർജ്ജനത്തിനായുള്ള ആശ്രയ പദ്ധതിയിലുമൊക്കെ ഉൾപ്പെടാത്തവരെയും ,പ്രളയം മൂലം പാർപ്പിടവും ഭൂമിയും നഷ്ടപ്പെട്ടവരെയും , കടബാധ്യത മൂലം സമ്പത്ത് നഷ്ടപ്പെട്ടവരെയും ,മാരക രോഗങ്ങൾ മൂലം ദരിദ്രരാവരെയും ,കരുതലും കൈത്താങ്ങും ആവശ്യമുള്ളവരുമായ കുടുംബങ്ങളെയും അതി ദാരിദ്ര സർവ്വേയുടെ ഭാഗമായി കണ്ടെത്തുവാൻ സാധിച്ചു .സർക്കാർ തയ്യാറാക്കിയ മൈക്രോ പ്ലാൻ അനുസരിച്ചാണ് ഇവരെ കണ്ടെത്തിയത് ആദ്യം ഒരു വാർഡിൽ രണ്ട് നോഡൽ ഓഫീസർ മാരെയും ,ഒരുദ്യോഗസ്ഥനെയും നിയമിച്ചു തുടർന്ന് ഓരോ വാർഡിലും വാർഡ് തല സമിതിയും ,ഫോക്കസ് ഗ്രൂപ്പും രൂപീകരിച്ചു. ആദ്യം വാർഡ് തല സമിതി കൂടി കണ്ടെത്തിയ ഗുണഭോക്താക്കളെ പിന്നീട് ഫോക്കസ് ഗ്രൂപ്പ് ചർച്ച ചെയ്ത് അന്തിമമാക്കി . ഫോക്കസ് ഗ്രൂപ്പ് ചർച്ച ചെയ്ത് തീരുമാനിച്ച ഗുണഭോക്താക്കളുടെ വീട് ഉദ്യോഗസ്ഥരും നോഡൽ ഓഫീസർമാരും സന്ദർഷിച്ച് അന്തിമമാക്കുന്ന രീതിയാണ് അവലംബിച്ചിരുന്നത്. സർവ്വേയുടെ നടത്തിപ്പിന് ഇൻഫർമേഷൻ സിസ്റ്റവും മൊബൈൽ ആപ്പും ഉപയോഗിച്ചിരുന്നു .ഉദ്യോഗസ്ഥരും നോഡൽ ഓഫീസർമാരും അന്തിമമാക്കിയ ലിസ്റ്റ് ജില്ലാതല മോണിറ്ററിംഗ് കമ്മറ്റിയുടെ ഓഫീസർമാർ ഫൈനൽ ചെക്ക് നടത്തി തയ്യാറാക്കിയ ലിസ്റ്റ് വാർഡ് സഭ കൂടിയാണ് അന്തിമമായി അംഗീകരിച്ചത് .ജനപങ്കാളിത്തത്തോടെ തയ്യാറാക്കിയ ഗുണഭേക്ത്യ മുൻഗണനാ പട്ടികയിൽ അർഹതയുള്ളവർ മാത്രമേ ഉള്ളു എന്ന് വാർഡ് സഭയും വാർഡ് കൗൺസിലർമാരും ഉറപ്പ് വരുത്തിയിട്ടുണ്ട് .തീർത്തും യാന്ത്രികമായി തയ്യാറാക്കിയ ആദ്യ ഗുണഭോക്തൃ തിരഞ്ഞെടുപ്പിന് ശേഷം വിശാലമായ തലത്തിൽ കുടംബങ്ങളേയും ജീവിതങ്ങളെയും ,അവരുടെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം ,പാർപ്പിടം ,ആരോഗ്യം ,അതിജീവനത്തിനുള്ള വരുമാനം തുടങ്ങിയ ഘടകങ്ങളിലൂന്നിയുള്ള മാനദണ്ഡങ്ങളിലൂടെയും അറുപത് വയസ്സ് കഴിഞ്ഞ വയോധികരുള്ള കുടുംബങ്ങൾ ,ഒരു വരുമാനവും ഇല്ലാത്തവർ ,ഗുരുതരോഗങ്ങൾ പിടിപെട്ട കിടപ്പ് രോഗികളുള്ള കുടുംബങ്ങൾ ,അനാഥരായ കുട്ടികൾ ഉള്ള കുടുംബങ്ങൾ ,ഭിന്ന ശേഷിക്കാരുള്ള സ്ഥിരവരുമാനമില്ലാത്ത കുടുംബങ്ങൾ, നഗരസഭയിൽ സ്ഥിരതാമസമാക്കിയ വരുമാനമില്ലാത്ത അതിഥി തൊഴിലാളി കുടുംബങ്ങൾ , ദരിദ്രരായ പട്ടികജാതി - പട്ടിക വർഗ്ഗ കുടുംബങ്ങൾ തുടങ്ങിയ വിവിധ തലങ്ങളിലുള്ള ദരിദ്ര വിഭാങ്ങളിലുള്ള 9 കുടുബങ്ങളെയാണ് ഈരാറ്റുപേട്ട നഗരസഭയുടെ അതിദാരിദ്ര നിർമ്മാർജ്ജന സർവ്വേയുടെ ഭാഗമായി അന്തിമ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് തുച്ഛമായ ജീവനക്കാരെ വെച്ച് സർക്കാർ മാർഗ്ഗരേഖ പ്രകാരം ഈ പ്രക്രിയ കേരളത്തിൽ തന്നെ ആദ്യം പൂർത്തീകരിച്ചതിൽ നഗരസഭാ കൗൺസിൽ, നഗര സെക്രട്ടറി ,ജീവനക്കാർ എന്നിവർക്ക് ഏറെ അഭിമാനിക്കാം .തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കരുത്തുറ്റതുമാക്കുന്നതിനും ഈ പ്രകിയ കൊണ്ട് സാധിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം.

## ദിരിദ്ര്യലഘൂകരണം നേരിടുന്ന വെല്ലുവിളികൾ

1. നഗരത്തിലെ വർദ്ധിച്ചുവരുന്ന ഫ്ളോട്ടിംഗ് പോപ്പുലേഷൻ തന്നെയാണ് ഏറ്റവും വലിയ വെല്ലുവിളി.
2. ഭവന നിർമ്മാണത്തിനാവശ്യമായ ഭൂമി സ്വന്തമായി ഇല്ലാത്തതും വാസയോഗ്യമായ ഭവനമില്ലാത്തതും നഗരം നേരിടുന്ന പ്രധാന പ്രശ്നമാണ്.
3. സർക്കാരിൽ നിന്നും ലഭിക്കുന്ന വാർഷികപദ്ധതി വിഹിതം തുച്ഛമായതിനാൽ പുനരധിവാസത്തിന് പര്യാപ്തമാകുന്നില്ല.
4. തൊഴിൽ ഉള്ള വനിതകൾ 15% ൽ താഴെ മാത്രമാണ് എന്നുള്ളതും വലിയ വെല്ലുവിളിയാണ്.
5. വനിതാ തൊഴിൽ സംരംഭങ്ങൾക്ക് വിപണന കേന്ദ്രങ്ങൾ ഇല്ലാത്തത്.
6. ആശ്രയ പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തണം.
7. വിധവകൾക്ക് തൊഴിൽ ലഭിക്കുന്നതിനാവശ്യമായ സംരംഭങ്ങൾ ഇല്ല.
8. ഭവനപദ്ധതിക്ക് ലഭ്യമാകുന്ന തുക Life- PMAY വായ്പാ തിരിച്ചടവിന് മാത്രമേ തികയുന്നുള്ളു.
9. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധിതിയിൽ അത്യാകർഷകങ്ങളായ പദ്ധതികൾ ഏറ്റെടുക്കാത്തത്.

## ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങളും സാധ്യതകളും

1. ഇനിയും ഭവനം ലഭ്യമാകാത്ത ഭൂമിയുള്ളവർക്ക്, ഭവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. ആവശ്യമായ പദ്ധതിവിഹിതം ഇതിന് ലഭ്യമാകാതെവരുന്ന സാഹചര്യത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കുക.
2. കുടുംബശ്രീയുടെ സഹായത്തോടെ വനിതാ തൊഴിൽ പരിശീലനകേന്ദ്രങ്ങളും സംരംഭങ്ങളും ആരംഭിക്കുക. സ്ത്രീകളുടെ വരുമാനം ഉറപ്പുവരുത്തുക.
3. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തൊഴിൽ കാർഡ് നൽകുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുക.
4. കോവിഡ്–19 ന്റെ സാഹചര്യത്തിൽ തൊഴിൽരഹിതരമായ യുവജനങ്ങൾക്ക് വരുമാനം ഉറപ്പ് വരുത്തുന്നതിന് അഭ്യസ്തവിദ്യരായ യുവതീ യുവാക്കളെ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ചേർക്കുക.
5. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള തൊഴിൽകൂലി കൂട്ടി നൽകുന്നതിന് സർക്കാരിലേക്ക് കത്ത് നൽകുക.
6. ജീർണ്ണിച്ച വീടുകളിൽ താമസിക്കുന്നവർക്ക് ഭവനപുനരുദ്ധാരനത്തിന് തുക വകയിരുത്തുക.
7. ഇനിയും കക്കൂസ്, കുടിവെള്ളം എന്നിവ ലഭ്യമല്ലാത്തവർക്ക്
8. കേന്ദ്ര ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ സംയോജിപ്പിച്ച് ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ ഏറ്റെടുക്കുക.
9. സാമൂഹ്യ സുരക്ഷാപെൻഷനുകൾക്ക് അർഹതയുള്ള എല്ലാവർക്കും നൽകുക.
10. ദിരിദ്ര്യ ലഘൂകരണത്തിന് നവകേരളം കർമ്മപദ്ധതികളുടെ സാദ്ധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുക.




## ശുചിത്വം മാലിന്യ സംസ്കരണം

| ക്ര. | പേരും വിലാസവും | ഫോൺ ഇ-മെയിൽ ഐ.ഡി. | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/ പുരു | എസ്.സി./ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം / പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1. | സി.പി. ബാസിത്ത് | 9656958228 | ചെയർപേഴ്സൺ | | | | | |
| 2. | രാജൻ റ്റി. | 9446403176 | കൺവീനർ | | | | | |
| 3. | അജ്മൽ കല്ലൂത്താഴം | 9895061042 | അംഗം | | | | | |
| 4. | ഫൈസൽ പി.ആർ. | 9947237101 | അംഗം | | | | | |
| 5. | സിയാദ് | 9387646843 | അംഗം | | | | | |
| 6. | വി.എം.സിറാജ് | 9656476737 | അംഗം | | | | | |
| 7. | ഹിലാൽ വെള്ളൂപ്പറമ്പിൽ | 9744113286 | അംഗം | | | | | |
| 8. | പി പി നൗഷാദ്, പുളിക്കത്താഴത്ത് | 9447507641 | അംഗം | | | | | |
| 9. | ഫാസിൽ പള്ളിപ്പാറ | 9847969545 | അംഗം | | | | | |
| 10. | റഷീദ് അമ്പഴത്തിനാൽ | 9446409795 | അംഗം | | | | | |
| 11. | മുജീബ് കാരയ്ക്കാട് | 8943669014 | അംഗം | | | | | |
| 12. | ജോർജ് | 9400473850 | അംഗം | | | | | |
| 13. | ഫൈസൽ | 9947699255 | അംഗം | | | | | |
| 14. | വി.എസ്.സലീം, വെട്ടുകല്ലുങ്കൽ | 9496934532 | അംഗം | | | | | |
| 15. | മുജീബ് മഠത്തിപ്പറമ്പിൽ | 9447137986 | അംഗം | | | | | |

## ആമുഖം

പ്രാചീനകാലം മുതൽ നമ്മുടെ പൂർവികർ ശുചിത്വത്തിന്റെ കാര്യത്തിൽ ഏറെ ശ്രദ്ധയുള്ളവരായിരുന്നു എന്ന് നമ്മുടെ പുരാതന സംസ്കാരത്തിന്റെ തെളിവുകൾ വ്യക്തമാക്കുന്നു. ശുചിത്വം ഒരു സംസ്കാരമാണെന്ന് തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവികർ. ആരോഗ്യം പോലെ തന്നെ വ്യക്തി ആയാലും സമൂഹത്തിനായാലും ശുചിത്വം ഐറെ പ്രാധാന്യമുള്ളതാണ്. മാത്രമല്ല ആരോഗ്യാവസ്ഥ ശുചിത്വവുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു.

ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ ഏറെ മുൻപന്തിയിൽ നിൽക്കുന്നു എന്ന് അവകാശപ്പെടുമ്പോഴും ശുചിത്വത്തിന്റെ കാര്യത്തിൽ നമ്മുടെ നാട് ഏറെ പുറകിലാണെന്ന് കൺതുറന്നു നോക്കുന്ന ആർക്കും മനസ്സിലാക്കാവുന്നതാണ്. എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു? വ്യക്തി ശുചിത്വത്തിൽ ഏറെ പ്രാധാന്യം കൽപ്പിക്കുന്ന നമ്മൾ പരിസരശുചിത്വത്തിലും പൊതുശുചിത്വത്തിലും എന്തുകൊണ്ടാണ് ആ പ്രാധാന്യം കല്പിക്കാത്തത്? നമ്മുടെ ബോധനിലവാരത്തിന്റെയും കാഴ്ചപ്പാടിന്റെയും പ്രശ്നമാണ്. ആരും കാണാതെ മാലിന്യം നിരത്തുവക്കിൽ ഇടുന്ന, സ്വന്തം വീട്ടിലെ മാലിന്യം അയൽക്കാരന്റെ പറമ്പിലേക്കെറിയുന്ന, സ്വന്തം വീട്ടിലെ അഴുക്കുജലം രഹസ്യമായ ഓടയിലേക്കും ജലാശയത്തിലേക്കും ഒഴുക്കുന്ന നാം നമ്മുടെ കപടസാംസ്കാരിക മൂല്യബോധത്തിന്റെ തെളിവ് പ്രകടിപ്പിക്കുകയല്ലേ ചെയ്യുന്നത്? ഈ അവസ്ഥ തുടർന്നാൽ മാലിന്യമുക്ത ഈരാറ്റുപേട്ട എന്ന ലക്ഷ്യത്തിലേയ്ക്ക് നമുക്കെത്താൻ പറ്റില്ല. ആവർത്തിച്ചു വരുന്ന പകർച്ചവ്യാധികൾ നമ്മുടെ ശുചിത്വമില്ലായ്മയ്ക്ക് കിട്ടുന്ന പ്രതിഫലമാണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ഈ അവസ്ഥയ്ക്ക് മാറ്റം വന്നേ പറ്റൂ. ഇതിനായി 14-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനഘട്ടത്തിലേയ്ക്ക് കടക്കുമ്പോൾ നിരവധി കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്തേണ്ടിയിരിക്കുന്നു. അതിനായി നമുക്കൊത്തൊരുമിച്ച് കൈകോർക്കാം.

## ശുചിത്വം മാലിന്യ സംസ്കരണം

ഈരാറ്റുപേട്ട നഗരം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ പ്രശ്നം. ഇതിന് പ്രധാന കാരണം നഗരത്തിലെ ഉയർന്ന ജനസംഖ്യയും ഉയർന്ന അളവിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഖര-ദ്രാവക മാലിന്യവുമാണ്. 1996-ൽ വികേന്ദ്രീകൃതാസൂത്രണ പ്രസ്ഥാനം ആരംഭിക്കുന്ന കാലഘട്ടത്തിൽ വലിയ വെല്ലുവിളിയാണ് ഇക്കാര്യത്തിൽ നേരിട്ടിരുന്നത്. എന്നാൽ ഇപ്പോൾ ഇത് ഒരുപാട് പരിഹരിക്കപ്പെട്ടിട്ടുണ്ട്. വൃത്തിയും വെടിപ്പുമുള്ള ഹരിദാഭമായ നഗരം ഉത്തരവാദിത്വബോധമുള്ള ജനതയുടെ പങ്കാളിത്തത്തോടെ സൃഷ്ടിക്കുകയാവണം നമ്മുടെ മാലിന്യസംസ്കരണ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

ജനപങ്കാളിത്തത്തോടെയുള്ള പരിസ്ഥിതി സൗഹൃദപരവും സുസ്ഥിരവുമായ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനത്തിലൂടെ "ക്ലീൻ ഈരാറ്റുപേട്ട" എന്ന ലക്ഷ്യത്തിലേക്ക് നമുക്ക് മുന്നേറുവാൻ സാധിക്കും. പരിസ്ഥിതി സൗഹൃദപരമായ മാലിന്യസംസ്കരണ രീതി അവലംബിച്ചില്ലേൽ നാം സമീപഭാവിയിൽ വലിയ ദുരന്തങ്ങൾക്ക് തന്നെ സാക്ഷിയാകേണ്ടിവരും. ഖര-ദ്രാവക മാലിന്യങ്ങളുടെ സമുചിതമായ സംസ്കരണം പൊതുജനാരോഗ്യ നേട്ടങ്ങളെ മെച്ചപ്പെടുത്തുന്നതിനും ആരോഗ്യമുള്ള ഒരു യുവതലമുറയെ സൃഷ്ടിച്ചെടുക്കുവാനും നമുക്ക് സാധിക്കും. ഐക്യരാഷ്ട്രസഭയും ലോകാരോഗ്യസംഘടനയും സുസ്ഥിര വികസനലക്ഷ്യങ്ങളിൽ ഒന്നാമത്തെ സുചകമായി കണക്കാക്കുന്നത് മികച്ച മാലിന്യ സംസ്കരണസംവിധാനമാണ്. നമ്മുടെ നാട്ടിൽ കണ്ടുവരുന്ന പ്രധാന പ്രശ്നം ഉത്തരവാദിത്വബോധമില്ലാതെ മാലിന്യം വലിച്ചെറിയുന്നതാണ്. ഇതിന്റെ അനന്തരഫലങ്ങളെക്കുറിച്ച് യാതൊരു ആശങ്കയും ഇവർക്കില്ല. സംസ്കരിക്കാത്ത ഖരമാലിന്യം വായു, ജലം, മറ്റ് പ്രകൃതിവിഭവങ്ങൾ എന്നിവ മലിനമാക്കുന്നു. ഇതിനായി പാഴ്വസ്തുക്കൾ വലിച്ചെറിയരുത് എന്നുള്ള ബോധവൽക്കരണമാണ് ആദ്യ

**മാധ്യമം**

## മാലിന്യം വലിച്ചെറിഞ്ഞാൽ പിഴ മാത്രം പോരാ, ശുചീകരണവും നിർബന്ധം

» **കർശന നടപടിയുമായി നഗരസഭ ആരോഗ്യ വിഭാഗം**

ഈരാറ്റുപേട്ട: ആറുകളിലേക്കും കൈത്തോടുകളിലേക്കും മാലിന്യം വലിച്ചെറിയുന്നവർക്ക് പിഴ മാത്രമല്ല അവരെ കൊണ്ട് പ്രദേശം വൃത്തിയാക്കാനും നഗരസഭ ആരോഗ്യ വിഭാഗം നടപടി ആരംഭിച്ചു. ജനങ്ങളുടെ പരാതിയെ തുടർന്ന് മീനച്ചിലാറിന്റെ വിവിധ പ്രദേശങ്ങളിൽ ചെയർപേഴ്സൻ, ആരോഗ്യകാര്യ ചെയർപേഴ്സൻ, ക്ലീൻ സിറ്റി മാനേജർ എന്നിവർ നടത്തിയ പരിശോധനക്ക് ശേഷമാണ് കടുത്ത നടപടിയുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചത്. തുടക്കമെന്നോണം തടവനാൽ പാലത്തിന്റെ താഴ്ഭാഗത്തെ ആറും പരിസരവും സ്ഥാപന ഉടമകളുടെ മേൽ നോട്ടത്തിൽ വൃത്തിയാക്കി.

ഭക്ഷണമാലിന്യം, പ്ലാസ്റ്റിക്, ഡയപ്പർ തുടങ്ങിയ മാലിന്യങ്ങളാണ് നീക്കം ചെയ്തത്. പ്ലാസ്റ്റിക്കുകൾ ഹരിത കർമ സേനക്ക് നൽകുകയും ഭക്ഷണ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കാനും കെട്ടിട ഉടമകൾക്ക് നിർദേശം നൽകി. വാടകക്ക് നൽകുന്ന കെട്ടിടങ്ങളിൽ സ്വന്തമായി മാലിന്യ സംസ്കരണം നടത്തണം. അതിനായി ആധുനിക നിലവാരത്തിലുള്ള മാലിന്യ സംസ്കരണ യൂനിറ്റ് സ്ഥാപിക്കണമെന്നും നിർദേശിച്ചു.

അല്ലാത്ത പക്ഷം സ്ഥാപനത്തിന്റെ ലൈസൻസ് ഉൾപ്പടെയുള്ളവ റദ്ദാക്കുമെന്നും മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും നഗരസഭ ചെയർമാൻ അഡ്വ. വി.പി. നാസർ അറിയിച്ചു.

04/02/2025 | KOTTAYAM | Page : 03
Source : https://epaper.madhyamam.com

ഈരാറ്റുപേട്ട നഗരസഭ

## മാലിന്യ സംസ്കരണത്തിന് ആക്രി ആപ്പും

## മീനച്ചിലാറ്റിൽ മാലിന്യങ്ങൾ നീക്കം ചെയ്യണം കയ്യേറ്റങ്ങൾ ഒഴിപ്പിക്കണം

ഈരാറ്റുപേട്ട: മാലിന്യനിർമ്മാർജ്ജനം എന്ന പേരിൽ സംസ്ഥാനത്തെ പല നദികളിലും അവയുടെ നിലനിൽപ്പിന് അടിസ്ഥാനമായ മണൽ കൊള്ളയടിക്കുകയാണ് ചെയ്തതെന്ന് മീനച്ചിൽ നദി സംരക്ഷണസമിതി. മീനച്ചിലാറിന്റെ കാര്യത്തിൽ ഇത് സംഭവിക്കാതിരിക്കാൻ ജാഗ്രത പുലർത്തണമെന്ന് മീനച്ചിൽ നദിസംരക്ഷണസമിതി പ്രാദേശിക ജാഗ്രതാസമിതികളായ മീനച്ചിലാർ കാവൽമാടങ്ങളിലെ പ്രവർത്തകരോട് ആവശ്യപ്പെട്ടു. ആദ്യംതന്നെ മീനച്ചിലാറ്റിൽ നിക്കം ചെയ്യപ്പെടേണ്ട മാലിന്യങ്ങൾ എവിടെയൊക്കെയാണെന്ന് അധികാരകേന്ദ്രങ്ങൾ ഔദ്യോഗികമായി കണ്ടെത്തണമെന്നും അതിനുശേഷമേ മണൽ കൊള്ളയ്ക്ക് ഇടയാകാതെ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യാവൂ എന്നും സമിതി ആവശ്യപ്പെട്ടു.

ഇതിന് ജാഗ്രതാസമിതികളുടെയും പിന്തുണ തേടണം. മീനച്ചിലാറിന് ആവശ്യമായതിൽ 10 ശ
തമാനം മണലേ ആറ്റിൽ അവ
ഷിക്കുന്നുള്ളൂ. കയ്യേറ്റങ്ങൾ
പ്പിച്ച് തോടുകളിൽ ഒഴുക്ക്
ണ്ടെടുക്കാനുള്ള തിരുമാന
സമിതി സ്വാഗതം ചെയ്തു.
റിസർവ്വെ അളവുകളുടെ മാ
ണ്ഡത്തിൽ കയ്യേറ്റഭൂമികൾ
ണ്ടെടുത്ത് കല്ലിട്ട് അതിർത്തി
ക്കണം. മീനച്ചിലാറ്റിലെ ക
ങ്ങളും ഇതോടൊപ്പം തിരിച്ച
ടിക്കണമെന്നും മീനച്ചിൽ
സംരക്ഷണസമിതി ആവശ്യ
ട്ടു. പ്രസിഡന്റ് ഡോ.എസ്.രാ
ന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു.

## മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടിയുമായി ഈരാറ്റുപേട്ട നഗരസഭ

ഈരാറ്റുപേട്ട : മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ കർശന നടപടിയുമായി ഈരാറ്റുപേട്ട നഗരസഭ.
നഗരസഭയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് പ്രതിമാസം 50/ രൂപ നിരക്കിലും സ്ഥാപനങ്ങളിൽ നിന്ന് പ്രതിമാസം 100 / രൂപ നിരക്കിലും, അഡീഷണൽ ചാക്കിന് 20 / രൂപ വീതവും യൂസർ ഫീ കൗൺസിൽ തിരുമാനിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ വരുന്ന എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് കവറുകളും മറ്റ് അജൈവ മാലിന്യങ്ങളും ഹരിതകർമ്മസേനാംഗങ്ങൾ മുഖേന ശേഖരിക്കും. ഹരിതകർമ്മസേനാ അംഗങ്ങളുമായി നഗരസഭാ പരിധിയിലുള്ള എല്ലാവരും സഹകരിക്കേണ്ടതും യൂസർ ഫീ നിർബന്ധമായും നൽകണം. നിരോധിത പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കണം. ജൈവ മാലിന്യങ്ങൾ ഉല്പാദകർ തന്നെ സംസ്കരിക്കണം. പൊതു സ്ഥലങ്ങളിൽ വലിച്ചെറിയുന്നത് ശിക്ഷാർഹമായ കുറ്റമാണ്. മീനച്ചിലാറ്റിലേക്കും മറ്റ് ജലസ്രോതസുകളിലേക്കും മലിനജലം ഒഴുക്കിവിടുന്നത് കേരളാ മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരം കുറ്റകരമാണ്. ഏതൊരാളുടെയും സ്ഥാപന
ത്തിൻമേൽ 10000 രൂപ മുതൽ 25000 രൂപ വരെയുള്ള പിഴയും 6 മാസം മുതൽ 1 വർഷത്തിൽ കവിയാതെയുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. ഇത്തരം പ്രവൃത്തി ചെയ്യുന്നവർ അടിയന്തിരമായി സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തിവെക്കണം. ദ്രവമാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തിയ ശേഷം മാത്രം പ്രവർത്തിക്കേണ്ടതുമാണ്. നഗരസഭയുടെ ഹെൽത്ത് വിഭാഗം വീടുകളിലും സ്ഥാപനങ്ങളിലും പരിശോധന നടത്തി വരുന്നു. നിയമലംഘനം നടത്തുന്നവർക്കെതിരെ പിഴ ഈടാക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

മായി വേണ്ടത്.

## നഗരസഭയിലെ മാലിന്യസംസ്കരണ സംവിധാനങ്ങൾ

ഈരാറ്റുപേട്ട നഗരസഭയിൽ ഡമ്പിംഗ് ഗ്രൗണ്ടും മാലിന്യ സംസ്കരണപ്ലാന്റും സ്ഥിതി ചെയ്യുന്നത് നഗരസഭയിലെ 10-ാം വാർഡിൽ തേവരുപാറയിലാണ്. നഗരസഭയിൽ മാലിന്യം ശേഖരിച്ച് കൊണ്ടുപോകുന്നതിന് രണ്ട് പിക്അപ് വാനുകൾ ഉണ്ട്. 25 ശുചീകരണതൊഴിലാളികളാണ് നഗരസഭയിലുള്ളത്. നഗരത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും ശുചീകരണത്തൊഴിലാളികൾ ശേഖരിക്കുന്ന മാലിന്യങ്ങൾ പിക്അപ് വാഹനത്തിൽ തേവരുപാറയിലുള്ള മാലിന്യസംസ്കരണപ്ലാന്റിൽ എത്തിച്ച് ജൈവമാലിന്യങ്ങൾ തുമ്പൂർമുഴി മോഡൽ മാലിന്യസംക്കരണ പ്ലാന്റിൽ വളമാക്കി മാറ്റുകയും ചെയ്യുന്നു. അജൈവ മാലിന്യങ്ങൾ നഗരസഭയിൽ പ്രവർത്തനമില്ലാതെ കിടക്കുന്ന സ്ലോട്ടർ ഹൗസിലെത്തിക്കുകയും അവിടുന്ന് വൃത്തിയാക്കി പേഴുംകാട്ടിൽ പ്രവർത്തനമില്ലാതെ കിടക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ശേഖരിക്കുകയും അവിടുന്ന് ടെണ്ടർ വിളിച്ച് വിൽക്കുകയും ചെയ്യുന്നു. ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളും ഈ രീതിയിലാണ് സംസ്കരിക്കുന്നത്. നഗരത്തിൽ ഏകദേശം 4 ടണ്ണോളം മാലിന്യങ്ങൾ ദിവസേന ശേഖരിക്കുന്നുണ്ട്. അതിൽ അര ടണ്ണോളം ജൈവ മാലിന്യങ്ങളും 3.5 ടണ്ണോളം അജൈവ മാലിന്യങ്ങളുമാണ്. മാലിന്യസംസ്കരണ കേന്ദ്രത്തിൽ മാലിന്യങ്ങൾ തരംതിരിക്കുവാനും വളമാക്കുവാനും അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി തൊഴിലാളികളുടെ സേവനം ലഭ്യമാകുന്നുണ്ട്. നഗരസഭയിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയായി പ്രവർത്തിക്കുന്ന പഴയ സ്ലോട്ടർ ഹൗസ് താൽക്കാലിക സംവിധാനം മാത്രമാണ്. പുതിയ MCF പണിയുന്നതിന് നഗരസഭ തുക വകയിരു

ത്തിയിട്ടുള്ളതാണ്.

2016 ലെ സോഷ്യോ എക്കണോമിക് സർവ്വേപ്രകാരം നഗരത്തിലെ 82% വീടുകളിലെയും മാലിന്യങ്ങളും അവരവരുടെ വീടുകളിൽ തന്നെയാണ് സംസ്കരിക്കുന്നത്. 6.13% മാലിന്യങ്ങൾ ഡമ്പിംഗ് ഗ്രൗണ്ടിൽ കത്തിക്കുന്നു. 2.83% ഗാർബേജ് ബിന്നുകളിൽ സംസ്കരിക്കുന്നു. 62% നിരത്തുകളിൽ വലിച്ചെറിയുന്നു. നഗരത്തിലെ 72% താമസസ്ഥലങ്ങളും 10 സെന്റിൽ താഴെ മാത്രമാണ്.




അന്ന് നഗരസഭയിൽ വലിയ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഒരുക്കിയിട്ടില്ലായിരുന്നു. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് മാലിന്യസംസ്കരണ സംവിധാനങ്ങൾക്ക് വിപ്ലവകരമായ മാറ്റമാണ് വന്നത്.

## മാലിന്യ സംസ്കരണ പ്ലാന്റ് തേവരുപാറ





ഈരാറ്റുപേട്ട നഗരസഭയിൽ ഡമ്പിംഗ് ഗ്രൗണ്ടായിരുന്നു തേവരുപാറയിൽ സ്ഥിതി ചെയ്തിരുന്നത്. ആദ്യകാലത്ത് നഗരത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും ട്രാക്ടറിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ ഇവിടെക്കൊണ്ടുവന്ന് അജൈവ മാലിന്യങ്ങൾ ശുചീകരണതൊഴിലാളികൾ കത്തിച്ച് കളയുകയും ജൈവ മാലിന്യങ്ങൾ കുഴിച്ച് മൂടുകയും ചെയ്തിരുന്നു. എന്നാൽ മാലിന്യത്തിന്റെ അളവ് വർദ്ധിച്ചതോടുകൂടി ഈ മാലിന്യങ്ങൾ അവിടെ കൂട്ടിയിടുവാൻ തുടങ്ങി. ഇങ്ങനെ വൻതോതിൽ മാലിന്യങ്ങൾ കുമിഞ്ഞ് കൂടി. മഴക്കാലമാകുമ്പോൾ ഇതിൽനിന്നുമുള്ള ദ്രവം മീനച്ചിലാറിൽ ഒഴുകിയെത്തി ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉണ്ടാക്കി. 2016-17 കാലഘട്ടത്തിൽ വേൾഡ് ബാങ്ക് ഫണ്ടായി ലഭിച്ച 2 കോടി രൂപയിൽ നിന്നും 70 ലക്ഷം രൂപ മുടക്കി ഒരു തുമ്പൂർമുഴി മോഡൽ മാലിന്സംകരണ പ്ലാന്റ് പണിയുവാൻ തീരുമാനിച്ചു 24 യൂണിറ്റുകളാണ് ഇവിടെ പ്രവർത്തിക്കുന്നത്. കൂടാതെ പ്ലാസ്റ്റിക് സ്ട്രെഡ്ഡിംഗ് യൂണിറ്റും ഈ കാലയളവിൽ ഇവിടെ യാഥാർത്ഥ്യമാക്കുവാൻ സാധിച്ചു. 1500000/- രൂപാ വകയിരുത്തി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മാലിന്യമെത്തിക്കുവാൻ 2 പിക് അപ് വാനുകൾ വാങ്ങുവാൻ സാധിച്ചു. ഇപ്പോൾ ഹരിതകർമ്മ സേനയെയും അയ്യങ്കാളിതൊഴിലുറപ്പ് തൊഴിലാളികളെയും ഉപയോഗപ്പെടുത്തി ഈ പ്ലാന്റിലെ പ്രവർത്തനങ്ങൾ മികച്ചരീതിയിൽ നടക്കുന്നു. ഇതുമൂലം അജൈവമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുവാനാകും. ജൈവ മാലിന്യങ്ങൾ വളമാക്കുവാനും സാധിക്കുന്നു. നഗരസഭയുടെ ഡമ്പിംഗ് ഗ്രൗണ്ടിൽ മുൻകാലങ്ങളിൽ കൂട്ടിയിട്ടിരുന്ന ലെഗസി മാലിന്യങ്ങളും ഒരു തീരാശാപമായി മാറിയിരിക്കുകയാണ്. ഇത് മറ്റ് നാടുകളിലും സ്വന്തം നാട്ടിലും ഉള്ള നിരവധി ആളുകളുടെ പരിഹാസ ശരങ്ങൾക്ക് പാത്രമായിട്ടുണ്ട്. എന്നാൽ നഗരസഭയുടെ നിരന്തരമിടപെടൽ മൂലം ഈ മാലന്യങ്ങൾ നീക്കം ചെയ്യുവാൻ സംസ്ഥാന ശുചിത്വമിഷനിൽ നിന്നും രണ്ടുകോടി രൂപാ അനുവദിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ മാലിന്യങ്ങൾ നീക്കം ചെയ്താൽ നഗരസഭയുടെ തീരാശാപം അവസാനിക്കും. മാത്രമല്ല അവിടെ മിനി MCF യാഥാർത്ഥ്യമാക്കുവാനും സാധിക്കും. മാത്രമല്ല ഇതിനോട് ചേർന്ന് നഗരസഭ 20 ലക്ഷം രൂപാ മുടക്കി വാങ്ങിയ 63 സെന്റ് സ്ഥലത്ത് മറ്റു പല പദ്ധതികളും ഏറ്റെടുത്തു നടപ്പിലാക്കുവാനും സാധിക്കും.





## മീനച്ചിലാർ

തെക്കനാറും വടക്കനാറും ചേർന്ന് മീനച്ചിൽ നദി രൂപംകൊള്ളുന്നത് നഗരത്തിലെ അങ്കാളമ്മൻകോവിലിന് സമീപമാണ്. ഈ തെക്കനാറും വടക്കനാറും മീനച്ചിൽ നദിയും നഗരത്തെ മൂന്ന് ഭാഗങ്ങളുമായി വിഭജിക്കുന്നു. കുന്നുകൾക്ക് നടുക്കുള്ള താഴ്‌വരയാണ് ഈരാറ്റുപേട്ട. ടൗൺ ശെരിക്കും ചെരിഞ്ഞ് കിടക്കുന്ന പ്രദേശം നഗരത്തിലെ റോഡുകൾക്ക് ശെരിയായ ഡ്രൈനേജ് സംവിധാനങ്ങൾ ഇല്ല. ഇതുമൂലം കടകളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നുമുള്ള ദ്രവ മാലിന്യങ്ങൾ മീനച്ചിലാറ്റിൽ ഒഴുകി എത്തുന്നു. ഇത് നദിയെ മലിനമാക്കുന്നു. നഗരത്തിലെ 90% കുടിവെള്ള പദ്ധതികളും സ്ഥിതി ചെയ്യുന്നത് മീനച്ചിൽ നദിയുടെ തീരത്താണ് എന്നുള്ളത് ഇതിന്റെ ഭീകരാവസ്ഥ വർദ്ധിപ്പിക്കുന്നു. മാത്രമല്ല വേനൽക്കാലത്ത് വെള്ളം കെട്ടിക്കിടക്കുന്ന നദിയുടെ ഭാഗങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ വൻതോതിൽ അടിഞ്ഞ് കൂടുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂടുതലായി മണ്ണിനടിയിൽ പോകുന്നത് നദിയിൽ ജലം നിൽക്കുന്നതിന് തടസ്സം നേരിടുന്നു എന്ന് മനസ്സിലാക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതാണ് ഇതിന് പ്രധാന കാരണം. ജലത്തിലെ ഇക്കോളി കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യവും ആശങ്കപ്പെടുത്തുന്നു. നദിയുടെ തീരത്തെ കയ്യേറ്റവും തീരങ്ങളിൽ എക്കൽ അടിഞ്ഞുകൂടി ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തുന്നുതും നദിക്കുള്ളിൽ തിട്ടകൾ രൂപപ്പെടുന്നതും സമീപഭാവിയിൽ വൻദുരന്തങ്ങൾ ക്ഷണിച്ച്വരുത്തും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.



# പൊതു ശൗചാലയങ്ങൾ






നഗരത്തിൽ പ്രധാനമായും നാല് കംഫർട്ട് സ്റ്റേഷനുകളാണുള്ളത്. നഗരസഭാ പ്രൈവറ്റ് ബസ് സ്റ്റാന്റിൽ സ്ഥിതി ചെയ്യുന്ന പബ്ലിക് കംഫർട്ട് സ്റ്റേഷൻ 2020-ൽ നഗരസഭ പുതുക്കിപണിത്

മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. മീനച്ചിലാറിന്റെ തീരത്ത് തൊടുപുഴ റോഡിൽ ടേക്ക് എ. ബ്രേക്ക് പദ്ധതിപ്രകാരം പുതുക്കി പണിത് മനോഹരമാക്കിയ ഒരു ടോയ്‌ലറ്റ് സമുച്ചയവും, ഗടഞ്ഞാഇ ബസ് സ്റ്റേഷനിൽ ഒരു പബ്ലിക് കംഫർട്ട് സ്റ്റേഷനും നഗരസഭയിലെ കുടുംബാരോഗ്യ കേന്ദ്രത്തിൽ ടോക് എ ബ്രേക്ക് പദ്ധതിപ്രകാരം പൂർത്തീകരിച്ച രണ്ട് ടോയ്‌ലറ്റുകളും, വിശ്രമമുറി, ഫീഡിംഗ് റൂം, സ്നാക്ക് പാർലർ എന്നിവ സജ്ജീകരിച്ച് ആധുനിക രീതിയിലാണ് സജ്ജീകരിക്കപ്പെട്ടിട്ടുള്ളത്. പതുക്കിപണിത പ്രവൈറ്റ് ബസ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷനും മികച്ച നിലവാരത്തിലുള്ളതാണ്. എന്നാൽ ഗടഞ്ഞാഇ ബസ് സ്റ്റാന്റിലെ ടോയ്‌ലറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. ഇത് പരിഹരിക്കുന്നതിന് ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് സമുച്ചയം നഗരസഭാ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ സ്ഥലം സംബന്ധിച്ച് ചർച്ച് നടന്നുവരുന്നു.

## ഹൈജീനിക് മാർക്കറ്റ് കോംപ്ലക്സ്





പഴയ മാർക്കറ്റ് പൊളിച്ച് മാറ്റി വേൾഡ്ബാങ്ക് ഫണ്ടായി ലഭിച്ച ഒരുകോടി ഇരുപത് ലക്ഷം രൂപാ മുടക്കി ഹൈജീനിക് മാർക്കറ്റ് കോംപ്ലക്സിന്റെ നിർമ്മാണം അരംഭിച്ചത് 2016-17 കാലഘട്ടത്തിലാണ്. വളരെയധികം പ്രതീക്ഷയോടുകൂടി തുടങ്ങിയ ഈ സംരംഭം ആസൂത്രണത്തിലെ അപാകതമൂലം ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്തിക്കുവാൻ സാധിച്ചില്ലെങ്കിൽ പോലും, എന്നാൽ അതിന് ശേഷം ടി മുറികൾ ഭൂരിഭാഗവും ലേലത്തിൽ പോവുകയും ചെയ്തിട്ടുള്ളതാണ്. 14-ാം പദ്ധതിയുടെ അവസാനഘട്ടത്തിൽ ആവശ്യമായ തുക വകയിരുത്തി മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ലേലം ചെയ്ത് ബാക്കി കടമുറികൾകൂടി നൽകേണ്ടിയിരിക്കുന്നു.

## ഹരിത കർമ്മസേന



വൃത്തിയും വെടിപ്പുമുള്ള നാടായി ഈരാറ്റുപേട്ട നഗരത്തെ മാറ്റാനുള്ള മാലിന്യനിർമ്മാർജ്ജന പോരാട്ടത്തിൽ സുപ്രധാന പങ്കുവഹിച്ചു മുന്നേറുകയാണ് ഹരിതകർമ്മ

സേന. മാലിന്യസംസ്കരണ രംഗത്ത് വലിയ മാറ്റങ്ങളാണ് ഹരിതകർമ്മ സേന സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത് . നഗരസഭയിൽ ആകെ 56 ഹരിത കർമ്മ സേനാംഗങ്ങളാണ് ഉള്ളത്.

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പോലെ നമ്മുടെ നാട്ടിലും നിയമവിധേയമായ യൂസർ ഫീ ഈടാക്കിയാണ് ഹരിത കർമ്മസേനകൾ പ്രവർത്തിക്കുന്നത്. കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് പരിസ്ഥിതി സൗഹൃദ രീതിയിൽ സംസ്കരിക്കുകയാണ് ഇവരുടെ ചുമതല.

വീടുകളിൽ നിന്നും അജൈവ മാലിന്യം കൃത്യമായ ഇടവേളകളിൽ സ്വീകരിച്ച് അവ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ( MCF) എത്തിക്കുന്നു. ഇവിടെ നിന്നും മാലിന്യം തരംതിരിച്ച് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയിൽ കൊണ്ടുവരുന്നു.(MRF) ഇതാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനരീതി. ഈരാറ്റുപേട്ട നഗരസഭയിലെ തടവനാൽ റോഡിലുള്ള പഴയ സ്ലോട്ടർ ഹൗസ് MCF ആയി പ്രവർത്തിക്കുന്നു. പ്രവർത്തനമില്ലാതെ കിടക്കുന്ന പേഴുംകാട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് MR F ആയി പ്രവർത്തിക്കുന്നു.ഇവരുടെ പ്രവർത്തനം കൊണ്ട് നഗരസഭയിലെ വിവിധ പ്രദേശങ്ങളിലെ ടൺ കണക്കിന് മാലിന്യങ്ങളാണ് ഓരോ വർഷവും നീക്കുന്നത്.

കൂടാതെ വീട്ടുകാർക്ക് ജൈവ മാലിന്യ സംസ്ക്കരണത്തിനുതകുന്ന പരിഹാരങ്ങൾ നൽകാനും പാഴ് വസ്തുക്കളിൽ നിന്നും മികച്ച ഉത്പന്നങ്ങളുണ്ടാക്കുന്ന ഹരിത സംരംഭങ്ങൾ തുടങ്ങിയും മറ്റ് നൂതന സംരംഭ മാതൃകകൾ നടപ്പാക്കിയും സ്വയംപര്യാപ്തമാകാൻ ഹരിത കർമ്മസേന ശ്രമിക്കേണ്ടതായിട്ടുണ്ട്.നഗരസഭയിലെ തേവരു പാറയിലുള്ള പ്ലാസ്റ്റിക് ഷ്രസ്സിഗ് യൂണിറ്റിൽ ഇവർ ശേഖരിക്കുന്ന പ്ലാസ്റ്റിക് ഷ്രഡ്ഡ് ചെയ്ത് ടാറിങ്ങിന് ഉപയോഗിക്കുന്നുണ്ട് . ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ, ക്ലീൻ കേരളകമ്പനി, തദ്ദേശ സ്വയംഭരണസ്ഥാപനം എന്നിവരെല്ലാം പങ്കാളികളായാണ് ഈ പദ്ധതി മുന്നോട്ട് കൊണ്ട് പോകുന്നത്.

ഇവർക്കാവശ്യമായ അടിസ്ഥാന സൗകര്യമെല്ലാം നഗരസഭ ഒരുക്കിക്കൊടുക്കുന്നുണ്ട്. യൂണിഫോം, ഐഡി കാർഡ് തുടങ്ങിയവയും നൽകിയിട്ടുണ്ട്. നിലവിൽ 1000 മുതൽ 10000 രൂപ വരെ മാസവരുമാനമായി ലഭ്യമാക്കുന്നുണ്ട്. 14-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനഘട്ടത്തിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി സുഗമവും കാര്യക്ഷമവുമാക്കും .

## നവകേരളം കർമ്മപദ്ധതി

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ തുടങ്ങി 20 വർഷങ്ങളിലേറെ കഴിഞ്ഞിട്ടും ശുചിത്വ മാലിന്യ സംസ്കരണമേഖലയിൽ വേണ്ടത്ര ചലനം സൃഷ്ടിക്കുവാൻ ഈരാറ്റുപേട്ട നഗരത്തിനായിരുന്നില്ല എന്നാൽ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളാമിഷൻ, ശുചിത്വമിഷൻ പ്രവർത്തനങ്ങളിലൂടെ ഈ മേഖലയിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവരുവാൻ സാധിച്ചു. ഇതിന്റെ ഭാഗമായി വാർഷിക പദ്ധതിയിൽ ഉറവിട മാലിന്യ സംസ്കരണത്തിന് 900000 രൂപാ വകയിരുത്തി. ക്ലീൻ കേരളാ കമ്പനിക്ക് 20 ക്ഷം അനുവദിച്ചു. മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിനായി ഒരുകോടി ഇരുപത് ലക്ഷം രൂപാ അനുവദിച്ചു. മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുവാൻ 70 ലക്ഷം രൂപയും, മാലിന്യം തരംതിരിച്ച് ശേഖരിക്കുവാൻ 1000000/- രൂപയും ചിലവഴിച്ചു. 2 ടേക്ക് എ ബ്രേക്ക് ടോയ്ലറ്റ്. സമുച്ചയത്തിനായി 20 ലക്ഷം രൂപാ വകയിരുത്തി ഉറവിട മാലിന്യ സംസ്കരണം ഹൗസ്ഹോൾഡ് ലെവൽ ബക്കറ്റ് കംപോസ്റ്റ് വിതരണം 68 ലക്ഷം രൂപാ വകയിരുത്തി. നഗരസഭാ മാലിന്യസംസ്കരണ കേന്ദ്രത്തിലേക്ക് ബെയ്ലിംഗ് മിഷീൻ വാങ്ങുവാൻ 600000/- രൂപാ വകയിരുത്തി. ഹരിതകർമ്മസേന രൂപീകരിച്ച് മാലിന്യ സംസ്കരണത്തിന് പുതിയ ദിശാബോധം നൽകി. ഇങ്ങനെ ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് വിപ്ലവം സൃഷ്ടിക്കുവാൻ നവകേരളം മിഷൻ പ്രവർത്തനംവഴി സാധ്യമായി.

# മുൻകാല മാതൃകാ/വിജയം കൈവരിച്ച പ്രോജക്ടുകൾ

തദ്ദേശഭരണസ്ഥാപനത്തിന്റെ പേര്:ഈരാറ്റുപേട്ട വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: ശുചിത്വം മാലിന്യസംസ്കരണം

| ക്രമ നമ്പർ | മേഖല/ഉപ മേഖല | GEN/SCSP/TSP | ചെലവ ഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൗതിക ലക്ഷ്യം) | | കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ | | |
|---|---|---|---|---|---|---|---|---|---|
| 1 | ശുചിത്വം മാലിന്യ സംസ്കരണം | തേവരുപാറയിൽ തുമ്പൂർമുഴി മോഡൽ മാലിന്യസംസ്കരണപ്ലാൻ | | GEN | 80ലക്ഷം | മാലിന്യസംസ്കരണത്തിന് ശാശ്വത പരിഹാരം | | ഒരുപരിധിവരെ പരിഹരിക്കുവാൻകഴിഞ്ഞു | നഗരത്തിലെ ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് ജൈവ മാലിന്യങ്ങൾ വളമാക്കുവാൻ സാധിച്ചു |
| 2 | ശുചിത്വം മാലിന്യ സംസ്കരണം | മിനി.എം.സി.എഫ് | GEN | 840000 | ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ശേഖരിക്കൽ | ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സഹായിച്ചു | മിനി.എം.സി.എഫിൽ നിന്നും മാലിന്യങ്ങൾ എം.സി.എഫ് ലേക്ക് കൊണ്ടുപോകുവാൻ സാധിച്ചു | | |
| 3 | ശുചിത്വം മാലിന്യ സംസ്കരണം | തേവരുപാറ മാലിന്യസംസ്കരണ കേന്ദ്രത്തിലേക്ക് ട്രാളി ഘടിപ്പിച്ചു എയ്റോബിക് കമ്പോസ്റ്റ്കുത്തി | GEN | 15ലക്ഷം | മാലിന്യസംസ്കരണം കാര്യക്ഷമമാക്കൽ | മാലിന്യസംസ്കരണം കാര്യക്ഷമമാക്കൽ | | | |
| 4 | ശുചിത്വം മാലിന്യ സംസ്കരണം | ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിന് പ്രത്യേകരീതിയിൽ തയ്യാറാക്കിയ വാഹനം | | GEN | 4.5ലക്ഷം | ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ | ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക | നഗരത്തിലെ ജൈവ അജൈവ മാലിന്യങ്ങൾ സംസ്കരണ കേന്ദ്രത്തിലെത്തിക്കുവാൻ സാധിക്കുന്നു. | |
| 5 | ശുചിത്വം മാലിന്യ സംസ്കരണം | മീനച്ചിലാർ പുനഃർജനി | | GEN | 25ലക്ഷം | പ്രളയംമൂലം നീരൊഴുക്ക് തടസ്സപ്പെട്ട തോടുകളെയും പുഴകളെയും പുനഃരുജ്ജീവിപ്പിക്കുക | പ്രളയക്കെടുതിയിൽ നിന്നും നാടിനെ രക്ഷിക്കുക | നീരൊഴുക്ക് തടസ്സപ്പെട്ട പുഴകളിൽ തടസ്സമില്ലാതെ തെളിനീരൊഴുക്കുവാൻ സാധിച്ചു. | |

# ഗാർഹികമാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ

## 1. കുഴിക്കമ്പോസ്റ്റിംഗ്

ഏറ്റവും പ്രാചീനമായ മാലിന്യസംസ്കരണരീതിയാണിത്. വെള്ളം കെട്ടിനിൽക്കാൻ സാധ്യതയില്ലാത്ത സ്ഥലത്ത് ഒരു മീറ്റർ നീളത്തിലും 60 സെ.മീ വീതിയിലും ഒരു മീറ്റർ ആഴത്തിലും രണ്ട് കുഴികൾ എടുക്കുക. കുഴികൾക്ക് ചുറ്റും മണ്ണുകൊണ്ടോ, ഇഷ്ടിക കൊണ്ടോ ചെറിയൊരു തിട്ട 10 സെ.മീ. പൊക്കത്തിൽ ഉണ്ടാക്കുക. വെള്ളം ഒലിച്ചിറങ്ങാതിരിക്കുന്നതിന് ഇത് സഹായിക്കും. അഞ്ചോ ആറോ അംഗങ്ങൾ ഉള്ള ഒരു കുടുംബത്തിന് മതിയാവുന്ന കുഴികളുടെ അളവാണിത്. അംഗസംഖ്യ അനുസരിച്ച് അളവ് കൂട്ടാവുന്നതാണ്. എന്നാൽ ആഴം ഒരു മീറ്ററിൽ കവിയാൻ പാടില്ല. ആദ്യത്തെ ആറുമാസം ഒരു കുഴി ഉപയോഗിക്കുക. കുഴിയുടെ അടിഭാഗത്തായിട്ട് ചാണകം (3 സെ.മീ) കനത്തിൽ ഇടുന്നത് മാലിന്യസംസ്കരണം ത്വരിതപ്പെടുത്തും. മാലിന്യം ഇട്ടതിനുശേഷം അതിനുമുകളിൽ ചെറുതായിട്ട് മണ്ണ് വിതറുക. ഇത് ഈച്ച, കൊതുക് മുതലായവയെ അകറ്റാൻ ആവശ്യമാണ്. ഒരു കുഴി ഉദ്ദേശം ആറു മാസത്തെ ജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കാൻ മതിയാകും. ഇടയ്ക്കിടയ്ക്ക് ചാണകപ്പൊടി വിതറുന്നത് നന്നായിരിക്കും. കുഴി നിറയുമ്പോൾ അതിന്റെ മുകൾവശത്ത് ആറ് ഇഞ്ച് കനത്തിൽ മണ്ണിട്ട് മൂടി സൂക്ഷിക്കുക. അതിനുശേഷം രണ്ടാമത്തെ കുഴിയിൽ ജൈവമാലിന്യങ്ങൾ നിക്ഷേപിച്ച് തുടങ്ങാം. ആദ്യത്തെ കുഴിയിലെ മാലിന്യങ്ങൾ നാല് മുതൽ 6 മാസത്തിനകത്ത് വളമായി മാറുന്നതാണ്. ഇത് നീക്കം ചെയ്ത് ആ കുഴി വൃത്തിയാക്കി കഴിഞ്ഞാൽ രണ്ടാമത്തെ കുഴി നിറയുന്ന സമയത്ത് ഈ കുഴി വീണ്ടും ഉപയോഗിച്ച് തുടങ്ങാം. അഴുകുന്ന ഏതു ജൈവമാലിന്യവും സംസ്ക്കരിക്കാം എന്നതാണ് കുഴികമ്പോസ്റ്റിന്റെ സവിശേഷത. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലും കുടിവെള്ള സ്രോതസ്സുകൾക്ക് അടുത്തും കുഴി കമ്പോസ്റ്റിംഗ് രീതി ഒഴിവാക്കേണ്ടതാണ്.

## 2. മോസ്പിറ്റ് കമ്പോസ്റ്റിംഗ്

യഥേഷ്ടം തുറക്കുകയും അടയ്ക്കുകയും ചെയ്യാവുന്നതും മണ്ണിൽ ഉണ്ടായിരിക്കുന്നതുമായ ചെറിയ കുഴിയാണ് മോസ്പിറ്റ് എന്ന ലഘു കമ്പോസ്റ്റിംഗ് രീതി. 10 സെ.മീ. വ്യാസമുള്ള പി.വി.സി. പൈപ്പ് 20 സെ.മീ നീളത്തിൽ മുറിച്ചെടുത്ത് 75 സെ.മീ. വ്യാസത്തിലും 5 സെ.മീ. കനത്തിലും വൃത്താകാരത്തിൽ തയാറാക്കുന്ന കോൺക്രീറ്റ് സ്ലാബിന്റെ മധ്യത്തിലായി കുത്തനെ ഉറപ്പിക്കുക. കുഴലിന്റെ ഒരഗ്രം 10 സെ.മീ. പി.വി.സി.സ്റ്റോപ്പർ കൊണ്ട് അടയ്ക്കുക. 60 സെ.മീ വ്യാസത്തിൽ ഒരു കുഴിയെടുത്ത് (പരമാവധി ഒരു മീറ്റർ ആഴത്തിൽ) അതിനെ ഈ സ്ലാബ്കൊണ്ട് അടയ്ക്കുക. സ്ലാബിനു മുകളിൽ കുറച്ച് മണ്ണിടുക. അടപ്പ് തുറന്ന് മാലിന്യങ്ങൾ ഇടുക. കുഴൽ എപ്പോഴും അടച്ച് വെയ്ക്കുക. ഒരു കുടുംബത്തിന് ഇപ്രകാരം രണ്ട് കുഴികൾ ആവശ്യമാണ്. ഒന്നിടവിട്ട് ആറു മാസങ്ങളിൽ ഉപയോഗിക്കാം. സ്കൂളുകൾക്കും പൊതുസ്ഥാപനങ്ങൾക്കും കുഴിയുടെ വ്യാസം 180 സെ.മീ. വരെയാകാം. പൈപ്പ് സൈസ് 20 സെ.മീ. മാലിന്യങ്ങൾ ഇടുന്നതിനു മുമ്പേ ചാണകപ്പൊടിയോ ഈർപ്പമുള്ള മേൽമണ്ണോ എടുത്ത് കുഴിയിൽ വിതറി ബാക്ടീരിയയുടെ സാന്നിധ്യം ഉറപ്പ് വരുത്തണം. ഇടയ്ക്കിടെ ചാണകം കലക്കി ഒഴിക്കുന്നത് ജൈവമാലിന്യങ്ങളുടെ ജീർണ്ണനം ത്വരിതപ്പെടുത്തും.

## 3. മൺകല കമ്പോസ്റ്റിംഗ്

രണ്ട് മൺകലങ്ങൾ കൊണ്ട് മാലിന്യം സംസ്കരിക്കാവുന്ന വളരെ ലളിതമായ രീതിയാണ് ഇത്.

### ആവശ്യമുള്ള സാധനങ്ങൾ

- ഏകദേശം 50 സെ.മീ. ഉയരവും മധ്യഭാഗത്ത് 1 മീറ്റർ ചുറ്റളവുള്ളതുമായ രണ്ട് മൺകലങ്ങൾ
- മൺകലങ്ങൾ അടച്ചുവെക്കാൻ പാകത്തിലുള്ള ചട്ടി അടപ്പുകൾ
- രണ്ട് മുക്കാലി സ്റ്റാന്റുകൾ - ലോഹം/ തടി/ പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കിയവ. (ഇഴജന്തു

ക്കൾ, പ്രാണികൾ, പൂച്ച, പട്ടി തുടങ്ങിയവയുടെ ശല്യം ഒഴിവാക്കുന്നതിനും ലീച്ചേറ്റ് പുറത്തെടുക്കാനും സൗകര്യത്തിനാണ് ഈ സ്റ്റാന്റുകൾ. ഇവ 15 സെ.മീ. ഉയരത്തിൽ മൺകലങ്ങളെ താങ്ങി നിൽക്കുന്നു.

- ലീച്ചേറ്റ് ശേഖരിക്കുന്നതിന് ഒന്നരലിറ്റർ കൊള്ളുന്ന 10 സെ.മീ. ഉയരമുള്ള മണ്ണ് അഥവാ സ്റ്റീൽപാത്രം

*തയ്യാറാക്കുന്ന വിധം*

മൺകലങ്ങളുടെ അടിവശത്ത് മധ്യത്തിലായി ഒരു സുഷിരം ഉണ്ടാക്കുക. അടുക്കളഭാഗത്ത് മഴ നയാത്തവിധം കലങ്ങൾ രണ്ട് സ്റ്റാന്റുകളിലുമായി സ്ഥാപിക്കുക. ചട്ടികൊണ്ട് അടയ്ക്കുക. കലത്തിന് ചുവട്ടിൽ സുഷിരത്തിന് താഴെ വരത്തക്കവണ്ണം മലിനജലം ശേഖരിക്കുന്നതിനുള്ള പാത്രം വയ്ക്കുക. ആഹാരാവശിഷ്ടങ്ങൾ, പച്ചക്കറിയുടെ അവശിഷ്ടങ്ങൾ, മത്സ്യം മാംസം എന്നിവയുടെ അവശിഷ്ടങ്ങൾ അതതുദിവസം തന്നെ കലത്തിൽ നിക്ഷേപിച്ച് അടച്ച് സൂക്ഷിക്കുക. ചകിരി, തൊണ്ട്, പ്ലാസ്റ്റിക് വസ്തുക്കൾ ഇവയൊന്നും നിക്ഷേപിക്കുവാൻ പാടില്ല. 3-ാം ദിവസം കലത്തിൽ ഉണ്ടാകുന്ന ഊറൽ ജലം (ലീച്ചേറ്റ്) താഴെ വച്ചിരിക്കുന്ന പാത്രത്തിൽ വീണുതുടങ്ങും. ഈ പാത്രത്തിൽ നാല് സ്പൂൺ ഉപ്പ് വിതറി പ്രാണികളെ തടയുക. ഒരു മാസം കഴിയുമ്പോ ഈ പാത്രം നിറയുന്നു. അപ്പോൾ അത് അടച്ച് വെച്ച് രണ്ടാമത്തെ കലത്തിൽ മാലിന്യങ്ങൾ നിക്ഷേപിച്ച് തുടങ്ങുക. രണ്ടാമത്തെ കലം നിറയാറാകുമ്പോഴേക്കും ഒന്നാമത്തെ കലത്തിലെ മാലിന്യങ്ങൾ കമ്പോസ്റ്റ് ആയി കഴിഞ്ഞിട്ടുണ്ടാവും.

## 4. ജൈവ സംസ്കരണഭരണി (ബയോ പോട്ട് സിസ്റ്റം)

***തയ്യാറാക്കുന്ന വിധം***

ജൈവസംസ്ക്കരണത്തിനുതകുന്ന വിധം പ്രത്യേകം രൂപകൽപ്പന ചെയ്ത കളിമൺ ഭരണികൾ തട്ടുകളായി അടുക്കിവെച്ചിട്ടുള്ളതാണ് ഒരു ജൈവ സംസ്കരണഭരണി യൂണിറ്റ്. മുകളിൽ വെക്കുന്ന രണ്ട് ഭരണികളുടെയും മുകൾഭാഗവും അടിഭാഗവും തുറന്നതായിരിക്കും. താഴെ തട്ടിലുള്ള ഭരണിയുടെ മുകൾഭാഗം മാത്രം തുറന്നതായിരിക്കും. മുകളിലെ രണ്ട് ഭരണികളുടെയും അടിഭാഗത്തുള്ള പ്ലാസ്റ്റിക് ചരടിന്മേൽ പത്രക്കടലാസ് അല്ലെങ്കിൽ ഇലകൾ വിരിച്ച് ജൈവാവശിഷ്ടങ്ങൾ താഴെപോകാത്ത വിധം ജൈവതട്ട് നിർമ്മിക്കുക. നിക്ഷേപിക്കുന്ന ജൈവാവശിഷ്ടങ്ങളിലെ  അധികജലം താഴെ ഭരണിയിലേക്ക് ഒലിച്ചിറങ്ങുന്ന വിധമായിരിക്കണം തട്ട് നിർമിക്കേണ്ടത്. അരിച്ച് എടുത്ത് പാകപ്പെടുത്തിയ ജൈവവളം അല്ലെങ്കിൽ സൂക്ഷ്മാണുകലർത്തിയ മരപ്പൊടി സംസ്ക്കരണത്തിന് ഉറയായി (സ്റ്റാർട്ടറായി) ഉപയോഗിക്കുന്നത് സംസ്ക്കരണത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും ചീഞ്ഞഴുകുന്നത് തടയുന്നതിനും ഉപകരിക്കുന്നതാണ്. ബയോകൾച്ചർ മിശ്രിതത്തിൽ പുട്ടിന് പൊടി നനയ്ക്കുന്ന വിധം മരപ്പൊടി കുതിർത്ത് ചാക്കിൽ കെട്ടി രണ്ട് ദിവസം വെച്ചിരുന്നാൽ സൂക്ഷ്മാണുക്കളുടെ പ്രവർത്തനഫലമായി മരപ്പൊടിയിൽ ചൂട് അനുഭവപ്പെടുന്നതും ഉയരത്തിൽ ചൂട് അനുഭവപ്പെട്ടാൽ മരപ്പൊടി സ്റ്റാർട്ടറായി ഉപയോഗിക്കാവുന്നതുമാണ്. (മാവ്, റബ്ബർ, ആരിവേപ്പ് എന്നിവയുടെ മരപ്പൊടി ഇതിനായി ഉപയോഗയോഗ്യമല്ല).

## 5. പൈപ്പ് കമ്പോസ്റ്റിംഗ്

***ആവശ്യമായ സാധനങ്ങൾ***

- പി.വി.സി. പൈപ്പ് (20 സെ.മീ. ഡയമീറ്റർ 1 മീറ്റർ നീളം) ISI അടയാളത്തോടുകൂടിയത് 2 എണ്ണം.
- അടപ്പുകൾ ഫെറോസിമന്റ്/ജി.ഐ.ഷീറ്റ്/ അലുമിനിയം കൊണ്ടുള്ളവ 2 എണ്ണം.

**തയ്യാറാക്കുന്ന രീതി**

സൗകര്യപ്രദമായ ഭാഗത്ത് 30 സെ.മീ താഴ്ചയിൽ രണ്ട് കുഴിയെടുത്ത് പൈപ്പുകളെ

നിർത്തി മണ്ണിട്ട് ഉറപ്പിക്കുക. 1 മീറ്റർ പൈപ്പിൽ 70 സെ.മീ. പുറത്ത് കാണുകയും 30 സെ.മീ. മണ്ണിനടിയിലുമായിരിക്കും. പൈപ്പിന്റെ മുകളിൽ ക്യാപ്പ് കൊണ്ട് മൂടി വയ്ക്കുക. ഇടയ്ക്കിടയ്ക്ക് ചാണകവെള്ളമോ, ചെറുചൂടുള്ള കഞ്ഞിവെള്ളമോ പുളിപ്പിച്ച തൈരോ, മോരോ മാലിന്യത്തിന്റെ കൂടെ തളിക്കുന്നത് കമ്പോസ്റ്റിംഗ് പ്രക്രിയ ത്വരിതപ്പെടുത്താൻ സഹായിക്കും. ഒരു പൈപ്പ് നിറഞ്ഞതിനു ശേഷം അതിനെ അടപ്പ് കൊണ്ട് അടച്ചുവയ്ക്കുക. എന്നിട്ട് രണ്ടാമത്തെ പൈപ്പിൽ മാലിന്യങ്ങൾ നിക്ഷേപിച്ച് തുടങ്ങുക. ദിവസവും ഒരു കിലോ ജൈവമാലിന്യങ്ങൾ വീതം 60 ദിവസത്തേക്ക് നിക്ഷേപിക്കാൻ ഒരു പൈപ്പ് മതിയാകും. രണ്ടാമത്തെ പൈപ്പ് നിറഞ്ഞുകഴിയുമ്പോൾ അതായത് 4 മാസത്തിന് ശേഷം ആദ്യത്തെ പൈപ്പിൽ നിക്ഷേപിച്ച മാലിന്യങ്ങൾ വളമായി മാറിയിട്ടുണ്ടാകും. ആ പൈപ്പ് പുറത്ത് വലിച്ചെടുത്ത് അതിലുള്ള കമ്പോസ്റ്റ് ഒരു കമ്പിയുപയോഗിച്ച് പുറത്തേക്ക് തള്ളി തണലിൽ ഇട്ട് പൂർണ്ണമായി ജീർണനം നടന്ന ശേഷം വളമായി ഉപയോഗിക്കാം. വീണ്ടും ആ പൈപ്പ് മണ്ണിൽ തിരികെ നിർത്തി മാലിന്യം നിക്ഷേപിക്കാൻ തുടങ്ങാവുന്നതാണ്.

## 6. റിംഗ് കമ്പോസ്റ്റിംഗ്

**ആവശ്യമുള്ള സാധനങ്ങൾ**

- 70 സെ.മീ. വ്യാസത്തിൽ 2.5 സെ.മീ. കനത്തിൽ 50 സെ.മീ. പൊക്കത്തിൽ തയ്യാറാക്കിയ ഫെറോ സിമന്റ്/ കോൺക്രീറ്റ് റിംഗ് - 6 എണ്ണം.
- 75 സെ.മീ. വ്യാസത്തിൽ 2.5 സെ.മീ. കനത്തിൽ തയ്യാറാക്കിയ ഫെറോ സിമന്റ് സ്ലാബ് - 2 എണ്ണം (അതിൽ ഒരു സ്ലാബിൽ നടുക്കായിട്ട് 30 സെ.മീ. വ്യാസത്തിൽ ഒരു ദ്വാരം ഉണ്ടായിരിക്കേണ്ടതാണ്.)
- 35 സെ.മീ. വ്യാസത്തിൽ 2.5 സെ.മീ. കനത്തിലുള്ള ഫെറോ സിമന്റ് സ്ലാബ് -1 എണ്ണം (മേൽപ്പറഞ്ഞ രീതിയിൽ 2 സെന്റ്)

**തയ്യാറാക്കുന്ന രീതി**

സൗകര്യമായ സമനിരപ്പുള്ള ഒരു സ്ഥലത്ത് 75 സെ.മീ. വ്യാസമുള്ള ഫെറോ. സിമന്റ് സ്ലാബ് (ദ്വാരം ഇല്ലാത്തത്) വയ്ക്കുക. അതിന്റെ പുറത്ത് ഫെറോ സിമന്റ് റിംഗ് സ്ഥാപിക്കുക. അതിനുമുകളിൽ ദ്വാരമുള്ള ഫെറോ സിമന്റ് സ്ലാബ് വയ്ക്കുക. മുകളിലത്തെ ഫെറോസിമന്റ് സ്ലാബിലുള്ള ദ്വാരത്തിലൂടെ അത്താ ദിവസങ്ങളിലെ ജൈവമാലിന്യങ്ങൾ നിക്ഷേപിക്കുക. 35 സെ.മീ. വ്യാസമുള്ള സ്ലാബ് കൊണ്ട് ദ്വാരം എപ്പോഴും അടച്ചുവെക്കുക. മാലിന്യം ഇടാൻ സമയത്ത് മാത്രം ഇതിനെ ഒരു വശത്തേക്ക് തള്ളി മാറ്റിയിട്ട് മലിന്യം നിക്ഷേപിക്കുക. ഊറിവരുന്ന ജലം അഥവാ ലീച്ചേറ്റ് പുറത്തേക്ക് പോകാനായി ഫെറോ സിമന്റ് റിങ്ങിന് താഴെ അറ്റത്ത് ഒരിഞ്ചു വ്യാസത്തിൽ ഒരു സുഷിരം ഉണ്ടായിരിക്കണം. അതുവഴി വരുന്ന ലീച്ചേറ്റ് പ്ലാസ്റ്റിക് പാത്രത്തിൽ ശേഖരിച്ച് സംസ്കരിക്കേണ്ടതാണ്. ഒരു റിംഗ് സെറ്റ് മൂന്നുമാസത്തേക്ക് ഒരു കുടുംബത്തിന് മതിയാകും. ഒരു റിംഗ് നിറയുമ്പോഴേക്കും രണ്ടാമത്തെ റിംഗ് മാലിന്യം നിക്ഷേപിക്കാൻ ഉപയോഗിക്കുക. രണ്ടാമത്തെ റിംഗ് നിറയുമ്പോൾ ആദ്യത്തെ റിങ്ങിലെ മാലിന്യം ജൈവവളം ഉണ്ടായിട്ടുണ്ടാകും. ആയത് നീക്കം ചെയ്തശേഷം വീണ്ടും ഉപയോഗിക്കപ്പെടാവുന്നതാണ്.

## 7. മണ്ണിരകമ്പോസ്റ്റിംഗ്

**തയ്യാറാക്കുന്ന രീതി**

പ്ലാസ്റ്റിക്, ടെറാകോട്ട, ഫൈബർ, റെയ്ൻഫോഴ്സ്ട് പ്ലാസ്റ്റിക് മുതലായ പലതരം സാധനങ്ങൾ കൊണ്ട് നിർമ്മിതമായ മണ്ണിര കമ്പോസ്റ്റ് ബേസിനുകൾ അഥവാ ടാങ്കുകൾ ലഭ്യമാണ്. 25 ലിറ്റർ വ്യാപ്തമുള്ള രണ്ട് ബേസിനുകൾ വേണം ഒരു വീട്ടിലേക്ക്. ഇവയിൽ ചകിരിനാരു വിരിച്ച് അതിനുമുകളിൽ ചാണകപ്പൊടി വിതറി അടിസ്ഥാന നിരയിട്ടതിനു ശേഷം മണ്ണിരകളെ (200 എണ്ണം) ഇടുക. (Eudrillus Eugineau എന്നതരം മണ്ണിരയെയാണ് ഇതിനുപയോഗിക്കുക).

അതിന് മുകളിൽ പഴകിയ ആഹാരസാധനങ്ങൾ, പച്ചക്കറി, മത്സ്യം, മാംസം മുതലായവയുടെ വേസ്റ്റുകൾ കൊത്തിയരിഞ്ഞു വയ്ക്കുക. ഇടയ്ക്കിടയ്ക്ക് വെള്ളം തളിച്ചുകൊടുക്കണം. തുടർന്നുള്ള രണ്ടാഴ്ച രണ്ടാമത്തെ ബേസിൻ ഇതേമാതിരി ഉപയോഗിക്കുക. രണ്ടാമത്തെ ബേസിൻ നിറഞ്ഞു കഴിയുമ്പോഴേക്കും ആദ്യത്തെ ബേസിനിലെ മാലിന്യം മണ്ണിര തിന്നുക ഴിഞ്ഞു വളമാക്കിയിട്ടുണ്ടാകും. ആ ബേസിനിലെ ചാക്ക് മാറ്റി ചെറുതായിട്ട് സൂര്യപ്രകാശം തട്ടുന്ന രീതിയിൽ വയ്ക്കുക. ഒന്ന് രണ്ട് ദിവസത്തിനുള്ളിൽ മണ്ണിരകൾ ബേസിന്റെ അടിത്തട്ടി ലേക്ക് വലിയുന്നതായിരിക്കും. ഈ സമയം വളം മാറ്റിയിട്ട് വീണ്ടും മാലിന്യം ഈ ബേസിനിൽ നിക്ഷേപിച്ച് തുടങ്ങാം. മണ്ണിര കമ്പോസ്റ്റ് വഴി ലഭിക്കുന്ന വളം മറ്റ് കമ്പോസ്റ്റ് വഴി ലഭിക്കുന്ന വളത്തേക്കാൾ ജൈവഗുണങ്ങളുള്ളതാണ്.

## 8. പോർട്ടബിൾ ഗാർഹിക ബയോബിൻസ് കമ്പോസ്റ്റിംഗ്

***ആവശ്യമുള്ള സാധനങ്ങൾ***

- പോർട്ടബിൾ ബയോബിൻ – 3 എണ്ണം
  (HDPE ഷീറ്റുകൊണ്ട് നിർമ്മിച്ചതും 35 കിലോഗ്രാം കൊള്ളുന്നതുമായ ബിൻ. ഏറ്റവും അടിയിൽ ഊറൽജലം ശേഖരിക്കുന്നതിനും ഏറ്റവും മുകളിൽ അടച്ച് വെയ്ക്കുന്നതി നുമുള്ള മൂന്ന് തട്ടുകളാണ് പ്രധാന ഭാഗങ്ങൾ. അടിത്തട്ടില്ലാത്ത പ്ലാസ്റ്റിക് ബിന്നുകളും ഉപയോഗിക്കാം. അത്തരം സാഹചര്യത്തിൽ മണ്ണിൽ കുഴിച്ച് വയ്ക്കുകയോ മണ്ണിനുമു കളിൽ ഇഷ്ടിക വെച്ച് മണ്ണ് നിറച്ച് ഊറൽ ആഗിരണം ചെയ്യുവാൻ സൗകര്യം ഉണ്ടാ ക്കുകയോ ചെയ്യണം).
- ചാണകം, മേൽമണ്ണ്, ശർക്കര, യീസ്റ്റ്, മരപ്പൊടി, ചകിരി

**തയ്യാറാക്കുന്ന രീതി**

തരം തിരിച്ച അടുക്കള മാലിന്യങ്ങൾ ചെറുതായി മുറിച്ച് ബിന്നിൽ ഇടുക. ചാണകം, മേൽമണ്ണ്, ശർക്കര, യീസ്റ്റ്, മരപ്പൊടി, ചകിരി എന്നിവയുടെ മിശ്രിതം വിതറുക. ഇപ്രകാരം അടുത്തദിവസം മുതൽ മാലിന്യം നിക്ഷേപിക്കുക. ഒരു മാസമാകുമ്പോൾ ബിൻ നിറയും. നിറഞ്ഞ ബിൻ അടച്ച് സൂക്ഷിച്ചിട്ട് രണ്ടാമത്തെ ബിൻ നിറയ്ക്കുക. രണ്ടുമാസം പൂർത്തിയാകുമ്പോൾ ആദ്യത്തെ ബിന്നിലെ മാലിന്യം കമ്പോസ്റ്റ് ആയി മാറിയിട്ടുണ്ടാകും. അതിനെ വെയിലത്ത് ഉണക്കി വളമായി ഉപയോഗിക്കാം. മൂന്നാം മാസത്തിൽ വീണ്ടും ആ ബിൻ ഉപയോഗിച്ച് തുങ്ങാം. മൂന്നാം മാസത്തിൽ വീണ്ടും ആ ബിൻ ഉപയോഗിച്ച് തുടങ്ങാം.

## 9) മിനി ബയോപെഡസ്റ്റൽ കമ്പോസ്റ്റിംഗ്

**ആവശ്യമുള്ള സാധനങ്ങൾ**

- ഗാർഹിക മാലിന്യബാസ്ക്കറ്റ് അടക്കം ചെയ്യാവുന്ന കുഴി – 2 എണ്ണം
- ഒരു മീറ്റർ നീളവും 20 സെ.മീ. വ്യാസവുമുള്ള പി.വി.സി.പൈപ്പ് – 2 എണ്ണം
- ഫെറോ സിമന്റോ, പി.വി.സിയോ കൊണ്ട് നിർമിച്ച അടപ്പ് 2 എണ്ണം.
  അര ഇഞ്ച്/ മുക്കാൽ ഇഞ്ച് ചല്ലി ആവശ്യം അനുസരിച്ച് ത

**യാറാക്കുന്ന രീതി**

വേസ്റ്റ് ബക്കറ്റിന്റെ അടിഭാഗത്ത് 20 സെ.മീ. വ്യാസത്തിൽ ദ്വാരമുണ്ടാക്കുക. ബക്കറ്റിനെ കമഴ്ത്തി കുഴിയിലിറക്കുക. പൈപ്പിന്റെ അറ്റം ചരിച്ചുമുറിക്കുക. മുറിച്ച അറ്റം ബക്കറ്റിലെ ദ്വാര ത്തിലൂടെ കടത്തി ഉറപ്പിക്കുക. ബാസ്ക്കറ്റിന് ചുറ്റും ചല്ലിയിട്ട് വിടവ് അടയ്ക്കുക. പൈപ്പ് മാത്രം പുറത്ത് കാണത്തക്കവിധം ബാസ്ക്കറ്റ് മണ്ണിട്ട് മൂടുക. മാലിന്യം ചെറു കഷണങ്ങളാക്കി പൈപ്പി നുള്ളിൽ നിക്ഷേപിക്കുക. ആഴ്ചയിൽ ഒരിക്കൽ പച്ചചാണകമോ, ജൈവ മിശ്രിതമോ വിതറുക. ആദ്യ ആഴ്ച ഒന്നാം പെഡസ്റ്റലും അടുത്ത ആഴ്ച രണ്ടാം പെഡസ്റ്റലും എന്ന രീതിയിൽ ഒന്നും രണ്ടും പെഡസ്റ്റലുകൾ മാറി മാറി ഉപയോഗിക്കുക. മാലിന്യം നേരിട്ട് ആഗിരണം ചെയ്യുന്നതി നാൽ കമ്പോസ്റ്റ് പ്രത്യേകം മാറ്റേണ്ടതായി വരുന്നില്ല.

## 10) പോർട്ടബിൾ ബിൻ/ ബക്കറ്റ് കമ്പോസ്റ്റിംഗ്

**ആവശ്യമുള്ള സാധനങ്ങൾ**

- 50 ലിറ്റർ കപ്പാസിറ്റിയുള്ളതും അടപ്പോടുകൂടിയതും ഊറൽജലം വാർന്ന് പോകാൻ പാകത്തിൽ ഏറ്റവും അടിയിൽ ടാപ്പ് ഘടിപ്പിച്ചിട്ടുള്ളതുമായ HDPE ബക്കറ്റ് - 2 എണ്ണം.
- ചിരട്ട ആവശ്യത്തിന്
- ട്രേയുടെ ഉള്ളിൽ ബക്കറ്റ് ഉയർത്തി വയ്ക്കുന്നതിനുവേണ്ടി ഇഷ്ടിക - 4 എണ്ണം
- ഊറൽജലം ശേഖരിക്കുവാൻ മഗ്ഗ് - 1
- 1/2 m x 1/2 m പ്ലാസ്റ്റിക് വല - 2 എണ്ണം
- ബക്കറ്റ് ഇറക്കിവയ്ക്കാൻ പാകത്തിലുള്ള ട്രേ - 2 എണ്ണം
- ജൈവമിശ്രിതം/ പുളിപ്പിച്ച തൈര്
  തവി

**തയാറാക്കുന്ന രീതി**

ബക്കറ്റിനുള്ളിൽ ഒരു ലെയർ ചിരട്ട അടുക്കുക. അതിനുമുകളിൽ പ്ലാസ്റ്റിക് വല വിരിക്കുക. ട്രേയ്ക്കുള്ളിൽ രണ്ട് ഇഷ്ടിക വെച്ച് അതിനുമുകളിൽ വയ്ക്കുക. ദിവസവും മാലിന്യം ഇളക്കി ചേർക്കുക. അഞ്ചുപേരടങ്ങുന്ന കുടുംബത്തിന് പരമാവധി ഒരു മാസത്തേക്ക് ഒരു യൂണിറ്റ് മതിയാകും. ആഴ്ചയിലൊരിക്കൽ ഒരു മഗ്ഗ് വെള്ളം ഒഴിക്കുകയും ഊറൽ ജലം ടാപ്പിലൂടെ മഗ്ഗിൽ ശേഖരിക്കുകയും ചെയ്യുക. ബക്കറ്റ് എപ്പോഴും അടച്ചുവയ്ക്കാൻ ശ്രദ്ധിക്കുക. രണ്ടാമത്തെ ബക്കറ്റ് നിറയുമ്പോഴേക്കും ഒന്നാമത്തെ ബക്കറ്റിൽ മാലിന്യം കമ്പോസ്റ്റായി മാറുന്നതാണ്.

## 11) ഗാർഹിക ബയോഗ്യാസ് പ്ലാന്റ് (പോർട്ടബിൾ)

ഓക്സിജന്റെ അഭാവത്തിൽ മാലിന്യം സംസ്ക്കരിക്കുവാനും അതുവഴി പാചക ആവശ്യത്തിനായി ഗ്യാസ് ഉൽപ്പാദിപ്പിക്കുവാനും സാധിക്കുന്ന മാലിന്യസംസ്കരണ സംവിധാനമാണ് ബയോഗ്യാസ് പ്ലാന്റ് അഞ്ച് അംഗങ്ങൾ ഉള്ള ഒരു കുടുംബത്തിന് 0.5 ഘനമീറ്റർ വ്യാപ്തിയുള്ള ഒരു യൂണിറ്റ് മതിയാകും. ഒന്നുമുതൽ രണ്ട് മണിക്കൂർ വരെ അടിക്കളയിൽ കത്തിക്കുന്നതിനാവശ്യമായ ബയോഗ്യാസ് അര ഘനമീറ്റർ യൂണിറ്റിൽ നിന്നും ലഭിക്കുന്നു.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

ചാണകം, അടുക്കളയിൽ നിന്നുള്ള മാലിന്യം, റബ്ബർ ഷീറ്റിന്റെ വെള്ളം മറ്റ് ജൈവമാലിന്യങ്ങൾ തുടങ്ങിയ പെട്ടെന്ന് ജീർണ്ണിക്കുന്ന തരം മാലിന്യം പ്ലാന്റിൽ നിക്ഷേപിക്കാവുന്നതാണ്. എന്നാൽ മുട്ടത്തോട് ചിരട്ട, വാഴയില, ഓറഞ്ച്, നാരങ്ങ, അച്ചാർ, കീടനാശിനികൾ, ഫിനോയിൽ, ഡെറ്റോൾ, സോപ്പുവെള്ളം, കുപ്പി, പ്ലാസ്റ്റിക്, ലോഹങ്ങൾ, തടികഷണം, മണ്ണ് മുതലായവ നിക്ഷേപിക്കുവാൻ പാടുള്ളതല്ല. മാലിന്യം ചെറുതായി അരിഞ്ഞു ഒരു കിലോയ്ക്ക് ഒരു ലിറ്റർ വെള്ളം എന്ന തോതിൽ കലക്കി പ്ലാന്റിൽ ഒഴിക്കുക. വാട്ടർ ജാക്കറ്റിൽ കൊതുക് വളരുവാൻ സാധ്യതയുള്ളതിനാൽ അത് തടയുന്നതിനായി കൊതുകുവല ഇടുകയോ ഗപ്പി മീൻ വളർത്തുകയോ ചെയ്യാവുന്നതാണ്. പുറത്തേക്ക് വരുന്ന സ്ലറി ഒരു ബക്കറ്റോ പാത്രമോ വെച്ച് ശേഖരിക്കുക. ആയത് വെള്ളം ചേർത്ത് നേർപ്പിച്ച് ചെടികൾക്കും മരങ്ങൾക്കും വളമായി ഉപയോഗപ്പെടുത്താവുന്നതാണ്. തുടക്കത്തിൽ ഒരു കിലോ ചാണകത്തിന് മൂന്നിരട്ടി വെള്ളം ചേർത്ത് നേർപ്പിച്ച് ഡയജസ്റ്റിൽ നിറയ്ക്കേണ്ടതാണ്.

## 12) സോക്കേജ് പിറ്റ്

മലിനജലം കെട്ടിനിൽക്കാതെ അരിച്ച് ഭൂമിയിലേക്ക് ഒഴുക്കിവിടാനുള്ള സംവിധാനമാണ് സോക്കേജ് പിറ്റ്. വെള്ളം ഒഴുകിയെത്തുന്ന സ്ഥലത്ത് ഒരു മീറ്റർ നീളവും ഒരു മീറ്റർ വീതിയും ഒരു മീറ്റർ ആഴവുമുള്ള ഒരു കുഴി തയ്യാറാക്കുക. കുഴിയുടെ മൂന്നിൽ ഒന്ന് ഭാഗം ചെറിയ കല്ലുകളോ ഇഷ്ടിക കഷണങ്ങളോ ഇട്ട് (ഏകദേശം 15 സെ.മീ) നിറയ്ക്കുക. അതിനുമുകളിലുള്ള

മൂന്നിൽ ഒന്ന് ഭാഗം കുറേക്കൂടി ചെറിയ കല്ലുകളോ ഓട് മുറികളോ, ഇഷ്ടിക കഷണങ്ങളോ നിറയ്ക്കുക. അതിനും മുകളിൽ കുറച്ച് ഭാഗം ചരലിനു മുകളിൽ കുറച്ച് ഭാഗം മണലും വിരിക്കുക. ഏറ്റവും മുകളിൽ ചകിരി നിരത്തുക. മലിനജലം ഓടയിൽ കൂടി സോക്കേഡ് പിറ്റിലേക്ക് ഒഴിക്കുക.

- ഫ്ളാറ്റ് / കോളനി/ സ്ഥാപനതല മാലിന്യസംസ്ക്കരണം

1) പോർട്ടബിൾ ബയോബിൻ കമ്പോസ്റ്റിംഗ്

**ആവശ്യമുള്ള സാധനങ്ങൾ**

- ദിവസവും 40-45 കിലോഗ്രാം അടുക്കള മാലിന്യം സംസ്ക്കരിക്കാൻ കഴിവുള്ള (യഥാക്രമം 180 സെ.മീ. 75 സെ.മീ. നീളം, വീതി, പൊക്കം) ബയോബിൻ - 2
- ദീർഘചതുരാകൃതിയിലുള്ള ഫൈബർപാളികൾ, എളുപ്പത്തിൽ യോജിപ്പിച്ച് നിർമിക്കുന്നതാണ്. ബിൻവായു സഞ്ചാരയോഗ്യമാം വിധം വശങ്ങളിൽ സുഷിരങ്ങൾ ഉണ്ടായിരിക്കണം
- ചാണകവെള്ളം വിതറുവാൻ 1 ലിറ്റർ കപ്പാസിറ്റിയിലുള്ള സ്പ്രേയർ
- സ്റ്റീർഫോർക്ക് - വലുത് - 1 ചെറുത് - 1
- കമ്പോസ്റ്റ് കോരിമാറ്റാൻ 40 സെ.മീ. വ്യാസമുള്ള സ്റ്റീൽ ചട്ടി
- കമ്പോസ്റ്റ് ഉണക്കാൻ 2 മീറ്റർ ഫ്ളക്സ് ഷീറ്റ്
- സ്റ്റീൽ കട്ടിംഗ് കത്തി.
- ദിനംപ്രതി ഒരു കിലോഗ്രാം മാലിന്യമുണ്ടാക്കുന്ന നാല് പേരടങ്ങുന്ന 40 കുടുംബങ്ങൾക്ക് ഒരു സെന്റ് ബയോപിൻ മതിയാകും.
- കുടുംബങ്ങളുടെയും കുടുംബാംഗങ്ങളുടെയും എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ബിൻസൈസ് / എണ്ണം കൂട്ടാവുന്നതാണ്.
- തുറസ്സായ ഫ്ളാറ്റ് ടെറസ്സുകൾക്ക് അനുയോജ്യമാണ്

**തയ്യാറാക്കുന്ന രീതി**

ഉറവിടത്തിൽ വച്ച് വേർതിരിച്ച് അഴുകുന്ന മാലിന്യങ്ങൾ മാത്രം ചെറിയ കഷ്ണങ്ങളാക്കി ബിന്നിൽ നിക്ഷേപിക്കുക. (പ്ലാസ്റ്റിക് ഒഴിവാക്കുക). ഇടയ്ക്കിടെ ചാണകവെള്ളം സ്പ്രേ ചെയ്യുക. ദിവസവും ഈ പ്രക്രിയ നടത്തുക. ഒരു ബിൻ 15 ദിവസത്തേക്ക് മതിയാവും. അതിന് ശേഷം അടപ്പുകൊണ്ട് മൂടിവയ്ക്കുക. രണ്ടാമത്തെ ബിൻ നിറയുമ്പോഴേക്കും ആദ്യത്തേത് കമ്പോസ്റ്റായി മാറിക്കഴിയും. ഈ കമ്പോസ്റ്റ് ഒരു ദിവസം ടെറസ്സിൽ വിതറി ഉണക്കി ചെടികൾക്ക് വളമായി ഉപയോഗിക്കാവുന്നതാണ്.

## ശുചിത്വം മാനില്യസംസ്കരണം നേരിടുന്ന പ്രധാന വെല്ലുവിളികൾ

1. വർദ്ധിച്ചുവരുന്ന ജനസംഖ്യയും മാലിന്യങ്ങളുമാണ് നഗരസഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.
2. അലക്ഷ്യമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നത് നഗരസഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്.
3. കടകളിൽ നിന്നും വ്യവസായശാലകളിൽ നിന്നും മലിനജലം ജലാശയങ്ങളിലേക്ക് ഒഴുക്കുന്നത് മൂലം മീനച്ചിലാറും കൈവഴികളും മലിനമാകുന്നു.
4. ചെറിയ ചെറിയ പ്ലോട്ടുകളിൽ താമസിക്കുന്ന ആളുകളുടെ മാലിന്യസംസ്കരണ സാധ്യതകളുടെ അപര്യാപ്തത.
5. ലഭ്യമാകുന്ന പദ്ധതിവിഹിതത്തിന്റെ അപര്യാപ്തത.

## പരിഹാരമാർഗ്ഗങ്ങൾ സാധ്യതകൾ

1. ഓരോ വാർഡിലെയും ജനങ്ങളെ ആരോഗ്യവിഭാഗത്തിന്റെ സഹായത്താൽ മാലിന്യം വലി

ച്ചെറിയുന്നതിനെതിരെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
2. ഓരോ സ്കൂളുകളിലും ആശുപത്രികളിലും മിനി തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുക.
3. റസിഡൻസ് അസോസിയേഷനുകളിലും കോളനികളിലും തുമ്പൂർമൂഴി മോഡൽ കമ്മ്യൂണിറ്റി ലെവൽ ഖരമാലിന്യ സംസ്കരണപ്ലാന്റുകൾ സ്ഥാപിക്കുക.
4. ജലാശയങ്ങളിലേക്ക് മാലിന്യജലം ഒഴുക്കുന്നതിനെതിരെ ഹെൽത്ത് വിഭാഗത്തിന്റെ നേതൃത്വത്തിൽ ശക്തമായ നടപടി സ്വീകരിക്കുക.
5. മീനച്ചിലാർ ശുചീകരണവുമായി ബന്ധപ്പെട്ട് സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുക.
6. ഓരോ വീടുകളിലും ഖരമാലിന്യ സംസ്കരണത്തിന് ബക്കറ്റ് കംപോസ്റ്റ്, റിംഗ് കംപോസ്റ്റ്, പോട്ട് കമ്പോസ്റ്റ് തുടങ്ങിയ സംവിധാനങ്ങൾ സബ്സിഡിയോടുകൂടി നൽകുക.
7. മാലിന്യമുക്ത ഈരാറ്റുപേട്ട എന്ന ലക്ഷ്യത്തിലേക്ക് ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.
8. തേവരുപാറയിലെ മാലിന്യ സംസ്കരണപ്ലാന്റിന്റെ പ്രവർത്തനം കൂടുതൽ സുഗമവും, കാര്യക്ഷമവുമാക്കുക.
9. മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിന് ഓരോ ജംഗിഷനിലും ബിന്നുകൾ സ്ഥാപിക്കുക.
10. ഇ-വേസ്റ്റുകൾ സംസ്കരിക്കുന്നതിനും, മെഡിക്കൽ വേസ്റ്റുകൾ സംസ്കരിക്കുന്നതിനും നൂതന പദ്ധതികൾ തയ്യാറാക്കുക.
11. നഗരത്തിൽ രാത്രി പെട്രോളിംഗ് ശക്തമാക്കുക.
12. അനധികൃതമായി നഗരത്തിൽ വേസ്റ്റ് തള്ളുന്ന ആളുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുക.
13. നഗരത്തിൽ വേസ്റ്റ് തള്ളുന്ന സ്ഥലങ്ങളിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കുക.
14. ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.
15. ഹരികർമ്മ സേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുവാനും ആയത് വിപണനം നടത്തുവാനും സംവിധാനം ഏർപ്പെടുത്തുക.
16. അയ്യങ്കാളി തൊഴിലാളികളുടെ നേതൃത്വത്തിൽ നഗരത്തിലെ തോടുകളിലും ജലാശയങ്ങളും മാലിന്യമുക്തമാക്കുക.
17. നഗരസഭാ ഓഫീസും അനുബന്ധ സ്ഥാപനങ്ങളും ഹരിത പ്രോട്ടോക്കോൾ പൂർണ്ണമായും പാലിച്ച് ഹരിത ഓഫീസുകളാക്കുക. ആയതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

## നഗരസഭയിലെ മാലിന്യസംസ്കരണത്തിലെ വെല്ലുവിളികൾ

- ഉയർന്ന അളവിലെ ഈർപ്പം
- കുറഞ്ഞ കലോറിക്ക് മൂല്യം
- ഘനലോഹത്തിന്റെ സാന്നിധ്യം
- വേഗത്തിൽ അഴുകുന്നതു മൂലം കാർബൺഡയോക്സൈഡ്, മീഥേൻ എന്നീ വാതകങ്ങൾ അന്തരീക്ഷത്തിലേക്ക് വ്യാപിക്കുന്നു. കത്തിക്കാൻ പറ്റുന്നവ കുറവ്.
- ശാസ്ത്രീയമായി തരംതിരിക്കാതെ ജൈവ അജൈവ മാലിന്യങ്ങളും അപകടകരമായവയും കൂട്ടിച്ചേർത്ത് പ്ലാസ്റ്റിക് കവറകളിൽ പൊതിഞ്ഞ് പൊതുഇടത്തും ജലാശയങ്ങളിലും വലിച്ചെറിയുന്നു.
- ജൈവ മാലിന്യങ്ങളെ ഊർജ്ജം, ജൈവവളം എന്നിവയാക്കി മാറ്റാവുന്നതാണ്. എന്നാൽ ഇതിനാവശ്യമായ സംവിധാനങ്ങളുടെ കുറവും, ജനങ്ങളുട പ്രതികൂലമനോഭാവവും.
- പരിസരമലിനീകരണവും മാലിന്യം വലിച്ചെറിയലും ജനവാസ കേന്ദ്രങ്ങളെ വാസയോഗ്യ

മല്ലാതാക്കുന്നു.

## മാലിന്യസംസ്കരണ തന്ത്രങ്ങൾ

1. ഉറവിടത്തിൽ തരംതിരിക്കൽ
2. ജൈവമാലിന്യങ്ങൾ ഉറവിടത്തിലോ സമീപത്തോ സംസ്കരിച്ചു വളമാക്കി രൂപാന്തര പ്പെടുത്തൽ
3. അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണവും ശാസ്ത്രീയ സംസ്കരണവും
4. അപകടകരമായ ഗാർഹിക മാലിന്യങ്ങൾ സമാഹരിക്കുന്നതിനും സംസ്കരിക്കുന്നതിനും ശാസ്ത്രീയമായ പ്രക്രിയ നടപ്പിലാക്കൽ
5. എല്ലാ സ്ഥാപനങ്ങൾക്കും ജൈവ അജൈവ മാലിന്യ സംസ്കരണം ഉറപ്പാക്കുക.
6. കൂടുതലായി മാലിന്യങ്ങൾ ഉൽപാദിപ്പിക്കുന്ന സ്ഥാപനങ്ങൾ സ്വന്തമായി മാലിനന്യസം സ്കരണ സംവിധാനം ഉറപ്പാക്കൽ
7. നഗരസഭയിൽ മികച്ചതും ശാസ്ത്രീയമായതുമായ കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനം നടപ്പിലാക്കുക.
8. ഹരിതകേരളം മിഷന്റെ നേതൃത്വത്തിലുള്ള ഏകോപനത്തിലൂടെ മാലിന്യ സംസ്കരണവും ജൈവകൃഷിയും ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള അന്തരീക്ഷം ഒരുക്കുക.
9. ഒരുതരത്തിലും സംസ്കരണം നടത്താൻ കഴിയാത്ത മാലിന്യങ്ങൾക്കായി റീജിയണൽ തലത്തിൽ ശാസ്ത്രീയമായ സാനിട്ടറി ലാന്റ് ഫിൽ ഒരുക്കുക.
10. ഒറ്റ പ്രാവശ്യം ഉപയോഗിച്ചു വലിച്ചെറിയുന്ന വസ്തുക്കളുടെ ഉപയോഗം തടയുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുക.
11. പൊതുസ്ഥലങ്ങൾ സ്ഥിരമായി വൃത്തിയാക്കുകയും സൗന്ദര്യവൽക്കരിക്കുകയും ചെയ്യു ക.
12. കെട്ടിട നിർമ്മാണ അവശിഷ്ടങ്ങൾ പുനരുപയോഗിക്കുകയോ പുനഃചംക്രമണം ചെയ്യു കയോ മൂല്യവർദ്ധിത വസ്തുക്കൾ നിർമ്മിക്കുകയോ ചെയ്യുന്നതിന് പ്രോത്സാഹനം നൽകുക.
13. തെറ്റായ രീതിയിൽ മാലിന്യം കൈകാര്യം ചെയ്യുന്നവർക്കെതിരെ നിയമ നടപടിയും പിഴ ചുമത്തുകയും ചെയ്യുന്നതു ശക്തിപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുക.
14. ഫലപ്രദമായ രീതിയിലുള്ള തർക്കപരാതി പരിഹാര സംവിധാനം ബഹുജനങ്ങൾക്കായി സജ്ജമാക്കുക.
15. മനോഭാവ വ്യതിയാനത്തിനും ശീലവൽക്കരണത്തിനുമായി ശക്തമായ ബഹുജനവിദ്യാ ഭ്യാസം നടപ്പിലാക്കുക.
16. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്കും ഫലപ്രദമായ ശേഷി വികസനപരിപാടി നടപ്പിലാക്കുക.
17. മാലിന്യ സംസ്കരണത്തിന്റെ കാര്യക്ഷമത ഉറപ്പാക്കാൻ നിരന്തരമായ സാമൂഹ്യവിലയി രുത്തൽ പ്രക്രിയകൾ ഹരിതകേരളാ മിഷന്റെ സഹായത്തോടെ ആവിഷ്കരിക്കുക.
18. മാലിന്യ സംസ്കരണ മേഖലയിലെ സേവനദാതാക്കളുടെ വിപുലീകരണത്തിന് വൈദ ഗ്ദ്ധ്യമുള്ള ചെറുപ്പക്കാരുടേയും, സ്റ്റാർട്ടപ്പുകളുടേയും സാധ്യത പ്രയോജനപ്പെടുത്തു ക.

## ശുചിത്വം മാലിന്യ സംസ്കരണം

ഒരു വസ്തു മാലിന്യമായി കണക്കാക്കി ഉപേക്ഷിക്കുന്നതിന് മുമ്പ് മറ്റുള്ളവർക്ക് ഉപ യോഗത്തിനോ, സ്വന്ത പുനരുപയോഗത്തിനോ സാധ്യതയുണ്ടോ എന്ന് പരിഗണിക്കുക. ദീർഘ കാലം ഉപയോഗിക്കാവുന്നവ വാങ്ങുക.

**പുനഃചംക്രമണം (Recycle)**

1. പ്ലാസ്റ്റിക് പേപ്പർ, ലോഹം തുടങ്ങിയ പാഴ്‌വസ്തുക്കൾ പുനഃചംക്രമണം ചെയ്ത് പുതിയ ഉൽപന്നങ്ങൾ ഉണ്ടാക്കാം. ഇവ വലിച്ചെറിയാതെ പുനഃചംക്രമണ വ്യവസായത്തിന് തിരികെ നൽകാൻ നടപടി സ്വീകരിച്ച് നടപ്പിലാക്കുക.
2. ഇവ കൂടാതെ മാലിന്യങ്ങൾ ഉത്ഭവസ്ഥാനത്ത് തന്നെ തരംതിരിച്ച് സംഭരിക്കുകയും ചീയുന്നവയും ചീയാത്തതും, അപകടകരവുമായവയും പ്രത്യേക കണ്ടെയിനറുകളിൽ ശേഖരിച്ച് സംസ്ക്കരണത്തിനായി കയ്യൊഴിയുകയും ചെയ്യണം.
3. ചീയുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ കമ്പോസ്റ്റ് ആക്കുകയോ, ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് ഗ്യാസ് ഉൽപാദിപ്പിക്കുകയോ ചെയ്യുക. ഇത്തരം കാര്യങ്ങൾക്ക് ഗാർഹിക തലത്തിലും സ്ഥാപനതലത്തിലും ഉപയോഗിക്കാവുന്ന മോഡലുകൾ വിതരണം ചെയ്യുക.
4. അഴുകാത്ത വസ്തുക്കളിൽ അപകടകരമായ ബാറ്ററികൾ, രാസവസ്തുക്കൾ, ട്യൂബ്ലൈറ്റ്, CFL Lamp, പെയിന്റ്, ടിന്നർ, കീടനാശിനികൾ, മെർക്കുറി എന്നിവ അടങ്ങിയവയും കാലാവധി കഴിഞ്ഞ മരുന്നുകളും സാനിറ്ററി പാഡുകളും അപകടകരമായ മാലിന്യങ്ങളാണ്. ഇവ പ്രത്യേക പൗച്ചുകളിൽ സംഭരിച്ച് ശാസ്ത്രീയസംസ്ക്കരണം നടപ്പിലാക്കണം.
5. പ്ലാസ്റ്റിക്, പേപ്പർ, കുപ്പികൾ, ലോഹങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ പുനരുപയോഗവും പുനഃചംക്രമണവും സാധ്യമായവയാണ്. ഇവ നഗരസഭയുടെ ഹരിതകർമ്മസേന മുഖേന നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് ശേഖരിച്ച് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിൽ (MRF Centre) ശേഖരിക്കുകയും റീസൈക്കിൾ യൂണിറ്റുകൾക്ക് കൈമാറുകയും ചെയ്യുന്ന പ്രവർത്തി കൂടുതൽ ഊർജ്ജിതമാക്കണം.
6. ഗാർഹിക/സ്ഥാപനതല ജൈവമാലിന്യങ്ങൾ ഉൽപാദകന്റെ/ സ്ഥാപനത്തിന്റെ ഉത്തരവാദിത്വത്തിൽ ഉറവിടമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ മുഖേന കമ്പോസ്റ്റിംഗ്/ ബയോമെഥനേഷൻ. ഇത് സാധ്യമാകാത്ത ഇടങ്ങളിൽ നഗരസഭ കമ്മ്യൂണിറ്റിതലത്തിൽ വികേന്ദ്രീകൃത സംവിധാനം ഒരുക്കുകയും ഇപ്രകാരം പരിപാലിക്കുന്നതിന് യൂസർഫീ ചുമത്തുകയും ചെയ്യുക.
7. ദ്രവമാലിന്യ പരിപാലനത്തിന് സീവേജ്/ സെപ്റ്റേജ് സംവിധാനങ്ങൾ ഉചിതമായ രീതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുക.

**മുഖ്യലക്ഷ്യങ്ങൾ**

- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വ്യക്തികൾ, സ്ഥാപനങ്ങൾ, സമൂഹം എന്നിവിടങ്ങളിൽ അവബോധം സൃഷ്ടിക്കുക.
- ഉറവിടത്തിൽ മാലിന്യം തതരംതിരിക്കുന്ന ശീലം നിർബന്ധമാക്കുക.
- മാലിന്യത്തെയും പൊതുജനാരോഗ്യത്തെയും സംബന്ധിച്ചുള്ള അവബോധം ജനങ്ങളിലുണ്ടാക്കുക.
- ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ സംസ്കരിക്കുന്നതിനുള്ള ഉപാധികളുടേയും അനുയോജ്യ സാങ്കേതികവിദ്യകൾ നടത്തിപ്പും പരീക്ഷിക്കുക.
- അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് ശാസ്ത്രീയമായ സംസ്കരണം നടപ്പാക്കുക.
- മാലിന്യത്തിന്റെ അളവു കുറയ്ക്കലും പുനഃചംക്രമണവും പുനരുപയോഗവും പരമാവധിയാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- മാലിന്യ സംസ്കരണത്തെ സംരംഭമായി വളർത്തിയെടുത്ത് 10 പേർക്ക് തൊഴിൽ ഉറപ്പുവരുത്തുക.

- വ്യത്യസ്ത വികസനമേഖലയുമയി സംയോജിപ്പിച്ച് സമഗ്ര മാലിന്യ സംസ്കരണപരിപാടി ആവിഷ്ക്കരിക്കുക. (ഉദാ: കൃഷി, ചെറുകിടവ്യവസായം, ജലസംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം)
- നഗരസഭയുടെ മാലിന്യസംസ്കരണ പരിപാലനത്തിനായുള്ള ആസൂത്രണ നിർവഹണ പരിപാലനശേഷി ശക്തിപ്പെടുത്തുക.
- പാരിസ്ഥിതികവും സാമൂഹ്യവുമായ സുരക്ഷ, മാലിന്യം കൈകാര്യം ചെയ്യുന്നവർക്കും ശുചീകരണ തൊഴിലാളികൾക്കും ഉറപ്പാക്കുക.
- മാലിന്യ സംസ്കരണ രംഗത്തേക്കാവശ്യമായ മനുഷ്യശേഷി ഉറപ്പാക്കലും വികസിപ്പിക്കലും മുഖ്യലക്ഷ്യമാക്കുക.



# ആരോഗ്യം
## (ആയുർവ്വേദം, ഹോമിയോപ്പതി ഉൾപ്പെടെ)

**ആരോഗ്യം**

| ക്ര. ന | പേരും വിലാസവും | ഫോൺ ഇ-മെയിൽ ഐ.ഡി. | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/ പുരുഷൻ | എസ്.സി./ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം / പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1. | റൈന എം.എം. | 9961314855 | ചെയർപേഴ്സൺ | | | | | |
| 2. | രാജൻ റ്റി. | 9446403176 | കൺവീനർ | | | | | |
| 3. | എസ്.കെ.നൗഫൽ | 9961813548 | അംഗം | | | | | |
| 4. | സജിത്ത് കെ.എ | 9605595764 | അംഗം | | | | | |
| 5. | സിദ്ധിക്ക് കെ.എച്ച്,ഐയു.എം.എൽ | 9747766928 | അംഗം | | | | | |
| 6. | നൂറുൽ അബ്റാർ | 9567931007 | അംഗം | | | | | |
| 7. | അവിനാശ് മൂസ | 7994840659 | അംഗം | | | | | |
| 8. | മുജീബ് | 8943669014 | അംഗം | | | | | |
| 9. | സിറാജ് കണ്ടത്തിൽ | 9447266685 | അംഗം | | | | | |
| 10. | ബഷീർ കെ.കെ. | 9897633241 | അംഗം | | | | | |
| 11. | ഷഹീർ വി.എം | 9847705013 | അംഗം | | | | | |
| 12. | നിധിൽ ആർ. | 9747766268 | അംഗം | | | | | |
| 13. | ജോസ് ജേക്കബ്, എച്ച്.ഐ. | 9447807209 | അംഗം | | | | | |
| 14. | റഹാൻ മിറാസ് | 9847425394 | അംഗം | | | | | |
| 15. | ലീന ജെയിംസ് കുന്നേൽ | 8547147725 | അംഗം | | | | | |

## ആമുഖം

ആരോഗ്യരംഗത്ത് സുപ്രധാനമായ ഒരുപാട് നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ നമുക്ക് സാറഞ്ഞ ശിശുമരണ നിരക്ക് കുറഞ്ഞ മാതൃമരണ നിരക്ക് എന്നിങ്ങനെ നാം കൈവരിച്ച നേട്ടങ്ങൾ ഏറെയാണ്. ഉയർന്ന സാക്ഷരത സാക്ഷരത രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങൾ ഉണ്ടാക്കി എടുത്ത പൊതു അവബോധം അധികാര വികേന്ദ്രീകരണം, മെച്ചപ്പെട്ട പൊതു വിതരണ സമ്പ്രദായം എന്നിങ്ങനെ പല കാരണങ്ങളുണ്ട്. ഈ നേട്ടങ്ങൾ നേടിയെടുക്കുവാൻ നമുക്ക് സാധിച്ചതിൽ ഒഴിച്ചുകൂടാനാകാത്തതാണ് അധികാര വികേന്ദ്രീകണം വഴി നേടിയെടുത്ത ജനകീയ അടിത്തറയും വിഭവ സമാഹരണവും അധികാര വികേന്ദ്രീകരണം ആരംഭിച്ച 1996ൽ ആരോഗ്യ രംഗത്ത് വലിയ തകർച്ചയാണ് നേരിട്ടുകൊണ്ടിരുന്നത്. പുതിയ രോഗങ്ങളുടെ ആധിക്യം ജീവിത

ശൈലീ രോഗങ്ങളുടെ വർദ്ധനവ്, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം മുതലായവ ഈ തകർച്ചയ്ക്ക് ആക്കംകൂട്ടി. മനുഷ്യൻ സ്വയം സൃഷ്ടിക്കുന്ന സാഹചര്യങ്ങളാണ് ഇത്തരമൊരവസ്ഥയുണ്ടാക്കുന്നത് എന്ന് നാം തിരിച്ചറിയാതെ പോകുന്നുണ്ട്. അന്തരീക്ഷ മലിനീകരണം, കീടനാശിനികളുടെ അമിതമായ ഉപയോഗം, പരിതസ്ഥിതിയിലും കാലാവസ്ഥയിലും വന്ന മാറ്റങ്ങൾ തുടങ്ങിയവ രോഗാതുരത വർദ്ധിക്കുവാനുള്ള കാരണങ്ങളാണ്. നമ്മുടെ നാടിന്റെ ജനസ്ഖ്യാ വർദ്ധനവ്, ജീവിത സാഹചര്യം, ദ്രുതഗതിയിലുള്ള നഗരവൽക്കരണം എന്നിവ അന്തരീക്ഷ മലിനീകരണത്തിനും ഈച്ച, എലി, കൊതുക് എന്നീ രോഗവാഹകരായ ജീവികളുടെ വർദ്ധനവിനും കാരണമാകുന്നു. ജനകീയാസൂത്രണം തുടങ്ങി 25 വർഷം പിന്നിടുമ്പോൾ ആരോഗ്യ രംഗത്ത് നാം മറ്റ് സംസ്ഥാനങ്ങളെക്കാൾ ബഹുദൂരം മുന്നിലാണ്. ആർദ്രം പദ്ധതിയിലൂടെ ആരോഗ്യ മേഘലയ്ക്ക് സുസ്ഥിര വികസന കുതിപ്പിലേക്ക് നയിക്കുവാൻ സാധിച്ചു. ഇപ്പോൾ 14-ാം പഞ്ചവത്സരപദ്ധതി ആരംഭിക്കുന്ന ഈ അവസരത്തിൽ നമ്മുടെ നാട്ടിൽ ആരോഗ്യ മേഖലയിൽ നിരവധി വെല്ലുവിളി നേരിടുന്നുണ്ട്. ഈ അടുത്ത് അഞ്ച് വർഷത്തിനുള്ളിൽ സാധാരണ ജനങ്ങളുടെ ഏക ആശ്രയമായ നമ്മുടെ നാട്ടിലെ ഫാമിലി ഹെൽത്ത് ആശുപത്രികൾ വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനും താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനോടൊപ്പം ആയുർവേദ, ഹോമിയോ എന്നീ ആശുപത്രികൾക്ക് മികച്ച കെട്ടിട സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുവാനും ലക്ഷ്യം വയ്ക്കുന്നു. ഇതിനായി ഈ അവസ്ഥാ രേഖ സമർപ്പിക്കുന്നു.

## ആരോഗ്യം

കോട്ടയം ജില്ലയുടെ മലയോര പ്രദേശമായ ഈരാറ്റുപേട്ട നഗരസഭയിൽ 7.5 ച.മീ. ചുറ്റളവിൽ 4000ത്തോളം ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. മറ്റേതു ദേശത്തെയും പോലെ ഇവിടെയും കണിയാന്മാരും നാട്ടുവൈദ്യന്മാരുമായിരുന്നു ആദ്യകാല ഭിഷഗ്വരന്മാർ പച്ചമരുന്നുകളും മന്ത്രങ്ങളും മിക്കരോഗികൾക്കും ആശ്വാസം പകർന്നിരുന്നു. 1920കളിൽ വിഷ-ബാല ചികിത്സാരംഗത്തേക്കു കടന്നുവന്ന ആദം കുഞ്ഞുമുഹമ്മദ് വൈദ്യൻ അക്കാലത്തെ പ്രശസ്ത നാട്ടു ചികിത്സാവിദഗ്ധനായിരുന്നു. വൈദ്യർക്കുപിന്നാലെ അലോപ്പതി ചികിത്സാരംഗത്ത് ആദ്യമായി കടന്നുവന്ന ഡോ.മത്തായി പുളിക്കൽ അവർകളെ സർപ്പദംശനം മൂലമേറ്റ മാരക വിഷത്തിൽനിന്നും മൂന്നുപ്രാവശ്യം രക്ഷപെടുത്തിയത് ആദം കുഞ്ഞുമുഹമ്മദ് വൈദ്യരായിരുന്നു. ബാലചികിത്സാരംഗത്തും അദ്ദേഹം വിഖ്യാതനായിരുന്നു.

1936 ൽ ആണ് ഡോ.മത്തായി പുളിക്കൻ MBBS ഈരാറ്റുപേട്ടയിലെ ആദ്യത്തെ അലോപ്പതി ആശുപത്രി ആരംഭിച്ചത്. അതിനുമുമ്പ് പാലായിൽനിന്നും ആഴ്ചയിൽ രണ്ടുദിവസം വന്നുകൊണ്ടിരുന്ന ഒരു ഡോക്ടർ ചികിത്സ നടത്തിയിരുന്നതായി അറിയുന്നു. അക്കാലത്ത് മലമ്പനി ആയിരുന്നു നാടിനെ നടുക്കിയിരുന്ന രോഗം. മദ്രാസ് നഗരത്തിൽനിന്നും ബിരുദം നേടിവന്ന ഡോക്ടർ തീക്കോയി തോട്ടം തൊഴിലാളിമേഖലകളിലേക്കും അടുക്കം മാർമല തുടങ്ങി പുള്ളിക്കാനം വരെയുള്ള ദുർഗമ സ്ഥലങ്ങളിലേക്കൊക്കെ കാടുകൾ താണ്ടി കാൽനടയായി ചെന്ന് ചികിത്സ നടത്തിയിരുന്നു. എന്ന വസ്തുത നഗരങ്ങളിലേക്ക് ചേക്കേറാനിഷ്ടപ്പെടുന്ന സുഖലോലുപരായ ആധുനിക ഡോക്ടർമാർ അറിഞ്ഞിരിക്കേണ്ടതാണ്. ഈ 1996ലും പനി വന്നാൽ പുളിക്കൻ ഡോക്ടറെ തേടി പോകുന്നവരാണ് ഈ നാട്ടുകാർ. 90 കഴിഞ്ഞ് വിശ്രമ ജീവിതം നയിക്കുന്ന വൈദ്യരും 90ൽ എത്തിയിട്ടും ഇപ്പോഴും ചികിത്സാരംഗത്ത് കർമ്മ നിരതനായിരിക്കുന്ന ഡോക്ടറും ഈ നാടിനെ സംബന്ധിച്ചിടത്തോളം പ്രാതസ്മരണീയരാണ്. മുസ്ലീങ്ങളിൽ നിന്നും ആദ്യമായി ഡോക്ടർ ബിരുദമെടുത്തത് ജില്ലാ മെഡിക്കൽ സൂപ്രണ്ടായിരുന്ന പരേതനായ ഡോ. റ്റി.എച്ച്.മുഹമ്മദ്ഖാൻ എട്ടുപങ്കൽ അവർകളായിരുന്നു.

ഏതൊരു ജനവിഭാഗത്തിന്റെയും ആരോഗ്യം കുടിവെള്ളവും പരിസ്ഥിതിയുമായി ബന്ധ

പ്പെട്ടതാണ്. ഔഷധവീര്യമുള്ള ചെടികളും വള്ളികളും മാമരങ്ങളും ശീതളഛായ ഒരുക്കിയ തീരങ്ങൾ ഇവിടുത്തെ തോടുകൾക്കും നദികൾക്കും ഒരുകാലത്ത് ഉണ്ടായിരുന്നു. ഇന്ന് അതെല്ലാം കീഴ്മേൽ മറിഞ്ഞിരിക്കുന്നു. ശുദ്ധമായ വെള്ളവും കുളിർമയുള്ള അന്തരീക്ഷവും പോയ്മറഞ്ഞിരിക്കുന്നു. പൂഞ്ഞാർ നിയോജകമണ്ഡലത്തിന്റെ സിരാകേന്ദ്രമായ ഈരാറ്റുപേട്ട പഞ്ചായത്ത് നഗരസഭയായത് 2019ൽ ആണ്. മൂന്നു വർഷക്കാലം മുനിസിപ്പാലിറ്റി ആയിരുന്ന പഞ്ചായത്തിലേക്ക് മടങ്ങിപ്പോയ ഈ ജനതിരക്കേറിയ ഗ്രാമപഞ്ചായത്ത് മാലിന്യ ധോരണിയിൽ മൂടപ്പെട്ടിരിക്കുന്നു. ഈ അവസരത്തിലാണ് വീണ്ടും ഈ നഗരസഭയായി ഉയർത്തുന്നത്.




നഗരസഭയിൽ നിലവിൽ ഒരു കുടുംബാരോഗ്യ കേന്ദ്രവും ഒരു ഹോമിയോ ആശുപത്രിയും ഒരു ആയുഷ് ആയുർവേദിക് ആശുപത്രിയും ഉണ്ട്. കുടുംബാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത് അമ്പാറനിരപ്പേൽ ഭരണങ്ങാനം റോഡിൽ ബ്ലോക്ക് ഓഫീസിന് സമീപമാണ്. രണ്ട് സ്ഥിര ഡോക്ടർമാരും മൂന്ന് താൽകാലിക ഡോക്ടർമാരുമാണ് ഇവിടെ സേവനം അനുഷ്ടിക്കുന്നത്. നഗരസഭയിലും സമീപ പ്രദേശങ്ങളിലുമുള്ള ശരാശരി 330 പേർ ഒ.പി.യിൽ ഇവിടെ എത്തുന്നുണ്ട്. 24 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവുമുണ്ടിവിടെ. വലിയ ജനസാന്ദ്രതയുള്ള പട്ടണത്തിന് അനുയോജ്യമായ സംവിധാനങ്ങളോ സൗകര്യങ്ങളോ ഈ ആശുപത്രിയിലില്ല. നഗര ജനസംഖ്യ കണക്കിലെടുത്ത് അത്യാധുനിക സൗകര്യങ്ങൾ ഇവിടെ ഒരുക്കേണ്ടിയിരിക്കുന്നു. നഗരസഭ പരിധിയിൽ നിലവിൽ 11 അലോപതിക് ആശുപത്രിയാണ് ഉള്ളത്. 150 പേരെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള പി.എം.സി. ഹോസ്പിറ്റലിലാണ് ഏറ്റവും അധികം കിടക്കകൾ ഉള്ളത്. 110 ബഡുകൾ ഉള്ള റിംസ് സുപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ കുറേ വർഷങ്ങൾ കടുവാമുഴി കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്നു. എന്നാൽ സാമ്പത്തിക പരാധീനതകൾ മൂലം നിർത്തിപ്പോയി. ജനറൽ സർജറി, ഗ്യാസ്ട്രോ എൻട്രോളജി, നെഫ്രോളജി, കാർഡിയോളജി, ന്യൂറോളജി, റേഡിയോളജി എന്നീവിഭാഗങ്ങൾ സ്പെഷ്യലൈസ് ചെയ്യപ്പെട്ട ആശുപത്രികൾ നഗരസഭാ പരിസരത്ത് ഇല്ല. ഇതിനായി മറ്റ് സ്ഥലങ്ങളെയാണ് ഈ നഗരത്തിലെ ജനങ്ങൾ ആശ്രയിക്കുന്നത്. മുട്ടം കവലയിലുള്ള ഡി.ഇ. നേഴ്സിംഗ് ഹോമിൽ ദിവസേന 75 പേർ ഒപിയിൽ എത്തുന്നുണ്ട്. ജനറൽ മെഡിസിൻ, ത്വക് രോഗം, ദന്തരോഗം എന്നിവയ്ക്കാണ് ഇവിടെ ചികിത്സ നൽകുന്നത്. കെ.എസ്.ആർ.ടി.സിക്ക് സമീപമുള്ള തെക്കേക്കര ഹോസ്പിറ്റലിൽ 80 പേർ ശരാശരി ഒ.പി.യിൽ എത്തുന്നു. 95.80% കിടത്തി ചികിത്സയും 22% പ്രൈവറ്റ് മേഖലയിലുമാണ് ഉള്ളത്.. വെറും 4.20% മാത്രമാണ് ഗവൺമെന്റ് ആശുപത്രിയിൽ കിടത്തി ചികിത്സയുള്ളത്. ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. 40% ആളുകൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഈരാറ്റുപേട്ട നഗരസഭയിൽ സർക്കാർ

ഫാമിലി ഹെൽത്ത് സെന്ററിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി കിടപ്പ് രോഗികളുടെ എണ്ണം കൂട്ടേണ്ടതായിട്ടുണ്ട്. 1957ൽ റ്റി.എ.തൊമ്മന്റെ കാലത്താണ് ഈരാറ്റുപേട്ടയിൽ ഒരു ഗവ.ഡിസ്പെൻസറി ആരംഭിച്ചത്. 1990 സെപ്റ്റംബർ 1ന് പ്രാഥമിക ആരോഗ്യ കേന്ദ്രമാക്കിയ ഈ ആശുപത്രി 2018ൽ ആണ് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയത്. 1.75 ഏക്കർ സ്ഥലവും കെട്ടിടസൗകര്യമുള്ള ഈ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്നുള്ള ആവശ്യം തുടങ്ങിയിട്ട് പതിറ്റാണ്ടുകളായി.

## നമ്മുടെ പൊതുജനാരോഗ്യ രംഗം
## താലൂക്ക് ആശുപത്രി
## നഗരസഭാ ഗവ.ഹോമിയോ ഡിസ്പെൻസറി




2007ലാണ് ഈരാറ്റുപേട്ടയിൽ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിച്ചത്. നിലവിൽ മാർക്കറ്റ് റോഡിൽ നഗരസഭവക കെട്ടിടത്തിലാണ്. ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നത്. ഒരു ദിവസം ശരാശരി 70 മുതൽ 100പേർ വരെ ഇവിടെ ഒ.പി.യിൽ എത്തുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം വീർപ്പുമുട്ടുകയാണ് ഈ ഡിസ്പെൻസറി. നിലവിലുള്ള കെട്ടിടം വളരെ ഇടുങ്ങിയതാണ്. രോഗികൾക്കും, സ്റ്റാഫിനും ടോയ്ലറ്റ് സൗകര്യവും കുടിവെള്ള സൗകര്യവും ഇവിടെ ഇല്ല. മരുന്നുകൾ സൂക്ഷിക്കുവാനുള്ള സ്റ്റോർ റൂമുകളോ ഫ്രിഡ്ജോ ഇല്ലാത്തതിനാൽ ചില മരുന്നുകൾ കേടായി പോകുന്ന സ്ഥിതിവിശേഷമാണ് ഉള്ളത്. ജിവിതശൈലി രോഗങ്ങൾ, വയോജനങ്ങൾ, സ്ത്രീകൾ, കൗമാര പ്രായക്കാർ എന്നിവർക്ക് ചികിത്സയും ബോധവൽക്കരണ ക്ലാസുകളും ഇവിടെ നടത്തുന്നു.

# ആയുർവേദ ആശുപത്രി ഈരാറ്റുപേട്ട




ഈരാറ്റുപേട്ട നഗരസഭ ആയുഷ് ആയുർവേദ ആശുപത്രിയിൽ പ്രതിദിനം 60നും 80നും ഇടയിൽ ആളുകൾ ഒ.പി.യിൽ എത്തുന്നു. പലവിധ രോഗങ്ങൾക്കുള്ള ആയുർവേദ മരുന്നുകൾ ഇവിടെനിന്നും ലഭ്യമാക്കുന്നു. കോവിഡുൾപ്പെടെ മാറുന്ന കാലഘട്ടത്തിൽ പകർച്ചാ വ്യാധികൾക്കും സാംക്രമിക രോഗങ്ങൾക്കുമുള്ള പ്രതിരോധ മരുന്നുകൾ ഇവിടെനിന്നും ലഭ്യമാക്കുന്നു. ഒരു സ്ഥിരം ഡോക്ടറുടെയും രണ്ട് താൽകാലിക ജീവനക്കാരുടെയും സേവനം ഇവിടെ ലഭ്യമാണ്. മെഡിക്കൽ ക്യാമ്പുകളും സ്കൂൾ കോളേജ് അങ്കണവാടി കുട്ടികൾക്കുമുള്ള ബോധവൽകരണ ക്ലാസ് മഴക്കാല പൂർവ്വ ശുചീകരണപദ്ധതികൾ എന്നിവ ഇവിടെനിന്നും നടത്തപ്പെടുന്നു. നഗരസഭാ ഓഫീസ് കെട്ടിടത്തിന് പുറക് വശം കൃഷിഭവന് താഴെയായി ആണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത മൂലം ധാരാളം ബുദ്ധിമുട്ടുകൾ ഈ സ്ഥാപനം നേരിടുന്നുണ്ട്. സ്ഥലപരിമിതിമൂലം രോഗികൾക്ക് ഇരിക്കുന്നതിനോ മരുന്നുകൾ സൂക്ഷിക്കുന്നതിന് സ്റ്റോർ റൂമോ മരുന്ന് കൂട്ടുന്നതിന് പ്രത്യേകം സജ്ജമാക്കിയ സ്ഥലമോ ഡോക്ടർക്ക് ക്യാബിനോ ഇവിടെ ഇല്ല. അടിയന്തിരമായി സ്വന്തമായി മികച്ച അടിസ്ഥാന സൗകര്യങ്ങളോഉള്ള കെട്ടിടവും അത് വഴി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകുവാനും പതിനാലാം പഞ്ചവത്സര പദ്ധതിയിൽ കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

## താലൂക്ക് ആശുപത്രി

ഈരാറ്റുപേട്ട കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ 28 വില്ലേജുകളാണുള്ളത്. ഈരാറ്റുപേട്ടയിൽനിന്ന് 32 കിലേമീറ്റർ അകലെ കുറവിലങ്ങാട്ട് താലൂക്ക് ആശുപത്രി ഉണ്ടെന്നും

ഒരു താലൂക്കിൽ ഒന്നിൽ കൂടുതൽ താലൂക്കാശുപത്രി അനുവദിക്കുകയില്ലെന്നുമാണ് സർക്കാരിന്റെ നിലപാട്.

വലിയ താലൂക്കിൽ ഒന്നിൽ കൂടുതൽ താലൂക്കാശുപത്രി അനുവദിക്കാമെന്ന് സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ് 568/08 H&FWD Dt 06/11/2008 ലെ സർക്കാർ ഉത്തരവിൽ പറയുന്നുണ്ട്.

എന്നാൽ 15 വില്ലേജുകളുള്ള കൊച്ചി താലൂക്കിൽ നാല് താലൂക്ക് ആശുപത്രികളും 22 വില്ലേജുകളുമുള്ള പയ്യന്നൂർ താലൂക്കിൽ മൂന്ന് താലൂക്ക് ആശുപത്രികളുണ്ട്. ഇതിൽ 16 കിലോമീറ്റർ അകലെയാണ് പഴയങ്ങാടിയിലുള്ള താലൂക്കാശുപത്രി. 18 വില്ലേജുകളുള്ള ചിറയിൻകീഴ് താലൂക്കിൽ രണ്ട് താലൂക്കാശുപത്രികളും നിലവിലുണ്ട്. ഒന്ന് ചിറയിൻകീഴിലും മറ്റൊന്ന് ആറ്റിങ്ങലിലുമാണ്. ഇവ തമ്മിലുള്ള അകലം 7 കിലോമീറ്ററാണ്. വലിയ താലൂക്കായ മീനച്ചിലിലെ പടിഞ്ഞാർ പ്രദേശമായ കുറവിലങ്ങാട് ഒരു താലൂക്കാശുപത്രിയുണ്ട്. ഈ താലൂക്കിലെ കിഴക്കൻ മലയോര മേഖലയായ ഈരാറ്റുപേട്ടയിൽ താലൂക്കാശുപത്രിയില്ല.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏക നഗരസഭയാണ് ഈരാറ്റുപേട്ട. ജനസാന്ദ്രതയിൽ മുന്നിട്ട് നിൽക്കുന്ന നഗരസഭയാണ് ഇത്. ഏഴര ചതുരശ്ര കിലോമീറ്ററിൽ 40000 പേർ വസിക്കുന്നു.

കോട്ടയം ജില്ലയിൽ താലൂക്കാശുപത്രിയോ ജനറൽ ആശുപത്രിയോ ഇല്ലാത്ത ഏക നഗരസഭയാണ് ഈരാറ്റുപേട്ട. ഏറ്റുമാനൂർ നഗരസഭയുടെ സമീപമുള്ള ആർപ്പൂക്കര പഞ്ചായത്തിലാണ് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി സ്ഥിതി ചെയ്യുന്നത്.

ഈരാറ്റുപേട്ട സർക്കാർ ആശുപത്രിക്ക് 1.75 ഏക്കർ സ്ഥലമുണ്ട്. 2021 - 2022 ലെ സംസ്ഥാന ബജറ്റിൽ 595-ാം നമ്പർ പ്രകാരം ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം താലൂക്കാശുപത്രിയായി ഉയർത്തൽ സംബന്ധിച്ചുള്ള പ്രഖ്യാപനമുള്ളതാണ്. കോട്ടയം ജില്ലാ പഞ്ചായത്തും ഈരാറ്റുപേട്ട നഗരസഭയും ഈരാറ്റുപേട്ടയിൽ താലൂക്കാശുപത്രി വേണമെന്ന നിവേദനം സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. അതുകൂടാതെ സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടർ ഈരാറ്റുപേട്ട സർക്കാർ ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തണമെന്ന് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

ഈരാറ്റുപേട്ട നഗരസഭയിലെയും ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിലെ 8 പഞ്ചായത്തുകൾ ഉൾപ്പെട്ട പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഈരാറ്റുപേട്ട സർക്കാർ ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തിയാൽ വളരെയേറെ പ്രയോജനം ചെയ്യും. ഇവിടങ്ങളിലെ ജനസംഖ്യ രണ്ടര ലക്ഷത്തോളം വരും. ഈ പഞ്ചായത്തുകളിൽ ഉരുൾ പൊട്ടൽ പോലുള്ള പ്രകൃതി ദുരന്തങ്ങൾ പതിവാണ്. ഈരാറ്റുപേട്ട നഗരസഭയിലും 8 പഞ്ചായത്തുകളിലുമായി ഒരു സി.എച്ച്.സി.യും 3 ഫാമിലി ഹെൽത്ത് സെന്ററും ബാക്കി പ്രാഥമിക ചികിത്സാ കേന്ദ്രങ്ങളുമാണുള്ളത്.

തെക്കൻ കേരളത്തിലും മദ്ധ്യകേരളത്തിലുമുള്ള നിയമസഭാ മണ്ഡലങ്ങളിൽ പൂഞ്ഞാർ നിയോജക മണ്ഡലം ഒഴിച്ച് ബാക്കി എല്ലാ നയോജക മണ്ഡലങ്ങളിലും മെഡിക്കൽ കോളേജുകളോ ജില്ലാ ആശുപത്രികളോ ജനറൽ ആശുപത്രികളോ താലൂക്ക് ആശുപത്രികളോ നിലവിലുണ്ട്. തിരുവനന്തപുരം താലൂക്കിൽ രണ്ട് താലൂക്കാശുപത്രികളും ഒരു ജില്ലാ ആശുപത്രിയും ഒരു ജനറൽ ആശുപത്രിയും ഒരു മെഡിക്കൽ കോളേജുമുണ്ട്. തിരുവന്തപുരം താലൂക്കാശുപത്രിയും നേമം താലൂക്കാശുപത്രിയും തമ്മിലുള്ള ദൂരം 12 കിലോമീറ്ററാണ്.

കേരളത്തിലെ മറ്റ് 14 താലൂക്കുകളിൽ രണ്ട് താലൂക്കാശുപത്രികളും നിലവിലുണ്ട്. കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ രണ്ട് താലൂക്കാശുപത്രികളും ഒരു ജില്ലാ ആശുപത്രിയും നിലവിലുണ്ട്.

മീനച്ചിൽ താലൂക്കിൽ 28 വില്ലേജുകളാണ് ഉള്ളത്. മീനച്ചിൽ താലൂക്ക് വിഭജിച്ച് ഈരാറ്റുപേട്ട കേന്ദ്രമായി പൂഞ്ഞാർ താലൂക്ക് രൂപീകരിക്കണമെന്ന് 17.04.2017 ൽ ലാൻഡ് റവന്യൂ കമ്മീഷണർ സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ് എന്നാൽ ഇത് അവഗണി

ക്കുകയാണ് സർക്കാർ ചെയ്തത്. അതിന് ശേഷം 18.09.2017 ൽ ലാൻഡ് റവന്യു കമ്മീഷണറുടെ റിപ്പോർട്ട് പ്രകാരം കണ്ണൂർ ജില്ലയിലെ പയ്യന്നൂർ തൃശൂർ ജില്ലയിലെ കുന്നംകുളത്തും പുതിയ താലൂക്കുകൾ അനുവദിക്കുകയുണ്ടായി. പത്തനം തിട്ടയുടെ ജനസംഖ്യ 1.97 ലക്ഷവും ഈ ജില്ല യിൽ നാല് താലൂക്കാശുപത്രിയും രണ്ട് ജനറൽ ആശുപത്രിയും ഒരു സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയും നിലവിലുണ്ട്.എന്നാൽ ഇടുക്കി ജില്ലയിലെ ജനസംഖ്യ 10.9 ലക്ഷമാണ് ഇവിടെ നാല് താലൂക്കാശുപത്രിയും ഒരു ജനറൽ ആശുപത്രിയും ഒരു സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയുമാണ് ഉള്ളത്. എന്നാൽ കോട്ടയം ജില്ലയിലെ ജനസംഖ്യ 19.74 ലക്ഷമാണെങ്കിലും ഇവിടെ മൂന്ന് താലൂക്കാശുപത്രിയും നാല് ജനറൽ ആശുപത്രിയും ഒരു സർക്കാർ മെഡിക്കൽ കോളേജുമാണ് ഉള്ളത്. ടി ജില്ലയിൽ ജനസംഖ്യാനുപാതികമായി സർക്കാർ ആശുപത്രികളില്ല. ഇതുകാരണം കോട്ടയം ജില്ലയിലെ ജനങ്ങൾക്ക് ചികിത്സ സംബന്ധമായ ആവശ്യങ്ങൾക്ക് കൂടുതൽ പണച്ചിലവുള്ള സർക്കാരിതര ആശുപത്രികളെ ആശ്രയിക്കേണ്ടവരുന്നു. അതുകൊണ്ട് ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം താലൂക്കാശുപത്രിയായി ഉയർത്തേണ്ടത് ജനകീയ ആവശ്യമാണ്. ഇതിനുവേണ്ടി സർക്കാർ ഉത്തരവിറക്കുവാൻ നഗരസഭയും എം.പി.യും എം.എൽ.എ.യും മറ്റ് പൊതു പ്രവർത്തകരും രാഷ്ട്രീയ പാർട്ടികളും ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

## ഉത്തരവുണ്ട്; പക്ഷേ, ഈരാറ്റുപേട്ട താലൂക്ക് ആശുപത്രി ചുവപ്പുനാടയിൽ

● താലൂക്കിൽ ഒന്നിൽ കൂടുതൽ താലൂക്ക് ആശുപത്രി വേണ്ടെന്ന് സർക്കാർ



ആരുണ്ടിവിടെ ചോദിക്കാൻ



ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം



ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം താലൂക്ക് ആശുപത്രിയാക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് വെൽഫെയർ പാർട്ടി ഈരാറ്റുപേട്ട മുനിസിപ്പൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ രാപകൽ സമരം ജില്ല പ്രസിഡന്റ് സണ്ണി മാത്യു ഉദ്ഘാടനം ചെയ്യുന്നു

## താലൂക്ക് ആശുപത്രി: രാപകൽ സമരം നടത്തി

ഈരാറ്റുപേട്ട : ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയാക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് വെൽഫെയർ പാർട്ടി മുനിസിപ്പൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ രാപകൽ സമരം നടത്തി. ന്യൂനപക്ഷ കമ്മീഷനും ഹൈകോടതിയുടെയും താലൂക്ക് ആശുപത്രിക്ക് അനുകൂലമായി ഉത്തരവിറക്കിയിട്ടും അധികാരികൾ മുഖംതിരിക്കുന്നതിൽ പ്രതിഷേധിച്ചായിരുന്നു അമ്പത്തിഏഴ്ചെട്ട പ്രക്ഷോഭം. ശനിയാഴ്ച വൈകീട്ട് ആരംഭിച്ച സമരം ഞായറാഴ്ച രാവിലെ ഒമ്പതിന് സമാപിച്ചു. വെൽഫെയർ പാർട്ടി ജില്ല പ്രസിഡന്റ് സണ്ണി മാത്യു രാപകൽ സമരം ഉദ്ഘാടനം ചെയ്തു. മുനിസിപ്പൽ കമ്മിറ്റി വൈസ് പ്രസിഡന്റ് ഫിർദൗസ് റഷീദ് അധ്യക്ഷതവഹിച്ചു.

ജില്ല വൈസ് പ്രസിഡന്റ് കെ.കെ.എം. സാദിഖ്, മുനിസിപ്പൽ സെക്രട്ടറി യൂസുഫ് ഹിബ, നഗരസഭ ചെയർപേഴ്സൺ സുഹ്റ അബ്ദുൽ ഖാദർ ,വൈസ് ചെയർമാൻ അഡ്വ. വി.എം. ഇൽയാസ്, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷ ഡോ. സഹില ഫിർദൗസ്, കൗൺസിലർ എസ്.കെ. നൗഫൽ, മഹല്ല് ഭാരവാഹികളായ പി.ഇ. മുഹമ്മദ് സക്കീർ ,പി.എസ് ഷെഫീഖ്, കെ.ഇ. പരീത്, മുൻ നഗരസഭ ചെയർമാൻമാരായ ടി.എം. റഷീദ്, വി.എം.സിറാജ്, നിസാർ കുർബാനി കെ.എ മുഹമ്മദ് ഹാഷിം , ലത്തീഫ് വെള്ളൂപറമ്പ് ,പി.എച്ച് നൗഷാദ് സബീർ കുരുവിനാൽ, പി.എ. മുഹമ്മദ് ഇബ്രാഹിം, എം. സെയ്ഫുദ്ദീൻ , മാഹീൻ തലപ്പള്ളി , അമീൻപിട്ടയിൽ , ഹാഷിം പുളിക്കിൽ ,പി.എസ്. മാഹീൻ, ജനകീയ വികസന ഫോറം സെക്രട്ടറി ഷരീഫ് പൊന്തനാൽ, മന്തയിൽ സൈനുള്ള, കെ.പി. താഹ, പി.കെ. മുഹമ്മദ് ഷാഫി, റഷീദ് വടയാർ, വുമൺസ് ജസ്റ്റിസ് ഫോറം പ്രതിനിധി ഹസീന ടീച്ചർ , വി.എം സലിം, പി.എ യൂസുഫ് , വി.എം ഷെഹീർ അർഷദ് പി.അഷ്റഫ് , ആബിദ് കൊല്ലംപറമ്പ് എന്നിവർ സംസാരിച്ചു.

## കുടുംബാരോഗ്യകേന്ദ്രം താലൂക്കാശുപത്രിയായി ഉയർത്തണം: യു.ഡി.എഫ് ധർണ ഇന്ന്

ഈരാറ്റുപേട്ട: കുടുംബാരോഗ്യകേന്ദ്രം താലൂക്കാശുപത്രിയായി ഉയർത്തണമെന്നുള്ള ഹൈക്കോടതി ഉത്തരവ്സംസ്ഥാന സർക്കാർ തള്ളിയത് പുനപരിശോധിക്കണമെന്നും ഉടൻ തന്നെ താലൂക്കാശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഇന്ന് രാവിലെ 10ന് യു.ഡി.എഫ് നഗരസഭയിലെ ആറു കേന്ദ്രങ്ങളിൽ ധർണ നടത്തും.

പാലായിൽ ജനറൽ ആശുപത്രിയും കുറവിലങ്ങാട്ട് താലൂക്കാശുപത്രിയും ഉഴവൂരിൽ സർക്കാർ സൂപ്പർ സെപഷ്യാലാരിറ്റി ആശുപത്രിയുള്ള കാര്യം സൂചിപ്പിച്ചു കൊണ്ട് ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം താലൂക്കാശുപത്രി ഉയർത്തുന്നതിനുള്ള 2021 ജനുവരി 21ലെ കേരള ഹൈക്കോടതി ഉത്തരവ് തള്ളിയതായി ജൂൺ 28 ലെ സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഉത്തരവിൽ പറയുന്നു.

സംസ്ഥാന സർക്കാരിന്റെ ഈ ഉത്തരവ് ഈ പ്രദേശത്തെ ജനങ്ങളോട് കാണിക്കുന്ന അനീതിയും വിവേചനവുമാണെന്നും ഉടൻ തന്നെ ഈ ഉത്തരവ് പുനഃപരിശോധിക്കണമെന്നും ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം താലൂക്കാശുപത്രിയായി ഉയർത്തണമെന്നും യു.ഡി.എഫ് നഗരസഭാ കമ്മിറ്റി ആവശ്യപ്പെട്ടു.

ഈ ആവശ്യമുന്നയിച്ച് വിവിധ കേന്ദ്രങ്ങളിൽ നടക്കുന്ന ധർണ കെ.പി.സി.സി സെക്രട്ടറി അഡ്വ. ടോമി കല്ലാനി, ജില്ലാ മുസ് ലിം ലീഗ് പ്രസിഡന്റ് അസീസ് ബഡായിൽ,ജില്ലാ വൈസ് പ്രസിഡന്റ് കെ.എ മുഹമ്മദ് അഷറഫ്, നഗരസഭ ചെയർപേഴ്സൻ സുഹുറ അബ്ദുൽ ഖാദർ ,വൈസ്ചെയർമാൻ അഡ്വ. മുഹമ്മദ് ഇല്ല്യാസ്, വെൽഫയർ പാർട്ടി ജില്ലാ വൈസ്പ്രസിഡന്റ് കെ.കെ സദിഖ് എന്നിവർ ഉദ്ഘാടനം ചെയ്യുമെന്ന് നഗരസഭ യു.ഡി.എഫ് ചെയർമാൻ പി.എച്ച് നൗഷാദും കൺവീനർ റാസി ചെറിയ വല്ലവും പറഞ്ഞു.

## 'ഈരാറ്റുപേട്ട സർക്കാർ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തണം'

ഈരാറ്റുപേട്ട: ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം താലൂക്ക് ആശുപത്രിയായി ഉടൻ ഉയർത്തണമെന്ന് ഈരാറ്റുപേട്ട ജനകീയ വികസന ഫോറം ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയന് നിവേദനം നൽകാനും യോഗം തീരുമാനിച്ചു. പി.എ.എം. ഷരീഫ് അധ്യക്ഷത വഹിച്ചു.

ഫസിൽ ഫരീദ്, അഫീർ ഖാൻ ഇളപ്പുങ്കൽ, യാസിൻ പത്താഴപ്പടി, അഷ്റഫ് തേവരുപാറ എന്നിവർ സംസാരിച്ചു.

# ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ







ഈരാറ്റുപേട്ട നഗരസഭയിൽ ഏറ്റവും കൂടുതൽ ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ്. എന്നാൽ കുടുംബാരോഗ്യ കേന്ദ്രം, താലൂക്ക് ആശുപത്രിയാക്കാത്തതുമൂലം വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. അതിനാൽ 2023-ൽ കേന്ദ്രസർക്കാരിന്റെ ഫണ്ട് വിനിയോഗിച്ചുകൊണ്ട് വടക്കേക്കര കേന്ദ്രീകരിച്ചും കിഴക്കേക്കര കേന്ദ്രീകരിച്ചും ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു.

## വയോമിത്രം പദ്ധതി

നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷയും മാനസിക ഉല്ലാസവും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടി "കേരള സർക്കാരും, നഗരസഭയും, കേരള സാമൂഹ്യ സുരക്ഷാമിഷനും" സംയുക്തമായി നടപ്പാക്കുന്ന മഹത്തായ പദ്ധതിയാണ് വയോമിത്രം.

വയോജനങ്ങളുടെ ശാരീരിക ആരോഗ്യത്തോടൊപ്പം മാനസിക ആരോഗ്യവും മനകരുത്തും പകരുന്നതിന് ഈ പദ്ധതി സഹായിക്കുന്നു. കൂടാതെ ഇരുളടഞ്ഞുപോയ വയോജനങ്ങളുടെ ജീവിതത്തിന് നല്ല പ്രതീക്ഷകൾ ഉണർത്താനും ഒരു പുതു അവബോധം സൃഷ്ടിക്കുന്നതിനുമായി കൗൺസിലിംഗ് സൗകര്യവും ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നു. കൂടാതെ വയോജന ക്ലബ്ബുകളും പ്രവർത്തിക്കുന്നു.

2016 ഒക്ടോബർ 31-ാം തീയതി ഈരാറ്റുപേട്ട നഗരസഭയിൽ ഈ പദ്ധതി ഔദ്യാഗികമായി ഉദ്ഘാടനം ചെയ്തു. നഗരസഭാ പ്രതിനിധികളുടെ നേതൃത്വത്തിൽ 29 വാർഡുകളിലായി 24 മൊബൈൽ ക്ലിനിക്കുകൾ സംഘടിപ്പിക്കുകയും നവംബർ 17-ാം തീയതി ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്തു.

കോഡിനേറ്റർ, ഡോക്ടർ, നേഴ്സുമാർ എന്നിവരടങ്ങുന്ന സംഘം ദിവസം രണ്ട് മൊബൈൽ ക്ലിനിക്ക് എന്ന് ക്രമത്തിൽ മാസത്തിൽ 2 തവണ പരിശോധന (ബി.പി., ഷുഗർ മുത

ലായവ) നടത്തുകയും അവർക്ക് ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്യുന്നു. പ്രതിമാസം 2000ത്തോളം വയോജനങ്ങൾക്ക് കൃത്യതയോടെയും സമയബന്ധിതമായും മെഡിക്കൽ സേവനങ്ങൾ നൽകിവരുന്നു.

ലോക്ഡൗൺ കാലഘട്ടത്തിൽ ടെലി മെഡിക്കേഷൻ സൗകര്യം ഒരുക്കുകയും നഗരസഭാ പ്രതിനിധികൾ, ആശാ വർക്കർമാർ, അങ്കണവാടി ടീച്ചർമാർ എന്നിവരുടെ സഹായത്തോടെ എല്ലാ മാസവും കൃത്യമായി മരുന്നുകൾ വീടുകളിൽ എത്തിക്കുകയും ചെയ്തു.

ഓരോ നഗരസഭകളിൽനിന്നും പ്രതിവർഷം മരുന്നിനുവേണ്ടി മാത്രം 60 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായി വരുന്നു. അതിൽ 15 ലക്ഷം രൂപ നഗരസഭയിൽ നിന്നും ലഭിക്കുന്നു.

## ആരോഗ്യം - 14-ാം പദ്ധതി കർമ്മ പരിപാടികൾ

മാറുന്ന കാലഘട്ടത്തിൽ ആളുകൾ ആരോഗ്യവാന്മാർ അല്ല. ജീവിതശൈലിരോഗങ്ങൾ വർധിച്ചു വരുമ്പോൾ തന്നെ നാം പൂർണമായും നിർമാർജ്ജനം ചെയ്തു എന്ന് കരുതിയിരുന്ന മലേറിയ, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് തുടങ്ങിയ രോഗങ്ങൾ അവിടവിടെ കണ്ടുവരുന്നു. ജപ്പാൻജ്വരം, എലിപ്പനി, ജെങ്കിപ്പനി, നിപ്പ അവസാനമായി ലോകം മുഴുവൻ പടർന്നു പിടിച്ച കോവിഡ് 19 തുടങ്ങി മുൻകാലങ്ങളിൽ നമുക്ക് പരിചിതമല്ലാത്ത പല രോഗങ്ങളും പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നു. സാമൂഹിക ശുചിത്വത്തിൽ നമ്മുടെ നാട്ടുകാർ കാട്ടുന്ന അലംഭാവം പകർച്ചവ്യാധികളുടെ വർദ്ധനവിന് കാരണമാകുന്നു. കൂടാതെ ശാസ്ത്രീയമായ മാലിന്യനിർമാർജ്ജന സംവിധാനങ്ങൾ ഒരുക്കുന്നതിനും, ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്നതിനും നാം വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഈ വസ്തുതകൾ കണക്കിലെടുത്ത് ആരോഗ്യജാഗ്രത പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്.

താഴെപ്പറയുന്ന കർമപരിപാടികൾക്ക് 14-ാം പദ്ധതിയിൽ രൂപം നൽകാവുന്നതാണ്.

- ആരോഗ്യവകുപ്പിന്റെ മേൽനോട്ടത്തിൽ പകർച്ചവ്യാധി പ്രതിരോധനിയന്ത്രണ പദ്ധതികൾ തയ്യാറാക്കുക.
- രോഗനിരീക്ഷണം, എലിനശീകരണം, കൊതുക് നിയന്ത്രണം, ലാബ്പരീക്ഷണം, തുടങ്ങിയവ നിരന്തരമായി നടത്തുക.
- ആവശ്യമായ ആശുപത്രി സൗകര്യങ്ങൾ ഏർപ്പെടുത്തി ചികിത്സയും പരിചരണവും ഉറപ്പുവരുത്തുക.
- രോഗം പൊട്ടിപുറപ്പെട്ടാൽ ദ്രുതകർമസേന ഇടപെട്ട് നിയന്ത്രണം സാധ്യമാക്കുക.
- പകർച്ചവ്യാധികളുടെ ചികിത്സയ്ക്ക് പ്രത്യേക വാർഡുകളും ആവശ്യമുള്ള പക്ഷം ഐസൊലേഷൻ വാർഡുകളും സജ്ജീകരിച്ച് രോഗവ്യാപനം തടയുക.
- ഹൈ റിസ്ക് പ്രദേശങ്ങളിൽ പ്രത്യേക കർമപരിപാടി തയ്യാറാക്കുക.
- തുടർച്ചയായ ശുചീകരണം, കൊതുക് നിയന്ത്രണം, ശുദ്ധജല വിതരണം, ഡ്രൈ ഡേ ആചരണം എന്നിവ സംഘടിപ്പിക്കുക.
- ആരോഗ്യ പ്രവർത്തകരുടെ ഫീൽഡ് സന്ദർശനങ്ങൾ വഴി രോഗവ്യാപനം മുൻകൂട്ടി തിരിച്ചറിയുക.
- വാർഡ്തല ആരോഗ്യ ശുചിത്വസമിതി രൂപീകരിച്ച് സജീവമായി പ്രവർത്തിക്കുക.
- വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുക.
- ബോധവൽക്കരണം സംഘടിപ്പിക്കുക.
- രോഗവ്യാപനത്തിന് കാരണമാകുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുക.

## സമഗ്ര ആരോഗ്യ പരിപാടി

ആരോഗ്യരംഗത്തെ വിവിധ പ്രശ്നങ്ങൾക്ക് ഹ്രസ്വകാലദീർഘകാല അടിസ്ഥാനത്തിൽ പരിഹാരം കാണാവുന്ന തരത്തിൽ ഒരു സമഗ്ര ആരോഗ്യശുചിത്വപരിപാടിക്ക് നഗരസഭ 14-ാം പദ്ധതിയിൽ രൂപം നൽകേണ്ടതാണ്. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും അടുത്ത അഞ്ചുവർഷക്കാലത്തേക്കുള്ള സമഗ്ര പരിപാടിയാണ് തയ്യാറാക്കേണ്ടത്. സമഗ്രആരോഗ്യപരിപാടിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്.

- രോഗപ്രതിരോധം
- പകർച്ചവ്യാധി നിയന്ത്രണം

- മാലിന്യ നിർമ്മാർജ്ജനം
- ശുചിത്വം
- പരിസ്ഥിതി സംരക്ഷണം
- ഭക്ഷണം
- കുടിവെള്ളം
- ആരോഗ്യം (കായികവും മാനസികവും)
- സാമൂഹ്യസുരക്ഷ
- ആരോഗ്യവിദ്യാഭ്യാസം
- ചികിത്സയും സേവനങ്ങളും

മേൽപ്പറഞ്ഞ ഘടകങ്ങൾ പരിഗണിച്ച് വാർഡ്തലം മുതൽ നഗരസഭാതലം വരെ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നും അവ എങ്ങനെ നടപ്പാക്കുമെന്നും വ്യക്തമാക്കുന്ന രൂപരേഖ കൗൺസിലർമാരുടെയും ജീവനക്കാരുടെയും പങ്കാളിത്തത്തോടെ തയ്യാറാക്കണം.

## ആരോഗ്യ മേഘല നേരിടുന്ന പ്രധാന വെല്ലുവിളികൾ

1. നഗരത്തിലെ വർദ്ധിച്ചുവരുന്ന ജനസംഖ്യതന്നയാണ് ആരോഗ്യമേഖലയിൽ നേരിടുന് പ്രധാന വെല്ലുവിളി
2. അതിഥി തൊഴിലാളികൾ കൂടുലായി വന്നതിനാൽ മലേറിയ പോലുള്ള രോഗങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്
3. മെഡിക്കൽ ലാബിന്റെ അപര്യാപ്തത
4. ആധുനിക രീതിയിലുള്ള ലാബ് സൗകര്യങ്ങളും സ്റ്റോറേജ് സൗകര്യങ്ങളും ആശുപത്രികളിൽ ഇല്ല.
5. ആശുപത്രികൾ കൂടുതൽ സ്ത്രീ സൗഹൃദമാക്കണം
6. പ്രമേഹം രക്തസമ്മർദ്ദം, ഹൃദ്രോഗങ്ങൾ തുടങ്ങിയ ജീവിതശൈലീ രോഗങ്ങളുടെ വർദ്ധനവ്
7. ഉയർന്ന ചികിത്സാ ചിലവ്
8. വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണം.
9. വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു.

## ഹ്രസ്വകാല ദീർഘകാല ലക്ഷ്യങ്ങൾ സാദ്ധ്യതകൾ

1. നഗരസഭാ എഫ്.എച്ച്.സി.യിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച് താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനോടൊപ്പം കിടത്തി ചികിത്സിക്കുന്നവരുടെ എണ്ണം ഉയർത്തുക.
2. എഫ്.എച്ച്.സി.യിൽ ലാന്റ്സ്കേപ്പ് ആർകിടെക്ചറുടെ സഹായത്തോടെ പൂന്തോട്ടവും കുട്ടികൾക്കായി പാർക്കും നിർമ്മിക്കുക.
3. പകർച്ച വ്യാധികൾ തടയുവാൻ ബോധവൽകരണ ക്ലാസുകളും, മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുക.
4. ആവശ്യമായ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുക
5. എഫ്.എച്ച്.സി.യിൽ മികച്ച കെട്ടിട സൗകര്യം ഏർപ്പെടുത്തുക.
6. പാലിയേറ്റീവ് കെയർ പദ്ധതിക്ക് അധികമായി തുക വകയിരുത്തി ഒരു നേഴ്സിന്റെയും കൂടി സേവനം ലഭ്യമാക്കുക.
7. സബ്സെന്ററുകൾക്ക് സ്വന്തമായി സ്ഥലം വാങ്ങിച്ച് മികച്ച സൗകര്യങ്ങൾഉള്ള കെട്ടിടം പണിയുക.
8. എഫ്.എച്ച്.സി.ക്ക് മരുന്ന് വാങ്ങുവാൻ കൂടുതൽ തുക അനുവദിക്കുക.
9. ആയുർവ്വേദ ആശുപത്രിക്കും ഹോമിയോ ആശുപത്രിക്കും പുതിയ കെട്ടിടം പണിഞ്ഞ് പൊതുജനങ്ങൾക്ക് മികച്ച സേവനം ഏർപ്പെടുത്തുക.
10. ആയുർവ്വേദ ആശുപത്രിയിലും ഹോമിയോ ആശുപത്രിയിലും മരുന്ന വാങ്ങുവാൻ കൂടുതൽ തുക അനുവദിക്കുക.
11. ഹോമിയോ പ്രതിരോധ മരുന്നുകൾ എല്ലാ വാർഡിലും ലഭ്യമാക്കുക.
12. വനിതകൾ കുട്ടികൾ, വയോജനങ്ങൾ എന്നിവർക്ക് യോഗാപരിശീലനം.
13. വൃക്കരോഗികൾക്ക് ഡയാലിസിസ് ധനസഹായവും, കിറ്റും അനുവദിക്കുക.




## മൃഗ സംരക്ഷണം ഷീര വികസനം

| ക്ര.ന | പേരും വിലാസവും | ഫോൺ ഇ-മെയിൽ ഐ.ഡി. | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/ പുരുഷൻ | എസ്.സി./ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം / പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1. | ഷിയാസ് മുഹമ്മദ് | 9495972201 | ചെയർപേഴ്സൺ | | | | | |
| 2. | ഡോ. അജിൻ ജോസ് | 9544494104 | കൺവീനർ | | | | | |
| 3. | മുഹമ്മദ് അൽത്താഫ് | 9961395385 | അംഗം | | | | | |
| 4. | സൈനുൽ അബിദിൻ | 9947226340 | അംഗം | | | | | |
| 5. | റാഷിദ് എ.ജെ. | 9544211397 | അംഗം | | | | | |
| 6. | ഷെബി സക്കീർ | 8086319788 | അംഗം | | | | | |
| 7. | പി.എ. ഷമീർ | 9447112801 | അംഗം | | | | | |
| 8. | നിസാമുദീൻ | 8075138453 | അംഗം | | | | | |
| 9. | അബു | 9605990418 | അംഗം | | | | | |
| 10. | ഇജാസ് അനസ് | 9497322775 | അംഗം | | | | | |
| 11. | തോമസ് പുളിക്കൻ | 9744043113 | അംഗം | | | | | |
| 12. | ഇസ്മയിൽ | 9447122450 | അംഗം | | | | | |
| 13. | അമീൻ നാഫി | 9020646620 | അംഗം | | | | | |
| 14. | അനീസ് | 8156810312 | അംഗം | | | | | |
| 15. | ഫിറോസ് | 8590152227 | അംഗം | | | | | |

## ആമുഖം

കേരളത്തിൽ സാമൂഹ്യവികസന ചരിത്രത്തിൽ നാഴികക്കല്ലായ ജനകീയാസൂത്രണം ഇരുപത്തിയഞ്ചാം വർഷത്തിലേയ്ക്ക് കടന്നിരിക്കുന്ന അവസരത്തിൽ നമ്മുടെ നാട്ടിൽ മൃഗ സംരക്ഷണത്തിനും ക്ഷീരവികസനത്തിലും ക്ഷീരവികസനത്തിലും ജനകീയാസൂത്രണം വഹിച്ച പങ്ക് ഒഴിച്ചുകൂടാനാവാത്തതാണ്. സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണം

മേഖലയിൽ നിരവധി പദ്ധതികൾ നടപ്പിലാക്കുവാൻ നമുക്ക് കഴിഞ്ഞു. മൃഗസംരക്ഷണം, ക്ഷീര വികസനം, മറ്റു ഉൽപാദനം എന്നിവയിലൂടെ സ്വയം സംരംഭകത്തവും അതുവഴി ദാരിദ്ര്യ ലഘൂകരണവും സാധ്യമാകുന്ന തരത്തിൽ കർമ്മപദ്ധതികൾ തയ്യാറാക്കുവാൻ നമുക്ക് സാധിക്കണം. മൃഗസംരക്ഷണമേഖലയിൽ നാം ഒരുപാട് വെല്ലുവിളികൾ നേരിടുന്നുണ്ട്. അതിനെ എല്ലാം അതിജീവിച്ച് പൊതുജനപങ്കാളിത്ത്വത്തിലൂടെ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പുതിയ നൂതന പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ നമുക്ക് പരിശ്രമിക്കാം.

7.5 കി.മീ. ചുറ്റളവിൽ 40000 ത്തോളം 40000 ത്തോളം ജനസംഖ്യയുള്ള ഈരാറ്റുപേട്ടന ഗരസഭയിൽ മൃഗസംരക്ഷണമേഖലയിൽ വലിയ വെല്ലുവിളിയാണ് നേരിടുന്നത്. സ്ഥലപരിമി തിയാണ് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. നഗരസഭയിൽ ഒരു മൃഗാശുപത്രിയാണുള്ളത്.

## ഈരാറ്റുപേട്ട നഗരസഭാ മൃഗാശുപത്രി




നഗരസഭയിലെ 28-ാം വാർഡിൽ ബ്ലോക്ക് ഓഫീസിന് സമീപമാണ് നിലവിൽ നഗരസഭാ മൃഗാശുപത്രി സ്ഥിതി ചെയ്യുന്നത് അസൗകര്യങ്ങൾ കൊണ്ട് വീർപ്പ് മുട്ടുകയാണ് ഈ സ്ഥാപനം മഴ പെയ്താൽ ചോർന്നൊലിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത് അടിയന്തിരമായി നഗരസഭാ ഫണ്ടോ ,ഒഘഅ ഫണ്ടോ ഉപയോഗിച്ച് പുതിയ കെട്ടിടമോ നിലവിലുള്ള കെട്ടിടം അറ്റകുറ്റ പണി നടത്തുകയോ ചെയ്ത് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കേണ്ടതാണ്

## മൃഗസംരക്ഷണവും ക്ഷീരവികസനവും

ഈരാറ്റുപേട്ട നഗരത്തിൽ വർഷങ്ങൾക്ക് മുമ്പ് ധാരാളം കൃഷിയിടങ്ങൾ ഉണ്ടായിരുന്നു. കൃഷിക്കും മറ്റുമായി ധാരാളം പശുക്കളെയും,പോത്തുകളെയും, ആടുകളെയും, പക്ഷികളെയും വളർത്തിയിരുന്നു.എന്നാൽ ഇപ്പോൾ ജനസംഖ്യാവർദ്ധനവ് അതിരൂക്ഷമായതോടെ സ്ഥലങ്ങൾ ചെറിയ തുണ്ട് ഭൂമികളായി വിഭജിക്കപ്പെട്ടു. ഇത് മൃഗസംരക്ഷണത്തിനും ക്ഷീരവികസനത്തിനും വലിയ വെല്ലുവിളി നേരിടുന്നു. 1996ൽ ജനകീയാസൂത്രണം തുടങ്ങിയ കാലത്തെ സംബന്ധിച്ച് താരതമ്മ്യംചെയ്താൽ വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെടുന്നുണ്ട്. ഉൽപാദന മേഘലയിലെ സ്ഥായിയായ വളർച്ചക്കൊപ്പം പാൽ, മുട്ട എന്നിവയുടെ

ഉൽപാദന വർദ്ധനവും പതിനാലാം പഞ്ചവത്സരപദ്ധതിയിൽ ലക്ഷ്യം വെയ്ക്കുന്നു.
2019 ലെ പക്ഷി മൃഗാദികളുടെ സെൻസസ് പ്രകാരമുള്ള കണക്ക് ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | പശു സങ്കരയിനം | 139 |
| 2 | ആട് | 347 |
| 3 | എരുമ | 17 |
| 4 | പന്നി | 0 |
| 5 | മുട്ടക്കോഴി | 5027 |
| 6 | ഇറച്ചിക്കോഴി | 10000(/Month Average) |
| 7 | താറാവ് | 227 |
| 8 | കാട + Love birds | 476 |
| 9 | ടർക്കി | 23 |
| 10 | മുയൽ | 147 |

നഗരസഭാ പരിധിയിൽ ആട് ഫാം ഒരെണ്ണവും ഇറച്ചിക്കോഴി ഫാം ഒരെണ്ണവുമുണ്ട്

## മൃഗസംരക്ഷണവും ക്ഷീരവികസനവും

1. നഗരസഭയിൽ കന്നുകാലി വികസനപരിപാടികൾ നടപ്പാക്കുക.
2. ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുക. അതിന് കന്നുകാലി ഫാമുകൾക്ക് സബ്സിഡി നൽകുക.
3. കോഴി, തേനീച്ച, പന്നി, ആട്, മുയൽ ഇവ വളർത്തുക.
4. മൃഗാശുപത്രികൾ നടത്തുക.
5. ഐ.ഡി.ഡി.പി. ഉപകേന്ദ്രങ്ങൾ നടത്തുക.
6. മൃഗങ്ങൾക്കുള്ള പ്രതിരോധ ആരോഗ്യപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.
7. മൃഗങ്ങളോടുള്ള ക്രൂരത തടയുക.
8. പ്രത്യുല്പ്പാദനക്ഷമതാ വികസനപരിപാടികൾ നടപ്പാക്കുക.
9. മൃഗജന്യമായ രോഗങ്ങൾ നിയന്ത്രിക്കുക
10. മൃഗപോളിക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക.
11. മൃഗസംരക്ഷണത്തിൽ പ്രത്യേക സേവനങ്ങൾ നൽകുക.
12. കന്നുകാലി കോഴി പ്രദർശനങ്ങൾ നടത്തുക.



# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

## പട്ടികജാതി / പട്ടികവർഗ്ഗ വികസനം

| ക്ര. | പേരും വിലാസവും | ഫോൺ ഇ - മെയിൽ ഐ.ഡി. | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/ പുരു | എ സ്.സി./ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം / പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1. | സുനിൽകുമാർ കെ. | 6238386337 | ചെയർപേഴ്സൺ | | | | | |
| 2. | പി.എം മുഹസിൻ | 9400970502 | കൺവീനർ | | | | | |
| 3. | സാബു റ്റി.എൻ | 9961933230 | അംഗം | | | | | |
| 4. | ബിനോയി കെ.പി | 9544614371 | അംഗം | | | | | |
| 5. | ബിനോയി വി | 9961311230 | അംഗം | | | | | |
| 6. | ശ്രീവിദ്യ ആർ | 9778114482 | അംഗം | | | | | |
| 7. | രാജേഷ് | 9744145719 | അംഗം | | | | | |
| 8. | രാജലക്ഷ്മി | 8714072772 | അംഗം | | | | | |
| 9. | ബിനു എൻ.എൻ | 9961002989 | അംഗം | | | | | |
| 10. | സരസമ്മ | 9605835812 | അംഗം | | | | | |
| 11. | സുരേന്ദ്രൻ കെ.കെ. | 9744800729 | അംഗം | | | | | |
| 12. | രാജേന്ദ്രൻ കെ.കെ. | 7306450618 | അംഗം | | | | | |
| 13. | അമ്പിളി ജയകുമാർ | 6235925370 | അംഗം | | | | | |
| 14. | അനീഷ് കെ.കെ. | 8078023940 | അംഗം | | | | | |
| 15. | സൂസമ്മ മൈക്കിൾ | 9744128294 | അംഗം | | | | | |

## ആമുഖം

ജനാധിപത്യ ജീവിതക്രമത്തിന്റെ ആണിക്കല്ലാണ് സാമൂഹ്യനീതി. എല്ലാവർക്കും എല്ലാ രംഗത്തും തുല്യനീതി ലഭിക്കുന്ന അവസ്ഥയാണിത്. പാർശ്വവൽക്കരണം എന്നത് സാമൂഹ്യനീതിയുടെ ശത്രുവാണ്. ഇന്ത്യൻ സാമൂഹ്യജീവിതത്തിൽ ഏറ്റവും കൂടുതൽ പാർശ്വവൽക്കരണത്തിന് വിധേയമായത് പിന്നോക്ക വിഭാഗക്കാർ തന്നെ. സാമൂഹ്യജീവിതത്തിൽ നിന്ന് മുറിച്ചുമാറ്റപ്പെട്ടവർ എന്ന അർത്ഥത്തിലാണ് ദളിതർ എന്ന പദം തന്നെ രൂപപ്പെട്ടുവന്നത്. സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക രംഗങ്ങളിൽ ഒക്കെ പാർശ്വവൽക്കരിക്കപ്പെട്ടവർ ആണ് പിന്നോക്കവിഭാഗക്കാർ. ചരിത്രപരമായ പല കാരണങ്ങളാലും പിന്നോക്കം നിൽക്കേണ്ടിവന്ന അവരുടെ ദുരിതം ഇന്നും നമ്മുടെ നാട്ടിൽ നിലനിൽക്കുന്നു. കന്ദ്രസംസ്ഥാന സർക്കാരുകളുടെയും നഗരസസഭയുടെയും ഇടപെടൽകൊണ്ട് കുറെയൊക്കം മാറ്റങ്ങൾ ഉണ്ടായെങ്കിലും ഇനിയും വളരെയേറെ മുന്നേറേണ്ടതുണ്ട്. 14-ാം പഞ്ചവത്സര പദ്ധതിയിൽ പട്ടികജാതി പട്ടിവർഗ്ഗ മുന്നേറ്റത്തിനും അവരെ സമൂഹത്തിന്റെ മുഖ്യദാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനും ആവശ്യമായ കർമ്മപദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

**പട്ടികജാതി/ പട്ടികവർഗ്ഗക്ഷമം**

ഈരാറ്റുപേട്ടയുടെ നഗരസഭയിൽ വളരെ ചെറിയ ന്യുനപക്ഷം മാത്രമാണ് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ.

ഈ നഗരസഭയിലെ 9-ാം വാർഡ് പട്ടികജാതി സംവരണമാണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 0.65% മാത്രമേ പട്ടികജാതി വർഗ്ഗക്കാരുള്ളു. ആകെയുള്ള 153 പേർ 5 വാർഡുകളിലായി താമസിക്കുന്നു.ആകെ 42 കുടുംബങ്ങളാണ് ഇവിടെയുള്ളത്.ഏതാണ്ട് എല്ലാ കുടുംബങ്ങൾക്കും IRDP പ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ട് എന്ന് അറിയാൻ കഴിഞ്ഞു. ഇവരിൽ ഒരു പെൺകുട്ടി കൃഷിവകുപ്പിൽ ജോലി ചെയ്യുന്നു. ഒരു പുരുഷൻ ഷെഡ്യൂൾഡ് ബാങ്കിൽ ജോലി ചെയ്യുന്നു.

പട്ടികവർഗ്ഗത്തിൽപ്പെട്ട 60 ആൾക്കാർ 13 കുടുംബങ്ങളിലായി താമസിക്കുന്നു. ഇതിൽ മൂന്ന് കുടുംബങ്ങൾ തമിഴ്നാട്ടിൽ നിന്നും കുടിയേറിപ്പാർത്തവരാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേകമായി കോളനികളില്ല. ഇവരിൽ രണ്ടു വിഭാഗങ്ങളിലുംകൂടി 5 കുടുംബങ്ങൾക്ക് സ്വന്തമായി വീടുകളില്ല.

കൂലിപ്പണിയാണ് ഈ വിഭാഗങ്ങളുടെ മുഖ്യ തൊഴിൽ ഏതാനും കുടുംബങ്ങളിലെ സ്ത്രീകളും കൂലിപ്പണിക്ക് പോകുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാരോടുള്ള സാമൂഹ്യമായ ഭിന്നിപ്പ് ഇവിടെ ഇല്ല. മറ്റു വിഭാഗങ്ങളുടെ ഇടയിൽ പെരുമാറുന്നതിനോ പ്രവർത്തിക്കുന്നതിനോ ഇവർക്കു ബുദ്ധിമുട്ടില്ല. ഇവരുട പിന്നോക്കാവസ്ഥയ്ക്കു പ്രധാന കാരണം ഇവർ സാമ്പത്തികമായി സുരക്ഷിതരല്ല എന്നതുതന്നെയാണ്. എണ്ണത്തിൽ വളരെ കുറഞ്ഞ വിഭാഗങ്ങൾ എന്ന നിലയിൽ ആനുപാതികമായി ലഭ്യമാക്കുന്ന ധനസഹായങ്ങൾ സ്ഥിതി മെച്ചപ്പെടുത്തുവാൻ പര്യാപ്തമാണെങ്കിലും സ്വന്തമായി വീടില്ലാത്തവർക്ക് വീടുകൾ ലഭ്യമാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

മറ്റു ദരിദ്രവിഭാഗങ്ങൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രത്യേകവിഹിതം നീക്കിവെച്ചിട്ടുള്ളതിനാൽ ഈനഗരസഭയിൽ തീരെ കുറഞ്ഞ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതി വിഹിതം ഉപയോഗിച്ച് ക്ഷേമപ്രവർത്തനങ്ങൾ ഈ നഗരസഭയിൽ ഫലപ്രദമായി നടപ്പാക്കിവരുന്നു എന്നാൽ 50 കുടുംബം എങ്കിലും ഉള്ളവർക്കേ പട്ടികഗ്ഗ വഭാഗത്തിൽ പ്ലാൻൻഫണ്ട് ലഭ്യമാക്കുന്നുള്ളു. ഇപ്പോൾ നഗരസഭയിൽ ലഭ്യമാകുന്നില്ല.

**പ്രശ്നങ്ങൾ**

1. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഇടയിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.
2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു.
3. കാർഷികമേഖലകളിൽ നിന്ന് തൊഴിലാളികൾ ഒഴിഞ്ഞുപോകുന്നു.
4. എല്ലാവർക്കും സ്വന്തമായി വീടില്ല.
5. പ്രാധമിക സൗകര്യങ്ങൾ ഇല്ല.
6. എല്ലാ വീടുകളും വൈദ്യുതീകരിച്ചിട്ടില്ല.
7. എല്ലാ വീടുകളിലും കുടിവെള്ളമില്ല.
8. വിധവകൾക്കും വൃദ്ധൻമാർക്കും ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾ പരിമിതമാണ്.
9. സർക്കാരിൽനിന്നും ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങളെപ്പറ്റി പലരും ബോധവാന്മാരല്ല.
10. ചികിൽസക്ക് ധനസഹായം ലഭിക്കുന്നില്ല.
11. തൊഴിൽ പരിശീലന പരിപാടികൾ നിലവിലില്ല.

**നിർദ്ദേശങ്ങൾ**

1. വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാരെ കണ്ടെത്തി അവർക്ക് പരിശീലനം ലഭ്യമാക്കുന്നതിന് വ്യവസായ വകുപ്പും മറ്റ് അനുബന്ധവകുപ്പുകളുമായും ബന്ധപ്പെട്ട തൊഴിൽ സംരംഭകരെ പരിശീലിപ്പിക്കുക.

2. വ്യവസായം തുടങ്ങുവാനാഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായ സംരംഭങ്ങളെപ്പറ്റിയുള്ള ആശങ്കകൾ അകറ്റുന്നതിനും വിജയകരമായ രീതിയിൽ വ്യവസായം നടത്തിക്കൊണ്ടുപോകുന്നവരുമായി ആശയവിനിമയം നടത്തുവാനും അവസരങ്ങൾ സൃഷ്ടിക്കുക.
3. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾതലത്തിലും, കോളേജ് തലത്തിലും സൗജന്യ ട്യൂഷൻ പരിപാടി ഏർപ്പെടുത്തുക.
4. സ്വന്തമായി വീടില്ലാത്തവർക്ക് സ്ഥലവും വീടും നത്കുക.
5. എല്ലാ വീടുകളും വൈദ്യുതീകരിക്കുവാൻ നടപടികൾ എടുക്കുക.
6. കക്കൂസ് ഇല്ലാത്തവർക്ക് അവ നിർമ്മിച്ച് നൽകണം.
7. വീടുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.
8. എല്ലാ വീടുകളും കുടിവെള്ളം ലഭ്യമാക്കുക.
9. നിലവിലുള്ള കുടുംബങ്ങളിലേക്ക് സൗകര്യപ്രദമായ നടപ്പാതകൾ നിർമ്മിക്കുക
10. പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പട്ടികസഹായം ലഭ്യമാക്കുക.
11. നിർദ്ധനരുടെ ചികിൽസകൾക്ക് ധനസഹായം ലഭ്യമാക്കുക.
12. എൽ..പി.ജി. കണക്ഷനുകൾക്ക് മുൻഗണനയും സബ്സിഡിയും നൽകുക.
13. നിർദ്ധന കുടുംബങ്ങൾക്ക് സൗജന്യറേഷൻ പദ്ധതി നടപ്പിലാക്കുക.
14. വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും പലിശരഹിതവായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.
15. കുടുംബബാധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടിവരുന്ന സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ സംവിധാനം ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തുക.
16. അഭ്യസ്തവിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉ.ർത്താൻ പ്രയോജനപ്പെടുത്തുക.
17. സർക്കാർ ജോലി ലഭിക്കുന്നതിലേക്ക് അഭ്യസ്ഥവിദ്യരായ യുവതീയുവാക്കൾക്ക് ഫ്രീ എക്സാമിനേഷൻ ട്രെയിനിംഗ് നടത്തുക.

**പട്ടികജാതിയ/പട്ടികവർഗ്ഗ ഉപപദ്ധതി**

1. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തികവികസനം, സാമൂഹികവികസനം, പശ്ചാത്തല സൗകര്യവികസനം എന്നിവ കൈവരിക്കുകയാകണം ഉപപദ്ദതിയുടെ ലക്ഷ്യം.
2. കുറഞ്ഞത് 5 പട്ടികജാതി/പട്ടികവർഗ്ഗ കുടുംങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന പ്രദേശം ഒരു പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതമായി കണക്കാക്കി അവിടെ കുടിവെള്ളം, വൈദ്യുതി, റോഡ്, നടപ്പാത,കാന,പാർശ്വഭിത്തി, മണ്ണ്സംരക്ഷണം എന്നീ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.
3. വൈദ്യുതി, കുടിവെള്ളം, റോഡ്, നടപ്പാത, കാന, പാർശ്വഭിത്തി, മണ്ണ് സംരക്ഷണം എന്നീ പൊതുസൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതി/പട്ടികവർഗ്ഗക്കാരാണെങ്കിൽ ആ പ്രോജക്ടിന് പൂർണ്ണമായും പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വകയിരുത്തുക. അതുപോലെ മൊത്തം കൃഷിഭൂമിയുടെ അമ്പത് ശതമാനത്തിലധികം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടേതായിട്ടുള്ള ജലസേചന പ്രോജക്ടിനും പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പൂർണ്ണമായും വകയിരുത്തുക.
4. പട്ടികജാതി/പട്ടികവർഗ്ഗ കോളനി/സങ്കേതങ്ങളിലേക്ക് റോഡ് നിർമ്മിക്കിന്നതിനുള്ള പ്രോജക്ടുകൾക്ക്, കോളനിക്കകത്തുള്ള ഭാഗവും കോളനിയിലേയ്ക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച്, ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കിപദ്ധതി പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വകയിരുത്തുക.

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം**
**2025-26 വാർഷിക പദ്ധതിയിൽ നടപ്പാക്കിവരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ**
**തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് ഈരാറ്റുപേട്ട നഗരസഭ വർക്കിംഗ് ഗ്രൂപ്പിന്റെ പേര് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം**

| ക്രമ നം | പ്രോജ. നമ്പർ | പ്രോജക്ടിന്റെ പേര് | So/New | GEN/SCSP /TSP | സാമ്പത്തികം (രൂപ) | ലക്ഷ്യം | സാമ്പത്തികം | നേട്ടം | സാമ്പത്തികം(രൂപ) |
|---|---|---|---|---|---|---|---|---|---|
| 1 | 61 | ഡിഗ്രി പ്രൊഫഷണൽ കുട്ടികൾക്ക് സ്കോളർഷിപ്പ് | New | SCSP | 278800 | വിദ്യാഭ്യാസ പുരോഗതി | 278800 | നടപ്പിലാക്കിവരുന്നു. | |
| 2 | 64 | ഈസി കിച്ചൻ അടുക്കള നവീകരണം | New | SCSP | 225000 | വിദ്യാഭ്യാസ പുരോഗതി | 225000 | നടപ്പിലാക്കിവരുന്നു. | |
| 3 | 63 | SCവിഭാഗം വയോജനങ്ങൾക്ക് കട്ടിൽ | New | SCSP | 60000 | വയോജന ക്ഷേമം | 60000 | നടപ്പിലാക്കിവരുന്നു. | |
| 4 | 65 | ഭവന പുനരുദ്ധാരണം | New | SCSP | 1500000 | പാർപ്പിടം | 1650000 | നടപ്പിലാക്കിവരുന്നു. | |
| 5 | 219 | മിശ്രവിവാഹിതർക്ക് ധനസഹായം | SO | SCSP | 75000 | സാമൂഹ്യക്ഷേമം | 75000 | നടപ്പിലാക്കിവരുന്നു. | |
| 6 | 218 | എസ്.സി.വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി | SO | SCSP | 75000 | വിദ്യാഭ്യസപുരോഗതി | 75000 | പൂർത്തീകരിച്ചു. | |
| 7 | 71 | ഭവനനിർമ്മാണം-എസ്.സി. വിഹിതം നൽകൽ | New | SCSP | 200000 | പാർപ്പിടം | 200000 | നടപ്പിലാക്കിവരുന്നു. | |
| 8 | 66 | എസ്.സി. വിഭാഗം വനിതകൾക്ക് വിവാഹ ധനസഹായം | New | SCSP | 125000 | പട്ടിക ക്ഷേമം | 125000 | നടപ്പിലാക്കിവരുന്നു | |

5. കൃഷിഭൂമിയില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പാട്ടകൃഷി ചെയ്യുന്നതിന് ധനസഹായം അനുവദിക്കുക.
6. പട്ടികജാതി/പട്ടികവർഗ്ഗ യുവതീയുവാക്കളുടെ വിദ്യാഭ്യാസം, വിദേശത്ത് തൊഴിൽ തേടൽ, സ്വയം തൊഴിൽ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, കായിക വികസനം, വരുമാന വർദ്ധന സംരംഭങ്ങൾ മുതലായവ പ്രോത്സാഹിപ്പിക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്ക്കരിക്കേണ്ടതാണ്
7. പട്ടികജാതി/പട്ടികവർഗ്ഗ യുവതീയുവാക്കൾ വ്യക്തിഗതമായും ഗ്രൂപ്പ് അടിസ്ഥാനത്തിലും(കുറഞ്ഞത് 2 വ്യക്തികൾ ഉള്ള ഗ്രൂപ്പ്) ആരംഭിക്കുന്ന വരുമാന വർദ്ധന പ്രോജക്ടുകൾക്ക് ബാങ്ക് വായ്പ തരപ്പെടുത്തുന്നതിനും അനുവദനീയമായ സബ്സിഡി നൽകുന്നതിനും മുൻഗണയും പ്രാധാന്യവും നൽകണം.
8. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ തൃപ്തികരമായ രീതിയിൽ കുടിവെള്ള സൗകര്യവും വീടുകളിൽ കക്കൂസ് ശുചിത്വ-മാലിന്യ സംസ്കരണ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണനനത്കണം. അവ ഏറ്റെടുത്തതിനു ശേഷം മാത്രമേ പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടുകൾ വകയിരുത്തിക്കൊണ്ടുള്ള മറ്റ് പ്രോജക്ടുകൾ( അനിവാര്യ പ്രോജക്ടുകൾ ഒഴികെ) ഏറ്റെടുക്കാവൂ
9. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും ഉയർന്നുവരുന്ന പ്രതിഭകൾക്ക് വിശേഷിച്ചും ജില്ലാ-സംസ്ഥാന-ദേശീയ-അന്തർദേശീയ തലങ്ങളിൽ അംഗീകാരം ലഭിക്കുന്നവർക്ക് അവരുടെ മേഖലയിൽ കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾ നടത്താൻ അവർ തന്നെ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക്, നൂതന പ്രോജക്ടുകൾക്കായുള്ള ജില്ലാതല

സമിതിയുടെ അംഗീകാരത്തിന് വിധേയമായി, എല്ലാതലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകാവുന്നതാണ്. ഇതര ഏജൻസികളിൽ നിന്നുള്ള പിന്തുണ ഉറപ്പാക്കാൻ മുൻകൈ എടുക്കാവുന്നതുമാണ്.

10. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവരുൾപ്പെടുന്ന സമുദായത്തിന്റെ വക ശ്മശാനങ്ങൾ ഉണ്ടാവാം. ഇവ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടവയാകില്ല. എന്നാലും ഇത്തരം ശ്മശാനം നിർമ്മിക്കാൻ പദ്ധതി ഏറ്റെടുക്കാവുന്നതാണ്.
11. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക വികസനം , സാമൂഹികവികസനം, പശ്ചാത്തല സൗകര്യ വികസനം എന്നിവ കൈവരിക്കുകയാവണം ഉപപദ്ധതിയുടെ ലക്ഷ്യം.
12. വൈദ്യുതി, കുടിവെള്ളം, നടപ്പാത, കാന, പാർശ്വഭിത്തി, മണ്ണ് സംരക്ഷണം എന്നീ പൊതു സൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതി/പട്ടികവർഗ്ഗക്കാരാണെങ്കിൽ ആ പ്രോജക്ടിന് പൂർണ്ണമായും പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്. അതുപോലെ മൊത്തം കൃഷിഭൂമിയുടെ അമ്പത് ശതമാനത്തിലധികം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെതായിട്ടുള്ള ജലസേചന പ്രോജക്ടിനു പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പൂർണ്ണമായും വകയിരുത്താവുന്നതാണ്.
13. പ്രകൃതിക്ഷോഭങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ ദുരന്തങ്ങൾ എന്നിവയെ നേരിടുന്നതിനും അതിജീവിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് അടിയന്തിര സഹായങ്ങൾ/സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ളതുമായ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതുമാണ്.
14. പഠനം ഉപേക്ഷിച്ച പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ തുടർപഠനം നടത്തുന്നതിന് താല്പര്യമുള്ളവരെ കണ്ടെത്തി റസിഡൻഷ്യൽ സൗകര്യത്തോടെ പ്രവർത്തിക്കുന്ന ബ്രിഡ്ജ് സ്കൂൾ പദ്ധതി ഏറ്റെടുക്കാവുന്നതാണ്. ഇതിനായി നിർമ്മാണ പ്രവർത്തനം ഒഴികെയുള്ള എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.
15. പട്ടികജാതിയിൽ പട്ടവർക്ക് നൈപുണ്യവികസന പദ്ധതികൾ ഏറ്റെടുക്കുക
16. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ആളുകളുടെ കലാസാംസ്കാരിക വിദ്യാഭ്യാസരംഗങ്ങളിൽ അഭിവൃത്തിയുണ്ടാക്കുന്ന പദ്ധതികൾ നടപ്പിലാക്കുക.



# ജൈവവൈവിധ്യമാനേജ്മെന്റ് കാലാവസ്ഥാ വ്യതിയാനം ദുരന്തനിവാരണം

## ദുരന്തനിവാരണം

| ക്ര. | പേരും വിലാസവും | ഫോൺ ഇ-മെയിൽ ഐ.ഡി. | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/ പുരു | എസ്.സി./ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം / പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1. | അമീൻ പിട്ടയിൽ | 9447106055 | ചെയർപേഴ്സൺ | | | | | |
| 2. | പി.എം.മുഹസിൻ | 9400970502 | കൺവീനർ | | | | | |
| 3. | റഷീദ്ഖാൻ | 8075260171 | അംഗം | | | | | |
| 4. | ഷിഹാബ് കാട്ടാമല | 8606380890 | അംഗം | | | | | |
| 5. | അൻവർ | 9847970929 | അംഗം | | | | | |
| 6. | മുഹസിൻ പഴയംപള്ളിൽ | 7907079405 | അംഗം | | | | | |
| 7. | പരീക്കുട്ടി | 9447515850 | അംഗം | | | | | |
| 8. | അബ്ദുള്ള | 8590354147 | അംഗം | | | | | |
| 9. | അൽത്താഫ് | 7736159339 | അംഗം | | | | | |
| 10. | റാസി പുഴക്കര | 9656547272 | അംഗം | | | | | |
| 11. | അഷറഫ് കുട്ടി | 9961019292 | അംഗം | | | | | |
| 12. | ലത്തീഫ് കെ.എച്ച് | 9495381097 | അംഗം | | | | | |
| 13. | അസ്ലാം | 9947074009 | അംഗം | | | | | |
| 14. | ഫാറുഖ് പഴയപറമ്പിൽ | 8089835350 | അംഗം | | | | | |
| 15. | മുഹമ്മദ് ഫാസിൽ | 9605155465 | അംഗം | | | | | |

കേരളത്തിന്റെ തന്നെ കാലാവസ്ഥയും പ്രകൃതി സമ്പത്തിന്റെ നിലനിൽപ്പിനെ തന്നെ സ്വാധീനിക്കുന്ന ജൈവ വൈവിധ്യ ഹോട്ട്സ്പോട്ടുകളിൽ ഒന്നായ പശ്ചിമഘട്ട മലനിരകളുടെ താഴ്വാരത്ത് സ്ഥിതിചെയ്യുന്ന നഗരമാണ് ഈരാറ്റുപേട്ട. ഇവിടെ വളരെ വ്യത്.സ്തങ്ങളായ കാലാവസ്ഥയാണുള്ളത് വർഷത്തിൽ 7മാസത്തിൽകൂടുതൽ മഴ ലഭിക്കുമെങ്കിലും ചിലപ്രദേശത്ത് വലിയ വരൾച്ച അനുഭവപ്പെടുന്നു. തെക്കനാറും വടക്കനാറും ചുറ്റി ഒഴുന്ന ഈപട്ടണത്തിലെ അന്താളമ്മൻ കോവിലിനു സമീപമാണ് പ്രശസ്തമായ മീനച്ചിലാർ രീപം കൊള്ളുന്നത്. ജൈവ വൈവിദ്യങ്ങളാൽ സമ്പന്നമാണ് ഈ ഭൂപ്രദേശം നമ്മുടെ പ്രകൃതിവിഭവങ്ങൾ സംരക്ഷിച്ച് വരും തലമുറയ്ക്ക് കൈമാറേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. നഗരസഭാ പ്രദേശത്തെ മണ്ണ് ജലം ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണം നഗരസഭയുടെ പ്രഥമ പരിഗണനാ വിഷയമാക്കി 14-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ടിയിരിക്കുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട നിരവധിപ്രവർത്തനങ്ങൾ ഈ പഞ്ചവത്സര പദ്ധതിക്കാലത്ത് നഗരസഭയ്ക്ക് നടത്തുവാൻ സാധിക്കും പ്രകൃതി വിഭവങ്ങളുടെ സുസ്ഥിരത ഉപയോഗത്തിനായി ശേഷി വർദ്ധിപ്പിക്കുക എന്നത് പ്രധാനമാണ്. നഗരസഭയുടെ പദ്ധതികൾ,രീതികൾ, പ്രവർത്തനങ്ങൾ എന്നിവ ജൈവ വൈവിദ്ധ്യത്തെ പരിപോഷിപ്പിക്കുന്നതിനുതകുന്നതായിരിക്കണം 14ാം പഞ്ചവത്സര പദ്ധതിയിൽ ജൈവവൈവിദ്ധ്യ പ്രവർത്തനങ്ങൾ പരമാവധി ഉൾപ്പെടുത്തിയുള്ള ഹരിത പദ്ധതികൾ രൂപീകരിക്കുന്നതിന് പ്രാധാന്യം നൽകണം. വനം വന്യ ജീവി വകുപ്പിന്റെയും ഹരിത-കേരളാ മിഷനുമായി ചേർന്ന് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് പ്രഥമ പരിഗണന നൽണം.

എന്തിനെയും ഏതിനെയും ലാഭക്കൊതിയോട് കൂടി കാണുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പൂർവ്വികർ കാത്തു സൂക്ഷിച്ച മൂല്യങ്ങളുടെ പ്രാധാന്യം ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു. ഇത് നമ്മുടെ ജൈവവൈവിദ്ധ്യത്തിന് തികച്ചും ആഘാതമായിട്ടുണ്ട്. സാമൂഹ്യ മൂല്യ ശോഷണത്തിന്റെ പ്രതിഭലനം. പ്രകൃതിയിലും നമുക്ക് കാണാവുന്നതാണ്. ഇതിന്റെ ഭാഗമായിട്ടാണ് കഴിഞ്ഞ കുറേ കാളങ്ങളായി ദുരന്തങ്ങൾ നമ്മെ വിടാതെ പിൻതുടരുന്നത്. എന്നാൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ നാം നേടിയെടുത്ത ജനകീയ പങ്കാളിത്ത്വം മൂലവും ജനകീയ അടിത്തറമൂലവും രണ്ട് പ്രളയത്തെയും കോവിഡ് മഹാമാരിയെയും അതിജീവിക്കുവാനും ചെറുത്ത് തോൽപ്പിക്കുവാനും നമുക്ക് സാധിച്ചു.







ദുരന്തനിവാരണ പ്രവർത്തനങ്ങൾ

## 2018 ലെയും 2021 ലെയും പ്രളയം

വളരെ അപ്രതീക്ഷിതമായിട്ടാണ് 2018ൽ പ്രളയമുണ്ടായത് നഗരസഭാപ്രദേശത്ത് അന്ന്വരെ കേട്ട്കേൾവി ഇല്ലാത്തതരത്തിൽ നഗരസഭയിലെ റോഡുകളും പാലങ്ങളും വെള്ളത്തിൽ മുങ്ങി ചില വീടുകൾ പൂർണമായും ചില വീടുകൾ ഭാഗികമായും തകർന്നു. നഗരത്തിലെ നിരവദികച്ചവട സ്ഥാപനങ്ങളിൽ വെള്ളം കയറി. കോടിക്കണക്കിന് രൂപയുടെ നഷ്ടമാണുണ്ടായത് നഗരസഭയുടെ വളരെ മികച്ച രീതിയിലുള്ള പ്രവർത്തനം കൊണ്ട് പ്രളയ ദുരിതബാധി

തർക്ക് വളരെ മികച്ച സഹായമെത്തിക്കുവാൻ സാധിച്ചു. ഈ നാട്ടിൽ മാത്രമല്ല കേരളത്തിലെ വിവിധപ്രദേശങ്ങളിൽ ദുരിദാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും ലക്ഷക്കണക്കിന് രൂപയുടെ സാധനങ്ങൾ കയറ്റി അയക്കാനും അതുവഴി കേരളത്തിന് തന്നെ മാതൃകയാകാനും നമുക്ക് സാധിച്ചു എന്നത് ഏറെ അഭിമാനകരമാണ്.

മലയോാര മേഘലകളിലുള്ള ഉരുൾപൊട്ടുന്നത് മൂലം നഗരത്തിലെ രണ്ട് നദികൾ കര കവിഞ്ഞൊഴുകിയാണ് നഗരസഭാ പ്രദേശത്ത് പ്രളയമുണ്ടാകുന്നത്. കാലാകാലങ്ങളായി ആറുകളിലും തോടുകളിലും അടിഞ്ഞ് കൂടിയിരിക്കുന്ന മാലിന്യങ്ങൾ നീരൊഴുക്കിന് തടസ്സം സൃഷ്ടിക്കുന്നതും പ്രളയത്തിന് കാരണമാകുന്നുണ്ട്.



## കോവിഡ് മഹാമാരി ഉയർത്തിയ വെല്ലുവിളികൾ

ചൈനയിലെ വുഹാനിൽ നിന്നും തുടങ്ങി ലോകത്തിന്റെ നാനാഭാഗങ്ങളിൽ അലയടിച്ച കോവിഡ് മഹാമാരി ഈരാറ്റുപേട്ട നഗരസഭയിലും രൂക്ഷമായി ബാധിച്ചു. കോവിഡ് മഹാമാരിയുടെ ആദ്യഘട്ടത്തിൽ കോവിഡ് റിപ്പോർട്ട് ചെയ്യുന്ന പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ് സോണാക്കിഅടച്ച് പൂട്ടുന്ന നടപടികളാണ് സ്വീകരിച്ച്വന്നിരുന്നത്. കോവിഡ്മൂലം ലോക്ഡൗൺ ആക്കിയിരുന്ന കാലഘട്ടത്തിൽ വളരെ സ്ലാഘനീയമായ പ്രവർത്തനം കാഴ്ചവെയ്ക്കുവാൻ നഗരസഭയ്ക്കായി. നഗരസഭയിലെ ഉയർന്നതോതിലുള്ള ജനസാന്ദ്രതയാണ് കോവിഡ്വ്യാപനം രൂക്ഷമാകാൻ കാരണം. പൊതുജനപങ്കാളിത്ത്വത്തോടെ കമ്മ്യൂണിറ്റി കിച്ചൻ വഴി ബുദ്ധിമുട്ടനുഭവിക്കുന്നവർക്കും അഷരണരായിട്ടുള്ളവർക്കും ഭക്ഷണമെത്തിക്കുവാനും, അവശ്യമരുന്നുകളെത്തിക്കുവാനും നഗരസഭയ്ക്കായി നഗരസഭാപ്രദേശത്ത്വലിയ സർക്കാർ ആശുപത്രിയുടെ അഭാവം കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ വലിയ വെല്ലുവിളി നേരിടേണ്ടിവന്നു. പാവപ്പെട്ടവരായ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടതായിവന്നു. ഇത് വലിയ സാമ്പത്തിക ബാധ്യതയാണ് ഇവര്ക്കുണ്ടായത്. ഈസമയത്ത് നഗരസഭാ എളെ കോവിഡ് ആശുപത്രയായി ഉയർത്തണമെന്ന് ആവശ്യം ശക്തമായിരുന്നു. കോവിഡ് മഹാമാരിയെ നേരിടുവാൻ കക്ഷിരാഷ്ട്രീയ ഭേതമില്ലാതെ കൗൺസിലർമാരും നാട്ടുകാരും ഒറ്റക്കെട്ടായി പ്രവർത്തിച്ചതിനാൽ ഈ മഹാമാരിയെ വളരെ മികച്ചരീതിയിൽ പ്രതിരോധിക്കുവാൻ നമുക്ക് സാധിച്ചത് എന്നത് എടുത്ത് പറയേണ്ടതാണ്. കോവിഡ് മഹാമാരികാലത്ത് ഓൺലൈൻ പഠനത്തിനായി ഠഢ യും മൊബൈൽ ഫോണുകളും വിതരണം ചെയ്യുവാനും നഗരസഭക്കായി.



# ഈരാറ്റുപേട്ട മേഖലയിൽ കൊവിഡ് വ്യാപനം രൂക്ഷമാകുന്നു; ജനം ആശങ്കയിൽ

# കൊവിഡ്: ഈരാറ്റുപേട്ടയിൽ അതീവ മുൻകരുതൽ

ഈരാറ്റുപേട്ട: കൊവിഡ് രോഗികളില്ലാത്ത നഗരസഭയിൽ വലിയ കരുതലിലൂടെ ശ്രദ്ധേയമാവുകയാണ് ഇവിടുത്തെ ജനങ്ങളും നഗരസഭാ അധികൃതരും. നഗരസഭയിലെ എതെങ്കിലും വ്യാപാര സ്ഥാപനങ്ങളിൽ കയറിയാൽ ആദ്യം കൈയിൽ സാനിറ്റൈസർ പുരട്ടണം. പ്പെം മേശപ്പുറത്തെ നോട്ട്ബുക്കിൽപേരും അഡ്രസും മൊബൈൽ നമ്പറും കുറിച്ചിടണം. വ്യാപാരസ്ഥാപനങ്ങൾക്കുള്ള മാർഗനിർദ്ദേശങ്ങൾ എല്ലാകടകളും കൃത്യമായി പാലിക്കുന്നു. ഈരാറ്റുപേട്ട നഗരസഭയിൽ ഓട്ടോമാറ്റിക് സാനിറ്റൈസർ സ്ഥാപിച്ചിട്ടുണ്ട്.

ഹോട്ടലുകൾക്ക് രാത്രി 8 വരെയെ പ്രവർത്തിക്കുന്നുള്ളു. ഇരുന്ന് ഭക്ഷണം കഴിക്കാൻ അനുമതിയില്ല. ഫാസ്റ്റ് ഫുഡ്, തട്ടുകടകൾക്ക് രാത്രി 10 വരെയാണ് പ്രവർത്തിക്കുന്നത്. മസ്ജിദുകൾ കർശന നിയന്ത്രണത്തിൽ നമസ്കാരത്തിനായി തുറന്ന് കൊടുത്തിട്ടുണ്ട്. ഇന്നലെ മുതൽ നഗരസഭാ ഉദ്യോഗസ്ഥർ കച്ചവടക്കാർ കൊവിഡ് ചട്ടം പാലിക്കുന്നുണ്ടോയെന്ന് പരിശോധന തുടങ്ങി കഴിഞ്ഞു. ശക്തമായ പോലീസ് പട്രോളിംഗും തുടങ്ങിയിട്ടുണ്ട്. വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിങ്ങിന്റെ നേതൃത്വത്തിൽ ഈരാറ്റുപേട്ടയിലെ വ്യാപാര സ്ഥാപനങ്ങളിൽ കോവിഡുമായി ബന്ധപ്പെട്ട് ഇന്നലെ ബോധവൽക്കരണം നടത്തി. വ്യാപാര വ്യവസായി ഏകോപന സമിതി യൂണിറ്റ് പ്രസിഡന്റ് എ.എം.എ ഖാദർ പരിപാടി ഫ്ളാഗ് ഓഫ് ചെയ്തു. യൂത്ത് വിങ് യൂണിറ്റ് പ്രസിഡന്റ് നൈസൽ കൊല്ലംപറമ്പിൽ, ഷാനവാസ് പാലയംപറമ്പിൽ, യൂസഫ് ഹിബ, ഷെരീഫ് കണ്ടത്തിൽ നേതൃത്വം നൽകി.



നഗരസഭാ ഓഫിസിൽ സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക് സാനിറ്റൈസർ

# 'ഈരാറ്റുപേട്ട ആരോഗ്യ കേന്ദ്രം കോവിഡ് ആശുപത്രിയാക്കണം'

ഈരാറ്റുപേട്ട ● നഗരസഭയിലും സമീപ പഞ്ചായത്തുകളിലും കോവിഡ് രോഗികളുടെ എണ്ണം ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം കോവിഡ് സെന്ററാക്കണമെന്ന ആവശ്യം ശക്തമായി. മേഖലയിൽ സർക്കാർ കോവിഡ് ആശുപത്രികൾ നിലവിലില്ല.

ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം അടിയന്തരമായി കോവിഡ് ആശുപത്രിയായി മാറ്റിയാൽ താൽക്കാലിക പരിഹാരമാകും. 24 പേരെ കിടത്തിച്ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. 5 ഓക്സിജൻ കിടക്കകൾ അനുവദിക്കണമെന്നും 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കണമെന്നും ആവശ്യമുയർന്നിട്ടുണ്ട്. സംസ്ഥാനത്തെ പല സർക്കാർ ആശുപത്രികളും കോവിഡ് ആശുപത്രിയായി മാറ്റിയിട്ടുണ്ട്. ഇപ്പോൾ പാലായിലും കോട്ടയത്തും മാത്രമാണ് അടുത്ത് കോവിഡ് പരിചരണ കേന്ദ്രങ്ങളുള്ളത്.



ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം.

# കോവിഡ് ദുരിതത്തിൽ ഈരാറ്റുപേട്ടയ്ക്കു താങ്ങായി യുഎഇ പ്രവാസികൾ

ഈരാറ്റുപേട്ട: നാടിന് എക്കാലവും തുണയായ ഈരാറ്റുപേട്ടയിലെ പ്രവാസികൾ ഈ കോവിഡ് കാലത്തും നാടിനെ മറന്നില്ല. കോവിഡ് രോഗബാധ രൂക്ഷമായ സാഹചര്യത്തിൽ നഗരസഭയുടെ പ്രതിരോധ പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് പിപിഇ കിറ്റ് അടക്കമുള്ള കോവിഡ് പ്രതിരോധ കിറ്റുകൾ സംഭാവന ചെയ്താണ് ഈരാറ്റുപേട്ട യുഎഇ പ്രവാസി അസോസിയേഷൻ നാടിനൊപ്പം നിൽക്കുന്നത്. ഏകദേശം ഒന്നരലക്ഷം രൂപ വിലവരുന്ന കോവിഡ് പ്രതിരോധ കിറ്റുകളാണ് നഗരസഭയ്ക്കായി പ്രവാസികൾ അയച്ചു നൽകിയിരിക്കുന്നത്.

ഈരാറ്റുപേട്ട മുൻസിപ്പാലിറ്റിയുടെ പേരിൽ ഫ്ളൈറ്റ് കാർഗോ ആയി അയച്ച പിപിഇ കിറ്റുകൾ അടക്കമുള്ള കോവിഡ് പ്രതിരോധ കിറ്റുകൾ രൊഴ് ചയ്ക്കുള്ളിൽ ഈരാറ്റുപേട്ടയിൽ എത്തിചേരും.

തുടർന്ന് നഗരസഭാധികരികൾ വിവിധ സന്നദ്ധ പ്രവർത്തകർക്കായി കിറ്റുകൾ വിതരണം ചെയ്യും. ഇതിനു പുറമെ കോവിഡ് മൂലം ദുരിതത്തിലായ നൂറോളം കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുമെന്നും അസോസിയേഷൻ വക്താക്കൾ അറിയിച്ചു.

മുഹമ്മദ് പി.എസ്, നെസർ റഷീദ്, നാസിം മേത്തർ, മസൂദ് വട്ടക്കയം, മുഹമ്മദ് ഹുസൈൻ, നിയാസ് ഖാൻ, നിഷാദ് വട്ടക്കയം, മുജീബ് റഹ്മാൻ, അൻസാരി കണ്ടത്തിൽ, അൻസാരി കാരക്കാട്, ജാസിം കല്ലോലിൽ, മാഹിൻ, അൻസൽ എംഎ, ഷിബിലി, അൻസർ മഠത്തിൽ എന്നിവർ നേതൃത്വം നൽകി.



ഈരാറ്റുപേട്ടയിലെ സന്നദ്ധ പ്രവർത്തകർക്കുള്ള പിപിഇ കിറ്റ് അടക്കമുള്ള കോവിഡ് പ്രതിരോധ കിറ്റുകൾ ഈരാറ്റുപേട്ട യുഎഇ പ്രവാസി അസോസിയേഷൻ പ്രവർത്തകർ നൽകുന്നു.

# ഈരാറ്റുപേട്ട മെഡിക്കൽ സെന്ററിൽ ഔട്ട് പേഷ്യന്റ് വിഭാഗം തുടങ്ങി

ഈരാറ്റുപേട്ട: മുനിസിപ്പാലിറ്റി കോവിഡ് ഹോസ്പിറ്റൽ ആയി ഏറ്റെടുത്തിരിക്കുന്ന പഴയ റിംസ് ഹോസ്പിറ്റൽ കോവിഡ് അനുബന്ധ ചികിത്സകൾക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിതവിഭാഗത്തോട് ഒപ്പം കാർഡിയോളജി, ജനറൽ സർജറി, ജനറൽ മെഡിസിൻ എന്നിവയ്ക്കും ഉള്ള ചികിത്സ സൗകര്യം ആരംഭിച്ചിരിക്കുന്നു.

ജനറൽ മെഡിസിൻ വിഭാഗത്തിൽ ഡോക്ടർ പി.പി മോഹനൻ (റിട്ടയേഡ് പ്രൊഫസർ എച്ച്.ഒ.ഡി. മെഡിക്കൽ കോളേജ്, കോട്ടയം) കാർഡിയോളജി വിഭാഗത്തിൽ ഡോക്ടർ എസ്. അബ്ദുൽ ഖാദർ (റിട്ടയേഡ് പ്രൊഫസർ മെഡിക്കൽ കോളേജ് കോട്ടയം) ജനറൽ സർജറി വിഭാഗത്തിൽ ഡോക്ടർ മുഹമ്മദ് ഇസ്മായിൽ, ഡോക്ടർ ദിലീപ് എൻ., എമർജൻസി വിഭാഗത്തിൽ ഡോക്ടർ ജസിറ, ഡോക്ടർ രമേശ്, ഡോക്ടർ ലിസബെത്ത്, ഡോക്ടർ ആകാശ് എന്നിവരുടെ സേവനം ലഭ്യമാണ്.

നഗരസഭ ചെയർപേഴ്സൺ സുഹ്റ അബ്ദുൽ ഖാദറിന്റെ അധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ അഡ്വ.സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ മുസ്ലിം സർവീസ് സൊസൈറ്റി എറണാകുളം യൂണിറ്റ് ഈരാറ്റുപേട്ട മെഡിക്കൽ സെന്ററിന് സൗജന്യമായി നൽകിയ വെന്റിലേറ്ററിന് ആവശ്യമായ ഒരു ലക്ഷം രൂപ, ഡോക്ടർ ഇസ്മായിലിന് എംഎൽഎ കൈമാറി. വൈസ് ചെയർമാൻ അഡ്വ. മുഹമ്മദ് ഇല്യാസ്, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഡോക്ടർ സഹ്ലാ ഫിർദൗസ്, വാർഡ് മെമ്പർ ഷൈമ റസാഖ്, മുഹമ്മദ് നദീർ മൗലവി, തണൽ ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റ് പി.എ.ഹാഷിം, നഗരസഭാ കൗൺസിലർമാർ എന്നിവരും പങ്കെടുത്തു.

# ഈരാറ്റുപേട്ടയിൽ കൊവിഡ് ചലഞ്ച് ചാരിറ്റി ഫണ്ട് രൂപീകരിച്ചു

ഈരാറ്റുപേട്ട: കൊവിഡ് പ്രതിസന്ധി നേരിടുന്നതിന് നഗരസഭ വിളിച്ചു ചേർത്ത സർവകക്ഷി യോഗതീരുമാന പ്രകാരം അഡ്വ.സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ രക്ഷാധികാരിയായി രാഷ്ട്രീയ സാമൂഹിക മത-സാംസ്കാരിക സംഘടനകളെ ഉൾപ്പെടുത്തി 21 അംഗ മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ചു.

കൊവിഡ് വ്യാപനം മൂലം ഒറ്റപ്പെട്ടു പോയ കുടുംബങ്ങൾക്ക് വേണ്ട ഭക്ഷണവും മരുന്നും എത്തിക്കുക, രോഗികൾക്കും ആശുപത്രിക്കും ഓക്സിജൻ ലഭ്യമാക്കുക, കൊവിഡ് ഉപകരണങ്ങളും മരുന്നും പരിചരണവും ഉറപ്പാക്കുക, കൊവിഡാനന്തര ചികിത്സയും പരിചരണവും ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കായി കൊവിഡ് ചലഞ്ച് ഈരാറ്റുപേട്ട എന്ന പേരിൽ ചാരിറ്റി ഫണ്ട് രൂപീകരിക്കും. ഇതിലേക്കായി ഉദാരമതികളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി തുക ചിലവഴിക്കുവാനും തീരുമാനിച്ചു. മോണിറ്ററിങ് കമ്മിറ്റിയുടെ തീരുമാന പ്രകാരം വൈസ് ചെയർമാൻ, ആരോഗ്യകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എന്നിവരുടെ പേരിൽ ഈരാറ്റുപേട്ട ഐ.സി.ഐ.സി ബാങ്കിൽ തുടങ്ങിയ ജോയിന്റ് അക്കൗണ്ടിലൂടെ സംഭാവന സ്വീകരിക്കും.

ചാരിറ്റി ഫണ്ട് മോണിറ്ററിങ് കമ്മിറ്റിയുടെ കൃത്യമായ തീരുമാന പ്രകാരം മിനിറ്റ്സിൽ രേഖപ്പെടുത്തി കൃത്യമായ അക്കൗണ്ടിലൂടെ തികച്ചും സുതാര്യമായും ഏറ്റവും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഹോസ്പിറ്റലുകളിലും മറ്റ് സ്ഥാപനങ്ങളിലും അക്കൗണ്ടിലൂടെ മാത്രം പണം കൈമാറുന്നതിനുമാണ് ചാരിറ്റി ഫണ്ട് മോണിറ്ററിങ് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നത്. സംരംഭത്തിന്റെ ഉദ്ഘാടനം ആദ്യ സംഭാവനയായ രണ്ട് ലക്ഷം രൂപ അജ്മി ഫ്ളോർമിൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും സ്വീകരിച്ച് സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ നിർവഹിച്ചു.

# ഈരാറ്റുപേട്ടയിൽ കൊവിഡ് ചികിത്സയ്ക്ക് സർക്കാർ ആശുപത്രികളില്ലാത്തത് ദുരിതമാകുന്നു

# ഈരാറ്റുപേട്ടയിൽ കോവിഡ് വ്യാപനം കുറയുന്നു

## കൂടുതൽ ഇളവുകൾ വേണമെന്ന് വ്യാപാരികൾ

ഈരാറ്റുപേട്ട: നഗരസഭയിലെ കോവിഡ് വ്യാപനത്തോത് കുറയുന്നു. നഗരസഭ അധികൃതരുടെ നേതൃത്വത്തിൽ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ടി.പി.ആർ 10.05ആയി കുറഞ്ഞിട്ടുണ്ട്. 16 ശതമാനത്തിനു താഴെയായതോടെ ഈരാറ്റുപേട്ട നഗരസഭ വീണ്ടും ബി വിഭാഗത്തിലേക്കു മാറി.

ഇതോടെ കടകൾ തുറക്കുന്നതുൾപ്പെടെയുള്ള കൂടുതൽ ഇളവുകൾ ... ക്കും.

20ശതമാനത്തിനു മുകളിലേക്കു പോയതോടെ കഴിഞ്ഞ വ്യാഴാഴ്ച മുതൽ നിയന്ത്രണങ്ങൾ കർശനമാക്കിയിരുന്നു. തുടർന്ന് വലിയ രീതിയിൽ ജനങ്ങളെ കോവിഡ് പരിശോധനയ്ക്ക് വിധേയമാക്കി.

വെള്ളിയാഴ്ച 181പേരിൽ പരിശോധന നടത്തിയതിൽ 18പേരാണ് പോസിറ്റീവായത്. ഇതിൽ 5 പേർ അതിഥി തൊഴിലാളികളാണ്.

കോവിഡിന്റെ രണ്ടാം തരംഗത്തിൽ ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന ടി.പി.ആർ നിരക്കിന്റെ ആനുപാതം വെച്ചുള്ള കാറ്റഗറി ഒഴിവാക്കി ഒന്നാം കൊവിഡ് സമയത്ത് നടപ്പിൽ വരുത്തി പ്രയോഗികമാക്കിയ മൈക്രോ കണ്ടെയിൻമെന്റ് സോൺ എന്ന നിലയിലുള്ള ചെറിയ പ്രദേശങ്ങൾക്ക് മാത്രം നിയന്ത്രണമേർപ്പെടുത്തിയുള്ള രീതി നടപ്പാക്കണമെന്ന് വ്യാപാരികൾ ആവശ്യപ്പെട്ടു.



വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിങ്ങിന്റെ നേതൃത്വത്തിൽ ഈരാറ്റുപേട്ടയിൽ നടത്തിയ ബോധവൽക്കരണ പരിപാടി സമിതി യൂണിറ്റ് പ്രസിഡന്റ് എഎംഎ ഖാദർ ഫ്ളാഗ് ഓഫ് ചെയ്യുന്നു

# ഈരാറ്റുപേട്ടയിൽ പ്രതിരോധ നടപടികൾ ഊർജ്ജിതം

ഈരാറ്റുപേട്ട: വലിയ കരുതലിലും ജാഗ്രതയിലുമാണ് ഈരാറ്റുപേട്ടയിലെ ജനങ്ങളും നഗരസഭാ അധികൃതരും. കോവിഡ് രോഗികൾ നഗരസഭയിൽ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നത് ആശ്വാസം പകരുന്നുണ്ട്. നഗരസഭയിലെ എതെങ്കിലും വ്യാപാര സ്ഥാപനങ്ങളിൽ കയറിയാൽ ആദ്യം കൈയ്യിൽ സാനിറ്റൈസർ പുരട്ടണം. പ്പെം മേശപ്പുറത്തെ നോട്ട്ബുക്കിൽപേരും അഡ്രസും മൊബൈൽ നമ്പറും കുറിച്ചിടണം. വ്യാപാരസ്ഥാപനങ്ങൾക്കുള്ള മാർഗനിർദ്ദേശ... പാലിക്കുന്നു; ഈരാറ്റുപേട്ട നഗരസഭയിൽ ഓട്ടോമാറ്റിക് സാനിറ്റൈസർ സ്ഥാപിച്ചിട്ടുണ്ട്. ഹോട്ടലുകൾക്ക് രാത്രി 8 വരെയെ പ്രവർത്തിക്കുന്നുള്ളു. ഇരുന്ന് ഭക്ഷണം കഴിക്കാൻ അനുമതിയില്ല. ഫാസ്റ്റ് ഫുഡ്, തട്ടുകടകൾക്ക് രാത്രി 10 വരെയാണ് പ്രവർത്തിക്കുന്നത്. മസ്ജിദുകൾ കർശന നിയന്ത്രണത്തിൽ നമസ്കാരത്തിനായി തുറന്ന് കൊടുത്തിട്ടുണ്ട്.

ഇന്നലെമുതൽ നഗരസഭാ ഉദ്യോഗസ്ഥർ കച്ചവടക്കാർ കോവിഡ് ചട്ടം പാലിക്കുന്നുണ്ടോയെന്ന് പരിശോധന തുടങ്ങി കഴി... ട്രോളിംഗും തുടങ്ങിയിട്ടുണ്ട്. വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിങ്ങിന്റെ നേതൃത്വത്തിൽ ഈരാറ്റുപേട്ടയിലെ വ്യാപാര സ്ഥാപനങ്ങളിൽ കോവിഡുമായി ബന്ധപ്പെട്ട് ഇന്നലെ ബോധവൽക്കരണം നടത്തി.

വ്യാപാര വ്യവസായി ഏകോപന സമിതി യൂണിറ്റ് പ്രസിഡന്റ് എഎംഎ ഖാദർ പരിപാടി ഫ്ളാഗ് ഓഫ് ചെയ്തു. യൂത്ത് വിങ് യൂണിറ്റ് പ്രസിഡന്റ് നൈസൽ കൊല്ലംപറമ്പിൽ, ഷാനവാസ് പാലയംപറമ്പിൽ, യൂസഫ് ഹിബ, ഷെരീഫ് കണ്ടത്തിൽ എന്നിവർ നേ...





ഈരാറ്റുപേട്ട കാഞ്ഞിരപ്പള്ളി റോഡിൽ എട്ടു പങ് ജംഗ്ഷനിൽ പൊലിസ് ബാരിക്കേട് ഉയർത്തിയപ്പോൾ.

# കോവിഡ് വ്യാപനം രൂക്ഷം ഈരാറ്റുപേട്ട മുൻസിപ്പാലിറ്റി അതിർത്തികൾ അടച്ചു

ഈരാറ്റുപേട്ട: കോവിഡ് നിയന്ത്രണം രൂക്ഷമായതിനെ തുടർന്ന് അധികനിയന്ത്രണങ്ങളുടെ ഭാഗമായി ഈരാറ്റുപേട്ട മുൻസിപ്പാലിറ്റിയിലെ അതിർത്തി റോഡുകൾ അടച്ചു.

വലിയ തകരഷീറ്റുകളും ബാരിക്കേഡുകളും ഉപയോഗിച്ചാണ് റോഡുകൾ അടച്ചത്. വളരെ അത്യാവശ്യമായ അവശ്യങ്ങൾക്കെത്തുന്നവരെ മാത്രമാകും കടത്തിവിടുക.

കാഞ്ഞിരപ്പള്ളി റോഡിൽ എട്ടുപങ് ജംഗ്ഷനിലുംതൊടുപുഴ റോഡിൽ ഇളപ്പുങ്കലിലും വാഗമൺ റോഡിൽ ആനിയിളപ്പിലും റോഡ് അടച്ചു. മറ്റ് പഞ്ചായത്തുകളിലേയ്ക്കുള്ള ഇടറോഡുകളും അടയ്ക്കും. ഇവിടങ്ങളിൽ പോലീസ് കാവലേർപെടുത്തും. നിലവിൽ പൂഞ്ഞാറിലേയ്ക്കുള്ള റോഡ് അടച്ചിട്ടില്ല. പൂഞ്ഞാർ റോഡും അടച്ചേക്കുമെന്നാണ് പോലീസ് നല്കുന്ന സൂചന. പാല റോഡിൽ പനയ്ക്കപ്പാലത്ത് നിലിവിൽ പോലീസ് പരിശോധനയുണ്ട്. പോലീസിനൊപ്പം ഈരാറ്റുപേട്ടയിലെ റാപ്പിഡ് റെസ്പോൺസ് ടീമും ചേർന്നാണ് റോഡുകൾ അടച്ചത്.

## ഇ-ലേൺ ചലഞ്ച്

കോവിഡ് മഹാമാരി കാലത്ത് നഗരസഭ പൊതുജനപങ്കാളിത്ത്വത്തോടെ നടപ്പിലാക്കി വളരെ മികച്ച ജനശ്രദ്ധയാകർഷിച്ച പരുപാടിയാണ് ഇ-ലോൺ ചലഞ്ച് കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ സമഗ്ര ഓൺലൈൻ വിദ്യാഭ്യാസമാണ് നഗരസഭ ഈപദ്ധതിയിലൂടെ ലക്ഷ്യം വെച്ചത് നഗരസഭാ പ്രദേശത്തെ 12 സ്കൂളുകളിൽ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന മൊബൈൽ ഫോണുകളില്ലാത്ത 250 പേർക്ക് മൊബൈൽ ഫോൺ മൽകുകയാണ് നഗരസഭ ലക്ഷ്യം വെച്ചത്. 100 പേർക്ക് ഫോൺ നൽകുവാൻ സാധിച്ചു. ഇത് നഗരസഭയ്ക്ക് ഒരുപാട് പേരുടെ ബുദ്ധിമുട്ടുകളിൽ പങ്കാളിയാകുവാൻ സാധിച്ചു എന്നത് ഏറെ അഭിമാനകരമാണ്.

## ഇരാർ പുനഃർജനി

രണ്ട് പ്രളയം മൂലം കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളാണ് നഗരസഭാ പ്രദേശത്തുണ്ടായത്. നഗരസഭയുടെ സമീപപ്രദേശങ്ങളായ മലയോരമേഘലയിൽ ഉരുൾപൊട്ടുമ്പോഴുള്ള ശക്തമായ മലവെള്ളപാച്ചിലാണ് നഗരസഭാപ്രദേശത്ത് വെള്ളപ്പൊക്കമുണ്ടാകുന്നതിന് പ്രധാന കാരണമാകുന്നത് നദികളിലും തോടുകളിലും മണലുകളും മാലിന്യങ്ങളും അടിഞ്ഞ്കൂടി സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെട്ടതിനാലാണ് ആറ് കരകവിഞ്ഞൊഴുകി പ്രളയമുണ്ടാകുന്നത്. ആയതിനാൽ ഈ പ്രതിസന്ധി അടിയന്തിരമായി പരിഹരിക്കുവാൻ നഗരസഭ തീരുമാനിക്കുകയും ഇതിനായി MLA,MP കൗൺസിലർമാർ, മറ്റ് രാഷ്ട്രീയ സാംസ്കാരിക, സാമൂഹികരംഗത്തുള്ളവർ എന്നിവരുടെ മീറ്റിങ്ങ് വിളിക്കുകയും നഗരസഭയിലെ വിവിധ തോടുകൾ ആറുകൾ എന്നിവിടങ്ങളിലെ അഴുക്കും ചെളിയും മഴക്ക് മുന്നേ നീക്കം ചെയ്യുവാൻ തീരുമാനിച്ചു. ഇതിനായി സ്കൂൾകുട്ടികൾ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവരുടെ നേതൃത്ത്വത്തിൽ ഒരു വിളംബരജാഥ 25.02.2022ൽ നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. ടി പദ്ധതിക്കായി 25 ലക്ഷം രൂപയാണ് നഗരസഭ വകയിരുത്തിയത് ഇതിനായി നഗരസഭയിലെ പൊതുജനങ്ങളെയും സേവനസന്നദ്ധരായ ആളുകളെയും ചേർത്ത് നിർത്തിയാണ് പരിപാടി സംഘടിപ്പിച്ചത്. ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനായ ബഹു.ജില്ലാ കളക്ടർ നഗരസഭ സന്ദർശിക്കുകയും ഉത്തരവിറക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി മീനച്ചിലാറിലെ ചെളിയും മാലിന്യങ്ങളും മണ്ണും നീക്കം ചെയ്തിട്ടുള്ളതാണ്. ഇത് റവന്യുവകുപ്പിൽനിന്നും വാല്യുവേഷൻ തയ്യാറാക്കി ലേലം ചെയ്യുന്നതാണ്. സർക്കാരിന്റെ തെളിനീരൊഴുകും നവകേരളം പദ്ധതിയുടെ ഭാഗമായി കേരളത്തിൽ തന്നെ ഈ പദ്ധതി ആദ്യം നടപ്പിലാക്കിയത് ഈരാറ്റുപേട്ട നഗരസഭയാണ് എന്നത് ഏറെ അഭിമാനകരമാണ്. ചെളിയും മണ്ണും നീക്കിയതോട് കൂടി നീരൊഴുക്ക് സുഖമമായിട്ടുള്ളതാണ് ഈ പദ്ധതിയുടെ തുടർ പദ്ധതികൾ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം തന്നെ ഏറ്റെടുക്കുന്നതാണ്.

## നൻമക്കൂട്ടം

ഈരാറ്റുപേട്ട നഗരസഭയുടെ RRT ടീമാണ് നൻമക്കൂട്ടം നഗരസഭാപ്രദേശത്ത് മാത്രമല്ല കേരളത്തിൽ ഒട്ടുമിക്ക പ്രദേശങ്ങളിലും ദുരിദാശ്വാസ പ്രവർത്തനങ്ങൾ ചെയ്യുന്നതും ഫയർഫോഴ്സിനെക്കൊണ്ട് പോലും സാധിക്കാത്ത ഡെഡ്ബോഡികൾ മുങ്ങി എടുക്കുന്നതും നൻമക്കൂട്ടമാണ് കഴിഞ്ഞ കോവിഡ് മഹാമാരിയിലും, പ്രളയത്തിലും എല്ലാം നാടിന് കരുത്തായി നിന്നത് നൻമക്കൂട്ടത്തിന്റെ പ്രവർത്തനമാണ് എന്നത് ഏറെ അഭിമാനകരമാണ്.

## ടീം എമർജൻസി കേരളം

ഈരാറ്റുപേട്ട നഗരസഭയുടെ മറ്റൊരു RRT ടീമാണ് 'ടീം എമർജൻസി'. നഗരസഭാപ്രദേശത്ത് മാത്രമല്ല കേരളത്തിൽ ഒട്ടുമിക്ക പ്രദേശങ്ങളിലും ദുരിദാശ്വാസ പ്രവർത്തനങ്ങൾ ചെയ്യുന്നതും ഫയർഫോഴ്സിനെക്കൊണ്ട് പോലും സാധിക്കാത്ത ഡെഡ്ബോഡികൾ മുങ്ങി എടുക്കുന്നതും 'ടീം എമർജൻസി'യുടെ പ്രവർത്തനമാണ് എന്നത് ഏറെ അഭിമാനകരമാണ്.

## ടീം റെസ്ക്യൂ ഫോഴ്സ്

ഈരാറ്റുപേട്ട നഗരസഭയുടെ മറ്റൊരു RRT ടീമാണ് 'ടീം റെസ്ക്യൂ ഫോഴ്സ്'. നഗരസഭാ പ്രദേശത്ത് മാത്രമല്ല കേരളത്തിൽ ഒട്ടുമിക്ക പ്രദേശങ്ങളിലും ദുരിദാശ്വാസ പ്രവർത്തനങ്ങൾ ചെയ്യു

# ഈരാർ പുനർജനി




ഈരാർ പുനർജനി
വിളംബര
സന്ദേശ
യാത്ര
NASIK BEATS
NASIK BEATS
POONJAR


ഈരാർ പുനർജനി
AJ AUDIOS.ETPA



ന്നതും ഫയർഫോഴ്സിനെക്കൊണ്ട് പോലും സാധിക്കാത്ത ഡെഡ്ബോഡികൾ മുങ്ങി എടുക്കുന്നതും 'ടീം റെസ്ക്യൂഫോഴ്സി'ന്റെ പ്രവർത്തനമാണ് എന്നത് ഏറെ അഭിമാനകരമാണ്.

## ദുരന്തമാനേജ്മെന്റ് പദ്ധതി സാധ്യതകൾ

1. നഗരസഭയിൽ 2020-ൽ തയ്യാറാക്കിയ ദുരന്തമാനേജ്മെന്റ് പദ്ധതി പതിനാലാം പഞ്ചവൽസര പദ്ധതിയിൽ കാലികമായി പരിഷ്കരിക്കേണ്ടതാണ്. കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായും അല്ലാതെയും ഉണ്ടാകാവുന്ന ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും ദുരന്തങ്ങളെ കാര്യക്ഷമമായി പ്രതിരോധിക്കുന്നതിനും അതിജീവനക്ഷമത നേടുന്നതിനും ഹ്രസ്വകാല-ദീർഘകാല ഇടപെടലുകൾ വിഭാവനം ചെയ്യണം.
2. നഗരസഭയുടെ ദുരന്തനിവാരണ പ്ലാനിലെ പ്രോജക്ട് നിർദ്ദേശങ്ങൾ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ഉതകുന്നതാണോ എന്നും വരുംകാലങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള ദുരന്തങ്ങളെ ചെറുക്കാനും അവയുടെ ആഘാതം കുറയ്ക്കാനും സഹായകമാണോ എന്നും പരിശോധിക്കേണ്ടതുണ്ട്. ദുരന്തസാധ്യതാപഠനത്തിൽ കണ്ടെത്തിയിട്ടുള്ള ദുർബലമായ പ്രദേശങ്ങളെ പ്രത്യേകം പരിഗണിച്ച് ദുരന്തമാനേജ്മെന്റ് പദ്ധതി പലിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.
3. കാലാവസ്ഥാനുസൃത ദുരന്തലഘൂകരണ പദ്ധതിയിലേയ്ക്കുള്ള നിർദ്ദേശങ്ങൾ വാർഷിക പദ്ധതിയിൽ പ്രോജക്ടുകളായി ഉൾപ്പെടുത്തുന്നതിന് പരിഷ്കരിച്ച ദുരന്തമാനേജ്മെനന്റ് പ്ലാനിന്റെ പകർപ്പ് എല്ലാ വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് വിവിധ വികസനമേഖലകളിൽ രൂപവൽക്കരിക്കാവുന്ന പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്.
4. ദുരന്തമാനേജ്മെന്റ് പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള നിർദ്ദേശങ്ങൾ (സ.ഉ.(കൈ) നം. 156/2019/തസ്വഭവ തീയതി 04.12.2019) പ്ലാനുകൾ പരിഷ്കരിക്കുന്ന പ്രവർത്തനങ്ങളിലും പൊതുവെ അനുവർത്തിക്കേണ്ടതാണ്.
5. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് നഗരസഭയിൽ 14-ാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ഓരോ വിഷയമേഖലയിലും ഏറ്റെടുക്കണം. ഉല്പാദനമേഖലയിൽ പ്രളയ സാധ്യതകൾ ഒഴിവാക്കാൻ കഴിയുന്ന വിധത്തിൽ നീർത്തടവികസനം, ജലസ്രോതസ്സുകളുടെ സംരക്ഷണവും പുനരുദ്ധാരണവും, തോട് നിർമ്മാണം, അറ്റകുറ്റപ്പണികൾ, ചെക്ക് ഡാം, നീരൊഴുക്ക് തുടങ്ങിയവ സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. ഇതിന് മറ്റ് സംയോജിതമാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെ നിർമ്മാണം പുനരുജ്ജീവനം, തടയണനിർമ്മാണം, സമഗ്രമായ നീർത്തട വികസനപരിപാടികൾ, വിവിധ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി പദ്ധതി ഏറ്റെടുക്കണം.
6. പ്രകൃതി ദുരന്തങ്ങളുടെ സാധ്യത മുൻനിർത്തി വളർത്തുമൃഗങ്ങളെയും പക്ഷികളെയും സംരക്ഷിക്കുന്നതിനുള്ള തൊഴുത്ത് നിർമ്മാണം, പകർച്ചവ്യാധികൾ തടയുന്നതിനുള്ള മുൻകരുതൽ സംവിധാനം. പ്രകൃതിദുരന്തസാധ്യത മുൻകൂട്ടി കണ്ട് ദുരന്തത്തിനിരയാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നിർമ്മിതികൾ നടപ്പാക്കണം. പൊതുശുചിത്വ സംവിധാനങ്ങളുടെ നിർമ്മാണം, ടോയിലറ്റ് നിർമ്മാണം, ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ, ട്രീറ്റ്മെന്റ് പ്ലാന്റുകൾ ദുരന്തനിവാരണത്തിനുള്ള വൈദ്യുതിയടക്കമുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ, തദ്ദേശീയർക്ക് ദുരന്തമാനേജ്മെന്റിൽ അവബോധവും പരിശീലനവും നൽകൽ, ദുരന്തനിവാരണ സേനകളുടെ സംഘാടനം തുടങ്ങിയ പ്രവർത്തനങ്ങൾ 14-ാം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുത്ത് നടത്തേണ്ടതാണ്.
7. ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ പുതുക്കി കാലികമാക്കേണ്ടതാണ്.

Local Action Plan on Climate Change (LAPCC)

8. കാലാവസ്ഥാവ്യതിയാനം മൂലം നമ്മുടെ നാട്ടിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനും പ്രാദേശിക തലത്തിൽ കർമ്മപദ്ധതികളുടെ ആവശ്യകത വർദ്ധിച്ചുവരുന്നു. ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഇത്തരത്തിലുള്ള കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. (NAPCC- National Action Plan on Climate Change & SAPCC - State Action Plan on Climate Change). നഗരസഭാതലത്തിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിയ്ക്കുന്നതിനുള്ള പ്രാദേശിക കർമ്മപദ്ധതി തയ്യാറാക്കേണ്ടതാണ്.
9. ഇതിനായി നഗരസഭയുടെ ഭൂപ്രകൃതി, ജനപ്രകൃതി, സമ്പദ് വ്യവസ്ഥ എന്നീ പൊതുവിവരങ്ങളും പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥയിലെ കഴിഞ്ഞ ദശാബ്ദങ്ങളിലെ വ്യതിയാനവും സംബന്ധിച്ച വിശദാംശങ്ങൾ ഇതിനായി രേഖപ്പെടുത്തണം. വിവിധ കാലാവസ്ഥാ പഠനകേന്ദ്രങ്ങളിൽ നിന്നും ഗവേഷണ ഏജൻസികളിൽ നിന്നുമുള്ള വിവരങ്ങൾ ഇതിനായി ക്രോഡീകരിക്കണം. നഗരസഭാ പ്രദേശത്തെ മനുഷ്യരുടെ ജീവിതത്തിലും ജീവനോപാധികളിലും വന്നിട്ടുള്ള മാറ്റങ്ങൾ, വിവിധ ഉല്പാദന മേഖലകളിലും ആരോഗ്യമുൾപ്പെടെയുള്ള സേവനമേഖലകളിലും കാലാവസ്ഥാവ്യതിയാനം മൂലം വന്നിട്ടുള്ള വ്യത്യാസം എന്നിവ വിലയിരുത്തണം. മാത്രമല്ല പ്രദേശത്തെ പ്രകൃതിവിഭവങ്ങൾ, ജൈവവൈവിധ്യം എന്നിവയിലുണ്ടായിട്ടുള്ള മാറ്റങ്ങളും നിരീക്ഷിക്കണം. കാലാവസ്ഥാ മാറ്റം കൊണ്ടുള്ള പ്രത്യാഘാതങ്ങൾ പരിശോധിക്കുന്നതിന് ഓരോ വികസമേഖലയിലും സ്വീകരിക്കാവുന്ന വികസനതന്ത്രം. സാങ്കേതികവിദ്യകൾ മുതലായവ കണ്ടെത്തുകയും പ്രയോഗിക്കുകയും വേണം.
10. ദുരന്തനിവാരണ പ്രവർത്തനങ്ങൾ എന്തൊക്കെ, എങ്ങനെയൊക്കെ ചെയ്യണമെന്നും കർമ്മപദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രോജക്ടിനുവേണ്ടി 2022-23 വർഷം തുക വകയിരുത്തേണ്ടതാണ്.
11. നഗരസഭയിലെ RRT അംഗങ്ങൾക്ക് ദുരന്തനിവാരണ ഉപകരണങ്ങൾ വിതരണം ചെയ്യുക.
12. പ്രളയത്തിൽ തകർന്ന ഇളപ്പുങ്കൽ പാലം പുനർനിർമ്മിക്കുക.
13. പ്രളയ പുനരധിവാസകേന്ദ്രം സ്ഥാപിക്കുക.
14. നദികളിലെയും ചെളികൾ വാരി നീരൊഴുക്ക് സുഖമമാക്കുന്നതിന് കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുക.
15. കോവിഡ്പോലത്തെ പകർച്ചവ്യാധികൾ വരുമ്പോൾ ജനങ്ങളുടെ പുനരധിവാസവും സംരക്ഷണവും ഉറപ്പുവരുത്തുക.
16. മഴയുടെ തോതറിയാൻ നഗരസഭയിൽ വർഷമാപിനി സ്ഥാപിക്കുക.

# ERATTUPETTA MUNICIPALITY




## LEGEND

- SCHEME BOUNDARY
- BLOCK BOUNDARY
- SURVEY BOUNDARY
- 18M WIDE ROAD
- 15M WIDE ROAD
- 12M WIDE ROAD
- 8M WIDE ROAD
- EXISTING ROADS
- PROPOSED ROADS
- PROPOSED FOOT PATH
- PROPOSED FOOT BRIDGE
- RESIDENTIAL ZONE
- COMMERCIAL ZONE
- MULTI FUNCTIONAL ZONE
- PUBLIC & SEMI PUBLIC ZONE
- INDUSTRIAL ZONE
- TRAFFIC & TRANSPORTATION ZONE
- PROPOSED TRANSPORTATION ZONE
- PARK & OPEN SPACE
- SOLID WASTE MANAGEMENT ZONE
- DRY AGRICULTURE ZONE
- TOURISM PROMOTION ZONE
- WATER BODY




ഈരാറ്റുപേട്ട
നഗരസഭ